പുസ്തകം 4
ലക്കം 3

2020
ജൂലായ്

യോഗക്ഷേമസഭ

# സാവിത്രി

ത്രൈമാസിക



**വിഷഹാരിയായ**
വെങ്കിടങ്ങ് ഉള്ളനൂർ
മനയിലെ വിമല അന്തർജനം

**ഈ ശാസ്ത്രജ്ഞ**
ജീനുകളെ തൊട്ടറിയുന്ന
അവാർഡു ജേതാവാണ്

**ഇല്ലപ്പെരുമയിൽ**
അത്യുത്തര കേരളത്തിലെ
വാഴുന്നവരുടെ ഇല്ലം

**ഭ്രഷ്ടിലെ ചിലർ**
കുറിയേടത്തു താത്രിയുടെ
ബന്ധു അമേരിക്കയിലുണ്ട്

**കുട്ടിക്കൂട്ടത്തിൽ**
വായിക്കാനുണ്ട് കുരുന്നു
കുട്ടികളുടെ രചനകൾ

## ആര്യശ്രീ

പ്ലസ് ടു വരെ ഒരു ക്ലാസിൽപ്പോലും ഫസ്റ്റായിട്ടില്ലാത്ത
ഒരു സാധാരണ പെൺകുട്ടിയുടെ അസാധാരണ നേട്ടം

**ഐ.എഫ്.എസ് റാങ്കുകാരി**

**50**
**അനുഭവങ്ങൾ**
കൊറോണക്കാലത്തു നിന്നുള്ള
മറക്കാനാവാത്ത ദൃശ്യങ്ങൾ

യോഗക്ഷേമസഭ
കോഴിക്കോട്
ജില്ലാകമ്മിറ്റി
പ്രസിദ്ധീകരണം



അൻപതാം വിവാഹ വാർഷികം ആഘോഷിക്കുന്ന തൃക്കുറ്റിശ്ശേരി കക്കഞ്ചേരി കളം ഗായത്രി നിവാസിൽ വിഷ്ണു നമ്പൂതിരിയും സഹധർമ്മിണി സാവിത്രി അന്തർജനവും (രാമപുരം പുല്ലങ്കോട് ഇല്ലം )



നാൽപ്പത്തി ഒന്നാം വിവാഹ വാർഷികം ആഘോഷിക്കുന്ന കോഴിക്കോട് തിരുവമ്പാടി കുളങ്ങരക്കരാട്ടില്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരിയും സതീദേവിയും.




അൻപത്തി ഏഴാം വിവാഹ വാർഷികം ആഘോഷിക്കുന്ന കോഴിക്കോട് തിരുവണ്ണൂർ മാടമന ഇല്ലത്ത് സുബ്രഹ്മണ്യൻ നമ്പൂതിരിയും സഹധർമ്മിണി ദേവകി അന്തർജനവും ( കണ്ണൂർ കുറിവേലി ഇല്ലം )



**സ്മരണാഞ്ജലി:**

നീലി അന്തർജനം മരണം: 13.07.1983.
ദാമോദരൻ നമ്പൂതിരി. മരണം: 25.04.1983
നാറണിയാട്ട് ഇല്ലം, ഫാറൂക്ക് കോളേജ്,
കോഴിക്കോട് 673632

Agent: VENUNATH G.N.
PH: 8281984397, 0496 2640036

UNITED INDIA INSURANCE CO. LTD
PORTAL OFFICE
Vehicle Insurance & Health Insurance

Venus Combinations

LIC LIFE INSURANCE ❖ HDFC ERGO HEALTH INSURANCE
MUTUAL FUND ❖ EQUITY & COMMODITIES TRADING




യോഗക്ഷേമസഭ
സ്വസ്തി
ത്രൈമാസിക

പുസ്തകം 4 ലക്കം 3
2020 ജൂലായ്

Email: swasthitrimonthly@gmail.com

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5121 ആഷാഢം
കൊല്ലവർഷം 1195 കർക്കിടകം ഗ്രീഷ്മ ഋതു

ചീഫ് എഡിറ്റർ
കൊയ്ത്തൊടി ചെറുമുക്കു പരമേശ്വരൻ 9072383651
അസോസിയേറ്റ് എഡിറ്റർ
പാനാട് പദ്മനാഭൻ നമ്പൂതിരി 9400992823
മാനേജിംഗ് എഡിറ്റർ
വിനോദ് മങ്ങത്തായ 9895621493
അംഗങ്ങൾ
ഡോ. വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി 9496727616
വി.ഇ. നാരായണൻ നമ്പൂതിരി 9446372698

മാനേജിംഗ് കമ്മിറ്റി
പ്രിന്റർ ആന്റ് പബ്ലിഷർ
കെ.ഐ.വിഷ്ണു നമ്പൂതിരി 9496925471
ധനകാര്യം: നാറണിയാട് ദാമോദരൻ നമ്പൂതിരി 9447332611
പരസ്യം & സർക്കുലേഷൻ
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987
സംസ്ഥാന വൈസ് പ്രസിഡന്റ്
മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി 8113904840
ജില്ലാ പ്രസിഡന്റ്
മധു അരീക്കര 9947196571
ജില്ലാ സെക്രട്ടറി
താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337

വര: കൃഷ്ണൻ പാതിരിശ്ശേരി 9447884600

പ്രതിനിധികൾ
**ന്യൂഡെൽഹി:** സിജു കുറിയേടം ശ്രീകുമാർ 9811905204
**മുംബൈ പൻവേൽ:** രവി തെക്കേടം 9867203567
**കൊൽക്കത്ത:** ഗായത്രി 9020503678
**ചെന്നൈ:** ഡോ.സുനന്ദനൻ :8939959876
**പൂനെ:** ദിനേശ് വിഷ്ണു 9923024959
**ബംഗളൂരു:** കൃഷ്ണപ്രസാദ് കെ.കെ. 9739342061
**ബഹറിൻ:** ജിതിൻ വെള്ളിമുറ്റം 00993 36123 335
**യു.എ.ഇ:** പാലയൂർ ശങ്കരനാരായണൻ +971504980513
**തിരുവനന്തപുരം:** അഭിജിത് അമുന്തുരുത്തി മഠം 7356062941
**ആലപ്പുഴ:** മുണ്ടോളി കളം വിഷ്ണു ബാബു 994669124
**വൈക്കം:** ജയൻ പുതുമന 8330086062
**എറണാകുളം:** പുലിയന്നൂർ പ്രസാദ് നമ്പൂതിരിപ്പാട് 9400785628
**തൃശൂർ:** ഹരികുമാർ മൂസത് 7012416659
**കൂർക്കഞ്ചേരി:** പരിയാനമ്പറ്റ നാരായണൻ 9847668696
**ഗുരുവായൂർ:** മൂത്തേടം ആനന്ദ് 9846418181
**മലപ്പുറം:** പ്രിജു കരിപ്പം 9895161042
**കണ്ണൂർ:** പുടയൂർ ജയനാരായണൻ 9544075519
**കാസർഗോഡ്:** ഗോവിന്ദൻ നമ്പൂതിരി 9446321455
**കാഞ്ഞങ്ങാട് :** വി.പി.ഹേമ ഗോശാല ഇല്ലം 9400802151

ഡിസൈനിംഗ്: റീഡിഫൈൻ ഗ്രാഫിക്സ്, കോയൻകോ ബസാർ, കോഴിക്കോട് -673001, മൊബൈൽ: 9847941277, 9847907630

# തീണ്ടാപ്പാടകലം

എന്തെങ്കിലും ഓർമ്മ വരുന്നുണ്ടോ തീണ്ടാപ്പാടകലം എന്ന വാക്കു കേൾക്കുമ്പോൾ? മുമ്പ് നമ്പൂതിരിമാർ ആചരിച്ചിരുന്ന ഒന്നാണത്. അതിന്റെ പേരിൽ പഴി കേട്ട ഒരു സമുദായമാണിത്.

എന്നാൽ സാമൂഹ്യഅകലം എന്ന പുതിയ വാക്കു കേൾക്കുമ്പോഴോ? ആ തീണ്ടാപ്പാടകലത്തിൽ നിന്ന് അധികം അകലെയൊന്നുമല്ല സോഷ്യൽ ഡിസ്റ്റൻസിംഗ്. എത്ര മീറ്റർ വിട്ടു നിൽക്കുന്നുവോ അത്രയും നന്ന് എന്നാണ് പുതിയ നിയമം. മിനിമം ഒരു മീറ്റർ. എട്ടു മീറ്ററായാൽ ഏറെ നല്ലത്. ആ പഴയ തീണ്ടാപ്പാടകലം എട്ടു മീറ്ററിനും അപ്പുറത്തായിരുന്നു എന്നോർക്കണം.

നമ്പൂതിരി ആചരിച്ചിരുന്ന ചിലതെല്ലാം നല്ലതായിരുന്നു എന്ന് ഇപ്പോൾ ചിലരെങ്കിലും പറയാൻ തുടങ്ങിയിരിക്കുന്നു.

ഇനി വേറെ ചിലത് പറയാം. ഒരു കയ്യ് എച്ചിൽ. മറ്റേ കൈ വറ്റുമായി. കിണ്ടിയിലെ വെള്ളമെടുത്ത് കൈ കഴുകുകയും വേണം. കിണ്ടി ഇരു കൈകത്തണ്ടകൾക്കുമിടയിൽ വച്ച് കൈ കഴുകിയിരുന്ന കാലമുണ്ട്. തടഞ്ഞു കൈ കഴുകുക എന്നാണ് അതിനു പറഞ്ഞിരുന്നത്.

ചായ മോന്തിക്കുടിക്കാതിരുന്നിട്ടും കുടിച്ച ഗ്ലാസ് കഴുകി കമഴ്ത്തി വച്ചിരുന്ന കാലം. പുറത്തു പോയി വന്ന വേഷം പ്രത്യേക അയിത്തക്കോലിൽ വച്ച് മുങ്ങിക്കുളിച്ച് ശുദ്ധമായിരുന്ന കാലം. അകത്ത് പെരുമാറണമെങ്കിൽ കുളിച്ച് ശുദ്ധമായി വരണം എന്ന് ശഠിച്ചിരുന്ന കാലം.

മറ്റൊരാൾ ഭക്ഷണം കഴിച്ച പാത്രമായതിനാൽ കിണ്ണത്തിൽ ഉണ്ണാതിരുന്ന കാലം.എത്ര കഴുകിയാലും എച്ചിൽ പോവില്ലെന്ന ധാരണ ഉണ്ടായിരുന്ന കാലം.സമസ്ത അണുക്കളെയും നശിപ്പിക്കാനായി വാട്ടിയ ഇലയിൽ ഭക്ഷണം കഴിച്ചിരുന്ന കാലം. സാനിറ്റൈസറും ഡെറ്റോളും വരും മുമ്പ് കുളക്കടവിൽ പുറ്റുമണ്ണും പച്ചമഞ്ഞളും വച്ചിരുന്ന കാലം.ഇതെല്ലാം ഓർത്തു പോയത് ആരെയെങ്കിലും കുറ്റപ്പെടുത്താനോ ഇകഴ്ത്താനോ അല്ല ശുദ്ധാശുദ്ധത്തിന്റെ പുതിയ ശീലങ്ങൾ കാണുമ്പോൾ പഴയ ചിലത് ഓർമ്മിപ്പിച്ചുവെന്നേയുള്ളൂ.

സ്വസ്തിയുടെ ഈ ലക്കം അങ്ങനെയുള്ള ചില ഓർമ്മപ്പെടുത്തലുകൾ അടങ്ങുന്നതാണ്. കൊറോണക്കാലത്തെ നമ്പൂതിരി അനുഭവങ്ങൾ. ഈ കൊറോണക്കാലം കഴിഞ്ഞാലും വിദ്യയെയും ശുചിത്വത്തെയും വഴിയിലുപേക്ഷിക്കാതെ മുന്നേറാൻ നമുക്ക് കഴിയട്ടെ.

പതിവു പോലെ മികവു കാണിച്ച ചിലരെ പരിചയപ്പെടുത്തുന്നു ഈ ലക്കവും. ഐ.എഫ്.എസ് പരീക്ഷയിൽ മികച്ച റാങ്കു നേടിയ ആര്യശ്രീ ,ദേശീയ തലത്തിൽ മികച്ച ശാസ്ത്രജ്ഞക്കുള്ള പുരസ്കാരം നേടിയ സോനിയ എന്നിവർ അവരിൽ ചിലരാണ്. നമ്മുടെ പെൺകുട്ടികൾക്ക് മാതൃകയാക്കാവുന്നവർ.

ഓണത്തിനു മുമ്പ് വേറെ ലക്കങ്ങൾ ഇല്ലാത്തതിനാൽ മുൻകൂട്ടിത്തന്നെ നേരുന്നു എല്ലാ വായനക്കാർക്കും ഓണാശംസകൾ. ഒപ്പം പരസ്യം നൽകിയും വരിക്കാരെ ചേർത്തും മറ്റു വിധത്തിൽ സഹായങ്ങൾ നൽകിയും സ്വസ്തിയെ നെഞ്ചോടു ചേർക്കുന്നവർക്കും.

പത്രാധിപർ

Yogakshema Sabha Swasthi Trimonthly | Asthana Mandiram | Near Kovoor Vishnu temple | Chevayur P.O | Kozhikode -673017
Printed at Premier Printers | Annie Hall Road | Calicut-2 | For private circulation only.
Printed & Published by K.I. Vishnu Namboodiri Editor K M Parameswaran

കോഴിക്കോട് ജില്ല:
**ജില്ലാ ഓഫീസ് കോവൂർ** : തിരുമംഗലം കൃഷ്ണൻ നമ്പൂതിരി 8848910238/**കോഴിക്കോട്സിറ്റി:** ശ്രീരേഖ മാടമന 9495178644/**ചേവായൂർ:** സന്തോഷ് തായാട്ട്: 7293751990/**കണ്ണിപറമ്പ്:** ലത തലപ്പണ 9747051050/**പെരുമണ്ണ:** രേഖ തരുപ്പ 7025662924/**ഫറോക്ക്:**രാമനുണ്ണി മുല്ലപ്പള്ളി 9947413193/**മുക്കം:** കൊല്ലോറ്റ ഉണ്ണിക്കൃഷ്ണൻ 8606208060/**ചാത്തമംഗലം:** കോരമ്പറ്റ ശങ്കരൻ നമ്പൂതിരി 9946438951/**ഉച്ചക്കാവ്:** സ്മിത ചെറുവക്കാട് 9495533013/**താമരശ്ശേരി:**കളം പ്രസാദ് 8848286062/**രാമല്ലൂർ:** തെഞ്ചേരി ഹരിനാരായണൻ :9847564517/**കക്കോടി:** പറമ്പിടി മനോജ് കുമാർ 9495039842/**ബാലുശ്ശേരി:** കളം വേണുനാഥ് :8281984397/**കൊയിലാണ്ടി:** ഹനീഷ് എരഞ്ഞോളി 944561754/**വടകര:** അമ്പിളിക്കുന്നം ഹരി :9400980039/**മുയിപ്പോത്ത്:** മുണ്ടോട്ട ഉണ്ണിക്കൃഷ്ണൻ :9446159842

# ആരൊക്കെ/എന്തൊക്കെ


കൊറോണയുടെ ഡോക്ടർ • ഡോ. ശംഭു മാമ്പറ്റ 9 ലോക്
ഡൗണിലെ കുമ്പളങ്ങ • ബി.ശങ്കരനാരായണ ഭട്ട് 10 കൊറോ
ണ കാർട്ടൂൺ • പരുത്തിപ്ര സുനിൽ 11 ഒന്നേകാൽ നൂറ്റാണ്ടു
മുമ്പ് •പാലശ്ശേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി 12 വേറൊരു
ക്വാറന്റീൻ •വടക്കം വാമനൻ നമ്പൂതിരി 13 കേശവതീരം ക്വാ
റന്റീൻ കേന്ദ്രമായി • വെദിരമന വിഷ്ണു നമ്പൂതിരി 14 അരു
ണാചലത്തിൽ നിന്ന് •തലപ്പിള്ളി മങ്ങാട്ട് ഇല്ലത്ത് പ്രേമ
ലത 14 ബോംബിനെ പേടിക്കാത്ത മുംബയിൽ
നിന്ന് • വൈത്തല കൃഷ്ണൻ നമ്പൂതിരി 15
ഒരമ്മയുടെ ആവലാതികൾ • സാവിത്രി
പി.എസ് കിഴക്കേടത്തില്ലം 15 വേളി നി
ശ്ചയം വീഡിയോ വീഡിയോയിലൂ
ടെ • മോഹൻദാസ് കറുകമണ്ണ
മന പാണ്ടിക്കാട് 16 മാംഗല്യം മാ
സ്കണിഞ്ഞാനേ • യമുന സജി
ത് മങ്ങത്തായ 16 ഹോങ്കോങ്ങിൽ
നിന്നൊരു വര • ദ്യുതി ബ്രിജേ
ഷ് പട്ടത്ത് മന 17 കൗണ്ട് ഡൗ
ണും ലോക്ക് ഡൗണും • ആര്യ
നാറണിയാട് 17 അമ്മയെ സ
ഹായിക്കുന്ന ആറാം ക്ളാസുകാ
രി • തെക്കേടത്ത് സൂര്യപാർവ്വതി
17 ശ്രീരാഘവപുരത്തുനിന്നൊരു സദ്
വാർത്ത • പെരിയമന വാദ്ധ്യാൻ ഇല്ലം
ഹരി നമ്പൂതിരി 18 ലക്ഷത്തിന്റെ പുണ്യം •
പുൽപ്പറമ്പിൽ രമേശൻ നമ്പൂതിരി 18 കോവി
ഡ് പ്രെഡിക്ഷൻ ടൂൾ • ഭരത് ഡി ഇലഞ്ഞിത്താന
ത്ത് മന 19 കോവിഡ് കാലത്ത് അറസ്റ്റിൽ • കെ.സി.ഹരി വി
ല്ലേജ് ഓഫീസർ 19 പൂനെയിലെ മകനെയോർത്ത് • സരസ്വതി.
പിഎം. ഇടമന ഇല്ലം, 20 നിരീക്ഷണത്തിലുള്ള ആളായി 14 ദി
വസം • സുരേഷ് പാഴൂർ 20 ലോക്ഡ് ആയ കൊണ്ടാട്ടം •
പുല്ലങ്കോട്മിനി,ദിവ്യ 20 പഠിച്ച നൃത്തം വെറുതെയായില്ല • സുമ
എറിയാട് മന 20 ടോയ്സ് റൂമിലെ കൊറോണ ഡാകിനി • ഗീത
നാരായണൻ അരീക്കര ഇല്ലം 21 ആ ഗീതം ഉണ്ടായതിങ്ങനെ •
ഷാജി മട്ടന്നൂർ കുംഭനില്ലം 22 ആദ്യമായി ഏറ്റ ആറാട്ട് • മനീഷ്
ഭട്ടതിരിപ്പാട് 22 തീണ്ടാർന്നിരിക്കണ മട്ട് • രാമചന്ദ്രൻ തെക്കേ
ടം 22 ഞങ്ങളുടെ അപ്പുറത്ത് ചൈന • രവി മങ്ങാട്ടില്ലം ഏറ്റു
മാനൂർ 23 പഠിച്ചത് വെറും പാചകമല്ല • ആര്യ സജിത്ത് വൈ
ക്കം 23 മതിൽക്കെട്ടിന് അകത്തെല്ലാം പോസിറ്റീവ് • എ.എസ്
രാമൻ നമ്പൂതിരി 23 എ.ടി.എം പൂമുഖത്തെത്തി •മൊടപ്പിലാപ്പ
ള്ളി പരമേശ്വരൻ നമ്പൂതിരിപ്പാട് 24 ദൈവാധീനം കൊണ്ട് രക്ഷ
പ്പെട്ടു • മങ്കുന്നം കണ്ണൻ കല്യാൺ 24 അമേരിക്കയിൽ
ടെൻഷനടിക്കുന്ന അച്ചു • അനിയൻ തലയാറ്റും
പിള്ളി 25 കൊറോണക്കാലത്തെ രോഗാർത്ത
•പാനാട്ട് കൃഷ്ണൻ നമ്പൂതിരി 25 ആ
ക്വാറന്റീൻകാരൻ കാരണം കുഴങ്ങി •
ലളിത കെ.സി 26 ഇറ്റലിയിലെ മാൾട്ട
യിൽ നിന്ന് | രാകേഷ് നാരായണൻ
27 കാസർകോട്ടെ കവുങ്ങിൻ തോ
ട്ടത്തിൽ • ഡോ.ശ്രീവത്സ കൊ
ളത്തായർ 27 പതിവു തെറ്റിച്ച
ഗുരുവായൂരപ്പൻ • കീഴേടം വാ
സുണ്ണി നമ്പൂതിരി 28 40 വർഷമാ
യി മുടങ്ങാത്തത് •പഴങ്ങോട്ടുപറ്റ
മാധവൻ നമ്പൂതിരി 29 ഇല്ലത്തിരു
ന്നു കൊണ്ട് ഗുരുവായൂരെത്താം
• മൂർക്കന്നൂർ ശ്രീഹരി നമ്പൂതി
രി 29 വർക്ക് @ ഇല്ലം • വരുൺ ത
ലയാറ്റുപിള്ളി കുറിച്ചിത്താനം 29 ത
ബ്ലീഗ് ആസ്ഥാനത്തെ റിപ്പോർട്ടിംഗ് •
പി.എം.നാരായണൻ,ന്യൂഡെൽഹി 30 കൈ
തച്ചക്ക വിൽപ്പനയുമായി രണ്ടു ശാന്തിക്കാർ •ജയൻ
കിഴക്കിനിയേടം, പ്രശാന്ത് നടുവം. 30 ഏറ്റവുമധികം പേർ മരിച്ച
ന്യൂയോർക്കിൽ • സംഗീത് വിഷ്ണു കുന്നോത്ത് മണ്ണൂർ 31 ഹൂസ്
റ്റണിലെ ഗുരുവായൂരപ്പൻ ക്ഷേത്രം തുറന്നു 31 സമ്മതിക്കാതെവയ്യ
• പ്രിയദത്ത അന്തർജനം വേന്ത്രക്കാട് 32 യു.എ.ഇയിലെ ആശുപ
ത്രിയിൽ നിന്ന് • വിജിൽ വീട്ടിക്കാട് 32 അവൾ ഗംഗയാണ് • ദേ
വിക കണക്കില്ലം 33 അതിജീവനം • പ്രാർത്ഥന കരിപ്പത്ത് ഇല്ലം
34 പ്രത്യാശ • ഡോ: ഹരിശങ്കർ കെ.ടി കോടിതലപ്പണ ഇല്ലം 34
മാവേലി നാട് • കിഴക്കെ പുതുവാരിടം ശങ്കരൻ നമ്പൂതിരി 34









35 അറിയേണ്ട അന്തർജനം
സോനിയ: ജീനിന്റെ അന്തർജനം

46 അറിയേണ്ട നമ്പൂതിരിയിൽ
കരിയന്നൂർ നാരായണൻ നമ്പൂതിരി

50 ഭൂമിയുടെ മറുപകുതിയിൽ
കണ്ടഞ്ചാത സാവിത്രി അന്തർജനം

വേറിട്ട വഴികളിലൂടെ 54
ഇ.എം.ആദിത്യൻ

വിഷ ചികിത്സയിലെ 56
വിമലഅന്തർജനം






70
ഉപസഭാ
മത്സരങ്ങളിലെ
ജേതാക്കൾ
കുട്ടിക്കൂട്ടം
വായനക്കാരുടെ
കത്തുകൾ
ആദരാഞ്ജലികൾ
യോഗക്ഷേമസഭാ
വാർത്തകൾ

സ്മാർത്ത വിചാരത്തിന്റെ
ബാക്കിപത്രം
താത്രിക്കുട്ടിയുടെ
അനിയത്തിയുടെ മകൻ
ഡോ. പള്ളത്തേരി
സുബ്രഹ്മണ്യൻ നമ്പൂതിരി

കഴിഞ്ഞ വർഷം സ്വസ്തി പരിചയപ്പെടുത്തിയത് ഒരു ഐ.എ.എസുകാരിയെയാണ്. ഗായത്രിയെ. ഈ വർഷം പരിചയപ്പെടുത്താൻ നമുക്ക് ഒരു ഐ.എഫ്.എസുകാരി ഉണ്ടായിരിക്കുന്നു. അഖിലേന്ത്യാ തലത്തിലെ 18 ാം റാങ്കുകാരി. അടുത്ത വർഷം പരിചയപ്പെടുത്താൻ വീണ്ടും സിവിൽ സർവീസുകാരുണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കാം. അഭിനന്ദിക്കാം ആര്യശ്രീയെ

# ഇന്റർവ്യൂ ഹാളിലെ പേടിപ്പിച്ച കുരുവി

## ഐ.എഫ്.എസിൽ 18ാം റാങ്ക് നേടിയ ആര്യശ്രീയുടെ വഴികൾ



പദ്മനാഭൻ നമ്പൂതിരി

ഡൽഹിയിലെ യു.പി.എസ്.സി ഭവനാണ് വേദി.2017 മാർച്ച് 15. ഫോറസ്റ്റ് സർവീസിലേക്കുള്ള ഇന്റർവ്യൂ നടക്കുകയാണ്. പ്രിലിമിനറിയും മെയിൻസുമെല്ലാം കടന്നു കൂടാൻ ഭാഗ്യമുണ്ടായ കേരളത്തിൽ നിന്നുള്ള ഒരു പെൺകുട്ടി അച്ഛനുമമ്മയ്ക്കും ഒപ്പം അവിടെയെത്തി. ഉദ്യോഗാർത്ഥിക്ക് മാത്രമേ അകത്തേക്ക് അനുവാദമുള്ളൂ. സെക്യൂരിറ്റിക്കാർ അച്ഛനമ്മമാരെ ഗേറ്റിനു വെളിയിലാക്കി.

അവർക്ക് അവിടെ നിൽക്കാനാവില്ല.പുറത്തു നിന്നിട്ട് കാര്യവുമില്ല.ഫോണും ഇലക്ട്രോണക് സാധനങ്ങളുമെല്ലാം അവിടെ വാങ്ങി വയ്ക്കും.ബന്ധപ്പെടാനാവില്ല. അതിനാൽ താമസം ഏർപ്പാടാക്കിയിരുന്ന കേരള ഹൗസിലേക്ക് അവർ തിരിച്ചുപോയി. സർട്ടിഫിക്കറ്റുകളും മറ്റും ചെക്ക് ചെയ്ത് ഉദ്യോഗാർത്ഥിയെ അകത്തേക്ക് കടത്തി.

ഉച്ചക്ക് ശേഷമാണ് അനുവദിച്ചു കിട്ടിയ സമയം.രണ്ട് ഇന്റർവ്യൂ ബോർഡുകളുണ്ട്. ഡെൽഹി പൊലീസ് കമ്മീഷണറും മറ്റുമായി വിരമിച്ച ഭീം സെയിൻ ബസി എന്നൊരു റിട്ട.ഐ.പി.എസുകാരൻ ചെയർമാനായ ഒന്നും ജോഷി എന്ന മറ്റൊരാൾ ചെയർമാനായ മറ്റൊന്നും. ഒരു ഇന്റർവ്യൂ ബോർഡിൽ നാലുപേർ.

എന്തും ചോദിക്കാം. സബ്ജക്ട് എക്സ്പർട്ടുകൾ, പേഴ്സണാലിറ്റി നോക്കാനുള്ള വിദഗ്ദ്ധർ, മുമ്പ് ജോലി ചെയ്തവരെങ്കിൽ ആ ജോലിയിലെ പ്രാവീണ്യം അളക്കാനുള്ള ചോദ്യങ്ങൾ. ചിലപ്പോൾ സ്ട്രെസ് ഇന്റർവ്യൂവും. ഇത്രയും വരെ എത്തിയിട്ട് ഇന്റർവ്യൂവിൽ തകർന്ന ചിലരുടെ അനുഭവങ്ങൾ മുന്നിലുണ്ട്.

ഈ കടമ്പ കടക്കാൻ പറ്റുമോ? എട്ടു തവണ പ്രിലിംസ് പൊട്ടിയവർ. അഞ്ചു തവണ മെയിൻസിൽ തോറ്റവർ, അവസാനം ഇന്റർവ്യൂവിൽ ഒരു മാർക്കിന് സിവിൽ സർവീസ് നഷ്ടപ്പെട്ടവർ.ദിവസവും അത്തരക്കാരുടെ കഥകൾ.എത്ര മോക്ക് ഇന്റർവ്യൂ ചെയ്താലും യഥാർത്ഥ ഇന്റർവ്യൂ വേറെത്തന്നെയാണ്.യു.പി.എസ്.സി ഇന്റർവ്യൂ അത്ര കടു കട്ടിയുള്ളതാണ്.

ബസിയുടെ ബോർഡിലാണ് ഇന്റർവ്യൂ. ആറു ഉദ്യോഗാർത്ഥികളുണ്ട്. അതിൽ അവസാനത്തെ ആളായിട്ടാണ് ആര്യശ്രീയുടെ സ്ളോട്ട്.നാലരയെങ്കിലുമാവും.ഒരു മണി കഴിഞ്ഞു,രണ്ടു മണി കഴിഞ്ഞു. ഉച്ചക്കുശേഷമുള്ള സെഷൻ തുടങ്ങീട്ടില്ല.കുറച്ചു നേരം പത്രം വായിച്ചു. ഓരോ നിമിഷത്തിനും യുഗങ്ങളുടെ ദൈർ

# നേർക്കു നേർ

? വിജയത്തിന് അടിസ്ഥാനം.
☞ നെഗറ്റിവിറ്റിയെ മറികടന്നത്.


*രാഷ്ട്രപതി രാംനാഥ് കോവിന്ദുമൊത്ത്*

?ഈശ്വര വിശ്വാസിയാണോ.
☞നിരീശ്വര വിശ്വാസിയല്ല.
?വെജിറ്റേറിയനാണോ.
☞എഗ്ഗിറ്റേറിയനാണ്.
?ഫെമിനിസ്റ്റ് ആണോ.
☞ഈക്വിലിസ്റ്റാണ്.
?വലിയ തിരിച്ചടി.
☞വിദേശസ്കോളർഷിപ്പ് കിട്ടാഞ്ഞത്.
?പന്ത്രണ്ടാം ക്ലാസ് വരെ.
☞ക്ലാസിൽ ഫസ്റ്റായിട്ടേയില്ല.
?പഠിപ്പിസ്റ്റായിരുന്നുവോ.
☞കുത്തിയിരുന്ന് പഠിച്ചിട്ടേയില്ല.
?എഞ്ചിനീയറിംഗിനു പഠിക്കുമ്പോൾ.
☞സപ്ളി ഉണ്ടാവരുതെന്ന് ആഗ്രഹിച്ചു.
?എക്സ്പോഷർ കിട്ടിയ ഇടം.
☞ഡൽഹി ഐ.ഐ.ടി.
?ഐ.ഐ.ടിയെപ്പറ്റി കേട്ടത്.
☞പ്ളസ് ടു ട്യൂഷൻ കാലത്ത്.
?അനുഭവിച്ച വലിയ ടെൻഷൻ.
☞മെയിൻസ് കഴിഞ്ഞുള്ള ഇന്റർവ്യൂ.
?അച്ഛൻ പറയാറുള്ളത്.
☞പഠിത്തം കൊണ്ടേ രക്ഷയുള്ളൂ.

ഘ്യം. ഒടുവിൽ രണ്ടരയായി.

ഊണുകഴിക്കാൻ പോയ ബോർഡംഗങ്ങൾ തിരിച്ചെത്തി. സെഷൻ തുടങ്ങി.ഒരു കുട്ടിയുടെ പേരു വിളിച്ചു.അര മണിക്കൂർ കഴിഞ്ഞ് അടുത്ത ആൾ.ചങ്കിടിപ്പ് കൂടാൻ തുടങ്ങി.പിന്നെ അടുത്ത ആൾ.എന്താണ് അകത്തു നടക്കുന്നതെന്ന് അറിയാൻ ഒരു വഴിയുമില്ല. അകത്തുപോയവരാരും അതു വഴി മടങ്ങി വരുന്നില്ല.വേറെ വഴിക്കാണ് മടങ്ങുന്നത്. ഒടുവിൽ വൈകീട്ട് നാലേമുക്കാലായി. അവിടെ മറ്റാരും അവശേഷിപ്പില്ല. അകത്ത് ബോർഡ് അംഗങ്ങളും പുറത്ത് അവസാനത്തെ കുട്ടിയായി ആര്യശ്രീയും.

4.45 ആയപ്പോൾ പേരു വിളിച്ചു.യാത്രാക്ഷീണവും വിശപ്പും ടെൻഷനും എന്നു വേണ്ട എന്തൊക്കെ പ്രയാസങ്ങളുണ്ടോ അതെല്ലാം ഒന്നിച്ച് വരാൻ തുടങ്ങി.എന്തായാലും ഇന്റർവ്യൂ നേരിടണമല്ലൊ.

റോബോട്ടിക്സും വനശാസ്ത്രവും പ്രവൃത്തിപരിചയവും എല്ലാമായി ഇരുപത് മിനുട്ട് കഴിഞ്ഞു. വ്യക്തിപരമായ കാര്യങ്ങൾ. കഴിവുകളും കാരക്ടറും അറിയാനുള്ള ചോദ്യങ്ങൾ. ചിലതെല്ലാം നന്നായി പറയാൻ കഴിയുന്നുണ്ടെന്ന തോന്നൽ.അല്പം ആശ്വാസം തോന്നിത്തുടങ്ങി.പെട്ടെന്നായിരുന്നു ചെയർമാന്റെ ചോദ്യം.

കുരുവികളുടെ എണ്ണം കുറയുന്നതിന്റെ കാരണമെന്താണ്.?

**എന്താണ് അകത്തു നടക്കുന്നതെന്ന് അറിയാൻ ഒരു വഴിയുമില്ല. അകത്തുപോയവരാരും അതു വഴി മടങ്ങി വരുന്നില്ല.വേറെ വഴിക്കാണ് മടങ്ങുന്നത്. ഒടുവിൽ വൈകീട്ട് നാലേമുക്കാലായി. അവിടെ മറ്റാരും അവശേഷിപ്പില്ല. അകത്ത് ബോർഡ് അംഗങ്ങളും പുറത്ത് അവസാനത്തെ കുട്ടിയായി ആര്യശ്രീയും.**

ഒന്നു പരുങ്ങി.

അർബനൈസേഷനാവാം കാരണം. അതായിരുന്നു മറുപടി.

അക്കാര്യത്തിൽ ഉറപ്പില്ല,അല്ലേ? അറിയാത്തതാണെങ്കിൽ അറിയില്ല എന്നു വേണം പറയാൻ.അങ്ങനെയൊരു കൺക്ളൂഷനിൽ എത്തിയത് എങ്ങനെ. എവിടെയെങ്കിലും അങ്ങനെ വായിച്ചിട്ടുണ്ടോ. ചെയർമാൻ വിടാനുള്ള ഭാവമല്ല.

സോറിയെന്ന് പറഞ്ഞു നോക്കി.താൻ എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന് വിശദീകരിച്ചു .അത് വേണ്ട രീതിയിലായില്ലെന്ന തോന്നൽ. ഇതിനിടെ ചെയർമാൻ പറഞ്ഞു.സമയം കഴിഞ്ഞു,പോവാം.

ഇനി നിന്നിട്ട് കാര്യമില്ല.വേണ്ട രീതിയിൽ ഉത്തരം പറഞ്ഞില്ല എന്ന തോന്നൽ ബാക്കിയായി.മുറിയിൽ നിന്ന് ഇറങ്ങി നടന്നു.ഓട്ടോ വിളിച്ച് കേരള ഹൗസിലേക്ക്.

ഗേറ്റ് പരീക്ഷയെഴുതി ഡൽഹി ഐ.ഐ.ടിയിൽ നിന്ന് എം.ടെക് നേടി നല്ലൊരു കമ്പനിയിൽ പ്രോജക്ട് എഞ്ചിനീയറായിരുന്നു.അതു രാജി വച്ചാണ് ഈ പരീക്ഷണത്തിന് മുതിർന്നത്. ഒരു വർഷത്തെ അദ്ധ്വാനമാണ് ഒരു നിമിഷം കൊണ്ട് തകർന്നത്. അങ്ങാടിക്കുരുവികൾ തന്റെ പ്രതീക്ഷകൾക്കാണ് മങ്ങലേൽപ്പിച്ചത്.വല്ലാത്ത വിഷമം തോന്നി.

അമ്മ കുറെ കാലമായി ബാങ്ക് ടെസ്റ്റ് എഴുതാൻ നിർബന്ധിക്കുന്നു.ബാങ്കിലാണ് അമ്മ. ഐ.ഐ.ടിയെല്ലാം കഴിഞ്ഞ ഒരാൾക്ക് ബാങ്ക് ടെസ്റ്റ് എളുപ്പമാവും. അതാണ് അമ്മയുടെ യുക്തി.തന്റെ കൂടെ ബി.ടെക്കും എം.ടെക്കും കഴിഞ്ഞ കുട്ടികളിൽ പലരും ജോലിയിൽ കയറി. ബഹിരാകാശത്തേക്ക് ബലൂണിൽ പറക്കാൻ നോക്കിയ കൊച്ചു കുട്ടിയുടെ മോഹം പോലെയായി തന്റേത്.ബാങ്ക് ടെസ്റ്റെങ്കിൽ ബാങ്ക് ടെസ്റ്റ്.അടുത്ത സീസണിലെ ടെസ്റ്റെഴുതാം.അമ്മയ്ക്കെങ്കിലും സമാധാനമാവട്ടെ.

ദിവസങ്ങൾ കടന്നു പോയി.മാർച്ച് 21ന് ഒരു ഫോൺ കാൾ. തിരുവനന്തപുരം എൻലൈറ്റ് സെന്ററിൽ നിന്നാണ്.അവിടെ മോക്ക് ടെസ്റ്റിനു പോയിരുന്നു.ഫോറസ്റ്റ്




## കടുവയും മനുഷ്യനും

സിവിൽ/ഫോറസ്റ്റ് സർവീസ് കിട്ടുന്നതോടെ എല്ലാമായി എന്നു ധരിക്കരുത്.ഒഴിവിനും റാങ്കിനുമസരിച്ചാണ് കേഡർ ലഭിക്കുക.ചിലപ്പോൾ തീവ്രവാദികളുള്ള സംസ്ഥാനത്താവും പോസ്റ്റിംഗ്.സർവീസ് കാലം മുഴുവൻ അവിടെ വേണ്ടി വരാം.ഇങ്ങനെ ഒരു പാടുണ്ട് മനസിലാക്കാൻ. ഇപ്പോൾ എനിക്ക് പോസ്റ്റിംഗ് കിട്ടിയിരിക്കുന്നത് മഹാരാഷ്ട്രയിലെ വിദർഭ പ്രദേശത്തെ വർദ്ധ ജില്ലയിലാണ്. ഇന്ത്യയിൽ ഏറ്റവും കടുവകളുള്ള പ്രദേശമാണ് വിദർഭ.

ഈയ്യിടെ അവിടെ ഒരു ഗ്രാമീണനെ കടുവ കൊന്നു.ഇങ്ങനെയുള്ള അവസരങ്ങളിൽ നാട്ടുകാർ പ്രശ്നമുണ്ടാക്കും. കടുവ മനുഷ്യരെ ആക്രമിക്കുന്നതും ജനം പ്രശ്നമുണ്ടാക്കുന്നതും ഒഴിവാക്കണം. വനപാലകരുടെ ഏറ്റവും വലിയ വെല്ലുവിളി മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം മാനേജ് ചെയ്യുകയാണ്. ചിലേടത്ത് മാനുകളും മറ്റും കൃഷിയിടങ്ങളിലിറങ്ങി കൃഷി നശിപ്പിക്കും . അപ്പോഴും നാട്ടുകാർ പ്രശ്നമുണ്ടാക്കും. വേറെ ചിലേടത്ത് ആളുകൾ വനം കയ്യേറും . ഇതെല്ലാം നേരിടുകയെന്നതാണ് വെല്ലുവിളികൾ. ഓരോ ഇടത്തുമുണ്ടാവും ഇതുപോലുള്ള പ്രയാസങ്ങൾ.

സർവീസിന്റെ റിസൾട്ട് വന്നിരിക്കുന്നു.അവർ നോക്കിയത്രെ.ആര്യക്ക് സെലക്ഷൻ കിട്ടിയിരിക്കുന്നു. വിശ്വാസം വന്നില്ല.സൈറ്റിൽ കയറി പരിശോധിച്ചു.

അതാ ആര്യശ്രീയുടെ പേര്!

അഖിലേന്ത്യാ റാങ്ക് 18!!

കേരളത്തിലെ ഒന്നാം റാങ്ക്!!

ആര്യയുടെ മുന്നിലിരുന്ന് കരയുകയായിരുന്നു അച്ഛൻ.

തീർന്നില്ല,ഒരു കുരുവി കാരണം തുലഞ്ഞു പോയി എന്നു കരുതിയ ആ ഇന്റർവ്യൂവിൽ ബസി സാറിന്റെ ബോർഡിൽ ഏറ്റവും കൂടുതൽ മാർക്ക് തനിക്കായിരുന്നു എന്ന് പിന്നീട് മറ്റു ചിലരിൽ നിന്നറിഞ്ഞു.ഇന്ന് മഹാരാഷ്ട്രയിലെ വർദ്ധയിൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററാണ് ആര്യ! കാട്ടിലെ കളക്ടർ!!അതേ, ഇന്ത്യൻ ഫോറസ്റ്റ് സർവീസിനു കീഴിൽ മഹാരാഷ്ട്ര കാഡറിൽ നിയമനം.

ഇനി വായിക്കാം ആര്യയുടെ കഥ.

ഏതെങ്കിലും ഒരു സർക്കാർ കോളേജിൽ എഞ്ചിനീയറിംഗിന് അഡ്മിഷൻ കിട്ടണം എന്ന മിനിമം ലക്ഷ്യവുമായി പ്ലസ് ടു ചെയ്ത ആര്യശ്രീ ഐ എഫ് എസുകാരിയായ അനുഭവം.

തിരുവനന്തപുരം അരുവിക്കരയിലെ ഇടമനമഠത്തിൽ ത്രിവിക്രമൻ പോറ്റിയാണ് അച്ഛൻ. സെക്രട്ടേറിയറ്റിൽ ഫിനാൻസ് വിഭാഗത്തിൽ അഡിഷണൽ സെക്രട്ടറി ആയി വിരമിച്ചു.അമ്മ പെരിന്തൽമണ്ണ പെരിയത്ത് മഠത്തിൽ വത്സല തിരുവനന്തപുരം ഇന്ത്യൻ ഓവർസീസ് ബാങ്കിൽ മാനേജർ. മൂത്ത മകളാണ് ആര്യ. താഴെ

**ഒരിക്കൽപ്പോലും ക്ളാസിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടില്ല.ആദ്യത്തെ അഞ്ചു കുട്ടികളിലൊരാളാവും. അത്രയേയുള്ളൂ. എസ്.എസ്.എൽ.സിക്ക് എപ്ലസ് കിട്ടണം. എല്ലാവരെയും പോലെഅതായിരുന്നു അന്നത്തെ ലക്ഷ്യം.അതു കിട്ടി. യോഗക്ഷേമസഭയും മറ്റും ആദരിച്ചു. പഠിക്കുന്ന കുട്ടി എന്ന് സമൂഹം അംഗീകരിച്ച സുഖം.**

അനിയൻ അഖിൽ.ബിടെക് കഴിഞ്ഞ് ഒറാക്കിളിൽ ജോലി ചെയ്യുന്നു.

തിരുവനന്തപുരം നിർമല ഭവനിലായിരുന്നു പഠനം.ഒരിക്കൽപ്പോലും ക്ളാസിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടില്ല.ആദ്യത്തെ അഞ്ചു കുട്ടികളിലൊരാളാവും. അത്രയേയുള്ളൂ. എസ്.എസ്.എൽ.സിക്ക് എപ്ലസ് കിട്ടണം. എല്ലാവരെയും പോലെ അതായിരുന്നു അന്നത്തെ ലക്ഷ്യം.അതു കിട്ടി. യോഗക്ഷേമസഭയും മറ്റും ആദരിച്ചു. പഠിക്കുന്ന കുട്ടി എന്ന് സമൂഹം അംഗീകരിച്ച സുഖം.എങ്കിൽ പ്ളസ് ടുവിനു ഒരു കൈ നോക്കാമെന്നായി. സി.ബി.എസ്.സിയിലേയ്ക്ക് മാറി. മുക്കോല സെന്റ് തോമസിലേക്ക്.

ബയോളജിക്ക് നല്ല മാർക്കുണ്ടായിരുന്നെങ്കിലും കണക്കിനോടായിരുന്നു ഇഷ്ടം.ബയോമാതസ് എടുത്തു.ഇരുന്നു പഠിക്കാൻ മടിയായിരുന്നതിനാൽ ഒപ്പമുള്ള കുട്ടികൾ ചേർന്ന ചില ട്യൂഷൻ കേന്ദ്രങ്ങളിൽ ട്യൂഷനും ചേർന്നു.ആയിടക്ക് ട്യൂഷൻ ക്ളാസിൽ വച്ചാണ് എൻട്രൻസിനെപ്പറ്റി കേട്ടത്.സ്കൂളിലെ മാർക്കിനേക്കാൾ പ്രധാനം അതിനാണെന്നും കേട്ടു.

''ആയിടക്ക് അമ്മക്ക് സ്ഥലം മാറ്റമായി പെരിന്തൽമണ്ണയിലേക്ക്. വീട്ടിൽ അച്ഛനും അനിയനും ഞാനും. വീട്ടിലെ പാചകം, എന്നെയും അനിയനെയും സ്കൂളിലാക്കൽ, എന്നെ ട്യൂഷന് എത്തിക്കൽ, തിരിച്ച് കൊണ്ടു പോരൽ-എല്ലാം അച്ഛൻ.എന്റെ പ്രഷർ ഒന്നുമാത്രമായിരുന്നു. ഇനിയും ഫീസിനായി അച്ഛനെ ബുദ്ധിമുട്ടിക്കാതെ ഒരു സർക്കാർ കോളേജിൽ കിട്ടണം.അതു പോലും കിട്ടുമെന്ന് ഉറപ്പില്ലാത്ത അവസ്ഥയിലായിരുന്നു അന്ന്.'' ആര്യ പറയുന്നു.

പഠനത്തിന്റെ പ്രഷർ ആദ്യം അനുഭവിക്കുന്നത് അന്നാണ്.ഐ.ഐ.ടി എന്നൊന്നും അന്ന് കേട്ടിട്ടേയില്ല.ട്യൂഷൻ കാലത്താണ് മറ്റു ചില കുട്ടികൾ ബിറ്റ്സ് പിലാനിയെന്നും ഐ.ഐ.ടിയെന്നും ഒക്കെ പറയുന്നത് കേട്ടത്.

കേരള എൻട്രൻസിനു കറുപ്പിച്ച ഉത്തരക്കടലാസിന്റെ കോപ്പി കയ്യിലുണ്ടായിരുന്നു. അതിലെ ഉത്തരങ്ങൾ ആൻസർ കീയുമായി ഒത്തു നോക്കി. 500 മാർക്ക് കിട്ടാം. ഫിസിക്സിലെ ട്യൂഷൻ സാറാണ് പറഞ്ഞത്.അഞ്ഞൂറിനകത്ത് റാങ്ക് കിട്ടാമെന്ന്.അത് കേട്ടപ്പോൾ വലിയ ആശ്വാസം തോന്നി.

റിസൾട്ട് വന്നപ്പോൾ കേരളത്തിൽ 363ാം റാങ്ക്! സി.ഇ.ടി ഉൾപ്പെടെ ഒരുവിധം എല്ലാ കോളേജിലും കിട്ടും. സി.ഇ.ടിയുടെ

ബസ് പോവുമ്പോൾ നോക്കിനിന്ന് കൊതിച്ചിട്ടുണ്ട് അക്കാലത്ത്.

സി.ഇ.ടി കേരളത്തിലെ ഒന്നാം നമ്പർ സ്ഥാപനമാണ്.ഒന്നുകിൽ അവിടെ എഞ്ചിനീയറിംഗിനു ചേരുക. അല്ലെങ്കിൽ മെഡിനിൻ കിട്ടാനായി തൃശൂരോ പാലായിലോ പോയി റിപ്പീറ്റ് ചെയ്യുക. ഇതാണ് പൊതുവേ കുട്ടികളുടെ ഓപ്ഷൻ. മെഡിസിനു വേണ്ടിയെങ്കിൽ റിപ്പീറ്റ് ചെയ്യാമെന്നായി അച്ഛൻ.എഞ്ചിനീയറിംഗിനോടായിരുന്നു താല്പര്യം തോന്നിയിരുന്നത്. അങ്ങനെ സി.ഇ.ടിയിൽ അപ്ളൈഡ് ഇലക്ട്രോണിക്സ്.

സപ്ളിയടിക്കരുതെന്നും വീട്ടുകാരെക്കൊണ്ട് പറയിപ്പിക്കരുതെന്നും മാത്രമേ ലക്ഷ്യമുണ്ടായിരുന്നുള്ളൂ. സപ്ളിയടിക്കാതെ നാലു വർഷം.ഒരു സെമസ്റ്ററിൽ പോലും ടോപ്പറായില്ല. എന്നാൽ,സാമാന്യം കുഴപ്പമില്ലാത്ത റിസൽട്ട്.ഫൈനൽ റിസൽട്ട് വന്നപ്പോൾ ക്ളാസിൽ അഞ്ചാം സ്ഥാനം.

ഇനിയെന്ത്? പൊതുവേ മൂന്നാണ് വഴികൾ.ഒന്നുകിൽ എം.ബി.എ, അല്ലെങ്കിൽ എം.ടെക്. അതുമല്ലെങ്കിൽ പ്ളേസ്മെന്റ്.ബി.ടെക് മൂന്നാം വർഷമായപ്പോഴേ എം.ടെകിന് പോവണമെന്നു ഉറപ്പിച്ചിരുന്നു.അതിനാൽ ഗേറ്റ് ക്ളാസിന് പരിശീലനം തുടങ്ങി.അതോടൊപ്പം പ്ലേസ്മെന്റിനു വേണ്ട തയാറെടുപ്പുകളും.

ആയിടക്കാണ് ജി.എസ് എഞ്ചിനീയറിംഗ് എന്നൊരു സ്ഥാപനത്തിലേക്ക് ഇന്റർവ്യൂവിന് ക്ഷണിക്കപ്പെട്ടത്.അതായിരുന്നു ആദ്യത്തെ ഇന്റർവ്യൂ.ഒരു കൊറിയക്കാരനോ മറ്റോ ആയ വിദേശിയായിരുന്നു ഇന്റർവ്യൂ ചെയ്തത്. ഭാഗ്യം കോറിൽത്തന്നെ ജോലി കിട്ടി.അവരുടെ ഗുഡ്ഗാവിലുള്ള ബ്രാഞ്ചിലേക്കായിരുന്നു നിയമനം.

എന്നാൽ അവിടെ ജോയിൻ ചെയ്തില്ല.അപ്പോഴേക്കും ഗേറ്റ് റിസൽട്ട് വന്നിരുന്നു ഇൻസ്ട്രുമെന്റേഷൻ വിഭാഗത്തിൽ 99ാം റാങ്ക്. അങ്ങനെ ഡൽഹി ഐ.ഐ.ടിയിൽ എം.ടെകിനു ചേർന്നു.

ഐ.ഐ.ടിയുടെ ആ വലിയ കാമ്പസാണ് ശരിക്കും പുതിയ ലോകം കാട്ടിത്തന്നത്. പല തരത്തിലുള്ള കാഴ്ചകൾ.പല തരം അനുഭവങ്ങൾ.വലിയ എക്സ്പോഷറുകൾ.സ്റ്റുഡന്റ്സ് എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി ജപ്പാനിൽ പോവാനവസരം കിട്ടി. ഡെൽഹി ഐ.ഐ.ടിയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട അഞ്ചാറു കുട്ടികളിൽ ഒരാളായിരുന്നു. സുനാമിക്ക് ശേഷം ജപ്പാൻ പുനർനിർമ്മാണം നടത്തിയത് എങ്ങനെയെന്ന് നേരിട്ടറിയാൻ അതുപകരിച്ചു. ഇതു പോലുള്ള അനുഭവങ്ങൾ പിന്നീട് ഉപകാരമായി.

അക്കാലത്ത് ചിലർ സദാ സമയവും ലൈബ്രറിയിലായിരുന്നു.പലതും വായിക്കുന്നു. സിവിൽ സർവീസിന് പ്രിപ്പയർ ചെയ്യുന്നവരായിരുന്നു അവർ എന്ന് പിന്നീട് മനസിലായി.ആദ്യമായാണ് അങ്ങനെ ഒരു വിഭാഗത്തെ കാണുന്നത്. ഇങ്ങനെയുള്ള ചില കാഴ്ചകൾ മനസിലുടക്കിയെങ്കിലും സിവിൽ സർവീസ് അന്നും മനസിലേക്ക് കടന്നു വന്നിരുന്നില്ല.

എം.ടെക് കഴിയാറായി. ഇന്ത്യക്കു പുറത്ത് പോയി പി.എച്ച്.ഡി. ചെയ്യുക.അതായിരുന്നു ആഗ്രഹം. അതിന്റെ കെയറോഫിൽ ഐ.ഐ.ടിയിലോ അതുപോലുള്ള ഉന്നത സ്ഥാപനങ്ങളിലോ ഫാക്കൽട്ടിയാവുക.അതായിരുന്നു ലക്ഷ്യം. അങ്ങനെ പുറത്തു പോവുന്നതിന് എന്തെങ്കിലും പ്രവൃത്തി പരിചയം ഉണ്ടാവുന്നത് നന്നായിരിക്കുമെന്ന് മനസിലായി. അതിനു വേണ്ട ശ്രമങ്ങളായി പിന്നീട്. അങ്ങനെ 2013 ൽ മദ്രാസ് ഐ.ഐ.ടിയുടെ റിസർച്ച് പാർക്കിലെ ഹെൽത്ത് കെയർ ടെക്നോളജി ഇന്നൊവേഷൻ സെന്റർ എന്ന സ്ഥാപനത്തിൽ പ്രോജക്ട് എഞ്ചിനീയറായി അവസരം കിട്ടി. 2015 വരെ രണ്ടു വർഷം അവിടെ.

ആ ദിനങ്ങൾ വേറെ ചില തരത്തിൽ കൂടി വിനിയോഗിച്ചു. യാത്രകളും നേചറും മുമ്പേ ഇഷ്ടമായിരുന്നു. ജോലിക്കു പോവേണ്ടാത്ത വീക്കെൻഡുകളിൽ ധാരാളം യാത്രകൾ. വേടന്തങ്ങളിൽ പക്ഷി നിരീക്ഷണം. മെറീനയിലെ കടലാമ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനം. അവരുടെ പ്രവർത്തകരോടൊപ്പം അർദ്ധരാത്രിയിൽ കടപ്പുറത്തു പോയി കടലാമയുടെ മുട്ട ശേഖരണം, അത് വിരിയിക്കാൻ വെയ്ക്കൽ.തിരുവണ്ണാമല, നാഗലാപുരം തുടങ്ങിയ സ്ഥലങ്ങളിലേക്ക് ട്രക്കിംഗ്.യോഗാ ക്ളാസ്, സംസ്കൃതഭാരതിയുടെ സംസ്കൃത ക്ളാസ്. അങ്ങനെ ഇലക്ട്രോണിക്സുമായി ഒരു ബന്ധവുമില്ലാത്ത ഒരുപാടു കാര്യങ്ങൾ. അതെല്ലാം പിന്നീട് ഫോറസ്റ്റു സർവീസിൽ താല്പര്യം തോന്നാൻ ഉപകരിച്ചു.

വിദേശത്ത് പി.എച്ച്.ഡി ചെയ്യണമെന്ന ആഗ്രഹം അപ്പോഴുമുണ്ടായിരുന്നു. അതിനു വേണ്ട കാര്യങ്ങൾ ഓരോന്നായി ചെയ്യാൻ തുടങ്ങി. വിദേശത്ത് ഉപരിപഠനത്തിന് ടോഫെൽ പോലുള്ള ടെസ്റ്റുകൾ എഴുതണം. ജോലിക്കിടയിൽ അതിനായി കുറെ വായിച്ചു.ആ വായന നന്നായി ഉപകരിച്ചു. 120ൽ 114 മാർക്കോടെ അതു പാസായി.ടോഫെൽ സ്കോറും അതുപോലുള്ള മികവുകളും കാരണം ഓക്സ്ഫോർഡിൽ ഉപരിപഠനത്തിന് ക്ഷണം കിട്ടി.വലിയ സന്തോഷം തോന്നി. വിദേശത്ത് പഠിക്കണമെങ്കിൽ സ്കോളർഷിപ്പ് വേണം. ഭാരത സർക്കാർ പല സ്കോളർഷിപ്പും നൽകാറുണ്ട്. അതിനായി അപേക്ഷിച്ചു. എന്നാൽ അതൊന്നും ശരിയായില്ല. സ്കോളർഷിപ്പ് ഇല്ലാതെ പഠിക്കണമെങ്കിൽ ഒരു കോടി രൂപയെങ്കിലും ഫീസ് വേണം.അതോടെ വിദേശപഠനം എന്ന ആഗ്രഹം നടക്കാതെ പോയി. വലിയ നിരാശ തോന്നിയ സമയമായിരുന്നു അത്.

വീട്ടിൽ നിന്ന് അമ്മ പറഞ്ഞു കൊണ്ടേയിരുന്നു.

റിസർച്ച് പാർക്കിലെ പ്രോജക്ട് വർക്ക് ശാശ്വതമായൊരു ജോലിയൊന്നുമല്ല.നിന്നെ കമ്പനിയിൽ നിന്ന് പുറത്താക്കാം.ബാങ്ക് ടെസ്റ്റ് എഴുത്. ഇതായിരുന്നു ബാങ്കുദ്യോഗസ്ഥയായ അമ്മയുടെ നിലപാട്.

പ്രോജക്ട് കാലാവധി പുതുക്കേണ്ട സമയമായിരുന്നു അപ്പോൾ.വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ് ശരിയായതുമില്ല. വീട്ടിൽ നിന്നാണെങ്കിൽ സർക്കാർ ജോലിക്ക് ശ്രമിക്കാനായി നിർബന്ധവും.വയസാണെങ്കിൽ കൂടി വരികയും ചെയ്യുന്നു.

അങ്ങനെയാണ് റീതിങ്കിംഗ് ആരംഭിച്ചത്. അമ്മ പറയുന്ന ബാങ്ക് ടെസ്റ്റും അച്ഛൻ പറയുന്ന പി.എസ്.സി ടെസ്റ്റും അല്ലാതെ മറ്റെന്തൊക്കെ ജോലികളുണ്ട്.

## ആര്യശ്രീയുടെ വാക്കുകൾ

○ പ്രവചനാതീതമാണ് സിവിൽ സർവീസ് പരീക്ഷയുടെ ഫലം എന്നാണ് ആദ്യം മനസിലാക്കേണ്ടത്.

○ എന്റെ നെഗറ്റിവിറ്റി മറികടക്കുക എന്നതായിരുന്നു ഏറ്റവും വലിയ പ്രയാസം.

○ ഒന്നാം ക്ളാസിൽ തുടക്കമിട്ട ബാലഭൂമിവായന പിന്നീട് വായന ഒരു ശീലമാക്കാൻ ഉപകരിച്ചു.

○ നാലിൽ പഠിക്കുമ്പോൾ വായിച്ച വിക്രമാദിത്യ കഥകളാണ് ഇരുത്തി വായിപ്പിച്ച ആദ്യ പുസ്തകം.



സൈറ്റുകളിൽ പരതാൻ തുടങ്ങി. ബെസ്റ്റ് പ്രൊഫഷനുകളെക്കുറിച്ചുള്ള ആ അന്വേഷണത്തിനൊടുവിൽ സിവിൽ സർവീസിന്റെ നോട്ടിഫിക്കേഷനിലെത്തി നിന്നു. ഐ.ഐ.ടിയിൽ എം.ടെക്കിനു പഠിക്കുമ്പോൾ ലൈബ്രറിയിലിരുന്ന് സിവിൽ സർവീസിനു പ്രിപ്പയർ ചെയ്യുന്ന കുട്ടികളുടെ ദൃശ്യം മുന്നിൽ തെളിഞ്ഞു വന്നു.

2015ലെ സിവിൽ സർവീസ് പ്രിലിമിനറിക്ക് അപേക്ഷിക്കാനുള്ള നോട്ടിഫിക്കേഷൻ ആയിരുന്നു അത്. ഐ.എ.എസും ഐ.പി.എസും - ഇതു രണ്ടുമേ കേട്ടിരുന്നുള്ളൂ. എന്നാൽ ഇരുപതിൽപ്പരം സർവീസുകൾ ഉണ്ടെന്നും ഓരോന്നിനും വ്യത്യസ്ത യോഗ്യതകൾ വേണമെന്നുമെല്ലാം നോട്ടിഫിക്കേഷനിൽ നിന്ന് മനസ്സിലായി. ഇതോടൊപ്പം ഫോറസ്റ്റ് സർവീസ് പരീക്ഷക്കുള്ള നോട്ടിഫിക്കേഷനും പുറത്തിറങ്ങിയിരുന്നു.ഐ.എഫ്.എസിനെപ്പറ്റിയെല്ലാം മനസ്സിലാക്കുന്നത് അന്നാണ്.നേചറുമായുള്ള അടുപ്പം ആ സർവീസിനെപ്പറ്റി കൂടുതലറിയാൻ പ്രേരിപ്പിച്ചു. സിവിൽ സർവീസ് പരീക്ഷയുടെ പ്രിലിമിനറി തന്നെയാണ് ഫോറസ്റ്റ് സർവീസ് പരീക്ഷയുടെ പ്രിലിമിനറിയായി കണക്കാക്കുന്നത്. ഒഴിവുകൾ അനുസരിച്ച് രണ്ടു വ്യത്യസ്ത കട്ട് ഓഫുകൾ നിശ്ചയിക്കുമെന്ന് മാത്രം. നിലവിൽ എഞ്ചിനീയറിംഗും സയൻസും മറ്റും പഠിച്ച ഒരാൾക്ക് ഐ.എഫ്.എസ് എഴുതാമെന്നും മനസ്സിലായി.

പ്രിലിമിനറി എന്താണെന്നറിയണമല്ലൊ.അത് എത്രത്തോളം കട്ടിയാണ്.തന്നെപ്പോലുള്ള ഒരാൾക്ക് കടന്നു കൂടാവുന്നതാണോ? 2015ലെ പരീക്ഷക്ക് അപേക്ഷിച്ചു. 2015 ജൂണിൽ വെറുതെ പോയി എഴുതുകയും ചെയ്തു. ജി.കെയും ഇംഗ്ലീഷും മാത്സുമെല്ലാം എഴുതിയപ്പോൾ പഠിച്ച് എഴുതിയാൽ പാസാകാൻ പറ്റുന്നതാണെന്ന് മനസ്സിലായി. എന്നാൽ ഈ വർഷം പഠിക്കാതെ എഴുതിയതിനാൽ പാസാവാനുള്ള സാദ്ധ്യതയൊന്നും കണ്ടില്ല. അടുത്ത വർഷത്തേക്ക് ഒന്നു ശ്രമിച്ചു നോക്കാം. മദ്രാസ് റിസർച്ച് പാർക്കിൽ സഹപ്രവർത്തകനും സുഹൃത്തും പിൽക്കാലത്ത് ജീവിത പങ്കാളിയുമായ പ്രീജിത് നന്നായി പ്രോത്സാഹിപ്പിച്ചു. അങ്ങനെ 2016ലെ പരീക്ഷ എഴുതാനായി മദ്രാസിലെ സ്ഥാപനത്തിൽ നിന്ന് രാജിവച്ച് നാട്ടിലെത്തി.

2015ലെ മെയിൻസിനു വേണ്ടി കുട്ടികൾ പഠിക്കുന്ന സമയമായിരുന്നു അത്. തിരുവനന്തപുരത്തെ സിവിൽ സർവീസ് അക്കാദമിയിൽ മൂന്നു മാസത്തെ മെയിൻസ് കോഴ്സിനു ചേർന്നു.സിവിൽ സർവീസിനെ കൂടുതൽ അറിയുന്നത് അവിടെ വച്ചാണ്. ഡിസംബറിൽ ക്ലാസ് തീർന്ന ശേഷം സ്വന്തമായി പഠിക്കാൻ തുടങ്ങി. രാവിലെ അക്കാദമിയിലെ ലൈബ്രറിയിൽ പോവും.ഹിന്ദു പത്രം വായിക്കും. അങ്ങനെയാണ് ദിവസം തുടങ്ങുക. പിന്നെ മറ്റു



ഭർത്താവ് പ്രീജിത്തുമൊത്ത്

**ജോലി രാജി വച്ചതിന്റെ പ്രഷർ. വീട്ടുകാരുടെ പ്രഷർ. അമ്മ ബാങ്ക് ടെസ്റ്റിനു നിർബന്ധിച്ചു കൊണ്ടിരുന്നു. അതെന്തായാലും കിട്ടും. അതായിരുന്നു അമ്മയുടെ നിലപാട്. ഒടുവിൽ ഒരു ബാങ്ക് ടെസ്റ്റിനും എഴുതി. പക്ഷേ അതു കിട്ടിയില്ല. അതോടെ അതായി ടെൻഷൻ.**

പ്രസിദ്ധീകരണങ്ങൾ. അങ്ങനെ കൃത്യമായ റുട്ടീൻ. 2016 ലേക്കുള്ള ഒരുക്കം അങ്ങനെയായിരുന്നു.

എന്നാലും ആശങ്കയായിരുന്നു മനസിൽ. ജോലി രാജിവച്ചതിന്റെ പ്രഷർ. വീട്ടുകാരുടെ പ്രഷർ. അമ്മ ബാങ്ക് ടെസ്റ്റിനു നിർബന്ധിച്ചു കൊണ്ടിരുന്നു. അതെന്തായാലും കിട്ടും. അതായിരുന്നു അമ്മയുടെ നിലപാട്. ഒടുവിൽ ഒരു ബാങ്ക് ടെസ്റ്റിനും എഴുതി. പക്ഷേ അതു കിട്ടിയില്ല. അതോടെ അതായി ടെൻഷൻ.ബാങ്ക് ടെസ്റ്റ് പോലും ക്ലിയർ ചെയ്യാൻ കഴിയാത്ത ആളാണ് സിവിൽ സർവീസിന് ഒരുങ്ങുന്നത്. നല്ല മനഃപ്രയാസമായി. പ്രിലിംസിനു മുമ്പു തന്നെ പരാജയം മണത്ത ഫീൽ.

സിവിൽ സർവീസിന്റെ സ്ഥിതിവിവരക്കണക്കുകൾ ഏതാണ്ട് ഇങ്ങനെയാണ്.ആറു ലക്ഷത്തോളം അപേക്ഷകർ. അതിൽ നിന്ന് പ്രിലിംസിനു ശേഷം 15000 ഓളം പേർ മാത്രമേ മെയിൻസിലേക്ക് കടക്കുകയുള്ളൂ. അതിൽ നിന്ന് 3000 ഓളം പേരെ ഇന്റർവ്യൂവിന് വിളിക്കും. അവരിൽ നിന്ന് 1000 പേരെ എടുക്കും. ഫോറസ്റ്റ് സർവീസിനാണെങ്കിൽ 1500 ഓളം പേരെ മെയിൻസിനു വിളിക്കും.പിന്നെ 300 ഓളം പേരെ ഇന്റർവ്യൂവിന്. അതിൽ നിന്ന് ഒഴിവനുസരിച്ച് നൂറോളം പേർക്ക് നിയമനം. ഒഴിവുകൾ കുറവായതു കൊണ്ട് ഫോറസ്റ്റ് സർവീസിനു പ്രിലിമിനറിയുടെ കട്ട് ഓഫ് കൂടുതലാണ്.

പരിചയക്കാരായി സിവിൽ സർവീസുകാരില്ല. ഒപ്പമുള്ള കൂട്ടുകാരികളാരും ഇങ്ങനെയാരു സാഹസത്തിനു മുതിർന്നിട്ടില്ല. പഠിക്കണമെന്ന് പറയാനല്ലാതെ അതിന്റെ വിശദാംശങ്ങളോ നിർദേശങ്ങളോ നൽകാൻ അച്ഛനമ്മമാർക്കുമാവില്ല. അവരും ഇക്കാര്യത്തിൽ പരിചയമുള്ളവരല്ല. മറ്റു ചില കുട്ടികൾ എട്ടാം ക്ലാസ് മുതൽ ഫൗണ്ടേഷൻ കോഴ്സുകൾ ചെയ്തവർ.വീട്ടിൽ സിവിൽ സർവീസുകാർ ഉള്ളവർ.

പഠനമുറിയിൽ എ.സി ഫിറ്റ് ചെയ്ത് തന്നും യാത്രാസമയം ലാഭിക്കാൻ കോച്ചിംഗ് ക്ലാസിലേക്കും തിരിച്ചും കൊണ്ടാക്കിയും അച്ഛൻ സപ്പോർട്ട് ചെയ്തെങ്കിലും അതെല്ലാം പ്രഷറും ടെൻഷനും കൂട്ടി. അപ്പോഴെല്ലാം സഹായിച്ചതും മെന്ററായി പ്രവർത്തിച്ചതും പിൽക്കാലത്ത് ജീവിത പങ്കാളിയായ പ്രീജിത് ആണ്.നിനക്കിത് പറ്റും. നെഗറ്റീവ് ഫാക്ടേഴ്സ് ചിന്തിച്ച് കൂട്ടുന്നതിനു പകരം അവനവന്റെ പോസിറ്റീവ് വശങ്ങൾ ചിന്തിക്കുക. കോൺഫിഡൻസ് വർദ്ധിപ്പിക്കുക. സർവോപരി ഇത് വെറുമൊരു പരീക്ഷ മാത്രമാണെന്ന് മനസിലുറപ്പിക്കുക. അതനുസരിച്ച് അതിനെ തോല്പിക്കാനുള്ള തന്ത്രങ്ങളുണ്ടാക്കുക.

അതിന്റെ ഭാഗമായി മുൻ വർഷങ്ങളിലെ ചോദ്യങ്ങൾ നോക്കാൻ തുടങ്ങി. ഓരോ വിശദാംശങ്ങളും ശ്രദ്ധിക്കാൻ തുടങ്ങി. നല്ല ഫ്ളുവന്റ് ആയി എഴുതാൻ പറ്റുന്ന പേനയ്ക്കു പോലും പ്രാധാന്യമുണ്ടെന്ന് അപ്പോഴാണ് തിരിച്ചറിയുന്നത്. കമ്പൈൻഡ് സ്റ്റഡിയൊന്നും ശരിയാവാത്തതിനാൽ ഒറ്റക്കിരുന്ന് പഠിക്കുകയായിരുന്നു അപ്പോൾ.

ആയിടക്കാണ് സി.ഇ.ടിയിൽ ബാച്ച് മേറ്റായിരുന്ന ജീവ മറിയ ജോസ് (ഇപ്പോൾ സ്പെയിനിലെ ഇന്ത്യൻ എമ്പസിയിൽ ജോലി) അവളുടെ ഒരു കൂട്ടുകാരിയായ ലക്ഷ്മിയെ പരിചയപ്പെടുത്തിയത്. ആ കുട്ടിയും സിവിൽ സർവീസിനു നോക്കുന്നുണ്ടത്രെ. അങ്ങനെ അവളുമായി കമ്പൈൻഡ് സ്റ്റഡി. ആയിടക്കാണ് അടുത്ത വർഷത്തെ നോട്ടിഫിക്കേഷൻ വരുന്നത്.അല്പം കൂടി സീരിയസ് ആയി. ഫോർച്യൂൺ എന്ന സ്ഥാപനത്തിൽ മോക്ക് ടെസ്റ്റ് എഴുതി. മോക്ക് ടെസ്റ്റിൽ ഒരു തവണ ഫസ്റ്റായത് വലിയ ആത്മവിശ്വാസമുണ്ടാക്കി..

2016 ആഗസ്റ്റ് ഏഴിനായിരുന്നു പ്രിലിംസ്.രാവിലെ പാട്ടൊക്കെ പാടിയാണ് പരീക്ഷക്ക് പോയത്. ജി.കെയിൽ 93 ചോദ്യം

അറ്റംപ്റ്റ് ചെയ്തു. ആൻസർ കീ വന്നു. 148 മാർക്ക് കിട്ടുമെന്നുറപ്പായി. സിവിൽ സർവീസിനു 115നടുത്തും ഫോറസ്റ്റിന് 135 നടുത്തും ആയിരിക്കാം കട്ട് ഓഫ് എന്നു അഭ്യൂഹങ്ങൾ ഉണ്ടായിരുന്നു.രണ്ടും ക്ളിയർ ചെയ്യുമെന്ന് ഉറപ്പായതിനാൽ ഫോറസ്റ്റ് സർവീസിനെ സീരിയസ് ആയി എടുക്കാൻ തുടങ്ങി.

മൂന്നാഴ്ചക്കകം പ്രിലിമിനറിയുടെ റിസൽട്ട് വന്നു. രണ്ടിന്റെയും കട്ട് ഓഫ് കടന്നിരുന്നു! രണ്ടിനും വെവ്വേറെ ഐച്ഛികങ്ങൾ ആയതിനാൽ രണ്ടും കൂടി പഠിക്കുന്നത് ശരിയാവില്ലെന്ന് തോന്നി. അങ്ങനെ ഫോറസ്റ്റ് സർവീസിൽ ഫോക്കസ് ചെയ്തു. അതിന്റെ കാര്യങ്ങൾ മനസിലാക്കി.

ആദ്യം നടക്കുക ഐ.എഫ്.എസ് പരീക്ഷയാണ്. നവംബറിൽ.അതു കഴിഞ്ഞ് ഡിസംബറിൽ മറ്റുള്ളവയുടേത്. മെയിൻസിന് പ്രിലിംസ് പോലെ ഉത്തരപ്പേപ്പറിലെ ബബിളുകൾ കറുപ്പിച്ചാൽ പോരാ. കൃത്യമായി എഴുതുക തന്നെ വേണം. ഉത്തരങ്ങൾക്ക് വ്യക്തത വേണം.

ഫോറസ്റ്റ് സർവീസിനു അക്കാലത്ത് തിരുവനന്തപുരത്ത് പരിശീലന കേന്ദ്രങ്ങളില്ല. നേരത്തെ പാസായ ചിലരെ ബന്ധപ്പെട്ടു.നെറ്റിൽ സെർച്ച് ചെയ്തു.പുസ്തകങ്ങൾ വരുത്തി. പുസ്തകങ്ങളും ഇന്റർനെറ്റും സിലബസുമായിരുന്നു പഠനത്തിനാധാരം.

എന്നാൽ കുഴക്കിയത് ജിയോളജിയാണ്.ജിയോളജിയും ഫോറസ്ട്രിയും ആദ്യം മുതൽ പഠിക്കണം.മൂന്നു വർഷം കൊണ്ട് ഒരു ഡിഗ്രിക്ക് പഠിക്കുന്ന സിലബസ് മൂന്നു മാസം കൊണ്ട് പഠിച്ചെടുക്കണം. വിദേശ സർവകലാശാലകളുടെ വെബ്സൈറ്റുകൾ, യുട്യൂബ് ട്യൂട്ടോറിയലുകൾ. അങ്ങനെയായിരുന്നു പഠനം. ഒരു ഉത്തരത്തിൽപ്പോലും പൊട്ടത്തരങ്ങൾ വിളമ്പാൻ പാടില്ല. അതോടെ തീരും എല്ലാം. ഡിഗ്രിക്കു പോലും ഇത്ര നിഷ്കർഷ വേണ്ട.

കോച്ചിംഗ് സെന്ററില്ലാത്ത പോലെത്തന്നെ കേരളത്തിൽ ഐ.എഫ്എസിന് പരീക്ഷാസെന്ററുമില്ല. ചെന്നൈ ആയിരുന്നു സെന്റർ.ഇംഗ്ളീഷായിരുന്നുആദ്യ പരീക്ഷ. എഴുതാൻ കോൺഫിഡൻസ് ഉണ്ടായിരുന്നെങ്കിലും സമയപരിധിയിൽ എഴുതിത്തീർക്കാനായില്ല. നൂറ് മാർക്കിന്റെ എസ്സേ വെറും പതിനഞ്ച് മിനുട്ട് കൊണ്ടാണ് എഴുതിത്തീർത്തത്. പരീക്ഷ കഴിഞ്ഞിറങ്ങിയപ്പോൾ വലിയ നിരാശ തോന്നി. ഐ.എഫ്.എസ് പരീക്ഷണം നിർത്തിയാലോ എന്നു പോലും തോന്നി. എന്നാൽ ഉച്ചക്കുശേഷമുള്ള ജി.കെ നന്നായി എഴുതി സമയത്തിനുള്ളിൽ നിന്നുകൊണ്ട് തന്നെ. ഒരാഴ്ച കഴിഞ്ഞാണ് ഐച്ഛികം. പിറ്റേ ആഴ്ച വീണ്ടും അച്ഛനമ്മമാർക്കൊപ്പം ഫ്ളൈറ്റിന് ചെന്നൈയിലേക്ക്.

ഫോറസ്ട്രി എളുപ്പമായി.എന്നാൽ ജിയോളജിയിൽ ഒരു പേപ്പർ കുഴക്കി.അത് അല്പം വിഷമമായി മനസിലവശേഷിച്ചു. അതോടെ ഐ.എഫ്.എസ് മെയിൻ പരീക്ഷ കഴിഞ്ഞു. ഡിസംബറിലാണ് സിവിൽ സർവീസ് പരീക്ഷ. പ്രിലിംസ് ക്ളിയർ ചെയ്തിരുന്നതിനാൽ അതും പോയി എഴുതി. അതോടെ ക്ഷീണിച്ച് അവശയായിപ്പോയി.വീട്ടിലെത്തി കുറച്ചു നാൾ നന്നായി ഉറങ്ങി.

ഇനി റിസൾട്ടിനു വേണ്ടിയുള്ള കാത്തിരിപ്പാണ്.

``സിവിൽ സർവീസ് കിട്ടാൻ സാദ്ധ്യതയില്ലെങ്കിലും ഐ.എഫ്.എസ് കിട്ടുമെന്ന് കുറച്ചൊക്കെ പ്രതീക്ഷയുണ്ടായിരുന്നു. ഫെബ്രുവരിയിൽ ഐ.എഫ്എസിന്റെ റിസൾട്ട് വന്നു. മുന്നൂറു പേരുടെ റോൾ നമ്പറുകളിൽ നിന്ന് ഇന്റർവ്യൂവിന് തിരഞ്ഞെടുക്കപ്പെട്ടവരിൽ എന്റെ പേരും!. കരഞ്ഞു പോയി ഞാൻ''

മെയിൻസ് ക്ളിയർ ചെയ്തതോടെ വീണ്ടും വെപ്രാളമായി. ഇനിയാണ് ഇന്റർവ്യൂ. ഇന്റർവ്യൂവിനായി ചിട്ടയായ പ്ളാനുണ്ടാക്കി. സീനിയർമാരെ ബന്ധപ്പെടാൻ ശ്രമിച്ചു.മറ്റുള്ളവരുടെ ഇന്റർവ്യൂ അനുഭവങ്ങൾ, ജോലിയെക്കുറിച്ചുള്ള വിവരങ്ങൾ തുടങ്ങി പലതും സംഘടിപ്പിച്ചു.

ആയിടക്ക് ഒരു ദിവസം ജിമ്മി ജോർജ് അക്കാദമിയിൽ നീന്താൻ പോയി. അവിടെ അടുത്തൊരു ഓഫീസിൽ സഞ്ജയൻ കുമാർ ഐ.എഫ്.എസ് എന്ന ബോർഡു കണ്ടു. ആദ്യമായാണ് അങ്ങനെയൊന്നു കാണുന്നത്. താനും ഐ.എഫ്.എസ് ഇന്റർവ്യൂവിന് പോവേണ്ടതാണ്. അദ്ദേഹത്തെ കണ്ടു ചോദിക്കാം.

അത് ഉപകരിച്ചു.അദ്ദേഹത്തിന്റെ പരിചയങ്ങൾ ഷെയർ ചെയ്തു. പല കാര്യങ്ങളും വിശദമായി പറഞ്ഞു തന്നു.സിവിൽ സർവീസ് അക്കാദമിയിൽ നിന്ന് ലഭിച്ച കോൺടാക്ട് വച്ച് വിരമിച്ചവരും അല്ലാത്തവരുമായ പല ഉദ്യോഗസ്ഥരെയും കണ്ട് സംസാരിച്ചു. അന്നത്തെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കോൺടാക്ട് കിട്ടി. ചില മോക്ക് ഇന്റർവ്യൂകൾ തരപ്പെട്ടു.പലതും മനസിലാക്കാനായി.

ഇംഗ്ളീഷിൽ നന്നായി സംസാരിക്കാൻ കഴിയണം.സുഹൃത്തുമായി ഫോണിൽ ഇംഗ്ളീഷിൽ സംസാരിക്കാൻ തുടങ്ങി. ഇന്റർവ്യൂവിന് നല്ല കമ്മ്യൂണിക്കേഷൻ സ്കിൽ വേണം.പലരും വീഴുന്നത് അതിലാണ്.

പിന്നെ ഇന്റർവ്യൂവിനു വേണ്ടിയുള്ള തയ്യാറെടുപ്പായിരുന്നു.ശരീരഭാഷ,എക്സ്പ്രഷൻ തുടങ്ങി ഡ്രസ്, ഹെയർസ്റ്റൈൽ വരെയുള്ള ഓരോന്നും പ്രധാനമാണ്. അതിന്റെ ക്ലൈമാക്സ് രംഗമാണ് ആദ്യം കണ്ട ഇന്റർവ്യൂ. ഇപ്പോൾ മഹാരാഷ്ട്ര കേഡറിൽ വർദ്ധയിൽ അസി.ഫോറസ്റ്റ് കൺസർവേറ്റർ.


ആര്യശ്രീ മൊബൈൽ 8281912234

പദ്മനാഭൻ നമ്പൂതിരി മൊബൈൽ 9400992823




*അച്ഛൻ ത്രിവിക്രമൻപോറ്റി, അമ്മ വത്സല, അനിയൻ അഖിൽ എന്നിവരുമൊത്ത്*

**സിവിൽ സർവീസിന് ആര്യശ്രീ നൽകുന്ന ടിപ്സ്**

- റിയാലിറ്റി മനസിലാക്കി പഠിക്കണം
- നെഗറ്റിവിറ്റി പൂർണ്ണമായും ഒഴിവാക്കണം
- ഇതൊരു പരീക്ഷ മാത്രമെന്ന് തിരിച്ചറിയണം
- സിലബസിനു പ്രധാന്യം നൽകി പഠിക്കണം
- കൺസെപ്റ്റുകൾ വ്യക്തമായി മനസിലാക്കണം
- സമയത്തെ വേണ്ട രീതിയിൽ വിനിയോഗിക്കണം
- നല്ലൊരു റുട്ടീൻ പഠനത്തിനായി നടപ്പാക്കണം

ഈ ലക്കത്തിൽ അവതരിപ്പിക്കുന്നു കൊറോണക്കാലത്തെ **50** നമ്പൂതിരിമാർക്കുണ്ടായ വേറിട്ട അനുഭവങ്ങൾ. തുടർന്നുള്ള പേജുകളിൽ

# ആ രണ്ടാമത്തെ ചോദ്യം...

2019 ഡിസംബറിൽ ആണ് ചൈനയിൽ കോവിഡ്-19 വൈറസ് ബാധ മനുഷ്യരിൽ കണ്ടെത്തിയത്. 'കൊറോണ' എന്ന് വിളിപ്പേരുള്ള ഈ അസുഖം വളരെ വേഗം മറ്റു രാജ്യങ്ങളിലേക്ക് പടർന്നു. എന്നാൽ നമുക്ക് അത് സാർസ്, എബോള തുടങ്ങിയ രോഗങ്ങളെപ്പോലെ ഇവിടെ എത്താനിടയില്ലാത്ത ഒന്നുമാത്രമായി തോന്നി.

പക്ഷേ, ജനുവരിയിൽ ചൈനയിൽ നിന്നെത്തിയ തൃശ്ശൂരിലെ മെഡിക്കൽ വിദ്യാർത്ഥിക്ക് രോഗം സ്ഥിരീകരിച്ചതോടെയാണ് കാര്യങ്ങളുടെ ഗൗരവം നമുക്ക് മനസ്സിലായത്. എന്നാൽ ആ വിദ്യാർഥികൾ രോഗമുക്തരായതോടെ നമ്മൾ ആശ്വസിച്ചു. രോഗത്തിന്റെ യഥാർത്ഥ മുഖം നാം കാണാനിരിക്കുന്നതെ ഉണ്ടായിരുന്നുള്ളൂ.

മാർച്ച് 8 നു രോഗം വീണ്ടും പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ സ്ഥിരീകരിച്ചു. അപ്പോൾ പത്രമാധ്യമങ്ങളിലും സാമൂഹിക മാധ്യമങ്ങളിലും നിറഞ്ഞു കേട്ട പേരായിരുന്നു റാന്നി താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. ശംഭു. അതിനു കാരണം കേരളത്തിലെ ആരോഗ്യമന്ത്രി ശൈലജ ടീച്ചർ നിയമസഭയിൽ അദ്ദേഹത്തിന്റെ പേര് പ്രത്യേകം പരാമർശിച്ചതായിരുന്നു. അദ്ദേഹം നമ്മുടെ സമുദായാംഗം ആണെന്നുള്ളത് നമുക്ക് അഭിമാനം തോന്നിയ നിമിഷങ്ങൾ ആയിരുന്നു അത്.

രോഗം അധികം വ്യാപിക്കുന്നതിനു മുൻപ് തിരിച്ചറിയാൻ സഹായിച്ചു എന്നതാണ് ശംഭുവിനെ വ്യത്യസ്തനാക്കുന്നത്. ഒരു പക്ഷെ ജനുവരിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഭേദമായ കേസിനു ശേഷം, 'അടുത്തത് എപ്പോഴായിരിക്കും സംഭവിക്കുക അല്ലെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെടുക' എന്ന ആശങ്കയിൽ ആയിരുന്നു ആരോഗ്യവകുപ്പ്.

'അടുത്ത കൊറോണ പിടിപെട്ട രോഗി ആരായിരിക്കും' എന്നുള്ള ത്വരിതാന്വേഷണത്തിൽ ആയിരുന്നു ആരോഗ്യവകുപ്പ് എന്ന് ഡോ.ശംഭു പറഞ്ഞു.

മനുഷ്യരിൽ നിന്നു മാത്രമേ ഈ രോഗം മറ്റൊരാളിലേക്ക് പകരുകയുള്ളൂ എന്നും, മറ്റു ജീവികളിൽ നിന്ന് മനുഷ്യരിലേക്ക് രോഗം പിടിപെടാനുള്ള സാധ്യത ഇല്ല എന്നുമുള്ള ലോകാരോഗ്യ സംഘടനയുടെയും ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസേർച്ച്ന്റെയും നിർദേശങ്ങളിൽ ഉള്ളതായും ഡോ.ശംഭു വ്യക്തമാക്കി.

ഡോ.ശംഭുവിന്റെ നേതൃത്വത്തിലുള്ള സംഘം ഇതിനോടകം തന്നെ പനി, ചുമ, കഫക്കെട്ട്, ശ്വാസതടസ്സം എന്നീ ലക്ഷണങ്ങളുമായി വരുന്നവരോടെല്ലാം ഈ രണ്ടു ചോദ്യങ്ങൾ ചോദിച്ചിരുന്നു. ആയിരം പേരോടെങ്കിലും ചോദിച്ചിട്ടുണ്ടാകും എന്നു ഡോ.ശംഭു പറയുന്നു. 2020 മാർച്ച് 8 ന് റാന്നി താലൂക്ക് ആശുപത്രിയിൽ മേൽപ്പറഞ്ഞ രോഗലക്ഷണവുമായി എത്തിയ രണ്ടു പേരോട് ഒ.പി യിൽ ഉണ്ടായിരുന്ന ഡോക്ടർ ചോദിച്ചു,

'വിദേശത്തു പോയിരുന്നോ...?'

രോഗിയുടെ മറുപടി 'ഇല്ല' എന്നായിരുന്നു.പക്ഷെ ഡോക്ടറിൽ ഉളവാക്കിയ



**ഡോ.ശംഭു ചോദിച്ച ആ രണ്ടാമത്തെ ചോദ്യത്തിന്റെ ഉത്തരമാണ് കൊറോണ ബാധിതരായി ഇറ്റലിയിൽ നിന്ന് ഒരു കുടുംബം വന്നിട്ടുണ്ട് എന്ന തിരിച്ചറിവിലേക്ക് കേരളത്തെ എത്തിച്ചത്. മന്ത്രി ശൈലജ ടീച്ചർ നിയമസഭയിൽ ഡോ.ശംഭുവിന്റെ നേതൃത്വത്തെ എടുത്തു പറയുകയും ചെയ്തു. കേരളത്തിലെ ആദ്യ കൊറോണ കേസ് കണ്ടെത്തിയ ഡോ.ശംഭുവിനെക്കുറിച്ച് ബന്ധു കൂടിയായ**

**അനു നാറാണിയാട് എഴുതുന്നു**

## 1 കൊറോണയുടെ ഡോക്ടർ

സംശയം ദൂരീകരിക്കാൻ അടുത്ത ചോദ്യം

'ബന്ധുക്കളോ, അയൽക്കാരോ, സുഹൃത്തുക്കളോ ആരെങ്കിലും വിദേശത്തുനിന്ന് വന്നിട്ടുണ്ടോ...? ഉണ്ടെങ്കിൽ, അവരുമായി സമ്പർക്കത്തിൽ ഏർപ്പെട്ടിരുന്നോ?' എന്ന് തിരക്കിയപ്പോൾ രോഗികളിൽ ഒരാളുടെ മറുപടി 'ഉണ്ട്...! ഇറ്റലിയിൽ നിന്ന് വന്ന ഒരു കുടുംബത്തിലെ മൂന്നുപേർ ഈ ഘട്ടത്തിൽ അയൽപക്കത്തെ വീട്ടിൽ ഉണ്ടായിരുന്നു. അവർ തങ്ങളുടെ വീട്ടിലും വന്നിരുന്നു.

ഈ ഉത്തരമാണ് കൊറോണ അസുഖ ബാധിതരായി ഇറ്റലിയിൽ നിന്ന് ഒരു കുടുംബം വന്നിട്ടുണ്ട് എന്ന തിരിച്ചറിവിലേക്ക് കേരളത്തെ എത്തിച്ചത്.മന്ത്രി ശൈലജ ടീച്ചർ നിയമസഭയിൽ ഡോ. ശംഭുവിന്റെ നേതൃത്വത്തെ എടുത്തു പറഞ്ഞപ്പോൾ ആണ്, രണ്ടാമത്തെ ചോദ്യമാണ് കൊറോണ രോഗത്തിന്റെ സാമൂഹ്യവ്യാപനത്തിന്റ തോത് കേരളത്തിൽ കുറയ്ക്കാൻ ആയത് എന്നു നമ്മൾക്ക് ഇപ്പോൾ മനസ്സിലാകും.

ഒരാളുടെ രോഗം എന്താണെന്ന് കണ്ടെത്താൻ ഡോക്ടർമാർ ഉപയോഗിക്കുന്ന ചില തത്വങ്ങൾ, അത് ഒരു പക്ഷേ ശാരീരിക-മാനസിക ലക്ഷണങ്ങൾ ആകാം, ഭൂപ്രകൃതിയാകാം, കാലാവസ്ഥയാകാം, കുടുംബാന്തരീക്ഷമാകാം, രോഗിയുമായി ഇടപഴകിയവരെപ്പറ്റിയുമാകാം. ഇത്തരം സൂക്ഷ്മ നിരീക്ഷണങ്ങൾ, നയപരമായ സമീപനം, രോഗം തിരിച്ചറിയാനുള്ള വൈദഗ്ദ്ധ്യം എന്നിവ ഡോക്ടർമാരിൽ ഉണ്ടെങ്കിലേ രോഗവും അതിന്റെ വ്യാപനവും




# ലോക് ഡൗണിലെ കുമ്പളങ്ങ

കാസർകോട്ടെ കർഷകർ ദൈവദൂതനെപ്പോലെ കരുതുന്ന ശ്രീ പഡ്രെയ്ക്ക് നന്ദി, യുവജനങ്ങൾക്ക് നന്ദി, സോഷ്യൽ മീഡിയക്ക് നന്ദി, കൃഷി മന്ത്രിക്ക് നന്ദി, സർക്കാരിന് നന്ദി, ഉദ്യോഗസ്ഥർക്ക് നന്ദി... അപ്രതീക്ഷിതമായി ഉണ്ടായ പ്രതിസന്ധിയിൽപ്പെട്ട് പകച്ചു നിന്നപ്പോൾ തുണയായ എല്ലാവർക്കും നന്ദി...

കാസർകോട് ബദിയടുക്ക പഞ്ചായത്തിലെ ബൈക്കുഞ്ച ശങ്കരനാരായണ ഭട്ട് ഒരു കർഷകനാണ്. കവുങ്ങ്, തെങ്ങ് തുടങ്ങിയ പരമ്പരാഗത ഇനങ്ങൾക്കൊപ്പം കുമ്പളങ്ങ കൃഷിയുമുണ്ട്. ഒരേക്കറിലാണ് കുമ്പളങ്ങ കൃഷി ഇറക്കിയത്. പതിവിന് വിപരീതമായി ഇത്തവണ നല്ല വിളവും കിട്ടി. പതിവ് കച്ചവടക്കാരുമായി കരാറുറപ്പിച്ച ശേഷമാണ് കൃഷി തുടങ്ങിയത്. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ ലോക്ഡൗൺ കാര്യങ്ങൾ തകിടം മറിച്ചു.



"ആകെ ടെൻഷൻ ആയിപ്പോയി. എന്തു ചെയ്യണം എന്ന് ഒരു പിടിയും കിട്ടിയില്ല. കാസർകോട്ടെ കർഷക മാഗസിനായ അടക്കെ പത്രികയുടെ സ്ഥാപകനും പത്രപ്രവർത്തകനുമായ ശ്രീപഡ്രെ എന്റെ ബന്ധുവാണ്. എന്റെ വിഷമം അദ്ദേഹത്തോട് പറഞ്ഞു. '

14000 കിലോ കുമ്പളങ്ങ എന്തു ചെയ്യുമെന്നറിയാതെ പതറിപ്പോയ ശങ്കരഭട്ടിന് തുണയായത് ശ്രീ പഡ്രെയുടെ എഫ്. ബി പോസ്റ്റാണ്. ഒപ്പം ശ്രീ പഡ്രെ കൃഷിമന്ത്രി വി എസ് സുനിൽകുമാറിനെ നേരിട്ട് വിവരം ധരിപ്പിക്കുകയും ചെയ്തു. വാർത്ത കാസർകോട്ടെ യുവജനങ്ങൾ ഏറ്റെടുത്തതോടെ കാര്യങ്ങൾ വേഗത്തിലായി. ,കിലോയ്ക്ക് 17 രൂപ നിരക്കിൽ പാകമായ 5000 കുമ്പളങ്ങൾ ശേഖരിക്കാൻ ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകി. കൃഷിവകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് വീട്ടിലെത്തി തുടർ നടപടികളെടുത്തു.

'സാധാരണ ഗതിയിൽ കുമ്പളങ്ങ കുറേ നാൾ സൂക്ഷിച്ച് വയ്ക്കാം. പക്ഷേ ഇപ്പോൾ ചൂട് കൂടുതലായതു കൊണ്ട് വേഗത്തിൽ ചീത്തയായിപ്പോകും. ഇത്രയുമെണ്ണം സംഭരിച്ച് വയ്ക്കാനുള്ള സൗകര്യവും വീട്ടിലില്ല.'

പതിവായി നേരിട്ട് വാങ്ങുന്ന കുറേപ്പേരുണ്ട്. അവർക്കുള്ളത് മാറ്റി വച്ചിട്ടുണ്ട്. തക്ക സമയത്ത് എല്ലാവരും കൂടി ഇടപെട്ടതുകൊണ്ട് ഒരു വലിയ നഷ്ടത്തിൽ നിന്ന് രക്ഷപ്പെട്ടുവെന്ന് ശങ്കരനാരായണ ഭട്ട് ആശ്വാസംകൊള്ളുന്നു.

**ബി.ശങ്കരനാരായണ** ഭട്ട ബൈക്കുൻജെ ഹൗസ്.
പള്ളത്തടുക്ക പി.ഒ കാസർകോഡ്671 551 മൊബൈൽ: 9495694921

ആഘാതവും സമൂഹത്തിൽ ഇല്ലാതാക്കാൻ കഴിയൂ.

രണ്ടാമത്തെ ആ ചോദ്യത്തിലൂടെ ഡോ.ശംഭുവിന്റെ നേതൃത്വത്തിൽ റാന്നി താലൂക്ക് ആശുപത്രിയിലെ ആരോഗ്യപ്രവർത്തകരുടെ 'കൊറോണ പോരാട്ടത്തിലെ ജാഗ്രത' എത്രത്തോളം അകമഴിഞ്ഞതാണെന്നു നമുക്ക് വ്യക്തമാകും. കോവിഡ്-19 വൈറസ് ഒരാളുടെ ശരീരത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ 14 ദിവസം വരെ അയാളിൽ രോഗലക്ഷണങ്ങൾ കണ്ടേക്കാം. പരിശോധനാഫലം പോസിറ്റീവ് ആണെന്ന് കണ്ടാൽ 'അയാൾക്ക് എപ്പോൾ, എവിടെ വച്ച് വൈറസ് ബാധയേറ്റു, ആരെല്ലാമായി സമ്പർക്കത്തിൽ ഏർപ്പെട്ടു' എന്നുള്ള കൃത്യമായ വിവരങ്ങൾ അറിഞ്ഞാലെ ഡോക്ടർക്ക് രോഗിയെ ചികിത്സക്ക് വിധേയനാക്കാനും, സമ്പർക്കത്തിലേർപ്പെട്ടവരെ അവരുടെ വീടുകളിലോ പ്രത്യേകം തയ്യാറാക്കിയ സ്ഥലങ്ങളിലോ നിരീക്ഷണത്തിൽ ആക്കാനും സാധിക്കുകയുള്ളു.

അതുകൊണ്ടാണ് ഒരു കൊറോണ രോഗിയെ ചികിത്സിക്കുന്നതോടൊപ്പം അയാളുടെ സഞ്ചാരപഥങ്ങൾ പൊതുസമൂഹത്തിൽ പ്രസിദ്ധീകരിക്കുന്നത്. അല്ലാത്ത പക്ഷം, 'മഹാഭാരതത്തിൽ അർജ്ജുനന്റെ പാശുപതാസ്ത്രം; എടുക്കുമ്പോൾ ഒന്ന്, തൊടുക്കുമ്പോൾ നൂറ്, എയ്യുമ്പോൾ ആയിരം, കൊള്ളുമ്പോൾ പതിനായിരം' എന്ന പോലെ കൊറോണ രോഗവും ജനങ്ങളിൽ സാമൂഹ്യ വ്യാപനമായി മാറുമായിരുന്നു. രോഗിയുടെ സ്രവം രണ്ടു ദിവസം കൂടുമ്പോൾ പരിശോധിച്ച്, ഫലം നെഗറ്റീവ് ആകുന്നതു വരെ ആശുപത്രിയിൽ ഏകദേശം 28 ദിവസം പരിചരണത്തിൽ കഴിയേണ്ടി വന്നേക്കാം എന്ന് ഡോ.ശംഭു പറയുന്നു.

ഡോ.ശംഭു തന്നെയാണ് പേഴ്സണൽ പ്രൊട്ടക്ടീവ് കിറ്റ് ധരിച്ച് ആദ്യം വന്ന രോഗികളുടെ സ്രവസാമ്പിളുകൾ എടുക്കുകയും പരിശോധനക്ക് ആലപ്പുഴ മെഡിക്കൽ കോളേജിലെ വൈറോളജി ലബോറട്ടറിയിലേക്ക് അയക്കുകയും ചെയ്തത്. ഇതിന് ശേഷമാണ് തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിൽ കൊറോണ വൈറസ് പരിശോധനാ സംവിധാനം ആരോഗ്യവകുപ്പ് തുടങ്ങിയതും കൂടുതൽ സജീവമായതും.

ആദ്യം റാന്നി താലൂക്ക് ആശുപത്രിയിൽ വന്ന രണ്ടുപേരെയും രോഗസ്ഥിരീകരണത്തിനു മുൻപ് തന്നെ അദ്ദേഹം ഐസൊലേറ്റ് ചെയ്യുകയും ബന്ധപ്പെട്ട എല്ലാ അധികാരികളെയും അറിയിക്കുകയും ചെയ്തു. അതേ സമയം ഇറ്റലിയിൽ നിന്ന് വന്ന കുടുംബവുമായി ബന്ധപ്പെടുകയും, അവരെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുമുണ്ടായി.ഡോ. ശംഭുവിന്റെ ഈ ത്വരിത നടപടികളോട് കേരളം എന്നും കടപ്പെട്ടിരിക്കുന്നു. അതല്ലായിരുന്നെങ്കിൽ ഒരു പക്ഷെ കേരളത്തിൽ ചൈനക്കോ, ഇറ്റലിക്കോ തുല്യമായ സാഹചര്യം ഉണ്ടായേനെ.

റാന്നി താലൂക്ക് ആശുപത്രിയുടെ കീഴിൽ മാത്രം നാന്നൂറോളം ആളുകളെ ആ സമയത്ത് നിരീക്ഷിക്കുകയും, ചികിത്സിക്കുകയും ചെയ്തിരുന്നു എന്ന് ഡോ.ശംഭു പറഞ്ഞു. അഭിമാനമെന്നു പറയട്ടെ, അതിൽ രോഗം സ്ഥിരീകരിച്ച എല്ലാവരും രോഗവിമുക്തരായി. അക്കൂട്ടത്തിൽ, രോഗ വിമുക്തരായ വൃദ്ധദമ്പതിമാരുടെ കാര്യം എന്നും ആരോഗ്യ കേരളത്തിന് അഭിമാനിക്കാവുന്നതാണ്.

രണ്ടാഴ്ചയോളം ഡോ.ശംഭു ഈ സമയത്ത് മുഴുവൻ സമയവും തന്റെ നേതൃത്വത്തിലുള്ള ആരോഗ്യപ്രവർത്തകരുടെ കൂടെ കൊറോണ രോഗത്തിനൊടുള്ള ചെറുത്തുനിൽപ്പ് ഏകോപിപ്പിക്കാൻ റാന്നിയിൽ തന്നെ ചെലവഴിച്ചു.

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ മാമ്പറ്റ ഇല്ലത്തെ റിട്ടയേഡ് അധ്യാപകരായ മുരളീധരൻ നമ്പൂതിരിയുടെയും ശ്രീകുമാരി അന്തർജനത്തിന്റെയും മൂത്തമകനാണ് ഡോ.ശംഭു. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ് ബിരുദവും, കോയമ്പത്തൂർ മെഡിക്കൽ കോളേജിൽ നിന്ന് ജനറൽ മെഡിസിനിൽ ബിരുദാനന്തര ബിരുദവും നേടി. ഭാര്യ ഡോ.ലയ ആലപ്പുഴ മെഡിക്കൽ കോളേജിൽ ശിശുരോഗ വിഭാഗം ബിരുദാനന്തരബിരുദ വിദ്യാർത്ഥിനി ആണ്. എൽ.കെ.ജി വിദ്യാർത്ഥി ഗോവിന്ദകൃഷ്ണൻ, അങ്കണവാടിയിൽ പഠിക്കുന്ന മുരളീകൃഷ്ണൻ എന്നിവർ മക്കളാണ്.


**അനു നാറാണിയാട്**
മൊബൈൽ : 9496344127
**ഡോ. ശംഭു മാമ്പറ്റ**
മൊബൈൽ : 9446082731





3

കാർട്ടൂണിസ്റ്റ് സുനിൽ നമ്പു:

പരുത്തിപ്ര സുനിൽ നമ്പൂതിരി പാലക്കാട് പറളി സ്വദേശി.ബാംഗ്ളൂരിൽ ഒരു പ്രൈവറ്റ് കമ്പനി മാനേജർ ആയി ജോലി ചെയ്യുന്നു. ഇന്ത്യൻ എക്സ്പ്രസ്സ് ഓൺലൈനിലും മാതൃഭൂമി ഓൺലൈനിലും കാർട്ടൂണുകളും ഗ്രാഫിക് കാർട്ടൂൺ പരമ്പരകളും ചെയ്തു വരുന്നു. സഹധർമ്മിണി നിഷ. മകൾ നന്ദിത. മൊബൈൽ :9739866628

# ഒന്നേകാൽ നൂറ്റാണ്ടു മുമ്പത്തെ ഒരു പ്രായശ്ചിത്തം

**കൊറോണ രോഗിയെ തൊട്ടതിനു പതിനാലു ദിവസം ക്വാറന്റീനിൽ പോയി പരിഹാരക്രിയ ചെയ്യുന്ന ഇക്കാലത്ത് ഓർമ്മിക്കാൻ ഒന്നേകാൽ നൂറ്റാണ്ടു പഴക്കമുള്ള മറ്റൊരു അനുഭവം. ഗ്രഹണ ശുദ്ധായിട്ടുള്ള കോണകം തൊട്ട് കുളിക്കാതെ വെള്ളം കുടിച്ചതിന് വൈദികനായ വെള്ളക്കാട്ട് പട്ടേരി കല്പിച്ച ക്വാറന്റീൻ**




നൂറ്റി ഇരുപത്താറ് വർഷംമുമ്പ് 13-5-1894 നു വെള്ളക്കാട്ട് നീലകണ്ഠൻ ഭട്ടതിരിയുടെ എഴുത്തുമായി പാലാട് നമ്പൂതിരി കരിക്കാട്ടെത്തി. പാലശ്ശേരി ശങ്കരൻ നമ്പൂതിരിക്ക് ഒരു എഴുത്തു കൊടുക്കാൻ.

എഴുത്തിലെ വിവരം ഇതായിരുന്നു. 'പാലശ്ശേരി ഉടനെ തന്നെ ഇവിടം വരെ വരേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഇനി പ്രായശ്ചിത്തം ചെയ്തതിനു ശേഷമേ പാലശ്ശേരി ക്രിയക്ക് കൂടാവൂ. ഉടനെ വന്നു കാണണമെന്ന വസ്ഥ. ' .

ഞങ്ങളുടെ മുത്തച്ഛന്റെ ജ്യേഷ്ഠനാണ് ശങ്കരൻ നമ്പൂതിരി. ഞങ്ങളുടെ വലിയ മുത്തച്ഛൻ. വലിയ മുത്തച്ഛൻ ഉടനെ തന്റെ കാളവണ്ടിയുടെ ഡ്രൈവർ മൊയ്തീനെ വരുത്തി രാത്രി യാത്രക്കു ഒരുങ്ങാൻ പറഞ്ഞു.

അക്കാലത്ത് പലരുടേയും യാത്ര രാത്രിയിലാണ്. കോഴിക്കോട് കോടതി ആവശ്യത്തിനു മഞ്ചേരിയിൽ നിന്നും പോകുന്നവർ രാത്രി പുറപ്പെട്ട് പ്രഭാതത്തിൽ ഫറോക്കിലെത്തി പൂതേരി മഠത്തിലെ ഊട്ടിൽ നിന്നും കുളിയും പ്രാതലും കഴിഞ്ഞ് കോഴിക്കോട്ടേക്ക് തീവണ്ടിയിലാണ് പോയിരുന്നത്.

മനുഷ്യനും, കാളകൾക്കും യാത്രാക്ഷീണം കുറയ്ക്കാനായിരിക്കാം യാത്ര രാത്രിയിലാക്കുന്നത്. മുത്തച്ഛൻ അത്താഴം കഴിഞ്ഞ് തന്റെ കുട്ടിപട്ടരായ പൈത്താനേയും കൂട്ടി പൂത്രകോവിലിലെ (വാണിയമ്പലം)പട്ടേരി ഇല്ലത്തേക്ക് പുറപ്പെട്ടു. പട്ടേരി ഇല്ലത്തെത്തി. ബ്രാഹ്മമുഹൂർത്തത്തിൽ പട്ടേരി ഉണർന്നു പുറത്തേക്കിറങ്ങുന്നതും നോക്കി മുത്തച്ഛൻ പൂമുഖപടിയിലിരുന്നു.

പട്ടേരിക്ക് കുളത്തിലേക്ക് , അകമ്പടിയായി വിളക്കു പിടിച്ച് മുമ്പിൽ നടക്കാൻ ചക്കുണ്ണിയും പൂമുഖ മുറ്റത്ത്




*പാലശ്ശേരി ശങ്കരൻ നമ്പൂതിരി*

കാത്തു നിൽക്കുന്നുണ്ട്.അല്പസമയം കഴിഞ്ഞപ്പോൾ പൂമുഖവാതിൽ തുറന്ന് പട്ടേരി പുറത്തുവന്നു .

പ്രാഥമിക സംഭാഷണശേഷം പട്ടേരി പറഞ്ഞു.

'പാലശ്ശേരിയുടെ പേരിൽ ചില ആക്ഷേപങ്ങളുണ്ട്. പ്രായശ്ചിത്ത നിമിത്തം കാണുന്നുണ്ട്. കൂടുതൽ പിന്നെ പറയാം ; ഇന്ന് എണീക്കാൻ കുറച്ച് അമാന്തായി, പ്പൊ കുളിക്കാൻ പോവാം. ചക്കുണ്യേ വിളക്കിലെ തിരി നല്ലോണം നീട്ടി നടന്നോ .'

കുത്തുവിളക്കിലെ തിരി നന്നായി തെളിയിച്ച് ചക്കുണ്ണി മുൻപിലും ,പട്ടേരിക്കു പിന്നിൽ മുത്തച്ഛനുമായി കുളത്തിലേക്കു നടന്നു.മുത്തച്ഛന്റെ ചിന്ത പട്ടേരി പറഞ്ഞ ആക്ഷേപത്തിലായി.

എന്റെ പേരിൽ ആർക്കാണാവോ ആക്ഷേപം. വൈദികനോട് ആക്ഷേപം പറയേണ്ട തരത്തിൽ ഗൗരവമുള്ള കുറ്റങ്ങളെന്താണ് ഞാൻ ചെയ്തത്.

ഓ. ഒന്നുണ്ടായിട്ടുണ്ട്. ഇനി അതാണാവോ ഞാൻ ചെയ്ത കുറ്റം. ഇയ്യിടെയായി ഇടയ്ക്ക് ചായ ഉണ്ടാക്കി കുടിക്കാൻ തുടങ്ങിട്ടുണ്ട്. അതും നിത്യം കുടിക്കാറില്ല. വല്ലപ്പോഴും നിലമ്പൂർ നാലാമനോ (കോവിലകത്തെ തമ്പുരാൻ), മഞ്ചേരി നിന്ന് വക്കീലന്മാരോ, സബ്ബ് റജിസ്താറോ അങ്ങനെ വിശിഷ്ട വ്യക്തികളാരെങ്കിലും വരുമ്പോ പൈത്താനോട് ചായ ഉണ്ടാക്കാൻ പറയും. അങ്ങനെ ഇല്ലത്ത് വെച്ച് ചായ ഉണ്ടാക്കി എന്നത് വൈദിക

# വേറൊരു ക്വാറന്റീൻ




ഇത് ഒരു ക്വാറൻടെയ്ൻ കാലം.എ നിക്കൊരു ആറു വയസ്സുള്ള പ്പോൾ അനുഭവിച്ചൊരു ക്വാറൻടെയ് നും സൂക്ഷ്മനിരീക്ഷണവും ഓർത്തു പോകുന്നു.കുട്ടികളുമൊത്തുള്ള കളി ബഹളങ്ങൾക്കിടയിൽ ഞാനൊരു നാ യയെ കല്ലെടുത്തെറിഞ്ഞു.

പെട്ടെന്നുതന്നെ അത് ഓടിവന്ന് കടിച്ചു. നായവരുന്നത് കണ്ട് ഒതുക്ക് ഓടികയറുന്നതിനിടയിൽ ചന്തിക്കാണ് കടി കൊണ്ടത്.സാമാന്യം നന്നായി മുറിവു പറ്റി.

ഉച്ച നേരമല്ലേ, നന്നായി ചോരയും വന്നു. പരിഭ്രമിച്ച് കരയാനും തുടങ്ങി. മുറ്റത്ത് മറ്റാളുകളുമുണ്ടായിരുന്നു. അവർ പെട്ടെന്നുതന്നെ അടുത്തുള്ള അയ്യപ്പൻ വൈദ്യരെ കാണിച്ചു. അദ്ദേ ഹത്തിൻറ മരുന്നും,ഊത്ത് ചികിത്സ യും കൊണ്ട് ഒരാഴ്ചകൊണ്ട് മുറിവ് ഉണങ്ങി.

എന്നാൽ നായക്ക് വിഷമുണ്ടോ എന്ന് സംശയം ബാക്കിയായി.അതിനാൽ ഈ ചികിത്സ മാത്രം പോരാ എന്നു തീരുമാന വുമായി.അണ്ടലാടിയിൽ കൊണ്ടുപോയി കാണിക്കണം എന്ന് നിശ്ചയിച്ചു.

അങ്ങിനെ, ഇല്ലത്തെ സഹചാരിയായ വേലു എന്നെ കൂട്ടി പട്ടാമ്പിയിലെ അണ്ട ലാടി മനയിലേക്ക് പുറപ്പെട്ടു.ഒരു വൈകു ന്നേരം അണ്ടലാടി എത്തി.രാത്രി അവിടെ താമസിച്ച് പിറ്റേന്ന് ഇല്ലത്തെത്തി.

പിന്നെയാണ് ഒരാഴ്ച്ച ക്വാറൻെയ്നും സൂക്ഷ്മനിരീക്ഷണത്തിലും കഴിഞ്ഞത്. മുകളിലെ മുറിയിൽ എന്നെ ഇട്ട് പൂട്ടി എന്നു പറഞ്ഞാൽ അതിശയോ ക്തിയാവില്ല. അതായിരുന്നു അവസ്ഥ. ജനലുകൾ അടച്ച് പൂട്ടി സൂര്യരശ്മി കടക്കാതെ ഒരാഴ്ച്ച ആ മുറിയിൽ കഴിച്ചു കൂട്ടിയതോർക്കുമ്പോൾ ഇന്ന് അത്ഭുതം തോന്നുന്നു.അമ്മയുടെ നി ശ്ച്ചയദാർഢ്യവും

സൂക്ഷ്മമായ നിഷ്കർഷയും കൊണ്ടാ ണത് കഴിഞ്ഞത്. മരുന്നുകഞ്ഞി മാത്ര മാണ് ഭക്ഷണം.

അതും രണ്ടുനേരം. മല വിസർജ്ജന ത്തിന് ഓവറയിൽ പാള കുത്തിയത് വ യ്ക്കും. കുടിക്കാൻ മരുന്നിട്ട് തിളപ്പിച്ച വെള്ളം ഇങ്ങനെ ഏഴുദിവസം കഴി ഞ്ഞു.ഇത് കഴിഞ്ഞ് എന്നെ തുറന്നുവിട്ട പ്പോൾ സന്തോഷംകൊണ്ട് ഉറക്കെ കര ഞ്ഞു. കൂവി അപശബ്ദം പുറപ്പെടുവിച്ച് കുളത്തിലേക്ക് ഓടി പിന്നാലെ അമ്മ വന്ന് വിസ്തരിച്ച് കുളിപ്പിച്ചു. കുളിക ഴിഞ്ഞ് അമ്പലത്തിലേക്ക്. ഈശ്വരനെ തൊഴുത്.ജീവിതത്തിലേക്ക്.

അങ്ങിനെ വിഷനായ കടിച്ച ക്വാറൻ ടെയ്ൻ അനുഭവവും ഈ കൊവിഡ് 19 കാലത്ത് ഓർത്തുപോയി.


**വടക്കം വാമനൻ നമ്പൂതിരി**
മൊബൈൽ 9995013393


ആക്ഷേപമായി തോന്നിയോ?

അതല്ലെങ്കിൽ നിലമ്പൂർ കോലോ ത്ത് വെച്ച് ഞാൻ കാലൊറയും, കോ ട്ടും, തലപ്പാവും ഇട്ട് എന്റെ ഛായ (ഫോട്ടോ) ഒരാൾ എടുക്കലുണ്ടായി. ഇതിലേതെങ്കിലും ആവാം ആക്ഷേ പത്തിനിടയാക്കിയത്. മുത്തച്ഛൻ കു ളക്കടവിലെത്തുന്നതുവരെ ഇങ്ങനെ എല്ലാം ചിന്തിച്ചിരിക്കാം .

കുളിക്കാനിറങ്ങുന്നതിനു മുമ്പേ പട്ടേ രി പറഞ്ഞു. ' പാലശ്ശേരി ; ഇന്ന് സഹ സ്രാവർത്തി അയ്ക്കോട്ടെ ''

മുത്തച്ഛൻ കുളിച്ച് സഹസ്രാവർത്തി ചെയ്തു.പട്ടേരിയുടേയും മുത്തച്ഛന്റേ യും തേവാരവും ക്ഷേത്രദർശനവും നമസ്കാരവും കഴിഞ്ഞു. പട്ടേരിയോ ടൊപ്പം പ്രാതലും കഴിച്ചു. രണ്ടു പേ രും ചെല്ലത്തിൽ നിന്ന് മുറുക്കാൻ വട്ട ങ്ങൾ എടുത്ത് മുറുക്കി പൂമുഖത്തിരി ക്കുകയാണ്.

പട്ടേരി പറഞ്ഞു.'ചിലരൊക്കെ വന്ന് പറഞ്ഞപ്പോ പാലശ്ശേരി ഒരു പ്രായശ്ചി ത്തം ചെയ്യണമെന്ന് എനിക്കും തോ ന്നി. മററുള്ളോരുടെ മനസ്സിന് ഈഷ ല്ണ്ടാക്കണ്ടല്ലൊ. ചുരുക്കത്തിലൊരു പ്രായശ്ചിത്തം അത്രേ വേണ്ടു.'

ഏകദേശം സമപ്രായക്കാരാണെങ്കി ലും വൈദികൻ എന്ന ബഹുമതി നൽ കി മുത്തച്ഛൻ പറഞ്ഞു.

'പട്ടേരി പറയ്ണ പ്രായശ്ചിത്തം ഞാൻ ചെയ്തോളാം. '.

പട്ടേരി പ്രായശ്ചിത്ത കർമ്മങ്ങൾ വിശദീകരിച്ചു.

ഇന്നു മുതൽ 12 ദിവസം സഹ സ്രാവർത്തി ചെയ്യണം. ഏകാദശിക്ക് ശുദ്ധ ഉപവാസം അനുഷ്ഠിക്കണം. ദ്വാദശി ദിവസം 12 ആളെ കാല്കഴുകി ച്ചൂട്ടണം.12-ാംമത്തെ ദിവസം ഒരു കൃ ഛ്റം കൂടി ചെയ്താൽ പ്രായശ്ചിത്തം കഴിഞ്ഞു.

കൃഛ്റത്തിന് 8ക 4 ണ യും 2വസ് ത്രവും വൈദികന് ദക്ഷിണ വെച്ച് നമ സ്കരിക്കണം . അക്കാലത്തെ സ്വർണ്ണ വില ഒരു പവന് 5 ക 8 ണ യാണ്. അപ്പൊ ഏകദേശം ഒന്നര പവൻ സ്വർ ണ്ണമാണ് ദക്ഷിണ.മുത്തച്ഛൻ ഭവ്യത യോടു കൂടി പറഞ്ഞു .

' എന്റെ പേരിലുള്ള ആക്ഷേപങ്ങൾ എന്തൊക്കെയാണെന്ന് അറിഞ്ഞാൽ നന്ന് . പട്ടേരി പറഞ്ഞു.

'പാലശ്ശേരി കോഴിക്കോട്ടു പോയ പ്പോ ഗ്രഹണ ശുദ്ധായിട്ടുള്ള കോണ കം തൊട്ട് കുളിക്കാതെ വെള്ളം കുടി ക്ക്ണ്ടായി ; ഇല്ല്യേ?

ചാത്തങ്ങോട്ടുപുറം താൽപ്പിലിക്ക് പോയി കൃഷ്ണനുണ്ണി ( നായർ )യെ തൊട്ട് പഴം കഴിച്ചു.

പുത്രക്കുഴിയിൽ ചോറൂണ് ദിവസം മഞ്ചേരി എളമയുടെ കാര്യസ്ഥനെ തൊട്ട് പൊട്ടിച്ചത്, പിന്നെ ശുദ്ധം മാ റുന്നതിലെ കരുതലില്ലായ്മ പാലശ്ശേ രിക്ക് നല്ലോണം ണ്ട്. ഇതിനോക്കെയാ ണ് പ്രായശ്ചിത്തം ചെയ്യേണ്ടത് .

ഇതിനൊക്കെ പുറമേ മേടം 22 ന് കോഴിക്കോട് വെച്ച് അമരമ്പലം എള മയുടെ മുണ്ട് തൊട്ട് കുളിക്കാതെ പ്രാതൽ കഴിച്ചൂന്നും ചിലര് പറഞ്ഞു.

പാലശ്ശേരി പ്രായശ്ചിത്തം ചെയ്യാ ഞ്ഞാൽ ആക്ഷേപത്തിനിടവരും. ' മുത്തച്ഛൻ തന്റെ പേരിലുള്ള ആക്ഷേ പങ്ങൾ എല്ലാംകേട്ടു .

പ്രായശ്ചിത്തത്തിന്റെ പന്ത്രണ്ടാം ദിവസത്തേക്ക് പട്ടേരിയെ ഇല്ലത്തേ ക്ക് ക്ഷണിച്ച് മുത്തച്ഛൻ രാത്രി കരി ക്കാട്ടേക്ക് പോന്നു.വണ്ടിയിലിരുന്ന് മു ത്തച്ഛൻ വിചാരിച്ചിട്ടുണ്ടാവും.

ഇങ്ങ് നാ ച്ചാൽ ഇനീം ഞാൻ എത്ര പ്രായശ്ചിത്തം ചെയ്യേണ്ടി വരും.


**ഉണ്ണികൃഷ്ണൻ നമ്പൂതിരി.**
പാലശ്ശേരി, കരിക്കാട്.
മൊബൈൽ : 9496702912




# കേശവതീരം ക്വാറന്റീൻ കേന്ദ്രമായി

പ്രാഥമിക സൌകര്യങ്ങളോടെയുള്ള നിരീക്ഷണ കേന്ദ്രങ്ങളൊരുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നെട്ടോട്ടമോടുമ്പോൾ ആധുനിക സൗക ര്യങ്ങളോടെ താമസമൊരുക്കിയ പയ്യന്നൂർ കേശവതീരം ആയുർവേദ ഗ്രാമം മാതൃകയായി.

രണ്ടു കട്ടിലുകളും ബാത്ത് അറ്റാച്ച്ഡ് സൌകര്യവും ഉള്ള മുറികളിൽ ടിവി, ഇൻറർനെറ്റ്, കുടിവെള്ളം, ചൂടുവെ ള്ളം, എന്നിവയും ലഭ്യമാക്കിക്കൊണ്ടാണ് അന്യസംസ്ഥാ നത്തു നിന്നെത്തിയ നാട്ടുകാരായവർക്ക് താമസ സൌക ര്യം ഒരുക്കിയിട്ടുള്ളത്. ഒരു സെറ്റ് ബെഡ്ഷീറ്റ്, പില്ലോ കവർ, രണ്ട് ഗ്ലാസ് , വാട്ടർ ജഗ്, പ്ലേറ്റ് എന്നിവയും പ്രത്യേകം കവർ ചെയ്ത് ലഭ്യമാക്കിയിരിക്കുന്നു.

പ്രതിഫലേച്ഛ കൂടാതെ സ്ഥാപനം വിട്ടുകൊടുക്കാൻ ആയുർവേദ ആശുപത്രി മാനേജിംഗ് ട്രസ്റ്റി വിഷ്ണു നമ്പൂതിരി. മെഡിക്കൽ സൂപ്രണ്ട് ഡോ വി കേശവൻ നമ്പൂതിരി , ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ട് ഡോ തുള സി എന്നിവർ സന്നദ്ധത അറിയിക്കുകയായിരുന്നു.

കിടത്തി ചികിത്സയും മറ്റും തത്കാലം നിർത്തിവെച്ചും പുതുതായി രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് സമയം നീട്ടി നൽകിയുമാണ് നിരീക്ഷണ കേന്ദ്രമാക്കാൻ സൗകര്യമൊ രുക്കിയത് .ക്വാറൻറീൻ സെന്ററാക്കുവാൻ സ്വന്തം നിലയി ലുള്ള ഒരുക്കങ്ങളും നടത്തിയിരുന്നു.

വിശാലമായ കാമ്പസ് .നാലുകെട്ട് മോഡലിലുള്ള ആശുപത്രി. കിടത്തി ചികിത്സക്കായി ഉപയോഗിക്കുന്ന വൃത്തിയുള്ള 30 ഓളം മുറികൾ. കാന്റീൻ ലൈബ്രറി ഓ ഡിറ്റോറിയം തുടങ്ങിയ സൗകര്യങ്ങൾ. എല്ലാം 14 ദിവസം വരെ ക്വാറന്റീനിൽ കഴിയുന്നവർക്കു നൽകി.

ക്വാറന്റീനിൽ കഴിയുന്നവർക്ക് എപ്പോൾ രോഗലക്ഷണ ങ്ങൾ ഉണ്ടാകുമെന്ന് പറയാൻ പറ്റാത്തതിനാൽ രോഗബാ ധിതരെപ്പോലെ തന്നെ ജാഗ്രതയും കരുതലും പാലിക്കണം .പുറമേ നിന്നുള്ള ഭക്ഷണം അനുവദനീയമ ല്ല. വന്ന ഉടനെ സാമൂഹിക അകലം പാലിച്ച് പ്രാഥമിക വിവരങ്ങൾ രേഖപ്പെടുത്തി വെക്കുകയും പിന്നീട് കൌൺ സിലിംഗ് നൽകുകയും ചെയ്യണം. ഇവർക്ക് കുടിവെള്ള വും കാപ്പിയും പത്രങ്ങളും നൽകുന്നതും കേശവ തീരം തന്നെ.വീട്ടിൽ എത്താമെന്ന ആഗ്രഹത്തിൽ പുറപ്പെട്ട് നിരീക്ഷണ കേന്ദ്രത്തിൽ എത്തിയ ഇവരെ 24 മണിക്കൂറും നിരീക്ഷിക്കുവാൻ പോലീസ്, പഞ്ചായത്ത്, റവ ന്യൂ ഉദ്യോഗസ്ഥർ, അധ്യാപകർ, ആരോഗ്യ പ്രവർത്തകർ എന്നിവരുടെ ഒരു ടീം തന്നെയുണ്ട്. അഭിനന്ദിക്കാം മാ നേജിംഗ് ട്രസ്റ്റി വെദിരമന വിഷ്ണു നമ്പൂതിരിയെ.

കേശവ തീരം ആയുർവേദ ആശുപത്രി പുറച്ചേ രി. ഏഴിലോട്. പി.ഒ, പയ്യന്നൂർ, കണ്ണൂർ ജില്ല, 670309 ,0497-2800298

**വെദിരമന വിഷ്ണു നമ്പൂതിരി**
മൊബൈൽ 9495014766




ഞങ്ങൾ മുപ്പത് വർഷമായി അരുണാചലിലാ ണ്.ഏറ്റുമാനൂർ മങ്ങാട്ടില്ലത്തെയാണ്. അരുണാ ചലിൽ അത്രക്ക് കൊറോണയില്ല.വരാതിരിക്കാനുള്ള ശ്രമങ്ങൾ നന്നായി നടക്കുന്നുമുണ്ട്. ലോക്ക് ഡൗൺ കാരണം എല്ലാം സ്തംഭനത്തിൽ. പച്ചക്കറികൾ കിട്ടാനാ ണ് ബുദ്ധിമുട്ടിയത്. പത്രങ്ങൾ വരുന്നില്ല. എന്നാൽ മറ്റ് പ്രയാസങ്ങളില്ല. സൂര്യചന്ദ്രന്മാരെ ആരാധിക്കുന്ന ഗോ ത്രവർഗക്കാരാണ് ഇവിടത്തുകാർ. അവരിലെ ദ്വാന്തായിമാ രാണ് (പൂജാരിമാർ ) പൂജകൾക്ക് നേതൃത്വം നൽകുന്നത്. പരമ്പരാഗത രീതിയിലുള്ള അവരുടെ ആരാധന എല്ലാ രോഗങ്ങളെയും അകറ്റുമെന്നാണ് അവരുടെ വിശ്വാസം. ഗവ. തലത്തിൽ ഇതിനൊപ്പം ബോധവത്കരണവും നടക്കുന്നുണ്ട്.അരുണാചൽ സെക്രട്ടേറിയറ്റിൽ സീനിയർ പേഴ്സണൽ അസിസ്റ്റന്റ് ആയാണ് ജോലി ചെയ്യുന്നത്.

**പ്രേമലത** ,കോട്ടയം തലപ്പിള്ളി മങ്ങാട്ട് ഇല്ലത്ത് ശങ്കരൻ നമ്പൂതിരിയുടെ പത്നിയാണ്.

മൊബൈൽ. 9862102705

# ബോംബിനെ പേടിക്കാത്ത നഗരത്തിൽ നിന്ന്

**ബോംബ് സ്ഫോടനം ഉണ്ടായാൽ ആ ഭാഗം ഒഴിവാക്കി തൊട്ടപ്പുറത്തു കൂടി കൂളായി നടന്ന് തിരക്കിലേക്ക് അലിഞ്ഞു തീരുന്നതായിരുന്നു മുംബൈ നഗരം. വെള്ളപ്പൊക്കമുണ്ടായാൽ അതിൽ ചാടിക്കളിച്ചും കാൽ കുത്താൻ പറ്റുന്നിടത്ത് വടാ പാവും ചായയും വിറ്റും വരെ ബിസി ആയിരുന്നു. എന്നാൽ ഇതു വരെ കാണാത്ത വിജനതയുടെ ഒരു പരുക്കൻ മുഖമാണ് ഇപ്പോൾ.**

8

മോദി 5 മിനിറ്റ് കൈ കൊട്ടാൻ പറഞ്ഞപ്പോൾ ഒരു ദിവസം അടങ്ങി ഇരുന്നതിന്റെ ചൊരുക്ക് തീർക്കാൻ റോഡിലിറങ്ങി 15 മിനിട്ട് ബാന്റ് മേളം തന്നെ നടത്തിയ ടീമാണ് മുംബൈക്കാർ.അവരെയൊക്കെ പേടി ആക്രമിച്ചുതുടങ്ങിയിരിക്കുന്നു.അല്ലാത്തവരെ പോലീസിന്റെ ലാത്തിയും.

വൈകുന്നേരങ്ങളിൽ ഒന്നൊന്നര മണിക്കൂറു വേണമായിരുന്നു സ്റ്റേഷൻ ഹെഡ് ക്വാർട്ടറിലേക്ക് .ഇപ്പോ അഞ്ചു പത്ത് മിനിട്ട് മതി. റോഡുകൾ വിജനം.

ഒരു ഒച്ചയും അനക്കവും ഇല്ല .ആകാശത്തു പോലും തിക്കിത്തിരക്കി മിനിട്ടുകൾ വെച്ച് പറന്നു പൊങ്ങിയും ഇറങ്ങിയുമിരുന്ന വിമാനത്തിന്റെ ഗർജ്ജനവും ഇല്ല.... !

രാത്രി 12 മണിക്കും 1 മണിക്കും വരെ തിരക്കിട്ട് പണിയെടുത്തിരുന്ന വെസ്റ്റേൺ എക്സ്പ്രസ് ഹൈവേയിലെ സിഗ്നലുകൾക്ക് പകൽ പോലും പണിയില്ല.

ഞങ്ങളുടെ തൊട്ടടുത്ത് രണ്ട് വശത്തുമുള്ള തിങ്ങിനിറഞ്ഞ ജനവാസ മേഖലകളിൽ വീടുകൾ സീൽ ചെയ്ത് തുടങ്ങി .കോവിഡ് മരണങ്ങൾ കാരണം. ഉച്ചഭാഷിണിയിൽ ഇടക്കിടെ അറിയിപ്പ് കേൾക്കാം .നിലവിളി ശബ്ദത്തിന്റെ അകമ്പടിയോടെ മുംബൈ നഗരസഭയുടെ പുകവണ്ടിയും കീടനശീകരണ വണ്ടിയും സമയം തെറ്റാതെ വന്ന് പുകയും



സ്പ്രേയും ചെയ്യുന്നുമുണ്ട്.

പുലർച്ചെ 3 മണി നേരത്ത് ഹൈവേയിൽ കസർത്ത് കാണിക്കുന്ന റേസിംഗ് ബൈക്കുകാരുടെ ശല്യം കാരണം ഉറക്കം നഷ്ടപ്പെട്ടിരുന്ന എനിക്ക് ഇപ്പോൾ രാവിലെ കിളികളുടെ ശബ്ദം ഉറക്കമുണർത്തലുകളായി തുടങ്ങി.

പക്ഷേ ഓഫീസിനടുത്ത് വീടായതു കാരണവും ദൂരെ നിന്ന് വരുന്നവർക്ക് വീട്ടിലെ പണികളിൽ ശ്രദ്ധിച്ച് അവിടെ ഇരിക്കാൻ നിർദ്ദേശം കൊടുത്തതിനാലും എനിക്ക് വർക്ക് അറ്റ് ഓഫീസ് തന്നെ ആയിരുന്നു. മുമ്പത്തേക്കാൾ ഒട്ടും കുറയാതെ.

24 മണിക്കൂറും ജോലി ചെയ്യേണ്ട അത്യാവശ്യ വിഭാഗമാണ് സൈന്യം. അത്യാവശ്യമായ 3 സെക്ഷനിൽ ജോലി നടക്കുന്നു.ലഭ്യമായ മാൻപവർ വച്ച് ഓഫീസിനടുത്ത് ഉള്ളവരെ വെച്ച് പണി നടക്കുന്നു.

എന്റെ യൂണിറ്റ് കാമ്പസ് മുഴുവൻ അടച്ചു പൂട്ടി .വൃദ്ധരും കുട്ടികളും അടങ്ങുന്ന കുടുംബങ്ങളും പിള്ളേരുടെ ഒരു ഹോസ്റ്റലും ഉള്ളതിനാലും2 ഭാഗവും ചേരി ആയതിനാലും ഇവിടെ സേഫ്റ്റി നോക്കാൻ വേറാരും വരില്ല. സാധനങ്ങൾക്ക് വരെ പുറത്തിറങ്ങാൻ അനുവാദമില്ല. ശരിക്കും ലോക്ക്ഡ് ഇൻ.

അതാ അവസ്ഥ ..

**വൈത്തല കൃഷ്ണൻ നമ്പൂതിരി**
മുബൈയിൽ നിന്ന് 9497491519

9

# ഒരമ്മയുടെ ആവലാതികൾ

എന്നും തനിച്ചായതിനാൽ എൻെറ കാര്യത്തിൽ അത്ര ഉത്ക്ണ്ഠയൊന്നും തോന്നിയില്ല, ഇളയമകൻ വരാൻ വിചാരിച്ചു. പക്ഷെ ലീവ് ക്യാൻസൽ ചെയ്തു തിരിച്ചു പോയി. ഐഎഫ് ക്യാമ്പിൽ ജാർഖണ്ഡിലെ റിമോട്ട് ഏരിയയിലേക്ക് . ഉത്കണ്ഠയുണ്ടെങ്കിലും
രാജ്യത്തിനു വേണ്ടിയാണല്ലോ എന്നോർക്കും. ചോറൂണ് കഴിഞ്ഞ ശേഷം ഒറ്റപ്പാലത്തു മരുമകൾ വെക്കേഷനിൽ സ്കൂൾ (അദ്ധ്യാപിക) അടച്ചു വരാമെന്നു വിചാരിച്ചു. അതും നടന്നില്ല. മുത്തശ്ശിയെ കാണാൻ
വിചാരിച്ചിട്ടും6 മാസായി നടന്നില്ല.അതിനിടയിൽ വേറെ ഒരു മകൻ ആണെങ്കിൽ കോഴിക്കോട് ഐ ഐഎമ്മിൽ നിന്ന് എം.ബി.എ പാസായി. റിസൾട്ട് വന്നു.പക്ഷെ അനിശ്ചിത



കാലത്തേക്ക് നീട്ടിവച്ച കോൺവൊക്കേഷൻ സങ്കടത്തിൽ.

കൂടാതെ ആറേഴു വർഷമായി അന്വേഷിച്ചുകൊണ്ടിരിക്കുന്ന പ്രൊപോസൽസ് ഒന്നും എവിടെയും എത്തീല . ഇടക്ക് ഒന്ന് ശരിയായി വന്നു. അതാണെങ്കിൽ ലോക്ക്ഡൌൺ കാരണം ഇനി എന്ന് പോയി കണ്ടു തീരുമാനിക്കും.

ലോക്ക്ഡൌൺ തുടങ്ങി 3 ദിവസം മകളുടെ കുട്ടിക്ക് ഹെപ്പറ്റൈറ്റിസ് എ വന്നു ഹോസ്പിറ്റൽ ഐസൊലേഷനിൽ. അതിന്റെ ഉത്കണ്ഠകൾക്കിടയിലും ഒന്ന് കാണാൻ പോലും പറ്റന്നില്യ.ഇപ്പോൾ ഡിസ്ചാർജ്ആയി എന്നറിഞ്ഞു.ആശ്വാസമായി.

**സാവിത്രി പി.എസ്**
കിഴക്കേടത്തില്ലം,അത്തോളി -04962674180

# വേളിനിശ്ചയം വീഡിയോ കോൺഫറൻസിങ്ങിലൂടെ

10



വരൻ എറണാകുളത്ത്. വധു മലപ്പുറത്ത്. ഇരുവരുടെയും ബന്ധുക്കൾ പലയിടത്ത്. എല്ലാവരും ഒത്തു കൂടി ഒരു വേളി നിശ്ചയം ഈ കൊറോണക്കാലത്ത് അസാദ്ധ്യമായിരുന്നു. പക്ഷേ,സാദ്ധ്യമായി . മാത്രമല്ല ഇരുനൂറോളം പേർ പങ്കെടുക്കുകയും ചെയ്തു. വീഡിയോ കോൺഫറൻസിങ്ങിലൂടെ ആണെന്നു മാത്രം.

പാണ്ടിക്കാട് കറുകമണ്ണ ഇല്ലത്ത് മോഹൻദാസിന്റെ മകൾ രശ്മിക. കാലടി ചേറ്റമറ്റത്ത് ഇല്ലത്ത് ശങ്കരന്റെ മകൻ ബാലശങ്കർ. ഇവരാണ് വധൂവരന്മാർ.ഏപ്രിൽ പതിനഞ്ചിന് നിശ്ചയം നടത്താമെന്ന് നേരത്തെ തീരുമാനിച്ചിരുന്നു. എന്നാൽ എല്ലാം ലോക്ക് ഡൗണായി.

ബാലശങ്കർ ഗിറ്റ് ലാബിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയറാണ്. വർക്ക് അറ്റ് ഹോം ആണ് മുമ്പുതന്നെ. അദ്ദേഹം ഒരു വഴി കണ്ടെത്തി. സൂം ആപ്പിലൂടെ എല്ലാവരും ഒന്നിച്ചിരിക്കുക. അതിലൂടെ നിശ്ചയം നടത്തുക.

ഏപ്രിൽ പതിനഞ്ചിന് രാവിലെ ഒമ്പതേകാലിന് എല്ലാവരും സൂമിലെത്തി. പങ്കെടുക്കേണ്ട നൂറിലേറെ ഇല്ലക്കാർ സൂമിലൂടെ ഒന്നിച്ചു. ഓരോ ഇടത്തും വലിയ മോണിറ്റർ വച്ച് ആളുകൾ പരസ്പരംകണ്ടു.

മുഹൂർത്ത സമയത്ത് വരന്റെ അച്ഛൻ നിശ്ചയ പത്രിക വായിച്ചു. സെപ്തംബർ അഞ്ചിലേക്കാണ് വേളി നിശ്ചയിച്ചത്. ശേഷം ഒരു മണിക്കൂറോളം ഇരു പക്ഷത്തേയും ആളുകൾ പരിചയപ്പെട്ടും കുശലം കൈമാറിയും പതിവു ചടങ്ങുകൾ. എല്ലാം സാമൂഹ്യഅകലത്തിനുമപ്പുറം വൈറസ് തൊടാത്ത സൈബർ ലോകത്തായിരുന്നെന്നു മാത്രം.  ചടങ്ങിൽ പങ്കെടുക്കാൻ കഴിയാത്ത തരത്തിൽ പ്രായമായ ബന്ധുക്കളുണ്ട്. ലോക്ക് ഡൗൺ കാരണം ചടങ്ങ്  ഇങ്ങനെയായതോടെ അവർക്കും അവനവന്റെ ഇല്ലത്തിരുന്നുകൊണ്ട് ചടങ്ങിൽ സംബന്ധിക്കാനായി. രശ്മികക്ക് ലോക്ക് ഡൗൺ കഴിഞ്ഞാൽ ബെംഗളൂരുവിലേക്ക് തിരിച്ചു പോണം. അവിടെ എം.ഡി. ചെയ്യുകയാണ്.

**മോഹൻ ദാസ്**, കറുകമണ്ണ മന പാണ്ടിക്കാട്,
മലപ്പുറം ജില്ല, മൊബൈൽ 9447679251

## മാംഗല്യം മാസ്കണിഞ്ഞാണേ

ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ നടന്ന അനിയത്തിയുടെ വേളി ആശങ്കകളുടെയും അനിശ്ചിതത്വങ്ങളുടെയും ഒരു സങ്കീർണ്ണാവസ്ഥയായിരുന്നു. പ്രായാധിക്യത്തിന്റ അവശതകൾ അലട്ടിയിരുന്ന മുത്തശ്ശിയെപ്പറ്റിയുള്ള വിഷമങ്ങൾ ഒരു ഭാഗത്ത്. കൊറോണയും അതിനെത്തുടർന്നുള്ള ലോക്ക് ഡൗണും മറ്റൊരു ഭാഗത്ത്. ഒരുക്കങ്ങൾ പകുതിയിലേറെ പിന്നിട്ടശേഷം ഇനി തുടരണോ എന്നറിയാത്ത നിസ്സഹായത.

മൂന്ന് ജ്യേഷ്ഠൻമാരുണ്ടായിട്ടും ആർക്കും എത്തിച്ചേരാൻ പറ്റാത്ത അവസ്ഥ.വേളി ദിനങ്ങൾ അടുത്തപ്പോഴും അനിശ്ചിതാവസ്ഥ പിൻതുടർന്നു. വേളി നടത്താം എന്ന് തീരുമാനമായെങ്കിലും അവശ്യസാധനങ്ങൾ പലതും ഒരുക്കാൻ അപ്ഫൻ നന്നേ ബുദ്ധിമുട്ടി. പല സ്ഥലങ്ങളിലായി കഴിഞ്ഞിരുന്ന ബന്ധുക്കൾ എല്ലാവരും ഫോണിൽ പരസ്പരം ആശങ്കകൾ പങ്കിട്ടു. ആശ്വസിപ്പിച്ചു. ഊർജം പകർന്നു. മറ്റ് ഏർപ്പാടുകൾ ചെയ്തു.

വേളി ദിനങ്ങളിൽ ഒരു രാജകുമാരിയെപ്പോലെ ഉത്സാഹവതിയാകേണ്ടവളുടെ മുഖത്തും ആശങ്ക. ചിരിക്കാൻ പോലും മറന്ന പോലെ.

ചെറിയമ്മമാരും അച്ചോളും ചേർന്ന് അയനൂണിന്റെ കാര്യങ്ങൾ ചെയ്തു.മുല്ല മാലയിൽ കനകാംബരവും നന്ത്യാർവട്ടവും തുളസിയും പങ്കുചേർന്നു.സൂമിലൂടെ എല്ലാവരും അയനൂണിൽ ഓൺലൈനായി പങ്കെടുത്തു. വേളി ദിനത്തിൽ വിരലിലെണ്ണാവുന്നവർ മാത്രമായി വരന്റെ ഗൃഹാങ്കണത്തിൽ ഒത്തുചേർന്നു.ലളിതമായ ക്രിയകൾ മാത്രം. ഘോഷങ്ങളില്ല. ആർപ്പുവിളികളും കുരവയുമില്ല. സൂമിലൂടെ എല്ലാവരും വധൂവരൻമാർക്ക് മംഗളങ്ങൾ നേർന്ന് അനുഗ്രഹിച്ചു. ഞാൻ തിരിഞ്ഞു നോക്കുമ്പോൾ പോക്കുവെയിലിന്റെ പ്രഭയിൽ വരന്റെ കൈ പിടിച്ച് അവളും മധുരമായി ചിരിച്ചു.

'ദീർഘസുമംഗലീ ഭവ'

**യമുന സജിത് മങ്ങത്തായ**
ഫോൺ 9995664661

11



മലപ്പുറം താമരശ്ശേരിയിൽ നിന്നും ഫറോക്കിലെ നാറണിയാട്ടേയ്ക്കുള്ള വേളി....
വരൻ ശ്രീ ശങ്കറും വധു ഐശ്വര്യ മാലിനിയും







## ഹോങ്കോങ്ങിൽ നിന്നൊരു കൊറോണ വര

**ദ്യുതി ബ്രിജേഷ്, പട്ടത്ത് മന,**
പട്ടത്തില്ലത്ത് ബ്രിജേഷിന്റെയും
കുറ്റമ്പിള്ളി പ്രസീതയുടെയും മകൾ.
ഹോങ്കോങിൽ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി
: +852 5463 1465

# ആര്യയുടെ കൗണ്ട് ഡൗണും മോദിയുടെ ലോക്ക് ഡൗണും



ഞാൻ അച്ഛന്റെയും അമ്മയുടേയും കൂടെ തിരുവനന്തപുരത്താണ് താമസം. ഇല്ലം കോഴിക്കോടും അമ്മാത്ത് ഇരിങ്ങാലക്കുടയിലുമാണ്. മുത്തശ്ശൻമാരുടേയും മുത്തശ്ശിമാരുടേയും കൂടെ താമസിയ്ക്കാൻ പറ്റുന്നത് സ്കൂൾ വെക്കേഷൻ കാലത്താണ്. അതുകൊണ്ട് വെക്കേഷൻ വരാൻ കാത്തിരിയ്ക്കും.

ഞങ്ങളുടെ സ്കൂളിലെ എൽ.പി ക്ലാസ്സുകാർക്ക് വെക്കേഷൻ മൂന്നു മാസമാണ്. ഇത്തവണത്തെ വെക്കേഷന് ഞാൻ നേരത്തേ തന്നെ പ്ളാൻ ചെയ്തിരുന്നു, ഒരു മാസം അമ്മാത്തും ഒരു മാസം ഇല്ലത്തും പിന്നെ ഒരു മാസം അച്ഛന്റേം അമ്മേടേം കൂടെ എവിടെയെങ്കിലുമൊക്കെ കറക്കവും.

മാർച്ച് 8 ന് അമ്മാത്തെത്തി. എനിക്ക് നല്ല സന്തോഷമായി. കിങ്ങിണിയെന്ന കുറുമ്പിക്കുട്ടീടെ കൂടെ കളിക്കാം. ധാരാളം ബിസ്ക്കറ്റും മിഠായീം തിന്നാം. അച്ഛനുമമ്മയും അധികം തരാറില്ല.

അങ്ങനെയിരിക്കുമ്പൊഴാണ് ലോക്ക് ഡൗണാണെന്നൊക്കെ കേട്ടത്. എവിടേയും പോകാനൊന്നും പറ്റില്ലെന്നും. വലിയ വിഷമമൊന്നും തോന്നിയില്ല. എന്തായാലും ഏപ്രിൽ 14 ന് തീരുമല്ലോ. ഞാൻ ദിവസങ്ങൾ എണ്ണി. ലോക്ക്ഡൗണിനൊപ്പം കൗണ്ട്ഡൗൺ.ഇനി നാലു ദിവസം, മൂന്നു ദിവസം, രണ്ടു ദിവസം എന്ന് എണ്ണി വരികയായിരുന്നു.ഒടുവിൽ 14ആം തിയതിയായി. അപ്പോഴതാ പറയുന്നു ലോക്ക് ഡൗൺ പിന്നെയും നീട്ടിയെന്ന്.നീട്ടിയത് നല്ല കാര്യത്തിന് വേണ്ടിയിട്ടാണെന്നൊക്കെ അറിയാം; എന്നാലും എനിക്ക് സങ്കടവും ദേഷ്യവും ഒക്കെ വന്നു. മോദിയെ വായിൽ തോന്നിയതെല്ലാം പറഞ്ഞു. എന്തൊക്കെയാ പറഞ്ഞത് എന്ന് എനിക്ക് തന്നെ അറിയില്ല. അത്രയ്ക്ക് വിഷമമായി. ഞാൻ അമ്മാത്ത് പെട്ട് പോയിന്ന് പറഞ്ഞാൽ മതീലോ.



**ആര്യ നാറാണിയാട്**
ശ്രീജിത്തിന്റെയും ശ്രീഭയുടെയും മകളാണ്
മൊബൈൽ 8089885587



# അമ്മയെ സഹായിക്കുന്ന ആറാം ക്ളാസുകാരി

അമ്മയെ അടുക്കളയിൽ സഹായിക്കാൻ തുടങ്ങി. കുറച്ച് കീർത്തനങ്ങൾ പഠിച്ചു, മുരളി മുത്തശ്ശന്റെ (താമരശ്ശേരി കൃഷ്ണൻ ഭട്ടതിരി) ശ്രീകൃഷ്ണകഥാമൃതം വായിക്കാൻ തുടങ്ങി. മുത്തശ്ശിക്ക് വളരെയധികം ഇഷ്ടപ്പെട്ട പുസ്തകമായിരുന്നു. കണ്ണന്റെ ബാലലീലകൾ ആണ് ഇപ്പോൾ വായിക്കുന്നത്.

ടിവിയിൽ മഹാഭാരതം ,രാമായണം ഒക്കെ തുടങ്ങിയിട്ടുണ്ട് ഹിന്ദിയിലാണ്. എന്നാലും ഞങ്ങൾ കാണാറുണ്ട് . വൈകുന്നേരമായാൽ ചെടികൾ നനക്കും. പുതിയ വിത്തുകൾ പാകിയിട്ടുണ്ട്. സന്ധ്യക്ക് അര മണിക്കൂർ നാമം ജപം പതിവുണ്ട്. മുത്തശ്ശന് നിർബന്ധമാണത്. ഇപ്പോൾ എല്ലാവരും കൂടിയാണ് നാമജപം.ഏട്ടന് ഇടക്കിടക്ക് ഓൺലൈൻ ക്ളാസുണ്ട്. ഞങ്ങൾക്കെന്നാണാവോ സ്കൂൾ തുടങ്ങാ.

വേഗം ലോക്ക് ഡൗൺ കഴിഞ്ഞിട്ട് കൊറോണ ഒന്നും ഇല്ലാത്ത സുദിനം വരാൻ നമുക്ക് ഗുരുവായൂരപ്പനോട് പ്രാർത്ഥിക്കാം.

**സൂര്യ പാർവ്വതി**
തെക്കേടത്ത് മന പ്രകാശന്റെ
മകളാണ്, ഗുരുവായൂർ.
മൊബൈൽ 9447535695




# ശ്രീരാഘവപുരത്തുനിന്നൊരു സദ്‌വാർത്ത

*ക്ഷേത്ര ജീവനക്കാർക്കുള്ള ശ്രീരാഘവപുരം സഭായോഗത്തിന്റെ സഹായ വിതരണം*

രാഷ്ട്രീയ ലാഭം നോക്കി സർക്കാർ - സർക്കാരിതര സംഘടനകൾ സഹായധനങ്ങൾ പങ്കിട്ടെടുക്കുമ്പോൾ ആരാലും ശ്രദ്ധിക്കപ്പെടാത്ത ഒരു വിഭാഗമുണ്ട്, ക്ഷേത്ര ജീവനക്കാർ. അപ്രതീക്ഷിതമായെത്തിയ ലോക്ഡൗണിൽ ജീവിതം സ്തംഭിച്ചപ്പോൾ അവരുടെ രക്ഷയ്ക്കായി എത്തിയത് കണ്ണൂർ ചെറുതാഴം ശ്രീരാഘവപുരം സഭായോഗമാണ്. ഈ വിഷുക്കൈനീട്ടം അവർ ഒരിക്കലും മറക്കാനിടയില്ല. പ്രതിസന്ധി ഘട്ടത്തിൽ തുണയായെത്തിയ ഈ സഹായത്തിന്റെ മൂല്യം അളക്കാവുന്നതിലുമപ്പുറമാണ്.

മേൽശാന്തി, കഴകം, വാദ്യം, അടിച്ചുതളി തുടങ്ങിയ അമ്പലപ്രവൃത്തികൾ ചെയ്യുന്ന കണ്ണൂർ, വയനാട്, പാലക്കാട്, പത്തനംതിട്ട, കാസർകോട് ജില്ലകളിലെ അറുപതോളം കുടുംബങ്ങൾക്കായി 2,15,000 (രണ്ടു ലക്ഷത്തിപതിനഞ്ചായിരം) രൂപയുടെ ധനസഹായമാണ് സഭായോഗം നൽകിയത്. ഓരോ കുടുംബത്തിനും 3000 മുതൽ 5000 രൂപ വരെ ലഭിച്ചു.

'ചെറിയ തുകയാണ്. കുറച്ചു കൂടി വലിയ തുക നൽകണമെന്നുണ്ടായിരുന്നു. എങ്കിലും ഞങ്ങളെക്കൊണ്ട് കഴിയുന്നതിന്റെ പരമാവധി സമാഹരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇത്രയെങ്കിലും ചെയ്യാൻ സാധിച്ചതിൽ സന്തോഷം. ' ശ്രീരാഘവപുരം സഭായോഗം സെക്രട്ടറി ഹരി നമ്പൂതിരി (കിഴക്കേ പേർക്കുണ്ടി പെരിയമന വാദ്ധ്യാൻ ഇല്ലം) പറഞ്ഞു.

ബ്രാഹ്മണസജ്ജനസംഘത്തിന്റെയും ക്ഷേത്ര ഊരാളസഭയുടെയും സഹകരണത്തിലൂടെയാണ് സഭായോഗം ഇത് സാധ്യമാക്കിയത്. ഇതു മാത്രമല്ല, കൊറോണക്കാലത്ത് സഭാംഗങ്ങൾക്ക് അടിയന്തര സഹായം ആവശ്യമായ ഘട്ടത്തിലൊക്കെ സംഘടന മുൻപന്തിയിൽത്തന്നെ ഉണ്ടായിരുന്നു.

'ഈ സഹായം ഒന്നാം ഘട്ടം മാത്രമാണ്. കൂടുതൽ പദ്ധതികൾ ആലോചനയിലുണ്ട്. ഇനി ഇങ്ങനൊരു അവസ്ഥ വന്നാൽ നമ്മുടെ സമുദായാംഗങ്ങൾക്ക് ധനസഹായം സ്വീകരിക്കേണ്ട അവസ്ഥ ഉണ്ടാവരുത്. മറിച്ച് ബാക്കിയുള്ളവർക്ക് സഹായം നൽകാവുന്ന തരത്തിൽ നമ്മൾ സാമ്പത്തിക സ്ഥിരത കൈവരിക്കണം.' ആ ലക്ഷ്യം പൂർത്തീകരിക്കാനുള്ള ശ്രമത്തിലാണ് ശ്രീരാഘവപുരം സഭായോഗം.

ശ്രീരാഘവപുരം സഭായോഗം,ബ്രഹ്മസ്വം മഠം, പടിഞ്ഞാറേ നട - രാഘവപുരം യോഗക്ഷേത്രം,ചെറുതാഴം, മണ്ടൂർ പി.ഒ, കണ്ണൂർ - 670 501
Web site: www.sreeraghavapuram.in
Email: admin@sreeraghavspuram.in
Phone : 0497 2815897,
മൊബൈൽ 8547410552

# ലക്ഷത്തിന്റെ പുണ്യം






മുഖ്യമന്ത്രി പിണറായി വിജയന്റെ കൊറോണക്കാലത്തെ പതിവു പത്രസമ്മേളത്തിൽ നമുക്കിടയിലെ ഒരു നമ്പൂതിരി പരാമർശിക്കപ്പെട്ടു. പെരുമണ്ണ ഉപസഭയിലെ പുൽപ്പറമ്പിൽ രമേശൻ നമ്പൂതിരി.

യോഗക്ഷേമസഭ കോഴിക്കോട് ജില്ല മുൻ ട്രഷററും ഗുരുവായൂരപ്പൻ കോളേജ് കൊമേഴ്സ് വിഭാഗം മേധാവിയുമായിരുന്ന രമേശൻ നടത്തിയ മാതൃകാപരമായ ഒരു സദ്പ്രവൃത്തിയാണ് മുഖ്യമന്ത്രിയുടെ പ്രശംസക്ക് പാത്രമായത്. മുഖ്യമന്ത്രിയുടെ കോവിഡ് ദുരിതാശ്വാസ ഫണ്ടിലേക്ക് ഒരു ലക്ഷം രൂപയാണ് രമേശൻ സംഭാവന ചെയ്തത്. ഒപ്പം പ്രധാനമന്ത്രിയുടെ ഫണ്ടിലേക്ക് 50000 രൂപയും നൽകി .

രാജ്യം പ്രതിസന്ധിയിലൂടെ കടന്നുപോവുന്ന ഈ ഘട്ടത്തിൽ തങ്ങളുടെ വരുമാനത്തിൽ നിന്നും ആകാവുന്നത്ര സംഭാവന ചെയ്ത് സർക്കാരിനേയും കഷ്ടപ്പെടുന്ന സാധാരണക്കാരേയും സഹായിക്കേണ്ടത് എല്ലാ പെൻഷൻകാരുടെയും കടമയാണ് എന്ന ബോധത്തിലാണ് താനിത് ചെയ്തതെന്ന് രമേശൻ മാസ്റ്റർ അഭിപ്രായപ്പെട്ടു.എല്ലാ സർക്കാർ ജീവനക്കാരിലേക്കും പെൻഷൻകാരിലേക്കും ഈ സന്ദേശം എത്തണമെന്നാണ് ആഗ്രഹം.മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ് മീറ്റിന്റെ സൗണ്ട് ബൈറ്റ്സ് നമ്പൂതിരി ഗ്രൂപ്പുകളിൽ വൈറലായി. രമേശന്റെ മാതൃകാപരമായ ഒരു സദ് പ്രവൃത്തിയെ പലരും ഫോണിൽ വിളിച്ച് അഭിനന്ദിക്കുകയും ചെയ്തു.

**മുഖ്യമന്ത്രിയുടെ കോവിഡ് ദുരിതാശ്വാസ ഫണ്ടിലേക്ക് ഒരു ലക്ഷം രൂപയാണ് രമേശൻ സംഭാവന ചെയ്തത്. ഒപ്പം പ്രധാനമന്ത്രിയുടെ ഫണ്ടിലേക്ക് 50000 രൂപയും നൽകി**

എല്ലാ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്ന യോഗക്ഷേമ സഭയുടെ സജീവ പ്രവർത്തകനായ രമേശൻ മാസ്റ്ററെ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാസഭയും അഭിനന്ദിച്ചു.

**പുൽപ്പറമ്പിൽ രമേശൻ നമ്പൂതിരി,**
പെരുമണ്ണ ഉപസഭ, കോഴിക്കോട്.
മൊബൈൽ 9447078612

# കോവിഡ് പ്രെഡിക്ഷൻ ടൂൾ




എം.സി. എ കഴിഞ്ഞ ശേഷം ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ഡിപ്ലോമ കോഴ്സ് ചെയ്യുന്ന സമയത്താണ് കൊറോണാ വ്യാപനം തുടങ്ങിയത്. പ്രളയ സമയത്ത് നാടിന് വേണ്ടി വീട്ടിലിരുന്നു തന്നെ അനുബന്ധ സഹായങ്ങൾ ചെയ്യാൻ കഴിഞ്ഞ അനുഭവം മുന്നിലുണ്ട്. പഠിച്ച കോഴ്സ് വച്ച് ലോക്ക് ഡൗൺ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തന്നെ എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിച്ചു. അങ്ങനെയാണ് കോവിഡ് പ്രെഡിക്ഷൻ ആൻഡ് അനലിറ്റിക്കൽ ടൂൾ എന്ന ആശയം ഉരുത്തിരിഞ്ഞത്. കോവിഡുമായി ബന്ധപ്പെട്ട് സർക്കാർ പുറത്തുവിടുന്ന ഡാറ്റയെയാണ് പ്രധാനമായും ആശ്രയിച്ചത്. രോഗവ്യാപനത്തിന്റെ തീവ്രത കണക്കാക്കൽ, അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ, ഏതേത് ഏരിയകൾക്ക് പ്രത്യേക ശ്രദ്ധ കൊടുക്കണം തുടങ്ങിയ കാര്യങ്ങളിൽ ആരോഗ്യ പ്രവർത്തകർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്ന രീതിയിലുള്ള മോഡൽആണ് ഉദ്ദേശിച്ചത്. വലിയ തോതിലുള്ള വ്യാപനം ഉണ്ടായാൽ രോഗികളെ പ്രവേശിപ്പിക്കാനായി ഓരോ പ്രദേശത്തും ലഭ്യമാകുന്ന ആശുപത്രി സൗകര്യങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളായിരുന്നു ഹൈലൈറ്റ്. വിദ്യാർത്ഥി എന്ന നിലയിൽ പൊതുവായി ഡാറ്റ ഷെയർചെയ്യാൻ പരിമിതികൾ ഉണ്ടായിരുന്നു. അടുത്ത സുഹൃത്തുക്കൾക്കും അഭ്യുദയകാംക്ഷികൾക്കും അപ്പപ്പോൾ നൽകി. നാട്ടിലെ രോഗ വ്യാപനത്തോത് മനസിലാക്കാൻ ഏറെ സഹായിച്ചുവെന്ന് ചിലർ പറഞ്ഞു. കൂടുതൽ ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും ഒരു പ്രതിസന്ധി ഘട്ടം ഉണ്ടാകുമ്പോൾ നമ്മൾ പഠിച്ച വിഷയങ്ങൾ എങ്ങനെപ്രാക്ടിക്കൽ ആക്കാം എന്ന തിരിച്ചറിവ് സമ്മാനിച്ചു ഈ കോവിഡ് കാലം



| | Future Dates | Positive cases |
|---|---|---|
| 0 | 04/14/2020 | 7351 |
| 1 | 04/15/2020 | 8126 |
| 2 | 04/16/2020 | 8968 |
| 3 | 04/17/2020 | 9880 |
| 4 | 04/18/2020 | 10867 |
| 5 | 04/19/2020 | 11934 |
| 6 | 04/20/2020 | 13086 |
| 7 | 04/21/2020 | 14328 |
| 8 | 04/22/2020 | 15666 |
| 9 | 04/23/2020 | 17105 |
| 10 | 04/24/2020 | 18652 |
| 11 | 04/25/2020 | 20313 |
| 12 | 04/26/2020 | 22094 |
| 13 | 04/27/2020 | 24002 |
| 14 | 04/28/2020 | 26044 |
| 15 | 04/29/2020 | 28227 |
| 16 | 04/30/2020 | 30560 |

ഭരത് തയ്യാറാക്കിയ ഏപ്രിൽ മാസത്തെ പ്രവചനപ്പട്ടിക

**ഭരത് ഡി,** ഇലഞ്ഞിത്താനത്ത് മന
ഫ്ളാറ്റ് നമ്പർ 115, ഡി. ബ്ളോക്ക്,
നന്ദിനി ഗാർഡൻ, വെസ്റ്റ് ഫോർട്ട് ,
തിരുവനന്തപുരം,
മൊബൈൽ: 9744010197

# കോവിഡ് കാലത്ത് അറസ്റ്റിൽ







ദുരന്തനിവാരണം

## ജോലിത്തിരക്കുമൂലം വൈകിയ വില്ലേജ് ഓഫീസർക്ക് പോലീസിന്റെ പീഡനം

പിറവം ▸ അതിഥിത്തൊഴിലാളികൾക്കുള്ള ഭക്ഷ്യധാന്യക്കിറ്റ് വിതരണം കഴിഞ്ഞ് വൈകി വീട്ടിലേക്കുപോയ വില്ലേജ് ഓഫീസർക്ക് പോലീസിന്റെ വക പീഡനം. പിറവം വില്ലേജ് ഓഫീസർ കെ.സി. ഹരിയെയാണ് മുളക്കുളം അമ്പലപ്പടിയിൽ ബൈക്കിൽ പോകുമ്പോൾ തടഞ്ഞത്. [illegible] രാത്രി ഏഴേകാൽ [illegible]

ആവശ്യപ്പെട്ടപ്പോഴാണ് പോലീസ് കേസെടുത്തതെന്ന് മനസ്സിലായതെന്ന് വില്ലേജ് ഓഫീസർ പറഞ്ഞു. ഓഫീസറെ കണ്ട് ബോധ്യപ്പെടുത്തിയെങ്കിലും ഫലമുണ്ടായില്ല. ഒടുവിൽ, പിറവത്തെ നഗരസഭാ കൗൺസിലർമാരായ ഡോ. അജേഷ് മനോഹർ, മുകേഷ് തങ്കപ്പൻ എന്നിവരുടെ ജാമ്യത്തിലാണ് വില്ലേജ് ഓഫീസറെ വി[illegible]

പിറവം വില്ലേജ് ഓഫീസറാണ് ഞാൻ.ഏപ്രിൽ നാലാം തീയതിയാണ്.ഓഫീസിൽനിന്ന് തിരിച്ചു വരുമ്പോൾ രാത്രി ഏഴര ആയിട്ടുണ്ടാവും.അന്യസംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് ഭക്ഷണ കിറ്റ് കൊടുക്കാനുണ്ടായിരുന്നതിനാൽ ആണു വൈകിയത് .



ജില്ലാതിർത്തിയായ മുളക്കുളം അമ്പലം പടിയ്ക്ക് സമീപം വെള്ളൂർ എ എസ് ഐ രാജേഷും മറ്റൊരു വനിതാ സിവിൽ പോലീസ് ഓഫീസറും ചേർന്ന് തടഞ്ഞു.

പിറവം വില്ലേജ് ഓഫീസറാണെന്ന് വ്യക്തമാക്കുകയും ഐഡന്റിറ്റി കാർഡ് കാണിക്കുകയും ചെയ്തിട്ടും,'വില്ലേജ് ഓഫീസർക്ക് ഈ നേരത്തെന്ത് ഡ്യൂട്ടിയാ?' എന്ന് ചോദിച്ച് ആക്ഷേപിക്കുകയാണ് പോലീസ് ചെയ്തത്.

ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ജോലിയായിരുന്നുവെന്നും, അതിഥിത്തൊഴിലാളികളുടെ ക്യാമ്പുകളിൽ പോയിരിക്കുകയായിരുന്നുവെന്ന് പറയുകയും ചെയ്തപ്പോൾ എ എസ് ഐ അസഭ്യ പദപ്രയോഗങ്ങൾ നടത്തുകയും ചെയ്തു. ആളുകൾ കൂടിയതോടെ വില്ലേജ് ഓഫീസറെ പോകാനനുവദിച്ചു.

എങ്കിലും പിറ്റേ ദിവസം(ഞായർ) രാവിലെ വിളിച്ച് രണ്ടാളുകളെക്കൂട്ടി സ്റ്റേഷനിൽ ഹാജരാകുന്നതിന് നിർദ്ദേശിച്ചു.പിറവം നഗരസഭയിലെ രണ്ട് കൗൺസിലർമാരോടൊപ്പം സ്റ്റേഷനിലെത്തി. കേരള പോലീസ് ആക്റ്റ് സെക്ഷൻ 117 (ഇ) പ്രകാരം, പൊതുസ്ഥലത്ത് ബഹളമുണ്ടാക്കിയതിനും കൃത്യനിർവഹണം തടസപ്പെടുത്തിയതിനും കേസ് ചാർജ് ചെയ്ത് അറസ്റ്റ് ചെയ്യുകയും, കൂടെ വന്ന രണ്ട് പേരുടെ ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തു.

റവന്യൂ സ്റ്റാഫ് അസോസിയേഷൻ ഇടപെട്ട് വിഷയം ജില്ലാ കളക്ടറുടെ മുന്നിലെത്തിച്ചു.അനുകൂലമായ തീരുമാനമുണ്ടാകാത്ത പക്ഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നിന്ന് വിട്ടു നിൽക്കുമെന്നും കളക്ടറെ അറിയിച്ചു.കളക്ടർ ഇടപെട്ടതോടെയാണ് കേസ് ഒഴിവായത്.

മുത്തശ്ശിയും ചെറിയമ്മയും ഭാര്യയും ഒരു മകളും അടങ്ങുന്നതാണു കുടുംബം. ഭാര്യ കവിത സ്കൂൾടീച്ചറാണ്. മുത്തശ്ശിയുടെ കാലുകൾ രണ്ടും ഒരു വാഹനാപകടം പറ്റി മുട്ടിനുമുകളിൽ വച്ച് മുറിച്ചിരിക്കുകയാണ്. തുടകളുടെ മുകളിലൂടെ മുകളിൽ കൂടി ഒരു ബസ്സ് കയറിയിറങ്ങുകയായിരുന്നു.3 വർഷമായി കിടപ്പിലാണ്.

**കെ.സി.ഹരി**
പിറവം വില്ലേജ് ഓഫീസർ
കിഴക്കെ മനയത്താറ്റു മന
കോട്ടയം മൊബൈൽ 9020115211

## പൂനെയിലെ മകനെയോർത്ത്

19



''എന്നും തനിച്ചായതിനാൽ ഉൽക്കണ്ഠയൊന്നും തോന്നിയില്ല.പക്ഷേ,മക്കളുടെ കാര്യം ആലോചിച്ചാണ് വിഷമം.രണ്ടാളും രണ്ടു സ്ഥലത്ത്. ഒരാൾ പൂനെയിൽ.അവിടെയാണെങ്കിൽ കോവിഡ് കൂടുതലാണ്. ബാങ്കിലായതിനാൽ വർക്ക് അറ്റ് ഹോമും നടപ്പില്ല.രണ്ടാമൻ തിരുവനന്തപുരത്ത്.സിവിൽ സർവ്വീസിന് തയ്യാറെടുപ്പ് ആയതിനാൽ അവിടെയിരുന്ന് പഠിക്കയാണ് നല്ലതെന്നു കരുതി ആദ്യം വന്നില്ല.

പിന്നീട് വരാനും പറ്റിയില്ല.ആദ്യം രണ്ടുദിവസം സാരമില്ല എന്നു തോന്നിയെങ്കിലും പതിയെ എൻെറ യവസ്ഥയും മാറിത്തുടങ്ങി. മിണ്ടാൻ ആരുമില്ല.ആരെയും കാണാനില്ല.ഒരു തുരുത്തിൽ തനിച്ചായപോലെ.

ടിവിയിലും ഫോണിലും പത്രത്തിലും കൊറോണമാത്രം.ചെറിയ മകനാണെങ്കിൽ ഫോൺവിളിക്കുമ്പോൾ ഭക്ഷണം കിട്ടാനുള്ള വിഷമമൊക്കെ പറയും.ആകെ ഒരുഹോട്ടലാണുള്ളത്.അവിടുത്തെ ഭക്ഷണം ഒട്ടും ഗുണമില്ല.അവന് പാചകം തീരെ വശമില്ല.കൂ

**ഒരാൾ പൂനെയിൽ.അവിടെയാണെങ്കിൽ കോവിഡ് കൂടുതലാണ്. ബാങ്കിലായതിനാൽ വർക്ക് അറ്റ് ഹോമും നടപ്പില്ല. ഫോൺവിളിക്കുമ്പോൾ ഭക്ഷണം കിട്ടാനുള്ള വിഷമമൊക്കെ പറയും.ആകെ ഒരുഹോട്ടലാണുള്ളത്. അവിടുത്തെ ഭക്ഷണം ഒട്ടും ഗുണമില്ല.അവന് പാചകം തീരെ വശമില്ല.**

20

## നിരീക്ഷണത്തിലുള്ള ആളായി 14 ദിവസം



''മറ്റു ജില്ലയിൽ നിന്നും വന്നവരുടെ ലിസ്റ്റിൽപ്പെട്ടതിനാൽ നിരീക്ഷണത്തിലുള്ള ആളായി 14 ദിവസം കുടുംബത്തിൽ കഴിഞ്ഞു. വീണ്ടും 7 ദിവസം കൂടെ കൂട്ടി 21 ദിവസം പൂർത്തിയാക്കി. കഴിഞ്ഞ 31വർഷത്തിനിടെ ആദ്യമായിട്ടാണ് ഇത്രയും ദിവസം കുടുംബത്തിൽ തന്നെ വെറുതെ ഇരിക്കുന്നത്. ഇന്നലെ വൈകുന്നേരം മഴവിൽ മനോരമ ചാനലിൽ മണിയൻപിള്ള രാജു നിർമ്മിച്ച് രമേശ് പിഷാരടി സംവിധാനം ചെയ്ത 'പഞ്ചവർണ്ണതത്ത' എന്ന സിനിമ കണ്ടു. ഈ സിനിമയിൽ ചെറിയതെങ്കിലും ഒന്നുരണ്ടു സീനുകളിൽ അച്ഛനും അഭിനയിച്ചിട്ടുണ്ട്. (പി എൻ എസ് നമ്പൂതിരി, പാഴൂർ ഇല്ലം,പെരുവ) കാണാം. അച്ഛനെ നേരിൽ കണ്ടിട്ട് കുറച്ചു ദിവസങ്ങളായി. ഇടക്കെല്ലാം ഫോൺ വഴി ബന്ധപ്പെടാറുണ്ടെങ്കിലും ഈ ലോക്ക് ഡൗൺ സമയത്ത് ടിവി ചാനലിൽ കൂടെയെങ്കിലും അച്ഛനെ കാണുമ്പോൾ എന്തെന്നില്ലാത്ത സന്തോഷം.

ഒരു സ്കൂളിലെ ചില പൂർവ്വകാല അധ്യാപകരെ ആദരിക്കുന്ന ചടങ്ങിൽ മന്ത്രമമം രഞ്ജിത്ത് നമ്പൂതിരി എന്ന പേരിൽ ഒരു പഴയകാല അധ്യാപകന്റെ വേഷത്തിൽ സ്റ്റേജിൽ വരികയും കുഞ്ചാക്കോ ബോബൻ പൊന്നാടയണിയിച്ചു ആദരിക്കുകയും ചെയ്യുന്ന ഒരേ ഒരു രംഗം. നാട്ടിൽ ഞങ്ങളുടെ ക്ഷേത്രമായ പെരുവ ശ്രീ നരസിംഹസ്വാമി ക്ഷേത്രത്തിലും പരിസര പ്രദേശങ്ങളിലും ആയാണ് ഈ സിനിമയുടെ ഷൂട്ടിംഗ് നടന്നത്. അന്ന് ക്ഷേത്രത്തിൽ ഷൂട്ടിങ് കാണുവാൻ പോയ അച്ഛനെ കണ്ട് ശ്രീ രാജു തന്നെയാണ് 'തിരുമേനിക്ക് പറ്റിയ ഒരു ചെറിയ വേഷം ഇതിൽ ഉണ്ട്, വരണം' എന്ന് പറഞ്ഞത്. അങ്ങിനെയാണ് അച്ഛൻ നടൻ ആയത്. ആ ആഴ്ചയിൽ തന്നെ തൊട്ടടുത്ത കാരിക്കോട് എന്ന സ്ഥലത്തെ സ്കൂളിൽ വെച്ചായിരുന്നു ഷൂട്ടിംഗ്. ഷൂട്ടിങ് കഴിഞ്ഞപ്പോൾ ചെറിയ പ്രതിഫലവും കൊടുത്ത് തന്നെയാണ് ശ്രീ രാജു അച്ഛനെ യാത്രയാക്കിയത്. രണ്ടുവർഷം മുമ്പ് ഒരു വിഷുക്കാലത്ത് റിലീസ് ചെയ്ത ഈ ചിത്രം വീണ്ടും ഈ വിഷുക്കാലത്ത് കാണാൻ കഴിഞ്ഞതിൽ ഏറെ സന്തോഷം തോന്നി.

**സുരേഷ് പാഴൂർ**
പാഴൂർ ഇല്ലം,പെരുവ

21

## ലേക്ക് ആദ്യ കൊണ്ടാട്ടം

''കൊറോണയുടെ പേടി മാർച്ച് 10 മുതൽ കേട്ടു.ഏപ്രിൽ മെയ് മാസങ്ങളിൽ പ്രതിഷ്ഠകളും ഉത്സവങ്ങളും മറ്റും മാറ്റി വെക്കുമെന്ന് ശ്രുതി. ഭർത്താക്കന്മാർ തൊഴിലില്ലാത്തവരാവും. എന്നാൽ പിന്നെ ഞങ്ങളുടെ (ഞാനും അനിയത്തിയും) ബിസിനസ് ആയ കൊണ്ടാട്ടം കേമമാക്കാമെന്ന് വെച്ചു . 70 അധ്യാപകരുള്ള തൊട്ടടുത്ത ഹയർ സെക്കന്ററിയാണ് പ്രധാന മാർക്കറ്റ് .ഒരു ട്രിപ്പിൽ 200 പായ്ക്കറ്റ് കൊണ്ടാട്ടം/മുളക് ഒക്കെ പുഷ്പം പോലെ പോവാൻ സാധ്യത ഉണ്ട്. പക്ഷേ,കൊറോണ ഭീഷണിയിൽ അടുത്ത ദിവസം മുതൽ സ്കൂളുകൾക്ക് മുഖ്യമന്ത്രി അവധി നൽകി. സാരമില്ല, ടീച്ചർമാർ

## അമ്പതു

''കൊറോണക്കാലത്ത് മനസു മരവിക്കാതിരിക്കൻ ഒരനുഭവം പറയാം.രണ്ടു വർഷംമുമ്പ് തുടങ്ങിയതാണ്. മഞ്ചേരി വെച്ച് കൂട്ടുകാരികളുമൊത്ത് നൃത്താഭ്യസനം. അതും ജീവിതത്തിൽ ഹാഫ് സെഞ്ചറി അടിച്ച് മുത്തശ്ശിയായ ശേഷം. ഇതിപ്പോൾ ഇഷ്ടമുള്ള എക്സർസൈസ് കൂടിയായി. ആഴ്ചയിലൊരിക്കൽ എറിയാട്ടു നിന്ന്



ടെ ഒരുപയ്യനും കൂടിയുണ്ട്.ഗ്യാസും അത്യാവശ്യം മൂന്നാലു പാത്രങ്ങളും ഉണ്ട്. ഇത്തിരി അരിയും പയറും വാങ്ങി രണ്ടു പേരുംകൂടി കഞ്ഞിയുണ്ടാക്കാൻ തുടങ്ങി.അതും മടുത്തു.അവരുടെ കാര്യമോർക്കുമ്പോൾ എനിയ്ക്കൊന്നും ഉണ്ടാക്കാനും കഴിയ്ക്കാനും തോന്നില്ല. കയ്യിലെ മരുന്നും കഴിഞ്ഞു. ടെൻഷൻ കൂടി.മരുന്ന് അടുത്തുള്ള കടക്കാരനോട് പറഞ്ഞ് വാങ്ങിച്ചു.അങ്ങനെ ഒരു മനസ്സ് കാണിച്ചതിന് ആ കടക്കാരനോട് എന്നും കടപ്പെട്ടിരിയ്ക്കുന്നു.പാലും അവൻ തന്നെ കൊണ്ടുവന്നു തരുന്നുണ്ട്.''

**-സരസ്വതി. പിഎം.** ഇടമന ഇല്ലം,
ഐശ്വര്യഅവന്യൂ,പറക്കുളം,കണ്ണാടി(പി.ഒ)
പാലക്കാട്.മൊബൈൽ:6282234663



സ്കൂളിൽ വരണമല്ലോ.ഏട്ടൻ അടിയന്തരമായി കയ്പ എത്തിച്ചു.പെട്ടെന്ന് മേടിച്ചതിനാൽ അൽപ്പം വില കൂടി.മെനക്കെട്ട് പണി തുടങ്ങി. രണ്ടു മൂന്നു ദിവസം കൊണ്ട് ഉണക്ക് മുഴുവനാക്കാം. 500 പായ്ക്കറ്റിനുള്ള വകുപ്പ് ഉണ്ട്. പക്ഷേ, രാത്രിയായപ്പോൾ പ്രധാനമന്ത്രിയുടെ 21 ദിവസത്തെ ലോക് ഡൗൺ. എല്ലാം ലോക്ക്ഡ് .ഏട്ടന് സ്കൂട്ടറില്ല. അൽപ്പം ദൂരത്തുള്ള ഇല്ലങ്ങളിൽ പോയി കൊണ്ടാട്ടം കൊടുക്കാനും പറ്റില്ല. റോഡിൽ പോലീസ് തടയും. കൊണ്ടാട്ടമായതു കൊണ്ട് സൂക്ഷിക്കാം. കേടാവുന്ന ബിസിനസ് തുടങ്ങാൻ തോന്നാഞ്ഞത് ഭാഗ്യം.

**പുല്ലങ്കോട്മിനി,ദിവ്യ**
മൊബൈൽ:
8547968941

## 22

## ടോയ്സ് റൂമിലെ കൊറോണ ഡാകിനി

ടിവിയിലെ വാർത്തകൾ കണ്ട് ആകെ വിഷമിച്ചു നിൽക്കുകയായിരുന്നു.ഒരു സർപ്രൈസ് കാണിച്ചു തരാം എന്ന് പറഞ്ഞു കൊച്ചുമക്കളായ ശ്രീഹരിയും ശ്രീലക്ഷ്മിയും അവരുടെ ടോയ്സ് റൂമിലേക്ക് കൊണ്ടുപോയി.ഞാൻ ചുമരിലേക്ക് നോക്കി.

ഇതാണ് അച്ചമ്മെ പുതിയ കൊറോണ ഡാകിനി.

ഹോ! കുറെ കൊമ്പുകൾ ഉള്ള ഒരു വട്ട കൊറോണ.അവരുടെ ഭാവന കണ്ട് ഞാൻ അതിശയിച്ചു. ചുമരിൽ മുഴുവൻ അവരുടെ കലാരൂപങ്ങൾ. അടച്ചു പൂട്ടൽ തീരുമ്പൊക്കും ഇല്ലം ഒരു ആർട്ട് ഗ്യാലറി ആവുമോ എന്തോ.

കുട്ട്യോളെ നിങ്ങൾക്ക് ഇങ്ങനെ അടച്ചുപൂട്ടി ഇരിക്കുമ്പോൾ ബോറടി തോന്നുന്നില്ലേ. ഞാൻ ചോദിച്ചു.ഉത്തരം ശരിക്കും അമ്പരപ്പിച്ചു.

അച്ചമ്മ എന്താ വിചാരിച്ചത്.നമ്മൾ ഇങ്ങനെ പൂട്ടി ഇരിക്കുന്നത് സൂക്കെട് വരാതിരിക്കാനാ.ടിവി യിൽ മന്ത്രി പറഞ്ഞത് ഞാൻ കേട്ടതാ.

ന്നാലും ഞങ്ങൾക്ക അപ്ഫനേം ചെറിയമ്മയെയും മാളുനേം കാണാൻ മോഹംണ്ട് . ഇതൊന്നു മാറിയാ മതിയായിരുന്നു.ഞങ്ങൾ കൈ നന്നായി കഴുകാറുണ്ട് . നല്ലോണം ശ്രദ്ധിച്ചാൽ ഈ കൊറോണ ഡാകിനിയെ ഓടിക്കാംല്ലേ? അങ്ങനെ തന്നെ ട്ടോ.എന്ന് പറഞ്ഞു ഞാൻ അവരെ ചേർത്ത് പിടിച്ചു.

**-ഗീതനാരായണൻ,**അരീക്കരഇല്ലം,
തിരുനാവായ.
മൊബൈൽ: 8593972928.

## കഴിഞ്ഞ് പഠിച്ച നൃത്തം വെറുതെയായില്ല

## 23

മഞ്ചേരിയിലെത്തി ചുവടു വെയ്ക്കുമ്പോൾ അതിന്റെ പിറകിലുള്ള ഒരു ക്ലേശവും അലട്ടിയില്ല.മാത്രമല്ല ഈ കൊറോണ നാളുകളിൽ മുഷിഞ്ഞിരിക്കുമ്പോൾ ഉന്മേഷം നൽകുന്ന വ്യായാമവുമായി.പക്ഷേ,പ്രിയഗുരു അരങ്ങേറ്റത്തെപ്പറ്റി പറഞ്ഞപ്പോൾ ഞെട്ടിപ്പോയി.മോഹം മുന്നിലാണെങ്കിലും സ്റ്റാമിന വില്ലനാകും എന്നൊരു തോന്നൽ.പക്ഷേ,ആകുലതകൾ അസ്ഥാനത്താണെന്ന് എന്നെ ബോധ്യപ്പെടുത്തിയ പ്രമോദ് തൃപ്പനച്ചിയെ നന്ദിയോടെ സ്മരിക്കട്ടെ.അരങ്ങേറ്റം മാത്രമല്ല നാലുവേദികൾ കൂടി പങ്കിട്ടു എന്ന് സന്തോഷത്തോടെ അറിയിക്കട്ടെ.ഓരോ വയസ്സു കൂടുമ്പോഴും പുതിയതായി എന്തെങ്കിലും പഠിക്കണം എന്ന ചിന്തയുള്ള രാമമ്മാമനെക്കൂടി ഈ നിമിഷം സ്മരിക്കുന്നു.ഒന്നേ പറയാനുള്ളൂ പ്രായം വിലങ്ങു തടിയല്ല.നിങ്ങൾക്കും ഇതിലും വലുത് സാധിക്കും''

**-സുമ എറിയാട് മന** പാണ്ടിക്കാട്,
മഞ്ചേരി. മൊബൈൽ: 9446971852



24

# സൂപ്പർ ഹിറ്റായ ആ ഗീതം ഉണ്ടായതിങ്ങനെ

വയനാട് ജില്ലാ ഹയർ സെക്കന്ററി സ്കൂൾ നാഷനൽ സർവ്വീസ് സ്കീമിന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ മോട്ടിവേറ്റ് ചെയ്യാൻ ഒരു ഗാനം വേണം. തൈക്കുടം ബ്രിഡ്ജ് മ്യൂസിക് ബാൻഡിന്റെ സ്ഥാപകരിലൊരാളായ നിരവധി സിനിമകളിൽ പാടുകയും ചെയ്ത ഗോവിന്ദ് വസന്ത ആണ് സംഗീതം.പ്രശസ്ത വയലിനിസ്റ്റും സിനിമാ പിന്നണി ഗായകനുമാണ് ഗോവിന്ദ് .

'മാഷ് ഒരു പാട്ട് ഉടൻ എഴുതണം .ഗോവിന്ദ് വസന്ത പാടാമെന്നും സമ്മതിച്ചിട്ടുണ്ട് '

നാഷണൽ സർവീസ് സ്കീം ജില്ലാ കോഓർഡിനേറ്ററും സഹപ്രവർത്തകനുമായ കെ.എസ്.ശ്യാൽ പറഞ്ഞു.ചെറിയ പരിഭ്രമമുണ്ടായി എന്നു പറയാമല്ലോ.എഴുത്തുമുറിയിൽ കയറി ധ്യാനിച്ചു.സരസ്വതി പ്രസാദിച്ചു .

**'ഒരു വട്ടം നമ്മളിത്തിരി അകന്നു നിൽക്കാം**
**മനസ്സു കൊണ്ടതിലേറെ അടുത്തു നിൽക്കാം**
**അകലം പാലിക്കാം തമ്മിൽ നിറയെ സ്നേഹിക്കാം**
**അകമേ നിന്നീടാം വ്യാധികളകലും വരെ നമ്മൾ**
**ഒരു വട്ടം നമ്മളിത്തിരി അകന്നു നിൽക്കാം**
**ഹൃദയത്താലുടനീളം ചേർന്നു നിൽക്കാം.**

മാനന്തവാടി എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥി ബേസിൽ റെജി ദൃശ്യാവിഷ്ക്കാരം നടത്തിയ ഈ ഗാനം ഗതാഗത വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ ഓൺലൈൻ ആയി പ്രകാശനം നടത്തി.

**ഷാജി മട്ടന്നൂർ**, കുംഭനില്ലം, ഗ്രാമത്തുവയൽ കൽപ്പറ്റ,വയനാട്.
(എസ്. കെ. എം.ജെഹയർ സെക്കന്ററി സ്കൂൾ, കൽപ്പറ്റ.മലയാള വിഭാഗം അധ്യാപകൻ മൊബൈൽ : 9447545629)



25

# ആറാട്ടുപുഴ മന്ദാരക്കടവിൽ ആദ്യമായി ഏറ്റ ആറാട്ട്

## എഞ്ചിനീയറായ തന്ത്രിയുടെ അനുഭവം

കഴിഞ്ഞ ജനുവരിയിലെ ആദ്യ വാരത്തിൽ അച്ഛൻ ഫോൺ വിളിച്ചു. 'എന്താ നിന്റെ പരിപാടി, പൂരത്തിന് വര്ണ്ണ്ടോ, വേഗം പറയണം.'

അച്ഛൻ അങ്ങനെയാണ്. തന്ത്രത്തിന് സ്ഥിരമായി ആളില്ലാത്തതും സമയത്തിന് ആളെ കിട്ടാൻ വിഷമവുമുള്ളതുകൊണ്ടും എല്ലാവരേയും മുൻകൂട്ടി പറഞ്ഞ് ഏൽപ്പിക്കും.

നാലു ദിവസത്തിനുള്ളിൽ വീണ്ടും അച്ഛന്റെഫോൺ. അപ്പോഴേക്കും ഏപ്രിൽ 1, 2, 3, 4 തിയതികളിൽ ഒരു ജപ്പാനീസ് കൺസൾട്ടന്റിന്റെ വിസിറ്റ് മൈസൂരും ഡൽഹിയിലും പ്ലാൻ ചെയ്തു കഴിഞ്ഞിരുന്നു. പെരുവനംപൂരവും ഇറക്കിപ്പൂജകളും നഷ്ടമാവും എന്ന് ഉറപ്പായി. എങ്കിലും 4ന് രാത്രി കൊച്ചിയിൽ എത്തുന്നവിധം ഡൽഹിയിൽ നിന്ന് ടിക്കറ്റ് ബുക്ക് ചെയ്തു.

കൃഷ്ണേട്ടനെ വിളിച്ച് ചേർപ്പിൽ ഭഗവതിയുടെ മന്ദാരക്കടവിലെ ആറാട്ട് ഞാൻ കഴിക്കാം എന്ന് പറഞ്ഞുറപ്പിച്ചു. പെരുവനത്തെ തൊടുകുളത്തിലും നറൂക്കുളങ്ങരയും പിടിക്കപ്പറമ്പിലും ഭഗവതിയുടെ ആറാട്ട് പലതവണ ചെയ്തിട്ടുണ്ട് എങ്കിലും ആറാട്ടുപുഴ പൂരത്തിന് പങ്കെടുക്കുന്ന ദേവിമാർ മുഴുവൻ നീരാടുന്ന മന്ദാരക്കടവിൽ ആറാട്ട് ഇതുവരെ ഉണ്ടായിട്ടില്ല.

ആറാട്ടുപുഴപൂരത്തിന്റെ പിറ്റേദിവസം രാവിലെ കാശി വിശ്വനാഥനടക്കം എല്ലാ ദേവന്മാരും മന്ദാരക്കടവിൽ എത്തും എന്നാണ് സങ്കല്പം.ആ സമയത്ത് ആറാട്ടുപുഴയാറിൽ ഗംഗയുടെ സാന്നിദ്ധ്യവും ഉണ്ടാവുമത്രേ. കാശിയിലോ ഹരിദ്വാറിലോ പോകാതെ ചുളിവിൽ ഒരുഗംഗാസ്നാനം ഞാൻ സ്വപ്നം കണ്ടു.

അച്ഛനെ വിളിച്ച് ഗ്രാമബലിയും കഴിക്കാം എന്നേറ്റു. രാത്രി മുഴുവൻ നടക്കണം. എന്നാലും പകുതി ദൂരമെങ്കിലും കഴിച്ച് രാത്രി മൈസൂരിലേക്ക് മടങ്ങാം എന്ന് തീരുമാനിച്ചുറച്ചു.

മൂന്നാഴ്ച മുൻപ് ഒരു ദിവസം വിസ കിട്ടാൻ വിഷമമാണ് എന്ന് പറഞ്ഞ് ഡോ.ഒസാഡ വിളിച്ചു.അപ്പോൾ പെരുവനം പൂരവും എന്റെ ലിസ്റ്റിൽ എഴുതിച്ചേർത്തു. പെരുവനത്ത്, നാലു പൂരങ്ങളും രാത്രി മുഴുവൻ നടവഴിയിലൂടെ നടന്ന് കാണണം! ഉണ്ണിയമ്പുറത്തെ ജയനോടും കുട്ടല്ലൂരെ വിനോദിനോടും, മടങ്ങർളി നാരായണേട്ടനോടും ശൈലജോപ്പോളോടുമൊക്കെ അസൂയ തോന്നാറുണ്ടായിരുന്നു. പൂരമായ പൂരങ്ങളൊക്കെ കറങ്ങി നടന്ന് അവർ കാണുന്നു. എത്ര ഫോട്ടോ ആണ് പോസ്റ്റ് ചെയ്ത് കൊണ്ടിരിയ്ക്കുന്നത്! പെരുവനത്തെ നടവഴി മനസ്സിൽ തെളിഞ്ഞു. കുട്ടദ്വയവും, സതീശനും കൊട്ടിത്തിമർക്കുന്നു. പക്ഷേ,ഭാഗ്യം തെളിഞ്ഞില്ല, അതാ ഇടിത്തീ പോലെ കൊറോണയും 21 ദിവസത്തെ ലോക്ഡൗട്ടും. പൂരങ്ങളും ചടങ്ങുകളും മാറ്റിവച്ചു എന്ന് അച്ഛൻ പറഞ്ഞു. മന്ദാരക്കടവു നഷ്ടമാവുന്നതിനേക്കാൾ വിഷമം തോന്നിയത് വാദ്യ കലാകാരന്മാർക്ക് ഒരുപൂരക്കാലത്തെ വരുമാനം നഷ്ടമാവുന്നത് ഓർത്താണ്.

**മനീഷ് ഭട്ടതിരിപ്പാട്**
പടിഞ്ഞാറേടത്ത് മന
പെരുവനം തൃശൂർ.മൈസൂരിൽ
എഞ്ചിനീയറാണ് മനീഷ് ഭട്ടതിരിപ്പാട്
മൊബൈൽ : 9819185636

26

## തീണ്ടാർന്നിരിക്കണ മട്ട്

**സത്യം പറഞ്ഞാൽ ഒരു തീണ്ടാർന്നിരിക്കണ മട്ടാണ്, ബാംഗ്ലൂര് നിന്ന് വന്നതിന്റെ നിരീക്ഷണക്കാലം. കൊറോണയ്ക്ക് തൊട്ടുമുമ്പ് ഓഫീസ് ആവശ്യത്തിന് ബാംഗ്ലൂരിൽ ആയിരുന്നു.അതിനാൽ വേറെ കിണ്ണവും ഗ്ളാസും.മാറിരിക്കാൻ ഒരു മുറി.കിണ്ണം വച്ചു നമ്മൾ മാറി നില്ക്കണം. എന്നാൽ ചോറ് വിളമ്പിത്തരും.**

രാമചന്ദ്രൻ തെക്കേടം ഗുരുവായൂർ
ധനലക്ഷ്മി ബാങ്കിൽ ഓഫീസർ.
മൊബൈൽ : 9496444500





## 27 ഞങ്ങളുടെ അപ്പുറത്ത് ചൈനയാണ്

ഞങ്ങളുടെ അപ്പുറത്ത് ചൈനയാണ്,അതിനാൽ എല്ലാരും നല്ല പേടിയിൽ കൊറോണ പൊട്ടിപ്പുറപ്പെട്ടത് അവിടെ നിന്നാണ്. ചൈനയുടെ ടിബറ്റ് അരുണാചലിന്റെ അയൽവക്കമാണല്ലോ. അതിനാലാവാം എല്ലാവരും ജാഗ്രതയിലാണ്. പ്രത്യേകിച്ചും നഗരങ്ങളിലെ അന്യനാട്ടുകാരായ ഉദ്യോഗസ്ഥർ.

അരുണാചൽ പ്രദേശിന്റെ തലസ്ഥാനമാണ് ഇറ്റാനഗർ. പൊതുവേ തണുപ്പ്. ജനസാന്ദ്രതയുള്ള സ്ഥലമായതിനാൽ ധാരാളം സാധനങ്ങൾ വാങ്ങി സ്റ്റോക്ക് ചെയ്യുന്ന പരിപാടി ഇല്ല. പെട്ടെന്ന് രാത്രി 21 ദിവസത്തെ ലോക് ഡൗൺ. ഷോപ്പുകൾ രാത്രി വൈകുന്നതിനു മുമ്പേ (നല്ല തണുപ്പാണല്ലോ) അടയ്ക്കുന്നതിനാൽ അന്ന് ഒന്നും വാങ്ങിക്കാൻ പറ്റിയില്ല.

അരുണാചലിൽ പച്ചക്കറികൾക്ക് ആസാമിനെ ആശ്രയിക്കണം. ഇവിടെ ധാരാളം ലഭിക്കുന്ന ആപ്പിളും ഓറഞ്ചും ലിച്ചിപ്പഴവും സീസൺ കഴിഞ്ഞതിനാൽ അത്ര കിട്ടാനുമില്ല. ഏതായാലും രാവിലെ നേരത്തെ മാർക്കറ്റിൽ എത്തി. സാധനങ്ങൾക്ക് അവിടെ അടിയാണ്. (പുഴുക്കളും ഇറച്ചിയും വിൽക്കുന്ന നോൺ വെജ് മാർക്കറ്റിൽ ഇതിലും റഷ് ആണത്രെ). കുറച്ചു സാധനങ്ങൾ മാത്രമേ വാങ്ങാൻ പറ്റിയുള്ളൂ. ഭാഗ്യം, അരിക്കും ഗോതമ്പു പൊടിക്കും ക്ഷാമമില്ല.

ആഴ്ചയിൽ ഒരു ദിവസമേ പുറത്തു പോകാറുള്ളൂ. വെണ്ടയും തക്കാളിയും ചീരയുമൊക്കെ അവസാനം കണ്ടത് മാർച്ച് 24 നാണെന്ന് പറയാം. ഇപ്പോൾ ശരണം ചെറുപയറും കടലയും ഉള്ളി, ഉരുളക്കിഴങ്ങുകളും മാത്രം. പാലിനു പകരം ടിന്നിൽ കിട്ടുന്ന പാൽപ്പൊടിയും.

വിദഗ്ധർ എന്തു തന്നെ പറഞ്ഞാലും പത്രങ്ങളിൽ കൂടി കൊറോണ വരുമെന്ന പേടി എല്ലാർക്കുമുണ്ട് .മിക്കവാറും പേർ ഏജന്റു വഴി ദിനപത്രങ്ങൾ വീട്ടിൽ വാങ്ങുന്നത് ഇവിടെ നിർത്തിയിരിക്കയാണ് .

**രവി മങ്ങാട്ടില്ലം** ഏറ്റുമാനൂർ,കോട്ടയം (അരുണാചൽ പ്രദേശിൽ ആഡിറ്റ് & പെൻഷൻ ഡയറക്ടറേറ്റിൽ ഓഫീസർ.മൊബൈൽ 9485247028)

.........................................................................



## 28 പഠിച്ചത് വെറും പാചകമല്ല

ഞാൻ ആര്യ സജിത്ത്.കോട്ടയത്ത് തപാൽ വകുപ്പിൽ ജോലി.അരീക്കോട് മൈത്രയിലെ കുന്നത്ത് കരിപ്പത്താണ് എന്റെ ഇല്ലം. വിദ്യാഭ്യാസം, ഉപരി പഠനം ഹോസ്റ്റൽ ജീവിതം, അങ്ങിനെ പോയപ്പോൾ വേണ്ട രീതിയിലുള്ള അടുക്കള ജോലി പഠിക്കാൻ പറ്റിയില്ല.വേളി കഴിഞ്ഞ് പുതുമനയിൽ എത്തിയപ്പോൾ അമ്മ പുതുമനക്കാരോട് പറഞ്ഞു. 'ആര്യക്ക് അടുക്കള ജോലി അത്ര പരിചയമില്ല. അതെല്ലാം ഒന്ന് പറഞ്ഞു ചെയ്യിക്കേണ്ടി വരും.

ഈ കൊറോണക്കാലം അതിനുപകരിച്ചു.എല്ലാവരും ഒന്നിച്ച് ചേർന്ന് ഇല്ലത്ത് ഇരിക്കൽ. സജിത്തേട്ടൻ ശാന്തിപ്പണി വേഗത്തിൽ കഴിച്ച് വരും. അപ്പോൾ ആധുനിക രീതിയിലുള്ള ഭക്ഷണം പാചകം ചെയ്യുന്ന കാര്യങ്ങൾ പഠിപ്പിച്ചു തരും, പുള്ളിക്കാരൻ കുറച്ചു കാലം വിദേശത്തും നാട്ടിൽ സ്റ്റാർ ഹോട്ടലിലും ആയിരുന്നു. അടുക്കളയിലെ കാര്യങ്ങളിലെ ടെക്ക്നിക്കൽ ജോലിയാണ് ചെയ്യേണ്ടത്.
അതോടെ രസകരമായ മസാല ചേർത്തുള്ള പല വെജിറ്റേറിയൻ വിഭവങ്ങൾ ഉണ്ടാക്കാൻ പഠിച്ചു. അത് എനിക്ക് പഠിപ്പിച്ചു തന്നു. കാഴ്ചയിൽ നോൺ വെജിറ്റേറിയൻ പോലെ തോന്നിക്കുന്ന പരിഷ്ക്കാരം. ഈ കൊറോണ കാലത്ത് അത് സാധിച്ചു.

ഇപ്പോൾ അടുക്കള ഭക്ഷണം ഞാൻ ഒറ്റക്ക് മാനേജ് ചെയ്യും.ഇതിനിടയിൽ ആശുപത്രിയിൽ കിടക്കുന്ന രോഗികൾക്ക് പൊതിച്ചോറ് ഉണ്ടാക്കി കൊടുത്തു. നാലു പേർക്കുള്ള ചോറ്, സാമ്പാർ, തോരൻ, ഉപ്പിലിട്ടത് അങ്ങിനെ നാല് പൊതി. പുലർച്ചെ നാല് മണിക്ക് തുടങ്ങും. 8 മണിക്ക് പൊതിച്ചോർ ശേഖരിക്കുവാൻ വരുമ്പോഴേക്കും എല്ലാം റെഡിയാക്കണം. അങ്ങിനെ ഒഴിവുകാലത്ത് മറ്റൊരു പഠനം നടത്തി അതിൽ വിജയിക്കാൻ പറ്റി.

**ആര്യ സജിത്ത്,** വൈക്കം മൊബൈൽ 8330086062

.........................................................................



## 29 മതിൽക്കെട്ടിന് അകത്തെല്ലാം പോസിറ്റീവ്

ഞാൻ വടക്കുംനാഥനിലെ മേശാന്തി.ഇവിടെ പുറപ്പെടാശാന്തിയാണ്. ഞങ്ങളെ സംബന്ധിച്ച് ഈ ലോക്ക് ഡൗൺ ദിവസങ്ങൾ കടന്നു പോയത് അറിഞ്ഞില്ല.കാരണം ദൈനം ദിന കാര്യങ്ങളിൽ ഒരു വ്യത്യാസവും വരുത്തിയില്ല.പൂജക്ക് മുടക്കമില്ല. വേറൊന്നും ആലോചിക്കാതെ ഭഗവാനിൽ മാത്രം സമർപ്പിച്ചു. മതിൽക്കെട്ടിനകത്ത് പോസിറ്റീവ് എനർജി മാത്രം.

ഭക്തരും പുറപ്പെടാശാന്തിമട്ടിൽത്തന്നെ. ഒരാളും അകത്തേക്കില്ല.പലരും ഫോണിൽ വിളിച്ച് തൊഴാൻ പറ്റാത്ത വിഷമം പറയാറുണ്ട്.വേറെ ചിലർക്ക് പൂരം മാറ്റി വച്ചതിലെ വിഷമമാണ്. എന്തിനു വിഷമിക്കുന്നു. നന്നായി പ്രാർത്ഥിക്കുക. അതേ വേണ്ടൂ.

**എ.എസ് രാമൻ നമ്പൂതിരി.**
അണിമംഗലത്ത് മന. മാടായിക്കോണം പി.ഒ, ഇരിങ്ങാലക്കുട.

# പണം ആവശ്യമായപ്പോൾ എ.ടി.എം പൂമുഖത്തെത്തി



പെട്ടെന്നാണ് പൈസയുടെ ഒരു അത്യാവശ്യം വന്നത്. ബാങ്കിൽ പോയി പൈസ എടുക്കാൻ നിവൃത്തിയില്ല. കുട്ടികളുടെ പോക്കറ്റ് മണി കഴിഞ്ഞ ആഴ്ച അമ്പലത്തിലെ ശാന്തിക്കാരൻ വാങ്ങിയിരിക്കുണു. അമ്മയും തൽക്കാലം കൈ മലർത്തി. അപർണ്ണയുടെ പേഴ്സിൽ കൈയ്യിട്ടപ്പോൾ കുറെ ബില്ലുകളും ,പിന്നെ രണ്ട് ദിവസങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന പലചരക്ക് സാധനങ്ങളുടെ ലിസ്റ്റും കിട്ടി.

അപ്പോഴാണ് പോസ്റ്റ് ഓഫീസിലെ മൈക്രോ എ.ടി.എമ്മി നെക്കുറിച്ച് ഓർമ്മ വന്നത്. ഇവിടെ വെച്ച്, കഴിഞ്ഞ വർഷം നടത്തിയ അഖില ഭാരത ശ്രീമദ് ദേവീഭാഗവത നവാഹസത്ര സമയത്ത് പോസ്റ്റൽവകുപ്പിന്റെ സേവനം ഉണ്ടായിരുന്നു. സത്രദിനങ്ങളിൽ ധാരാളം പേർ ഈ സൗകര്യം ഉപയോഗിച്ച് പൈസ എടുത്തിരുന്നു. അപ്പോൾ ഒരു അക്കൗണ്ട് ഞാനും എടുത്തിരുന്നു. ഉടനെ തന്നെ, നമ്മുടെ സത്രത്തിന്റെ ജീവാത്മാവും പടിഞ്ഞാറ്റുംമുറി പോസ്റ്റ്മാനും ,സുഹൃത്തുമായ ബാബുവിനെ വിളിച്ചു. നിമിഷങ്ങൾക്കുള്ളിൽ പൂർണ്ണസജ്ജീകരണങ്ങളോടെ ബാബു ഇവിടെ, ഇല്ലത്ത് വന്നു.

സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച്,സാനിറ്റൈസർ ഉപയോഗിച്ച് കൈ കഴുകി. ഞാൻ ആധാർ നമ്പർ കൊടുത്തു. വിരൽ അമർത്തി. പൈസ സന്തോഷത്തോടെ കൈപ്പറ്റി. വീണ്ടും ഞങ്ങൾ രണ്ട് പേരും സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ വൃത്തിയായി കഴുകി. തികച്ചും സൗജന്യമായിട്ടാണ് തപാൽ വകുപ്പിന്റെ ഈ സേവനം എന്നുകൂടി മനസ്സിലാക്കിയപ്പോൾ, എനിക്ക് നിങ്ങളോരോരുത്തരേയും ഈ കാര്യങ്ങൾ അറിയിക്കണമെന്ന് തോന്നി. തപാൽ വകുപ്പിനെ കുറിച്ച് അഭിമാനം തോന്നിയ നിമിഷം.

*ഇല്ലത്ത് എത്തിച്ച പോസ്റ്റ് ഓഫീസിലെ മൈക്രോ എ.ടി.എമ്മിൽ വിരൽ അമർത്തി പണം കൈപ്പറ്റുന്നു*





**പരമേശ്വരൻ നമ്പൂതിരിപ്പാട്**
മൊടപ്പിലാപ്പള്ളി മന പടിഞ്ഞാറ്റും മുറി മലപ്പുറം മൊബൈൽ : 8606052226


**മുംബൈ പോലൊരു മഹാനഗരത്തിൽജോലി.ജോലി ബാങ്കിൽ ആയതിനാൽ എല്ലാ ദിവസവും പോണം. പിറ്റേന്ന് വൈകിട്ട്ബാങ്കിൽനിന്ന് വന്നപ്പോൾ ആണ് ആ ഞെട്ടിക്കുന്ന വിവരംഅറിഞ്ഞത്. ആ സൂപ്പർ മാർക്കറ്റ് പൂട്ടി മുദ്ര വെച്ചു.ഏതോ ജോലിക്കാരന് കൊറോണ സ്ഥിരീകരിച്ചു.**




# ദൈവാധീനം കൊണ്ട് രക്ഷപ്പെട്ടു



കൊറോണക്കാലം.മുംബൈ പോലൊരു മഹാനഗരത്തിൽ ജോലി.ജോലി ബാങ്കിൽ ആയതിനാൽ എല്ലാ ദിവസവും പോണം. താമസം അടുത്ത് തന്നെയായതിനാൽ യാത്രയ്ക്ക് വല്യ ബുദ്ധിമുട്ട് അനുഭവിച്ചില്ല. വഴിയിൽ ധാരാളം ചെറുകിട കച്ചവടം. പച്ചക്കറികളും,പലചരക്കും മറ്റുമായി ഒരുപറ്റം ആളുകൾ. അവരെ പൊതിഞ്ഞ് ലോക്ക്ഡൗൺ ആണെന്നതിനാൽ ജോലിക്ക് പോകാതെ ഇരിക്കുന്നവർ (അവർ എന്തിനാണ് ജോലിക്ക് പോകാതെ ഇരിക്കുന്നത് എന്ന ബോധം പോലും ഇല്ലാതെ പോയല്ലോ ഈശ്വരാ).അത്യാവശ്യം ഉള്ള സാധനങ്ങൾ ആഴ്ചയിൽ ഒരിക്കൽ വാങ്ങാറാണ് പതിവ്. ഇവിടെ ഒറ്റയ്ക്ക് താമസം ആയതിനാൽ പലതും കുറേശ്ശയെ വേണ്ടൂ. പല കടകളിലും അങ്ങനെ കുറേശ്ശയായി തരാനും താല്പര്യക്കുറവ്. അങ്ങനെ നോക്കിയപ്പോൾ തൊട്ടടുത്ത് ഒരു സൂപ്പർമാർക്കറ്റ് തുറന്നിരിക്കുന്നത് ശ്രദ്ധയിൽപെട്ടു.അതാകുമ്പോൾ ഒരുഗുണം എന്താന്നുവെച്ചാൽ 100 ഗ്രാം ആയാലും എടുക്കാം. ബുദ്ധിമുട്ടില്ല. അവിടെ ചെന്നു. ഒന്നേ നോക്കിയുള്ളൂ. ഗുരുവായൂർ തൊഴാൻ നിൽക്കുന്ന പോലുള്ള നീണ്ടവരി. ആളുകൾ ക്ഷമയോടെ കാത്തു നിൽക്കുന്നു. അങ്ങനെ മണിക്കൂറുകൾ നിൽക്കേണ്ടിവരും എന്ന് മനസ്സിലാക്കി അവിടെ നിന്നും സ്ഥലം കാലിയാക്കി അടുത്തുള്ള ഒരു ചെറിയ കടയിൽ പോയി അത്യാവശ്യം വേണ്ടത് വാങ്ങി മുറിയിൽ എത്തി. പിറ്റേന്ന് വൈകിട്ട് ബാങ്കിൽനിന്ന് വന്നപ്പോൾ ആണ് ആ ഞെട്ടിക്കുന്ന വിവരംഅറിഞ്ഞത്. ആ സൂപ്പർ മാർക്കറ്റ് പൂട്ടി മുദ്ര വെച്ചു.ഏതോ ജോലിക്കാരന് കൊറോണ സ്ഥിരീകരിച്ചു.അവിടെ അടുത്തിടെ സാധനം വാങ്ങാൻ പോയവർ സ്വയം നിരീക്ഷണത്തിൽ കഴിയാൻ നിർദേശവുമായി സെക്യൂരിറ്റി വാതിൽക്കൽ.. ദൈവാധീനം എന്നല്ലാതെ എന്തു പറയാൻ. തലനാരിഴയ്ക്ക് ഇത്തവണയും രക്ഷപെട്ടു.


**മങ്കുന്നം കണ്ണൻ**
ഫ്ളാറ്റ് നമ്പർ 1502/7 ഇന്ദ്രപ്രസ്ഥ,
സി. എച്ച്. എസ്. എൽ,
നിയർ ആധാർവാടി ചൈക്,
കല്യാൺ വെസ്റ്റ്.
മൊബൈൽ+91 79076 73984




## അമേരിക്കയിൽ നിന്ന് ടെൻഷനടിക്കുന്ന അച്ചുവും ടെൻഷനില്ലാത്ത പാച്ചുവും

മുത്തശ്ശാ അച്ചുനും ചെറിയ ടെൻഷൻ ണ്ട്.ഇവിടെ അച്ചുവിന്റെ ഫ്രണ്ട്സ് ഒക്കെ വലിയ ടെൻഷനിലാ. ഫോൺ ചെയ്യുമ്പോൾ അറിയാം അച്ചുനും ചെറിയ ടെൻഷൻ ഉണ്ടെന്ന്.

അവൻ പറയാണ് ഈ അസുഖത്തിൽ നിന്ന് നമ്മൾ രക്ഷപെടാൻ നമ്മൾ മാത്രമേ ഉണ്ടാകൂ.ലോകത്താർക്കും നമ്മെ രക്ഷിക്കാൻ പറ്റില്ലെന്നുറച്ചു വിശ്വസിച്ച് അവനവൻ ചെയ്യണ്ടത് ചെയ്യാനാണ് അച്ഛൻ പറഞ്ഞതത്രെ.

അത് ശരിയാണെന്നച്ചൂന്ന് തോന്നണൂ.പക്ഷേ ഇവിടെ അമേരിക്കൻ പ്രസിഡന്റ് തന്നെ അമേരിക്കയിൽ രണ്ടര



ലക്ഷം പേർ മരിക്കും എന്ന് പറഞ്ഞപ്പോൾ അച്ചു ഒന്നു പേടിച്ചു. ഒരിക്കലും പ്രസിഡന്റ് അങ്ങിനെ പുറത്ത് പറയരുതായിരുന്നു. ഇവിടെ കുട്ടികൾക്ക് ഇതിനെ സംബന്ധിച്ച് ക്ലാസുകൾ ഒന്നുമില്ല.ഇതിനെടുക്കേണ്ട മുൻകരുതലിനെപ്പറ്റി നാട്ടിൽ നല്ല ക്ലാസുകൾ നടക്കുന്നത് കേട്ട് അമ്മ പറഞ്ഞു തരും.ആരുമായും ബന്ധപ്പെടാതെ വൃത്തിയും ശുദ്ധിയും സൂക്ഷിച്ച് ജീവിച്ചാൽ ഇതു വരില്ല ഉറപ്പ്.

പാച്ചുവിന് ഒരു ടെൻഷനുമില്ല. കളിച്ച് ചിരിച്ച് ഓടി നടക്കുന്നു. കുട്ടികൾക്കായി അമ്മ മാസ്ക് ഉണ്ടാക്കി കൊടുക്കുന്നുണ്ട്. സൂപ്പർമാൻ, സ്പൈഡർമാൻ തുടങ്ങിവരുടെ മുഖം മൂടിയുടെ ആകൃതിയിൽ. അവൻ അതും വച്ച് കൊറോണക്കെതിരെ ഫൈറ്റ് ചെയ്ത് ഓടി നടക്കുകയാണ്.ലോകത്ത് ഇത്രയും ടെൻഷൻ ഇല്ലാതെ അവൻ മാത്രമേ ഉണ്ടാകൂ. കൊച്ചു കുട്ടിയല്ലേ. ഒരു കണക്കിനവനാ ഭാഗ്യവാൻ. നാട്ടിലേക്ക് ഉടനേ വരാനുള്ള മോഹമൊക്കെ അച്ചു പതുക്കെ പതുക്കെ ഉപേക്ഷിച്ചു തുടങ്ങി.സങ്കടായി.എന്നാലും നിവൃത്തിയില്ല മുത്തശ്ശാ......

**അനിയൻ തലയാറ്റുംപിള്ളി**
കുറിച്ചിത്താനംപി.ഒ
കോട്ടയം 686634
മൊബൈൽ: 9447138644




## കൊറോണക്കാലത്തെ രോഗാർത്ത

ലോകവും രോഗാർത്തയും ഉണ്ടായ ശേഷം ദർഭപ്പുല്ല് കൊണ്ട് പരസ്പരം ബന്ധിപ്പിക്കാതെ, ഓൺലൈൻ കണക്ഷനിലൂടെ നടത്തിയ ആദ്യ രോഗാർത്ത.

രോഗം മൂർച്ഛിച്ച് മരണശയ്യയിൽ കഴിയുന്നവരുടെ പാപമുക്തിക്കായി നടത്തുന്ന പ്രത്യേക പ്രാർത്ഥനയാണ് 'രോഗാർത്ത'. രോഗത്തിൽ നിന്ന് മുക്തിയോ ഈ ലോകത്തിൽ നിന്നു തന്നെ മുക്തിയോ ലഭിക്കുമെന്നാണ് വിശ്വാസം. രണ്ടായാലും മരണശയ്യ വിടാം. 632 ഉരു വിഷ്ണു സഹസ്രനാമജപമാണ് ചടങ്ങ്.

കടപയാദി എന്ന അക്ഷര സംഖ്യാ ശാസ്ത്ര പ്രകാരം 'രോഗാർത്ത' എന്നതിന്റെ സംഖ്യാ രൂപമാണ് 632.നിരവധി പേർ ഒത്ത് ചേർന്ന് ഒന്നോ രണ്ടോ ദിവസം തുടർച്ചയായി ജപിച്ചാണ് ഈ ലക്ഷ്യം നേടാറുള്ളത്.

കിണ്ടിയിലെ തീർത്ഥത്തിലേക്ക് കൂർച്ചം വഴി മന്ത്രശക്തിയെ എത്തിയ്ക്കും.കൂടുതൽ ആളുള്ളതിനാൽ ദർഭപ്പുല്ല് കൊണ്ട് ഒരു ലോക്കൽ ഏരിയ നെറ്റ് വർക്ക് തീർത്ത് കണക്റ്റിവിറ്റി നൽകും.

84 പിന്നിട്ടെങ്കിലും ആരോഗ്യവാനായിരുന്ന ഞങ്ങളുടെ മുത്തശ്ശൻ പെട്ടെന്ന് കിടപ്പിലായി. ഒരു മാസത്തിനകം വെള്ളം കൊണ്ട് ചുണ്ട് നനയ്ക്കേണ്ട അവസ്ഥയിലായി.ചിലർ നിർദ്ദേശിച്ച പ്രകാരം രോഗാർത്ത തുടങ്ങി.

അൽഭുതമെന്ന് പറയട്ടെ, ജപം അവസാനമായപ്പോഴേക്കും മുത്തശ്ശൻ ഊന്നുവടിയിൽ നടന്ന് ജപ സ്ഥലത്തേക്ക് വരികയും ദക്ഷിണ നൽകുകയുമുണ്ടായി.

കൊറോണ മുക്ത ലോകത്തിനായി പ്രാർത്ഥനാദിനം ആചരിക്കാൻ യോഗക്ഷേമസഭ ആഹ്വാനം ചെയ്തപ്പോൾ ഞങ്ങളുടെ ഉപസഭയിൽ 'രോഗാർത്ത' നടത്താമെന്ന ആശയം ഉദിച്ചത് ഈ അനുഭവം കൊണ്ടാവാം.

പക്ഷേ സാഹചര്യം തികച്ചും വ്യത്യസ്തമാണ്.ഒരു രോഗിയും കൂടിയിരുന്ന് ജപിക്കാൻ നിരവധി ആളുകളുമാണ് പതിവെങ്കിൽ, ലോകത്താകമാനം ലക്ഷക്കണക്കിന് രോഗികളും കൂട്ടം കൂടാതെ ബ്രേക്ക് ദ ചെയിനിൽ കഴിയുന്ന ആളുകളുമാണ് ഇന്നുള്ളത്.

ഉപസഭയിലെ അംഗബലം നോക്കുമ്പോൾ 632 ഉരു സഹസ്രനാമം ഒരു മരീചികയല്ല. പക്ഷേ ലോക് ഡൗൺ ആയതിനാൽ ആളുകളെ സംഘടിപ്പിക്കൽ അൽപം ശ്രമകരമാണ്. ടെലിഫോണും വാട്സ് ആപ്പും മാത്രമാണ് ആശ്രയം.പ്രതീക്ഷയോടെ അല്ലെങ്കിലും ഗ്രൂപ്പിൽ ഒരു മെസേജ് പോസ്റ്റ് ചെയ്തു. എന്നാൽ അംഗങ്ങളത് താൽപര്യത്തോടെ ഏറ്റെടുത്തു.

മനസ്സുകൾ തമ്മിലുള്ള ഐക്യം ദർഭപ്പുല്ല് കൊണ്ടുള്ള ബന്ധത്തിന്റെ ഫലം ചെയ്യുമെന്ന് വിശ്വാസത്തോടെ അംഗങ്ങൾ സ്വന്തം ഇല്ലത്തിരുന്ന് ജപം തുടങ്ങി.

അറ്റന്റൻസും ജപിച്ച സംഖ്യയും അവരവർ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. വൈകുന്നേരം ജപം നിർത്തിയപ്പോൾ ആകെ സംഖ്യ 350 കടന്നതേ ഉള്ളൂ.

ജപം തുടർന്ന് ലക്ഷ്യം നേടണമെന്ന അഭിപ്രായം ഉയർന്നതോടെ യജ്ഞം രണ്ടാം ദിനത്തിലേക്ക് നീണ്ടു. ജപത്തിന്റെ സ്റ്റാറ്റസ് ഗ്രൂപ്പിൽ തൽസമയം അപ്ഡേറ്റ് ചെയ്തു കൊണ്ടിരുന്നു.

ഒരു ഉത്തേജനത്തിനായി, അപ്ഡേഷൻ, ജപിച്ച് തീർന്ന സംഖ്യയിൽ നിന്ന് ലക്ഷ്യത്തിലേക്കുള്ള ദൂരമാക്കിയത് ഫലം കണ്ടു. പ്രോഗ്രാം അന്ന് തന്നെ തീർക്കാനാകുമെന്ന് പലർക്കും തോന്നിത്തുടങ്ങി.

ഇതിലേക്ക് ഒരു ഉരുവെങ്കിലും തന്റെ വകയായി കൂട്ടിച്ചേർക്കുവാൻ എല്ലാവരും ശ്രമിച്ചു. കൗണ്ട് 'ഡൗൺ' ആയിക്കൊണ്ടിരുന്നു. ഉപസഭയിലെ ഒട്ടുമിക്ക ഇല്ലങ്ങളിലും സഹസ്രനാമജപം മുഴങ്ങി.

ലക്ഷ്യം നേടിയതോടെ യജ്ഞപൂർത്തീകരണത്തിന്റെ സൂചന നൽകിക്കൊണ്ട് ഗ്രൂപ്പിൽ 'സർവത്ര ഗോവിന്ദ നാമസങ്കീർത്തനം...... ' തെളിഞ്ഞു.

മലപ്പുറം ജില്ലയിലെ അരീക്കോട് ഉപസഭയാണ് മാർച്ച് 29, 30 തിയ്യതികളിലായി ഈ ചടങ്ങ് സംഘടിപ്പിച്ചത്.എൺപതോളം സഭാംഗങ്ങൾ പങ്കെടുത്ത ഈ സൽകർമ്മം സംസ്ഥാന സഭയുടെ വരെ അഭിനന്ദനങ്ങൾക്ക് അർഹമായി.

ലോകരക്ഷയ്ക്കായി സാമൂഹ്യ അകലം പാലിച്ച്, കൂട്ടം കൂടാതെ നടത്തിയ ഈ കൂട്ടപ്രാർത്ഥനക്ക് ഗുണഫലം ഉണ്ടാകുമെന്ന് പ്രത്യാശിക്കാം.

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു.അംഗങ്ങൾ പരസ്പരം നന്ദി പറഞ്ഞും ലൈക് ചെയ്തും ഗ്രൂപ്പിൽ നിന്ന് മറഞ്ഞു .

**കൃഷ്ണൻ നമ്പൂതിരി, പാനാട്ട് ഇല്ലം**
അരീക്കോട് ഉപസഭ, മലപ്പുറം ജില്ല
മൊബൈൽ9048486430




# ആ ക്വാറന്റീൻകാരൻ കാരണം കുറച്ചൊന്നുമല്ല കുഴങ്ങിയത്



**പാസ്ബുക്ക് പ്രിന്റ് കൊടുക്കാതെ,സ്ളിപ്പുകൾ കൈകൊണ്ടു പോലും തൊടാതെ, ഗ്ളൗസും മാസ്കുമിട്ട്, അന്നന്നു വന്ന നോട്ടുകൾ 48 മണിക്കൂറിലേക്ക് മാറ്റി വച്ച്, സാനിറ്റൈസർ കൊണ്ട് കൗണ്ടർ മുഴുവൻ തുടച്ച് വൃത്തിയാക്കി,മൊബൈൽ ഫോൺ പോലും സാനിറ്റൈസറിൽ മുക്കി... അങ്ങനെ പരമാവധി സുരക്ഷ പാലിച്ച ഇടമാണ് അയാൾ വന്ന് അട്ടിമറിച്ചത്. തൊട്ടടുത്ത പൊലീസ് സ്റ്റേഷനിൽ അറിയിക്കണോ? എല്ലാവർക്കും പരിഭ്രമമായി.**

കൗണ്ടറിൽ നിന്ന് പണം വാങ്ങി എണ്ണുന്നതിനിടയിലാണ് അയാൾ പറഞ്ഞത്. ''മിനിഞ്ഞാന്നാണ് സൗദിയിൽ നിന്ന് ഉംറ കഴിഞ്ഞ് വന്നത്. ഞമ്മള് നിരീച്ചണത്തിലാണ്.വെക്കം പോട്ടെ.''ഇതും പറഞ്ഞ് അയാൾ ധൃതിയിൽ സ്ഥലം വിട്ടു.

ഹോം ക്വാറന്റീനിൽ കഴിയാൻ നിർദ്ദേശിക്കപ്പെട്ട ആലിക്കോയ ബാങ്കിലെത്തിയിരിക്കുന്നു! അതും മാസ്കു പോലും ധരിക്കാതെ.അയാൾ ഈത്തപ്പഴമൊന്നും നൽകാതിരുന്നത് ഭാഗ്യം. കയ്യിലുണ്ടായിരുന്ന നോട്ടുകൾ താഴെ വീണു.

എല്ലാവർക്കും പരിഭ്രമമായി. ഇതിനിടയിൽ ഷിജിത് ആലിക്കോയയുടെ നമ്പർ തപ്പിയെടുത്ത് വിളിച്ചു. (ആളുടെ ഐഡന്റിറ്റി അറിയാതിരിക്കാൻ വേറെ പേരാണ് ഉപയോഗിക്കുന്നത്.) നോട്ട് റീച്ചബിൾ.

''കസ്റ്റമർമാർ കൗണ്ടർ തൊടാത്ത വിധം ഒരു മീറ്റർ അകലം പാലിച്ച് നമ്മൾ കയറൊക്കെ കെട്ടി ഉപരോധിച്ചിട്ടും അതും മറികടന്ന് അയാൾ കയറി വന്നല്ലൊ.''

ഉംറ കഴിഞ്ഞെത്തിയ അരീക്കോട്ടുകാരിക്ക് കൊറോണ സ്ഥിരീകരിച്ചത് ഈയിടെയാണ്.കൊറോണക്കാരൻ കയറിയതിനാൽ നിരീക്ഷണമേർപ്പെടുത്തിയ മലപ്പുറം ജില്ലയിലെ മൂന്നു പള്ളികളിലൊന്ന് ഇവിടെയാണെന്ന് വാർത്ത വന്നിരുന്നു. ഇയാളായിരിക്കുമോ അയാൾ? അങ്ങനെയുള്ള വാഴക്കാട്ടാണ് ബാങ്ക്.തൊട്ടടുത്ത പൊലീസ് സ്റ്റേഷനിൽ അറിയിക്കണോ?

പാസ്ബുക്ക് പ്രിന്റ് കൊടുക്കാതെ,സ്ളിപ്പുകൾ കൈകൊണ്ടു പോലും തൊടാതെ, ഗ്ളൗസും മാസ്കുമിട്ട്, അന്നന്നു വന്ന നോട്ടുകൾ 48 മണിക്കൂറിലേക്ക് മാറ്റി വച്ച്,സാനിറ്റൈസർ കൊണ്ട് കൗണ്ടർ മുഴുവൻ തുടച്ച് വൃത്തിയാക്കി,മൊബൈൽ ഫോൺ പോലും സാനിറ്റൈസറിൽ മുക്കി... അങ്ങനെ പരമാവധി സുരക്ഷ പാലിച്ച ഇടമാണ് ആലിക്കോയ വന്ന് അട്ടിമറിച്ചത്.

യു.എസിൽ പഠിക്കുന്ന മകൻ മുന്നറിയിപ്പു തന്നത് ഓർമ്മ വന്നു. ''അമ്മ ഇനി ബാങ്കിൽ പോണ്ട. പരമാവധി സംഭവിക്കുക ജോലി നഷ്ടപ്പെടലല്ലേ.''

പറഞ്ഞാൽ കേൾക്കാത്ത ജനങ്ങൾക്കിടയിൽ പോയി പ്രവർത്തിക്കുന്നതിലെ ആശങ്ക അവനുണ്ടായിരുന്നു. ഇങ്ങനെയൊക്കെ ചിലർ വന്ന് പ്രശ്നമുണ്ടാക്കുമെന്നതിനാലാണ് ബാങ്കിൽ പോണ്ടെന്ന് പറഞ്ഞത്.പക്ഷേ, ബാങ്ക് അവശ്യസർവീസ് പട്ടികയിലാണ്. പോയേ പറ്റൂ.

വരവും പോക്കും കാറിലാണ്. മാസ്കും കയ്യുറയും ധരിക്കുന്നുണ്ട്. (മെഡിക്കൽ ഷോപ്പിൽ കിട്ടുന്ന സാധാരണ മാസ്ക് പോരെന്നു കരുതി നല്ല കോട്ടൺ മാസ്ക് തുന്നിയുണ്ടാക്കുകയായിരുന്നു.അതും എട്ടു ലെയറിൽ ) വീട്ടിലെത്തിയാൽ അകത്തു കയറാതെ പിറകിലൂടെ നേരെ കുളിമുറിയിൽ. ബാങ്കിലെ താക്കോൽ അടക്കം എല്ലാം സോപ്പു വെള്ളത്തിൽ. ധരിച്ച വേഷം അതേപടി സോപ്പിൽ കുതിർത്തി അലക്കൽ. വീട്ടിലാവുമ്പോഴും ഇടക്കിടെ കൈകൾ സോപ്പിട്ടു കഴുകൽ. കുട്ടിക്കാലത്ത് മുത്തശ്ശി നിർബന്ധിച്ച് പറഞ്ഞിട്ടാണ് അയിത്തം പോവാനായി ഇങ്ങനെ കുളിച്ചത്. അക്കാലത്ത് പടർന്നുപിടിച്ച വസൂരിയെപ്പറ്റി പേടിപ്പിക്കുന്ന കഥകൾ ഒരുപാട് കേട്ടിട്ടുണ്ട്. അമ്മേടെ അമ്മാമൻ വസൂരി വന്നാണ് മരിച്ചതത്രെ.അതെല്ലാം ഉള്ളിലുണ്ട്.അതുകൊണ്ട് എത്ര കുളിച്ചാലും ശുദ്ധമായി എന്നു തോന്നാത്ത ജലപിശാചു മുത്തശ്ശിമാരുടെ അവസ്ഥ. ഈശ്വരാ.... എല്ലാ നിഷ്കർഷയും ഇയാൾ അട്ടിമറിച്ചല്ലൊ.

രോഗം പരത്താനായി നോട്ടിൽ മനഃപൂർവം തുപ്പലു തേക്കുന്നതും അതു ചെയ്ത ആളെ മുംബയിൽ പൊലീസ് പിടി കൂടുന്നതും വാട്ട്സ് അപ്പിൽ കണ്ടത് രണ്ടു ദിവസം മുമ്പാണ്. ഇയാൾ എല്ലാം കുട്ടിച്ചോറാക്കും.

വാഴക്കാട്ടെ പഞ്ചായത്ത് ജീവനക്കാരിൽ നിന്ന് അയാളുടെ വല്ല വിവരവും ലഭിക്കുമോ? ദിവസവും പുതിയ കേസുകൾ. ആളുകളുടെ പേരു വിവരം ടിവിയിലോ മറ്റോ വരാത്തതിനാൽ ആലിക്കോയയെപ്പറ്റി ഒന്നും അറിയുന്നില്ല. ഇടക്ക് ചെറിയ ചുമ വരുന്നുണ്ടോ? അതോ തോന്നലാണോ? ഉറങ്ങാൻ കിടന്നാൽ അയാളുടെ മുഖം. കൊറോണ വൈറസിന്റെ രൂപത്തിലുള്ള നോട്ടുകൾ.

ഷിജിത് നാട്ടുകാരനാണ്.അവൻ ദിവസവും പഞ്ചായത്തിലെ നിരീക്ഷണപട്ടികയെപ്പറ്റി ആരോഗ്യപ്രവർത്തകരോട് അന്വേഷിക്കും.

ഓരോ ദിവസവും ടെൻഷൻ കൂടിക്കൂടി വന്നു.അങ്ങനെ ഇരുപത്തെട്ട് ദിവസം കഴിഞ്ഞു.അടുത്ത ദിവസം ആ നല്ല വാർത്ത പുറത്തു വന്നു.ആലിക്കോയ നെഗറ്റീവാണ്.നിരീക്ഷണ പട്ടികയിൽ നിന്ന് അയാളെ ഒഴിവാക്കിയിരിക്കുന്നു.അത്രയും ദിവസത്തെ പരിഭ്രാന്തി നീങ്ങി ശ്വാസം നേരെ വീണത് അപ്പോഴാണ്.

**ലളിത പാനാട്ട്**

പെരുമൺപുറ,മൊബൈൽ 9946979665

(കേരള ഗ്രാമീൺ ബാങ്ക് ജീവനക്കാരിയാണ്.)

# ഇറ്റലിയിലെ മാൾട്ടയിൽ നിന്ന്




ഞാൻ ഇറ്റലിയിലെ മാൾട്ടയിൽ ഐ.ടി സെക്യൂരിറ്റി എഞ്ചിനീയർ.ലോകത്ത് വലിയ മരണനിരക്ക് ഉണ്ടായ രാജ്യങ്ങളിലൊന്ന്.മാൾട്ടയിലെ സാഹചര്യം എന്താണെന്ന് ഒത്തിരി പേർ അന്വേഷിച്ചിരുന്നു. മാർച്ച് ആദ്യ വാരം തന്നെ മാൾട്ടയിൽ കേസുകൾ റിപ്പോർട്ട് ചെയ്ത് തുടങ്ങിയിരുന്നു.

330 ചതുരശ്ര കിലോമീറ്റർ മാത്രം ചുറ്റളവുള്ള ഒരു കൊച്ചു ദ്വീപായ മാൾട്ടയിൽ നിരവധി ഇന്ത്യക്കാർ ജോലി ചെയ്യുന്നുണ്ട്. ഇവിടെ 10 ൽ കൂടുതൽ രോഗികൾ ആയതോടെ തന്നെ ഗവർമെണ്ട് ആരോഗ്യ സുരക്ഷാ നടപടികൾ ആരംഭിച്ചിരുന്നു. എന്നാലും പല സാഹചര്യങ്ങൾ മൂലം ഇന്ന് മാൾട്ടയിൽ ഏതാണ്ട് 350 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുവരെ ഏതാണ്ട് 45 പേര് രോഗത്തിൽ നിന്നും മുക്തി നേടിയിട്ടും ഉണ്ട് .

പൊതുവായ നിയന്ത്രണങ്ങൾ ഒക്കെ ഉണ്ടെങ്കിലും ഒരു സമ്പൂർണ്ണ ലോക്ഡോൺ ഇവിടെയില്ല. അവശ്യ സർവീസുകൾ നില നിർത്തി ജനങ്ങൾ പരമാവധി വീടുകളിൽ തുടരാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.രോഗബാധിതരോ ക്വാറന്റീനിൽ കഴിയുന്നവരോ അശ്രദ്ധയിലൂടെ രോഗം പടർത്തുന്നുവെങ്കിൽ, അവർക്ക് ആറുമാസം വരെ തടവോ 2,329.37 യൂറോ വരെ പിഴയോ നൽകേണ്ടിവരും. ഈ സാഹചര്യത്തിൽ ജോലി സംബന്ധമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്ക് ധനസഹായം നൽകാനുള്ള നടപടികളുമുണ്ട്. ആശങ്കകൾക്കിടയിലും ജനങ്ങൾ പരമാവധി സഹകരിക്കുന്നു. അത്യാവശ്യങ്ങൾക്കു മാത്രമാണ് എല്ലാവരും പുറത്തു പോകാറ്. നാട്ടിലെ വിഷു ഓർമ്മിച്ചപ്പോൾ രണ്ടും കൽപ്പിച്ചു പുറത്തിറങ്ങി ചെറുതായി ആണെങ്കിലും ഒരു കണിയും ചെറിയ സദ്യയും ഒരുക്കണമെന്നു തീരുമാനിച്ചു. ഉള്ളത് കൊണ്ട് വിഷുക്കണി ഒരുക്കി. കുറച്ച് സുഹൃത്തുക്കൾ കൂടി ഒരു ചെറിയ സദ്യയും. ആയ കാലത്ത് അടുക്കളയിൽ കയറാത്തതിന്റെ കുറവ് ഉപ്പിന്റെയും എരുവിന്റെയും രൂപത്തിൽ തിരിച്ചടിച്ചെങ്കിലും ഞങ്ങളുടെ ആ ചെറിയ ലോകത്ത് ഒരു വിഷുവും കഴിഞ്ഞു. ആഘോഷങ്ങളും ആപത്തുകളും വരുമ്പോഴാണ് കൂടപ്പിറപ്പുകളെയും സുഹൃത്തുക്കളെയും എത്രത്തോളം മിസ് ചെയ്യുന്നു എന്ന് നമ്മൾ തിരിച്ചറിയുക.

**രാകേഷ് നാരായണൻ,**
താമരശ്ശേരി ഇല്ലം.മാൾട്ട ദ്വീപ്, ഇറ്റലി
മൊബൈൽ. +356 7759 8631

# കാസർകോട്ടെ കവുങ്ങിൻ തോട്ടത്തിൽ നിന്ന്

**ഡോ. ശ്രീവത്സ കൊളത്തായർ**
കയ്യൂർ. കാസർകോഡ്.
sreevalsakolathayar@gmail.com
https://www.linkedin.com/in/sreevalsa-kolathayar-36164826/




വർക്ക് അറ്റ് ഹോം കവുങ്ങിൻ തോട്ടത്തിലാക്കി

മോരും മുതിരയും പോലൊരു കോമ്പിനേഷൻ. മെട്രോ നഗരങ്ങളിലെ എ സി സ്യൂട്ട് റൂമിൽ നിന്ന് കവുങ്ങിൻ തോട്ടത്തിലേക്ക് പറിച്ചു നടപ്പെട്ട ലാപ് ടോപ്പ്. വൈരുദ്ധ്യം നിറഞ്ഞ രണ്ട് അവസ്ഥകൾ ചേർന്നു നിന്നൊരു ലോക്ഡൗൺ കാലം. നമ്മൾ മലയാളികൾ പൊളിയാണ്.

സൂറത്ത്കൽ എൻ.ഐ.ടി യിലെ അസിസ്റ്റൻറ് പ്രൊഫസർ ഡോ. ശ്രീവത്സ കൊളത്തായർ ആണ് ആധുനിക സാങ്കേതിക വിദ്യയുടെ പ്രതീകമായ ലാപ്ടോപ്പിനെ പ്രകൃതിയുടെ മടിത്തട്ടിലേക്ക് പ്രതിഷ്ഠിച്ചത്. കാര്യം ഇല്ലത്തിനകത്ത് നല്ല ചൂട്. ഇന്റർനെറ്റിന് റേഞ്ചും കുറവ്. പിന്നൊന്നും നോക്കിയില്ല, പാടത്തിന്റെ കരയിൽ കവുങ്ങിൻ തോട്ടത്തിലേക്ക് ട്രാൻസ്ഫറായി. ആവോളം പ്രകൃതി സൗന്ദര്യം. റേഞ്ചാണെങ്കിൽ അഞ്ച് കട്ട. കറണ്ട് ബില്ലും ലാഭം. ഏ സി യെ വെല്ലുന്ന തണുപ്പും. ഒരു വെടിക്ക് പല പക്ഷികൾ. കുട്ടികൾക്ക് കളിക്കാൻ ഓല മെടഞ്ഞ് പ്രത്യേകം തയ്യാറാക്കിയ നേചർ വില്ലയും.

ടെക്നോളജിയും പ്രകൃതിയും! പരസ്പര പൂരകങ്ങളാണവ. രണ്ടും കൂടിച്ചേർന്നാലോ സ്വർഗ്ഗമാണവിടം. അങ്ങനെ കൊറോണക്കാലം നമ്മളെ പഠിപ്പിച്ച പാഠങ്ങൾ എത്രയെത്ര

# പതിവു തെറ്റിച്ച ഗുരുവായൂരപ്പൻ

സാധാരണ ഗുരുവായൂരപ്പന്റെ എഴുന്നള്ളത്ത് പ്രദക്ഷിണത്തിൽ മറ്റൊന്നും ശ്രദ്ധിക്കാറില്ല.നാമം ജപിച്ചു കൊണ്ട് തിടമ്പുമായി ആനപ്പുറത്ത് ഇരിക്കാറാണ് പതിവ്.പക്ഷേ ഇതാദ്യമായി ആ പതിവു തെറ്റിച്ചു. അതേപ്പറ്റിയാണ് ഈ കുറിപ്പ്.

ഗുരുവായൂർ ഉത്സവത്തിന്റെ സമാപനദിവസം.തലേന്ന് മീനം ഒന്നാണ്.പതിനായിരങ്ങൾ മാസം തൊഴാൻ എത്തേണ്ടതാണ്. എന്നാൽ ഏതാണ്ട് നൂറാളുകൾ മാത്രം.

പള്ളിവേട്ടയെല്ലാം വെറും ചടങ്ങായി .ആനപ്പുറം ഡ്യൂട്ടി എനിക്കാണ്. ആനപ്പുറത്തെഴുന്നള്ളുന്ന ഭഗവാന്റെ കൂടെ ആയിരങ്ങൾ പന്നി വേഷം കെട്ടി ഓടാറുള്ളതാണ് .ഒന്നുമുണ്ടായില്ല.

പിറ്റേന്നാണ് പത്താമുത്സവം. സമാപന ദിവസത്തെ ആറാട്ട് .ലോകത്തെ കെങ്കേമന്മാരായ വാദ്യ വിദഗ്ദ്ധരുടെ പഞ്ചാരിയും പാണ്ടിയുമായി പതിനായിരങ്ങളുടെ നാരായണമന്ത്രങ്ങളാൽ കണ്ണന് സഹസ്രകോടി സ്തുതികൾ അകമ്പടിയാവുന്ന ദിനം.

പക്ഷേ, ആറാട്ടെഴുന്നള്ളത്തിന് കർശന നിയന്ത്രണങ്ങൾ. ഭക്തർക്ക് അൽപ്പം ദൂരെ നിന്ന് കാണാനേ അനുവാദമുള്ളൂ .തിടമ്പ് എഴുന്നള്ളിച്ചു കൊണ്ട് ആനപ്പുറത്ത് ഞാൻ.കുള പ്രദക്ഷിണം തുടങ്ങി.പരിസരത്തെങ്ങും ആരുമില്ല.ഗുരുവായൂരുകാർ മാത്രം.അവർ അത്ര അടുത്തുമല്ല.സാമൂഹ്യാകലം പാലിച്ചുകൊണ്ട്. ഭഗവാന്റെ ആറാട്ട് കഴിഞ്ഞാൽ പച്ച സിഗ്നൽ കാത്ത് അവിടെ ആയിരങ്ങൾ നിൽക്കും .ഗുരുവായൂരപ്പൻ നീരാടിയ തീർത്ഥത്തിൽ ഒന്ന് കുളിക്കാൻ. തീർത്ഥം തളിക്കാൻ.

പക്ഷേ ഭക്തർക്ക് പ്രവേശനമില്ല .കുളം അടച്ചിട്ടിരിക്കുന്നു . ശൂന്യമായ കുളപ്പടവുകൾ.ആറാട്ട് കഴിഞ്ഞ ഗുരുവായൂരപ്പന് ഉച്ചപ്പൂജ ഭഗവതിയുടെ വാതിൽമാടത്തിലാണ് .തുടർന്ന് കിഴക്കേ ഗോപുരത്തിലൂടെ ക്ഷേത്രത്തിലേക്ക് എഴുന്നള്ളും.ആറാടി സംപ്രീതനായ ഗുരുവായൂരപ്പന് ക്ഷേത്രത്തിനുള്ളിൽ പതിനൊന്ന് പ്രദക്ഷിണമുണ്ട്.ഗുരുവായൂരപ്പന്റെ കൂടെ ഭക്തരും പതിനൊന്ന് പ്രദക്ഷിണം വെക്കും .പിന്നെ കൊടിയിറക്കം വരെ ഭക്തരുണ്ടാകും.അതാണ് പതിവ് രീതി.

**ഭക്തർ പുറത്തും ഭഗവാൻ അകത്തും.അങ്ങിനെ വയ്യല്ലോ .'നമ്രാണാം സന്നിധത്തേ '.എവിടെ ഭക്തർ വിളിച്ചാലും അവിടെ കണ്ണനെത്തുമല്ലോ. അതെ ഭക്തരുടെ കൂടെയാണ് കണ്ണൻ വേണ്ടത് .കീഴ് വഴക്കങ്ങളും രീതികളും ഒന്നും തടസ്സമായി തോന്നിയില്ല. പ്രദക്ഷിണം കിഴക്കും പടിഞ്ഞാറും ഗോപുരത്തിൽ എത്തുമ്പോൾ ആനപ്പുറത്ത് എഴുന്നള്ളുന്ന കണ്ണൻ ജനങ്ങൾക്ക് അഭിമുഖമായി നിന്ന് അവരുടെ അടുത്തേക്ക് നോക്കി.**

പക്ഷേ ക്ഷേത്രത്തിനകത്ത് ആർക്കും പ്രവേശനമില്ല. ചരിത്രത്തിലാദ്യമായി കണ്ണന്റെ എഴുന്നള്ളിപ്പിന് പ്രവൃത്തിക്കാർ മാത്രം.


എഴുന്നള്ളിപ്പ് കിഴക്കേ ഗോപുരത്തിൽ തുടങ്ങുമ്പോൾ ഭക്തജനങ്ങളുടെ അത്യുച്ചത്തിലുള്ള നാമഘോഷം. ക്ഷേത്രത്തിനകത്ത് കയറാൻ അനുവാദമില്ലെങ്കിലും ഭക്തമനസ്സുകൾ മുഴുവൻ ഗുരുവായൂരപ്പന്റെ എഴുന്നള്ളിപ്പിലായിരുന്നു.വാതിൽപ്പുറത്തും മതിൽ പുറത്തുമായി ആയിരക്കണക്കിന് കണ്ണുകൾ.

ഭക്തർ പുറത്തും ഭഗവാൻ അകത്തും.അങ്ങിനെ വയ്യല്ലോ .'നമ്രാണാം സന്നിധത്തേ '.എവിടെ ഭക്തർ വിളിച്ചാലും അവിടെ കണ്ണനെത്തുമല്ലോ. അതെ ഭക്തരുടെ കൂടെയാണ് കണ്ണൻ വേണ്ടത് .കീഴ് വഴക്കങ്ങളും രീതികളും ഒന്നും തടസ്സമായി തോന്നിയില്ല. പ്രദക്ഷിണം കിഴക്കും പടിഞ്ഞാറും ഗോപുരത്തിൽ എത്തുമ്പോൾ ആനപ്പുറത്ത് എഴുന്നള്ളുന്ന കണ്ണൻ ജനങ്ങൾക്ക് അഭിമുഖമായി നിന്ന് അവരുടെ അടുത്തേക്ക് നോക്കി. ഭക്തർക്ക് ദർശിക്കാനല്ലെങ്കിൽ, ഭക്തരെക്കാണാനല്ലെങ്കിൽ പിന്നെ എന്തിന് ഭഗവാന്റെ എഴുന്നള്ളിപ്പ്.

എന്റെ കൈയ്യിൽ നിന്നും ഊർന്ന് പൊങ്ങി ഉയർന്ന് നിന്നു ഭഗവാൻ. അല്ല ചാഞ്ചാടി.പതിനൊന്ന് വട്ടവും ഇതാവർത്തിച്ചു.എന്നെക്കൊണ്ട് അങ്ങനെ ചെയ്യിച്ചതാണെന്നേ പറയാനാവൂ. ഭൂമുഖത്തെ ഏറ്റവും പുണ്യദായകമായ ദർശനം കാത്തിരുന്ന ഭക്തർ ആർത്തുവിളിച്ചു .കൃഷ്ണാ ഗുരുവായൂരപ്പാ . കാക്കണേ .കാത്തു രക്ഷിക്കണേ.

**വാസുണ്ണി നമ്പൂതിരി**
കിഴിയേടത്ത് മന പടിഞ്ഞാറെ നട
ഗുരുവായൂർ മൊബൈൽ 9961374271






# 40 വർഷമായി മുടങ്ങാത്തത്



കഴിഞ്ഞ നാൽപതു വർഷമായി മാസം തോറും ഗുരുവായൂരിൽ പോയി തൊഴാറുണ്ട്. മഴയോ മഞ്ഞോ വെയിലോ ഒന്നും അതിനു തടസമായിട്ടില്ല.ഗുരുതരമായ ആരോഗ്യപ്രശ്നം മൂലമോ പുലവാലായ്മ കാരണമോ അത് മുടങ്ങിയിട്ടില്ല.ഭഗവാന്റെ കടാക്ഷത്താൽ ഹർത്താലോ ബന്ദോ അതിനു തടസമായിട്ടില്ല.പത്നി കൃഷ്ണകുമാരിയും ഒപ്പം തൊഴാൻ വരാറുണ്ട്.

എന്നാലിപ്പോൾ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനാൽ ഇതാദ്യമായി തിങ്ങൾ ഭജനം മുടങ്ങിയിരിക്കുന്നു.ഗുരുവായൂരിൽ നിന്ന് കിലോമീറ്ററുകൾക്കിപ്പുറത്താണ് താമസം.ഒരു വാഹനത്തെയും കടത്തി വിടുന്നില്ല. നടന്നു പോയി അവിടെയെത്തിയാൽപ്പോലും അകത്തേക്കു ഒരാളെയും കടത്തി വിടുന്നുമില്ല.

ഇതു പോലൊരു അനുഭവം മുമ്പൊന്നും ഉണ്ടായിട്ടില്ല. എന്നാലും ഭഗവാനെ തൊഴാൻ കഴിയാത്തതിൽ വല്ലാത്ത വിഷമം. ഒരു കാര്യം ചെയ്തു. ഇല്ലത്ത് സ്വസ്തികം പത്മമിട്ട് ഗുരുവായൂരപ്പനെ ആവാഹിച്ച് പൂജിച്ചു. അങ്ങനെയെങ്കിലും തിങ്ങൾ ഭജനം മുടങ്ങിയതിന് ഒരു പ്രായശ്ചിത്തമാകട്ടെ.

**പഴങ്ങോട്ടുപറ്റ മാധവൻ നമ്പൂതിരി**
പി.ഒ പുളിയക്കോട്.
മൊബൈൽ 9745137987

# ഇല്ലത്തിരുന്നു കൊണ്ട് ഗുരുവായൂരെത്തുന്ന വഴി






ഗുരുവായൂരിലേക്കു പോകാനായില്ലെങ്കിലും മനം തന്നെ ഗുരുവായൂരാക്കി മാറ്റി ഭഗവാൻ എന്നു വച്ചാലോ? ഗുരുവായൂർ എന്നാൽ ഗുരുവായ വായു ഇരിക്കുന്ന ഊരാണത്രെ.
അതായത് ലഘുവിന് വിപരീതം ഗുരു. ശ്രേഷ്ഠമായത്. ശ്രേഷ്ഠമായ വായു ഇരിക്കുന്ന ഊര്. ഹൃദയം.
അതായാത് ഗുരുവായൂർ എന്നാൽ മ്മ്ടെ ഹൃദയം തന്നെ. ഹൃദസ്ഥനായി ഗുരുവായൂരപ്പൻ എത്തിയതോടെ സന്തോഷായി. പഞ്ചേന്ദ്രിയങ്ങളാകുന്ന ആനപ്പുറത്ത് ഭഗവാന് കാഴ്ചശീവേലിയും കദനങ്ങളുടെ കർപ്പൂരാരതിയും നാമസങ്കീർത്തനങ്ങളുടെ നറുവെണ്ണയും ശ്രീമദ്ഭാഗവതമാകുന്ന വെള്ളിയുരുളി നിവേദ്യവുമൊക്കെയായി ഗുരുവായൂരപ്പന്റെ കൂടെ. എന്തുസുഖം.നാരായണീയ ശ്ലോകം മനസ്സിൽ നിറഞ്ഞു. സർവം ഭവദ് പ്രേരണൈവ ഭൂമൻ.

**മൂർക്കന്നൂർ ശ്രീഹരി നമ്പൂതിരി**
മുൻ ഗുരുവായൂർ മേശാന്തി മൊബൈൽ : 9446302811

# വർക്ക് @ ഇല്ലം




“ഭാഗ്യത്തിന് കൊറോണ വ്യാപനത്തിനു മുമ്പേ ബാംഗ്ലൂരിൽ നിന്നു നാട്ടിലെത്തി.വർക്ക് അററ് ഹോം സുഗമമാകുമോ എന്നറിയില്ലായിരുന്നു. പക്ഷേ,ഇല്ലത്തെ അന്തരീക്ഷം ജോലിക്ഷമത വർദ്ധിപ്പിച്ചു. പ്ലസ് 2 പഠനത്തിന് ശേഷം ഏകദേശം 15 കൊല്ലം ആയി. ഇപ്പോഴാണ് ഇല്ലത്ത് അച്ഛന്റെയും അമ്മയുടെയും അടുത്ത് മുഴുവൻ സമയം ചെലവഴിക്കുന്നത്.ഇവിടുത്തെ മാങ്ങയും ചക്കയും യഥേഷ്ടം കഴിക്കാനുള്ള ഭാഗ്യവും കിട്ടി. നാലഞ്ച് ദിവസത്തെ ലീവിന് വന്നാലും ഇല്ലത്തിരിക്കാൻ സമയമുണ്ടാവാറില്ല.അതിൽ നിന്നും വ്യത്യസ്തമായി ഇപ്പൊൾ.ജോലിക്കു ശേഷം പച്ചക്കറി കൃഷിക്കും സമയം കണ്ടെത്തി. പരദേവതയും മുല്ലക്കൽ തേവരും എനിക്കൊപ്പമുണ്ട് എന്ന് തോന്നിത്തുടങ്ങി.ഇന്ന് അച്ഛനും അമ്മയും സന്തോഷത്തിലാണ്. അമേരിക്കയിലും ദുബായിലുമുള്ള ഒപ്പോളുമാരൊത്ത് വീഡിയോക്കോളിൽ ഒന്നിച്ചിരിക്കാൻ സമയം കണ്ടെത്തി. വലിയ ദൗർഭാഗ്യങ്ങൾ ഭാഗ്യമാക്കി ഈ നിമിഷത്തിൽ ജീവിക്കാനും ഞാൻ പഠിച്ചു.”



**-വരുൺ ടി.പി.**
തലയാറ്റുപിള്ളി ഇല്ലം, കുറിച്ചിത്താനം,
കോട്ടയം.മൊബൈൽ:8147889066




# ഡെൽഹി നിസാമുദ്ദീനിൽ

## തബ്ലീഗ് ആസ്ഥാനത്തെ ടെലിവിഷൻ റിപ്പോർട്ടിംഗ്

വാർത്തയെ ഉറവിടത്തിൽ പോയി പിടികൂടുക എന്നതാണ് ടെലിവിഷൻ പത്രപ്രവർത്തനത്തിന്റെ രീതി.അതുകൊണ്ട് തന്നെ ജർമ്മൻ ടീവിക്കു വേണ്ടി ഞാനും ടീമിനൊപ്പം നിസാമുദ്ദീനിലെത്തി.

ടെലിവിഷൻ ക്യാമറകളെയും പോലീസിനെയും കണ്ട് വിരണ്ട 1500 ലധികം പേരാണ് മർക്കസ്സിൽ നിന്നും ഒന്നിന് പിറകെ ഒന്നായി പുറത്ത് വന്നത്. ഞങ്ങൾ എന്ത് തെറ്റ് ചെയ്തു എന്ന ചോദ്യമായിരുന്നു എല്ലാവരുടെയും മുഖത്ത്. ആരും പക്ഷേ സംസാരിക്കാൻ തയ്യാറല്ലായിരുന്നു.

ഒരു പത്രപ്രവർത്തക സുഹൃത്ത് സൂചിപ്പിച്ച പോലെ സോഷ്യൽ ഡിസ്റ്റൻ സിംഗ് എന്നാൽ എന്തെന്ന് അറിയുമോ എന്ന ചോദ്യത്തിന് ആ പേരുള്ള സിംഗിനെ അറിയില്ല എന്ന നോട്ടമായിരുന്നു ഉത്തരം !

മുഖ്യമന്ത്രി കേജരിവാൾ മാർച്ച് പതിനാറിന് തന്നെ ദില്ലിയിൽ മതക്കൂട്ടുകൾ നിരോധിച്ചിരുന്നു. എന്നാൽ തബ്ലീഗ് ഈ നിരോധനം കാര്യമായെടുത്തില്ല. മറ്റിടങ്ങളിലെപ്പോലെ ദില്ലിയിലും മതത്തെ തൊട്ട് കളിക്കാൻ പോലീസിനും പേടിയാണ്. എന്നാൽ തെലുങ്കാനയിലെ മരണം കാര്യം നിസ്സാരമല്ലെന്ന് മനസിലാക്കി.ദില്ലി പോലീസ് ശക്തമായി രംഗത്തെത്തി.

മംഗള എക്സ്പ്രസ്സിൽ ദില്ലിയിൽ വന്നിറങ്ങുന്ന ഏതൊരു മലയാളിയും ആദ്യം കാണുന്ന സ്ഥലമാണ് നിസാമുദ്ദീൻ .പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നിസാമുദ്ദീൻ ഓലിയ എന്ന സൂഫിയുടെ ശവകുടീരം ആണിത്. ബാബറുടെ മകൻ ഹുമയൂണിന്റെ കല്ലറയും ഇതിന് തൊട്ടാണ്.

ഇന്ത്യയിലെ സൂഫിഭക്തരുടെ പ്രധാന ആരാധനാകേന്ദ്രങ്ങളിൽ ഒന്നാണിത്. വ്യാഴാഴ്ചകളിൽ നടക്കുന്ന കവാലി സന്ധ്യ (സൂഫി പാട്ട് കച്ചേരി) ദില്ലിയിലെ സാംസ്കാരിക ഭൂപടത്തിലെ പ്രധാന കാഴ്ചയാണ്.

കഴിവതും മതം കലർത്താതെ സ്റ്റോറികൾ ചെയ്യണം എന്നതാണ് സെക്യുലർ മാധ്യമമായ ജർമ്മൻ ടീവിയുടെയും മതം.

എന്നാൽ മതത്തിന്റെ ജീവിക്കുന്ന സ്വരൂപങ്ങളായ തബ്ലീഗിനെ മതരഹിതമായ കഥയാക്കുക എങ്ങിനെ എന്നതായിരുന്നു കൊറോണ കാലത്തെ ഏറ്റവും വലിയ ചാലഞ്ചുകളിലൊന്ന്. പത്രപ്രവർത്തകർ മാത്രമല്ല.ദില്ലി മുഖ്യമന്ത്രി കേജരിവാൾ പോലും പ്രതിസന്ധിയിലായത് ഇവിടെയാണ് .

കേജരിവാൾ നിത്യവും പത്രസമ്മേളനത്തിൽ നൽകിയിരുന്ന പ്രസ്സ് റിലീസിൽ തബ്ലീഗ് വഴി പടർന്ന കോവിഡ് കേസുകളുടെ എണ്ണം എന്ന ഒരു പ്രത്യേക കോളം ഉണ്ടായിരുന്നു. ദില്ലിയിലെ കൊറോണ കേസുകളിൽ 60 ശതമാനത്തിലധികം നിസാമുദ്ദീനുമായി ബന്ധപ്പെട്ടവയായപ്പോഴാണ് അങ്ങിനെ ചെയ്തത്.എന്നാൽ കേജരിവാൾ പിന്നീട് ആ കോളം പ്രസ്സ് റിലീസിൽ നിന്നൊഴിവാക്കി.

അഫ്ഗാനിൽപോയി താലിബാൻ ഭീകരനെ ഇന്റർവ്യൂ ചെയ്തപ്പോഴും ശ്രീലങ്കയിൽ പോയി തമിഴ് പുലിയെ കണ്ടപ്പോഴും വേണ്ടി വന്നിട്ടില്ലാത്ത ഒന്നു കൂടി ഇവിടെ വേണ്ടി വന്നു.സോഴ്സിൽ നിന്ന് സാമൂഹ്യ അകലം പാലിച്ചുള്ള റിപ്പോർട്ടിംഗ്.വൈറസിനറിയില്ലല്ലൊ പത്രപ്രവർത്തകനാണെന്ന്.

**പി. എം.നാരായണൻ,ന്യൂഡെൽഹി**
ജർമ്മൻ ടെലിവിഷന്റെ ദക്ഷിണേഷ്യൻ ലേഖകനും കോഴിക്കോട് പുളിയപ്പിലാശ്ശേരി മുല്ലപ്പള്ളി കുടുംബാംഗവുമാണ്.
മൊബൈൽ 9899146665

# കൈതച്ചക്ക വിൽപ്പനയുമായി രണ്ടു ശാന്തിക്കാർ

യോഗക്ഷേമസഭ നെല്ലായി ഉപസഭയിലെ അംഗങ്ങളും കൊച്ചിൻ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുമാണ് ജയൻ കിഴക്കിനിയേടവും, പ്രശാന്ത് നടുവവും. സാമ്പത്തിക പ്രതിസന്ധി നേരിട്ടപ്പോൾ ഉപജീവനത്തിന്റെ പുതിയ സാധ്യതകൾ തേടി കൈതച്ചക്ക വിൽപ്പനക്ക് ഇറങ്ങിയിരിക്കുകയാണ്. വാഹനം വാടകക്കെടുത്ത് കൈതച്ചക്ക മൊത്തമായി വാങ്ങി വിൽപ്പന നടത്തുകയാണ്. ആരാധനാലയങ്ങളിൽ ഭക്ത ജനങ്ങൾക്ക് പ്രവേശനം ഇല്ലാത്ത സാഹചര്യത്തിൽ വരുമാനം നിലച്ചു ബുദ്ധിമുട്ടിയ ഇവർ പ്രതീക്ഷയുടെ പുതിയ വഴികളിലൂടെയാണ് സഞ്ചാരം.



# ഏറ്റവുമധികം പേർ മരിച്ച ന്യൂയോർക്കിൽ നിന്ന്






കോവിഡ് -19 ന്റെ പ്രാരംഭ സമയത്ത് ഞാൻ ന്യൂയോർക്ക് സിറ്റിയിലാണ് താമസിച്ചിരുന്നത്. ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിലെ ഒരു വിദ്യാർത്ഥിയെന്ന നിലയിൽ, ചൈനയിലെ ഒരു സാധാരണ രോഗത്തിൽ നിന്ന് ആധുനിക കാലത്ത് നഗരത്തിൽ സംഭവിക്കുന്ന ഏറ്റവും വലിയ ദുരന്തത്തിലേക്ക് വൈറസ് പോകുന്നത് ഞാൻ കണ്ടു. ഫെബ്രുവരി അവസാനത്തിലും മാർച്ച് തുടക്കത്തിലും ജീവിതം സാധാരണ നിലയിലായിരുന്നു. ഇറ്റലിയിൽ ലോക്ഡൗണ് വന്നതായും, ന്യൂയോർക്കിൽ കേസുകൾ വർദ്ധിക്കുന്നതായും വാർത്താ റിപ്പോർട്ടുകൾ വന്നുകൊണ്ടിരുന്നു.

കമ്പനികൾ വിദൂരമായി പ്രവർത്തിക്കാൻ തുടങ്ങുകയും സർവകലാശാലകൾ ഓൺലൈനിൽ പോകുകയും ചെയ്തതിനാൽ മാർച്ച് മധ്യത്തോടെ പെട്ടെന്ന് തന്നെ ഒരു മാറ്റം അനുഭവപ്പെട്ടു. തെരുവുകൾ ശൂന്യമായി, സബ്‌വേയിൽ തിരക്ക് കൂടുതലില്ല. ചില ആളുകൾ മാസ്ക് ധരിച്ചിരുന്നു, അത് അതുവരെ അമേരിക്കയിൽ കേട്ടിട്ടു പോലുമില്ല.

കോവിഡിന്റെ ആസ്ഥാനമായി ന്യൂയോർക്ക് മാറിക്കൊണ്ടിരിക്കുകയായിരുന്നു അപ്പോൾ. ന്യൂയോർക്കിലാണെന്നു പറയാൻ പോലും ഭയം. അച്ഛനമ്മമാർ മസാച്ച്യുസെറ്റ്സിലും ഞാൻ ന്യൂയോർക്കിലെ ഹോസ്റ്റലിലും. അവർക്കും പേടി തോന്നിക്കാണണം.

എന്നെ തിരിച്ചു കൊണ്ടുപോകാന് അച്ഛൻ ന്യൂയോർക്ക് സിറ്റിയിൽ വന്നപ്പോൾ, കാറിൽ നിന്ന് പുറത്തിറങ്ങാൻ പോലും ഭയപ്പെട്ടിരുന്നു. മാർച്ച് അവസാനത്തോടെയാണ് ഞാൻ നഗരം വിട്ടത്. അപ്പോഴേക്കും നഗരത്തിലെ സ്ഥിതി വഷളായിരുന്നു. പിന്നെ സ്റ്റേ-അറ്റ്-ഹോം ഓർഡറുകൾ പുറപ്പെടുവിച്ച ശേഷമാണ് രോഗ വ്യാപനം കുറക്കാനായത്.

ജനജീവിതം മാറിക്കൊണ്ടിരിക്കുകയാണെന്ന് വ്യക്തമായി, അല്ലാതെ മെച്ചപ്പെടുകയല്ല. എന്റെ പ്രായം അനുകൂലമായതുകൊണ്ട് വൈറസ് ടെസ്റ്റ് എന്ന ആശയം എനിക്ക് ഒരിക്കലും തോന്നിയിട്ടില്ല. ദിവസേന ആയിരക്കണക്കിന് അണുബാധകളും നൂറുകണക്കിന് മരണങ്ങളും ഉണ്ടായതായി ആശുപത്രികളിൽനിന്ന് റിപ്പോർട്ടുകൾ വന്നപ്പോൾ, ഞാൻ ദൂരെ നിന്ന് നിരീക്ഷിക്കുകയായിരുന്നു. ജനങ്ങൾ ഇപ്പോൾ ആ വിപത്തിന്റെ മറുവശം കണ്ടു തുടങ്ങി. അടുത്ത ദിവസങ്ങളിൽ സ്ഥിതി ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ട്. കുറച്ച് മാസങ്ങൾക്ക് മുമ്പ് ഞങ്ങൾക്ക് ഉണ്ടായിരുന്ന ജീവിതത്തിലേക്ക് മടങ്ങാൻ എപ്പോഴെങ്കിലും കഴിയുമോ എന്നതാണ് ഇപ്പോഴത്തെ ചോദ്യം.

**സംഗീത് വിഷ്ണു**
കണ്ണൂർ ജില്ലയിലെ കുന്നോത്ത് മണ്ണൂർ
ഇല്ലത്ത് ബിജുവിന്റെ പുത്രനാണ് )
മൊബൈൽ (774) 6416404

---

### 10 പേർക്ക് വീതം ഒരേ സമയത്ത് പ്രവേശിക്കാം. മാസ്ക്ക് നിർബന്ധം

# ഹൂസ്റ്റണിലെ ഗുരുവായൂരപ്പൻ ക്ഷേത്രം തുറന്നു






അമേരിക്കയിലെ ഹൂസ്റ്റണിലാണ് തെക്കേപ്പാട് സൂരജ് സുബ്രഹ്മണ്യൻ (അനിയൻ) താമസിക്കുന്നത് ജോലി എ.ടി.ആർ എന്ന ഐ.ടി കമ്പനിയിൽ. 20 വർഷത്തിലേറെയായി അമേരിക്കയിലെത്തിയിട്ട് .ഹൂസ്റ്റണിലെ 25 കുടുംബങ്ങൾ പങ്കെടുക്കുന്ന പ്രർത്ഥനാ യോഗം എല്ലാ ആഴ്ചയിലും സൂരജിന്റെ വീട്ടിൽ വെച്ച് നടത്താറുണ്ടായിരുന്നു. കോവിഡ് കാലത്ത് അത് ഓൺലൈനാക്കി .സൂം ആപ്പ് ഉപയോഗിച്ചാണ് പ്രാർത്ഥനസഹസ്രനാമജപം, ഭഗവത് ഗീതാ പ്രഭാഷണം (സൂരജ് തെക്കേപ്പാട്) ഭജന എന്നിവയാണ് ഇനങ്ങൾ. അടുത്തള്ള ഗുരുവായൂരപ്പൻ ക്ഷേത്രം തുറന്നു.10 പേർക്ക് വീതം ഒരേ സമയത്ത് പ്രവേശിക്കാം. മാസ്ക്ക് നിർബന്ധം

ജനങ്ങൾ കോവിഡിനെ മറന്ന മട്ടാണവിടെ.സാധാരണ ജീവിതം നയിക്കുന്നു. കമ്പനി തുറന്നെങ്കിലും സൂരജ് വർക്ക് ഹോം ആണ്.ഏലംകുളം മനയിലെ അനുരാധയാണ് ഭാര്യ.രണ്ടു കുട്ടികൾ.

സൂരജിന്റെ അനിയൻ സുരേഷ് (അപ്പു) ഡഗ്ലാസിലുണ്ട്. അദ്ദേഹവും ഭാര്യ ശ്രദ്ധയും അവിടെ ഐ.ടി.രംഗത്ത് പ്രവർത്തിക്കുന്നു അച്ഛൻ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടും അമ്മ യു.സി. രാധാ അന്തർജനവും ഷൊർണൂരിലുള്ള ഇല്ലത്ത് താമസം.

**സൂരജ് സുബ്രഹ്മണ്യൻ**
ഹൂസ്റ്റൺ, യു. എസ്.എ
തെക്കേപ്പാട്ട് മന പരിത്തിപ്ര
ഷൊർണൂർ 8327249058

# സമ്മതിക്കാതെവയ്യ






ഈ കൊറോണക്കാലത്ത് ബോംബയിൽ നിന്നും കുടുംബസമേതം കേരളത്തിലെത്തി.

ട്രെയിൻ ടിക്കറ്റ് എടുത്ത് മണിക്കൂറുകൾക്കകം കോവിഡ് ജാഗ്രത ആപ്പിൽ റജിസ്ട്രേഷൻ കിട്ടി. കോഴിക്കോട് റയിൽവേ സ്റ്റേഷനിലെത്തിയപ്പോൾ അവിടെ 10 ഹെൽപ്പ് ഡെസ്ക്ക് സജ്ജീകരിച്ചിരിക്കുന്നു.പി.പി.ഇ കിറ്റ് ധരിച്ച നാല് പേർ ഓരോ ഡെസ്ക്കിലുമുണ്ട്. മാസ്ക്ക് ധരിച്ച പോലീസുകാർ അല്പം മാറി നില്ക്കുന്നു.

ഡെസ്കിലുള്ളവർ യാത്രക്കാരുടെ വിവരം ശേഖരിക്കുന്നു. പ്രാഥമിക പരിശോധന നടത്തുന്നു.യാത്രയ്ക്കുള്ള പാസ് നൽകുന്നു. ചിട്ടയായ പ്രവർത്തനം. ഞങ്ങൾ ഊഴം കാത്തിരിക്കുകയാണ്. അപ്പോൾ ഒരാൾ അവിടേക്കു വന്നു ചോദിച്ചു.

"പാലക്കാട്ടേക്ക് പോകേണ്ട രാജൻ (യഥാർഥ പേരല്ല ) ഇവിടെയുണ്ടോ?" അവിടെയിരുന്ന ഒരാൾ എഴുന്നേറ്റു. ഉണ്ടെന്നു പറഞ്ഞു.

അന്വേഷിച്ചു വന്നയാൾ പോയി. കുറച്ചു കഴിഞ്ഞപ്പോൾ മറ്റൊരാൾ വന്നു. അയാൾ അവിടെയിരുന്നിരുന്ന അക്കൂട്ടത്തിലൊരാളെ വിളിച്ച് മാറ്റി നിർത്തി സംസാരിച്ചു. അവർ വന്നു നിന്നത് ഞങ്ങളുടെ അടുത്തായതിനാൽ പറയുന്ന കാര്യങ്ങൾ ഞങ്ങൾക്ക് കേൾക്കാൻ കഴിഞ്ഞു. അയാൾ പറഞ്ഞു

"രാജൻ ഒരു കോവിഡ് രോഗിയുമായി സമ്പർക്കമുള്ള ഒരാളുമായി സമ്പർക്കത്തിലേർപ്പെട്ടയാളാണ്. കോൺടാക്റ്റിന്റെ കോൺടാക്റ്റ് ".

ഇത് കേട്ടപ്പോൾ ഞങ്ങൾക്ക് അത്ഭുതമായി. എത്ര അധികം ഗ്രൗണ്ട് വർക്ക് ചെയ്താണ് അവർ ഈ വിവരം ശേഖരിച്ചിട്ടുണ്ടാവുക? ട്രെയിനിൽ വരുന്നവരുടെ സ്ഥലം, വീട്ടിലെ വിവരങ്ങൾ, അവരുടെ കോൺടാക്റ്റുകൾ.... സമ്മതിയ്ക്കണെ വേണം.

കേരളത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഞങ്ങൾ ടി.വി.യിൽ കണ്ടറിയുന്നുണ്ട്. ഈ സന്ദർഭത്തിൽ നമ്മളെല്ലാവരും വേണ്ട സഹായങ്ങൾ നൽകി ഗവർമെന്റിന്റെ കൂടെ നിൽക്കുക തന്നെ വേണം.

റെയിൽവേ സ്റ്റേഷനിൽ നിന്ന് ഭക്ഷണകിറ്റ്, കെ.എസ്.ആർ.ടി.സിയിൽ ജില്ലാ ആസ്ഥാനം വരെ സൗജന്യ യാത്രക്കു പുറമെ പിന്നീടുള്ള വാഹന സൗകര്യവും സമ്മതിക്കാതെ വയ്യ . വീട്ടിലെത്തുമ്പോഴേക്കും ആശാ വർക്കർ വിളിച്ചു. വാർഡുമെമ്പർ, ആരോഗ്യ പ്രവർത്തകർ എന്നിവരുടെ നിരന്തര അന്വേഷണവും സഹായവും സമ്മതിക്കാതെ വെയ്യ. ഈ മാതൃക ലോകോത്തരം കേരളത്തിനു സ്വന്തം.

ബോംബേയിലെ സ്ഥിതി ഇതൊന്നുമല്ല.സൗജന്യഅരിയോ, പല വ്യഞ്ജന കിറ്റോ, മറ്റു സർക്കാർ സഹായമോ ഒന്നും തന്നെയില്ല. രോഗികൾക്കുള്ള ആബുലൻസു തന്നെ ചിലപ്പോൾ ലഭ്യമല്ലാത്ത അവസ്ഥ. അതെല്ലാം നോക്കുമ്പോൾ ഇവിടത്തെ പ്രതിരോധം മാതൃകാപരം തന്നെ.മറ്റു സംസ്ഥാനങ്ങളിലെക്കൊന്നു നോക്കിയിട്ടു വേണം കേരളത്തിലെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്താൻ എന്നാണ് എന്റെ അഭിപ്രായം.

പരസ്പരം കുറ്റപ്പെടുത്താനുള്ള വിഷയമല്ല ഈ മഹാമാരി ..... ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവർക്കും പ്രചോദനം നൽകുന്നതാകട്ടെ നമ്മുടെ മാധ്യമ പ്രവർത്തനം .

**പ്രിയദത്ത അന്തർജനം**
എടപ്പാൾ വേന്ത്രക്കാട് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യ
മൊബൈൽ 9987302758

# യു.എ.ഇയിൽ കൂടെ ജോലി ചെയ്യുന്ന 60 പേർക്ക് പോസിറ്റീവ്






ഇവിടെ ലോക്ക് ഡൗൺ ഇല്ലെങ്കിലും നിയന്ത്രണങ്ങൾ കർശനം. കടകൾ ഭാഗികമായി തുറക്കുന്നു. രാവിലെ 6 മണി മുതൽ രാത്രി 10 വരെ സാധാരണ ജീവിതം. പിന്നെ പുലരുവോളം നിയന്ത്രണം. പുറത്തിറങ്ങിയാൽ പിഴ. ലോകത്തിൽ തന്നെ ഏറ്റവുമധികം കോവിഡ് ടെസ്റ്റുകൾ നടത്തിയ രാജ്യം. 1.6 മില്യൺ ടെസ്റ്റുകൾ നടത്തി. ഒരു ദശലക്ഷത്തിന് 152000 ടെസ്റ്റ്. അതുകൊണ്ടു തന്നെ പരമാവധി രോഗബാധിതരെ കണ്ടെത്താനായി. 27892 പേരാണ് രോഗ ബാധിതർ. 241പേർ മരിച്ചു.ഞാൻ തന്നെ രണ്ടു തവണ ടെസ്റ്റ് നടത്തി.കുടെ ജോലി ചെയ്യുന്ന 60 പേർക്ക് പോസിറ്റീവ്. എല്ലാ മുൻകരുതലും ഉണ്ട് പി.പി.ഇ കിറ്റടക്കം. ആരോഗ്യ വകുപ്പ് വിജിലന്റാണ്. ആയിരക്കണക്കിന് ക്വാറൻറയിൻ കേന്ദ്രങ്ങൾ.നല്ല സൗകര്യം. 4 നേരം ഭക്ഷണം.ഇവിടെ എല്ലാവർക്കും ഇൻഷൂറൻസ് ഉണ്ട്. അതിനാൽ ചികിൽസ ഫ്രീ.ആരോഗ്യ പ്രവർത്തകരായ ഞങ്ങൾക്ക് വലിയ അംഗീകാരമാണ്. നിയന്ത്രണങ്ങളില്ല. കോവിഡ് കാലത്ത് രാപ്പകൽ പണി വിശ്രമം വളരെ കുറവ്.

**വിജിൽ വീട്ടിക്കാട്**
ഫാർമസിസ്റ്റ്, ഇമ്പീരിയൽ കോളേജ്
ലണ്ടൻ, ഡയബറ്റസ് സെന്റർ
അബുദാബി
മൊബൈൽ 971554856617

## യോഗക്ഷേമസഭ ഫറോക്ക് യുവജനസഭ നടത്തിയ 'നമസ്തേ' ഓൺലൈൻ സാഹിത്യ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കഥ

47

# അവൾ ഗംഗയാണ്



കെ. ദേവിക മങ്കടയിലെ കണക്കില്ലത്ത് ശങ്കരനാരായണൻ നമ്പൂതിരിയുടെ മകളാണ്.




### ദേവിക കണക്കില്ലം

അയാൾ ചുമരിനോട് ചേർന്നുനിന്നു . വളരെ അവ്യക്തമായി ഒരു രോദനം കേൾക്കാമായിരുന്നു. വെൻറ്റിലേറ്ററിൽ നിന്നും ചിതറിയെത്തുന്ന വെളിച്ചത്തിൽ നിന്നും സമയം പോലും കൃത്യമായി കണ്ടെത്താനായില്ല, ആ ഇടറിയവെളിച്ചത്തിൽ ആ മാലാഖ അയാളുടെ അടുത്തേക്ക് വന്നു. 'കുറച്ച് ഗുരുതരമാണ്'.. എന്ന് പറഞ്ഞ് അവൾ നടന്നു നീങ്ങി . അയാൾ ഗദ്ഗദ കണ്ഠനായി. കണ്ണുകൾ നിറഞ്ഞൊഴുകി അതു കാണാൻ ആരുമില്ലെന്ന തിരിച്ചറിവിൽ അയാൾ കണ്ണീർ തുടയ്ക്കാതെ നിന്നു.

സമയം എതാണ്ട് പന്ത്രണ്ടര ആയിട്ടുണ്ട്. ഇനി കുറച്ചുനേരം വിശ്രമിക്കണമെന്നമട്ടിൽ അവൾ തന്റെ റൂമിൽ ചെന്നിരുന്നു. അവളുടെ ചുണ്ടുകൾ വരണ്ടു കണ്ണിലും മനസിലും അയാളുടെ രൂപമായിരുന്നു . ഇവിടെ വികാരങ്ങൾക്ക് പ്രാധാന്യം ഇല്ല. പോരാടുകതന്നെ നഗര വീഥികളെല്ലാം നിശ്ചലമാണ്. പോലീസുകാർ മാത്രം. അഴിമതിയുടെ വെള്ള കുപ്പായങ്ങളില്ല. ഏവരും കരുതലിലാണ്. ദിനംപ്രതി രോഗികൾ കുത്തനെ ഉയരുന്നു. ദേവീ...നീ കാത്തോണേ ഈ ലോകത്തെ. ഗംഗ നെടുവീർപ്പിട്ടു. നല്ല ക്ഷീണമുണ്ടായിരുന്നു അവൾക്ക്.കണ്ണിൽ ഇരുട്ടടയുന്നപോലെ.

'സിസ്റ്റർ ഗംഗാ, ആ കുഞ്ഞിന്റെ കാര്യം കുറച്ച് മോശമാണ്'.ആരോ വന്നു പറഞ്ഞു : പൊടുന്നനെ അവൾ ഓടിയെത്തി . വരുന്നവഴിക്ക് ഒരു സ്തൂപം പോലെ നിശ്ചലനായി നിൽക്കുന്ന അയാളുടെ രൂപം പതിഞ്ഞിരുന്നു.

തന്നാലാവുന്നതെല്ലാം ഗംഗ ചെയ്തു. അവസ്ഥ കുറച്ച് ഭേദപ്പെട്ടു. 'ഇവിടെ ഇങ്ങനെ നിൽക്കാൻ പാടില്ല മിസ്റ്റർ . നിരീക്ഷണത്തിലുള്ള നിങ്ങൾ എന്തിനിവിടെ നിൽക്കണം'സെക്യൂരിറ്റി ചോദിച്ചു. അയാളെ ഉടനെതന്നെ അവിടെനിന്ന് നിരിക്ഷണമുറിയിലേക്ക് മാറ്റുകയും ചെയ്തു. അവിടെ . . . ആ മുറിയിൽ ഏകനായി അയാൾ ഇരുന്നു . ഒരു പൂർവ കാല സ്മരണയിലേക്ക് അയാൾ വഴുതിവീണു.

മീനമാസമെന്നത് വള്ളുവനാട്ടുകാർക്ക് വളരെ പ്രിയപ്പെട്ട ഒന്നാണ്. പരമ്പരാഗത ആചാരങ്ങൾക്കൊപ്പം കൂട്ടായ്മയുടെ ആവേശവും ഭക്തിയും കൂടിച്ചേരുന്ന തിരുമാന്ധാംകുന്ന് പൂരം. മീനച്ചൂടിലും കുളിരേകി പതിനൊന്ന് ദിനരാത്രങ്ങൾ. അയാൾക്ക് ഒരു മധുരസ്മരണയാണ്. ഹൃദയത്തിൽ ഒരു വർഷത്തിന്റെ കാത്തിരിപ്പിന്റെ വിരാമം. വിദേശത്തുനിന്ന് അവൾ നാട്ടിലെത്തുന്ന സുദിനം. ഒപ്പം പൂരാഘോഷവും ആനയും ... മുട്ടോളമുള്ള മുടിയും പേടമാൻ മിഴിയും മുല്ലമൊട്ടു പോലുള്ള പല്ലുകളും ആയിരുന്നു അവൾക്ക്. അവളുടെ ചെറുപുഞ്ചിരി അയാളെ കോരിത്തരിപ്പിച്ചിരുന്നു. അവളൊരു ലഹരിയായി സിരകളിൽ നിറഞ്ഞിരുന്നു. ആ കൂത്തമ്പലത്തിൽ വച്ച് അവർ ഉറപ്പിച്ചു, മരിച്ചാലും പിരിയില്ല എന്ന് .

അയാൾക്കു വേണ്ടി അവൾ വിദേശത്തുള്ള ജോലി ഉപേക്ഷിച്ചു . എന്നിട്ടെന്തുകാര്യം നഴ്സിങ് ഒരു ജീവനമാർഗത്തിനുപരി സേവനമാണ് എന്ന യാഥാർത്ഥ്യം അയാൾ മനസിലാക്കിയിരുന്നില്ല അവളുടെ രാപ്പകലില്ലാത്ത സേവനം അയാളെ പ്രകോപിപ്പിച്ചു.

അന്നവൾക്ക് ആ യാഥാർഥ്യം മനസിലായി.അയാൾക്ക് ഞാനൊരു ലഹരി മാത്രമായിരുന്നു എന്ന്.വെറും നൂലിൽ കോർത്ത ബന്ധം അധികം താമസിയാതെ അടർക്കപ്പെട്ടു. അവൾ കണ്ടിരുന്ന സ്വർഗഭൂമിയിൽ കരിമേഘങ്ങൾ ഭയാനകമായി ആടിത്തിമിർത്തു.അയാളുടെ ജീവിതത്തിൽ വീണ്ടും മധു പകരുന്ന പൂവായി ഒരുവൾ കടന്നുവന്നു.അത് ആ മാലാഖയെ മാറ്റിമറിച്ചു.തന്റെ ജീവിതം ഒരാളിൽ മാത്രം നിഷിപ്തമല്ല എന്ന് മനസിലാക്കിയ അവൾ ജീവിച്ചുകൊണ്ടേയിരുന്നു .മറ്റുള്ളവർക് അവൾ ദൈവമായി മാറി.ഒരു സാദാ നേഴ്സ് ആയ ഗംഗയെ ലോകം കണ്ടതിൽ വെച്ച് ഏറ്റവും നല്ല ആളാക്കി മാറ്റി.എല്ലാ ലാഭങ്ങൾക്കും നേട്ടങ്ങൾക്കും ഒരു വീഴ്ചയുടെ മൂടുപടം കാണും .അയാൾക് അന്ന് ഉറങ്ങാനേ കഴിഞ്ഞിരുന്നില്ല.കൊറോണ എന്ന മഹാമാരി തന്റെ കുടുംബത്തെ ഇല്ലാതാക്കുമെന്ന് അയാൾക്ക് ബോധ്യമായി.വിധിയെ മാറ്റിമറിച്ചുകൊണ്ട് ആ അത്ഭുതം സംഭവിച്ചു. ലോകത്തെ ഭീതിപ്പെടുത്തി ആ മഹാമാരി അയാളുടെ കുടുംബത്തിൽനിന്നും മണ്ടറഞ്ഞു.അയാൾക്ക് ഗംഗയെ ഒന്ന് കാണണം എന്നുണ്ടായിരുന്നു .സേവനങ്ങൾക്കിടയിൽ അവൾ അയാളുടെ വാക്കുകൾക്ക് ഒരു നിമിഷം ചെവികൊടുത്തു. 'വളരെ നന്ദിയുണ്ട് ഗംഗാ.., എന്റെ രക്തത്തെ നീ രക്ഷിച്ചില്ലേ ..' ആ നന്ദി വാക്കിനോട് അവൾക്ക് പുച്ഛമായിരുന്നു . 'അല്ല ..കുഞ്ഞിന്റെ അമ്മയെവിടെ ..കണ്ടില്ലല്ലോ' ഗംഗ ചോദിച്ചു.ഒരു ഞെട്ടലോടെ അയാൾ പറഞ്ഞു .എന്നെ മടുത്തപ്പോൾ അവൾ വേറെ പങ്കാളിയെ തേടിപ്പോയി

ഗംഗക്ക് അതേശുന്നേ ഉണ്ടായിരുന്നില്ല. നാലു വർഷമായി അവൾ പോയിട്ട് .ഇപ്പോൾ ഞാനും എന്റെ കുഞ്ഞും തനിച്ചാണ് .നീ വീണ്ടും ഒന്ന്.........

'നിർത്ത് '..ഗംഗ ഇടയിൽ കയറി സംസാരിച്ചു. 'പ്രണയമെന്ന കാപട്യത്തേക്കാൾ വലുതാണ് മനുഷ്യത്വം എന്ന വലിയ സത്യം. അതിനാണ് ഇനി എന്റെ ജീവിതം വില കൽപ്പിക്കുന്നത്. നിങ്ങൾക്ക് പോകാം.'... അവൾ കൂസലില്ലാതെ പറഞ്ഞു. മാനവികതയുടെ പ്രതിരൂപമാണ് ഗംഗ. അവളുടെ കരങ്ങൾ ദൈവത്തിന്റെ കരങ്ങൾ ആയിരുന്നു. അയാളുടെ കുടുംബത്തെ മാത്രമല്ല ഒരു സമൂഹത്തെ തന്നെ ആ മഹാമാരിയിൽ നിന്നും രക്ഷിക്കാൻ അവൾക്കു സാധിച്ചു.

ഒരാണ്ടിനു ശേഷം വീണ്ടും വള്ളുവനാടിൻ മണ്ണിൽ ആഘോഷങ്ങളുടെ കൊടി ഉയർന്നു. ആ വാദ്യഘോഷങ്ങൾ അവളെ വീണ്ടും യൗവ്വന സ്മരണയിൽ എത്തിച്ചു. പക്ഷേ അവൾ ഇപ്പോൾ ചെറിയ കിളിയല്ല...ഉയരത്തിൽ പറക്കുന്ന പരുന്താണ്. ആൾക്കൂട്ടത്തിൽ എവിടെയോ അയാൾ ഉണ്ട് .അയാളുടെ നല്ല ഓർമ്മകൾ ഉണ്ട് .അതാണ് ഗംഗ. അവൾ പുണ്യനദി ആണ് .എല്ലാ പാപങ്ങളും മറക്കാനും പൊറുക്കാനും മാത്രമറിയുന്ന പുണ്യനദി.

48

# പ്രത്യാശ



പ്രത്യാശയെന്ന ദീപമേ നയിക്ക നീയി ലോകരെ
അകന്നിരുന്ന ദേഹവും അടുത്തിടും മനസുമായ്
പുതിയ ജീവിതത്തിനായി ഗീതികൾ മുഴക്കിടാം
ലോകമാകെയും പടർന്ന മാരിയെ തുരത്തിടാം
ഉണർത്തിടാം ഉയർത്തിടാം പ്രതിരോധമെന്ന പ്രതിവിധി
കൂടെയുണ്ട് കൂട്ടിനുണ്ട് കോർത്തിടും മനസ്സുമായ്
ആരുമേകരല്ല യുദ്ധഭൂമിയിൽ സുനിശ്ചയം
കൂടെയുണ്ട് കൂട്ടിനുണ്ട് തിന്മയെ ജയിച്ചിടാൻ
കൈകൾ വൃത്തിയാക്കിടാം മുഖം മറച്ചുനിന്നിടാം
ഉണർത്തിടാം ഉയർത്തിടാം പ്രതിരോധമെന്ന പ്രതിവിധി
ഭരണചക്രമുരുളും വഴിയെ പോയിടാം നന്മയിൽ
വ്യാധിയില്ലാനല്ല നാളെയെത്തിടാം ശീഘ്രമായ്
പ്രത്യാശതന്റെ ഗീതികൾ പ്രതിരോധമെന്ന ഗീതികൾ
കൂടെയുണ്ട് കൂട്ടിനുണ്ട് കോർത്തെടുത്ത മനസ്സുമായ്

**ഡോ: ഹരിശങ്കർ കെ.ടി**
കോടിതലപ്പണ ഇല്ലം,9567390154

49



**പ്രാർത്ഥന**
കരിപ്പത്ത് ഇല്ലം
മൊബൈൽ
9526688477

# അതിജീവനം

കൊറോണയെന്നോ കോവിഡെന്നോ
വിളിച്ചിടാമീ സൂക്ഷ്മാണുവിനെ.
ഭൂഖണ്ഡങ്ങളിലെല്ലാം മരണം
വിതറും വിലസും കീടാണുവിനെ.

പകച്ചു നിന്നൂ തരിച്ചു നിന്നൂ
കേമൻ ബ്രിട്ടനമേരിക്ക!
ധീരതയോടെ പിടിച്ചു നിന്നൂ
ഭാരതനാട,തിഗംഭീരം!!

കൈകൾ കഴുകീട്ടകലം പാലി
ച്ചണുവിട നിയമം തെറ്റാതെ
ഒറ്റക്കെട്ടായ് ഒറ്റമനസ്സായ്
ജാഗ്രതയോടെ കേരളവും.

നമ്മുടെ നാടിനെ പുച്ഛിച്ചോരും
ആദരവോടെ നോക്കുന്നൂ
ലോകത്തിന്റെ നെറുകയിലല്ലൊ
ഇപ്പോൾ നമ്മുടെ കേരളവും!!

# മാവേലി നാട് 50



മാമലനാടിന്റെ മാലോകരെക്കാണാൻ
മാവേലി മന്നനെഴുന്നള്ളുന്നു
ഈ മലയാളത്തിൻ മാനസം കണ്ടിട്ടു
മാവേലി മന്നന്നും പ്രീതനായി
മാമാരി വന്നതിൻ ശേഷമീ നാട്ടിലെ
മാലോകരെല്ലാരുമൊന്നുപോലായ്
കൊണ്ടും കൊടുത്തുമങ്ങുണ്ടിട്ടുമൂട്ടിയും
ആതിഥ്യ സേവകരായി മാറി.
മദ്യത്തിന്നാർത്തവം മുച്ചീട്ടിന്നാഘോഷം
എങ്ങുമേ കാണുവാനൊട്ടുമില്ലാ
മാലോകരെല്ലാം മര്യാദരാമരായ്
മാനിനിമാർക്കുമിങ്ങാഘോഷമായ്
ജന്മമെടുത്തുള്ളൊരീശ്വരൻമാർ പിന്നെ
മാലാഖമാരെയും വന്ദിക്കുന്നു
നീതിപീഠം കാക്കും രാജകൊട്ടാരവും
കാവലാൾമാരെ കവാത്തു ചെയ്‌വൂ
കൈകാൽ കഴുകിയും ഇന്ദ്രിയം മൂടിയും
മാനസശക്തിയെ വീണ്ടെടുത്തു
കേരള നാടിനെ പുഷ്പിണിയാക്കുന്നു
ഗോക്കളെ മേച്ചു നടന്നീടുന്നു
മാമാരി വന്നതും ദൈവഹിതം തന്നെ
ഗീതാവചനവുമുദ്ധരിച്ചു
ഈയൊരു ഭാർഗ്ഗവ ഭൂമിയെ കണ്ടിട്ട്
ആമോദമോടങ്ങു യാത്രയായി

**കിഴക്കെ**
**പുതുവാരിടം**
**ശങ്കരൻ നമ്പൂതിരി**
K.G. Palm Lands
No.10.Lynwood
Avenu Road
Mahalgapuram.
Chennai 600034.



# അന്തർജനമല്ല അന്തർജീൻ

### നേട്ടങ്ങൾ

○ 1999 ൽ കേരള സർക്കാറിന്റെ യുവ ശാസ്ത്രജ്ഞ പുരസ്കാരം
○ 2007 മാക്സ് പ്ളാങ്ക് ഇൻസ്റ്റിട്ട്യൂട്ട് ഓഫ് കെമിക്കൽ ഇക്കോളജിയിൽ വിസിറ്റിംഗ് സയിന്റിസ്റ്റ്.
○ 2014ൽ കേരള അക്കാദമി ഓഫ് സയൻസ് ഫെലോഷിപ്.
○ 2017ൽ നാഷണൽ അക്കാദമി ഓഫ് സയൻസ് ഫെലോഷിപ്പ്
○ 2018ൽ നാഷണൽ അക്കാദമി ഓഫ് ബയോളജിക്കൽ സയൻസിന്റെ ഫെലോഷിപ്പും
○ യു. എസ്. എ കാനഡ. ജർമ്മനി കോലാലംപൂർ, സിംഗപ്പൂർ ചൈന ദുബായ് എന്നീ രാജ്യങ്ങളിൽ സയിന്റിവിക് പ്രസന്റേഷൻ. ○ 2019 ൽ മെക് ഗിൽ യൂണിവേഴ്സിറ്റിയിൽ വിസിറ്റിങ്ങ് പ്രൊഫസർ
○കേരള അക്കാദമി ഓഫ് സയൻസ് , നാഷണൽ അക്കാദമി ഓഫ് ബയാളജിക്കൽ സയൻസ് , നാഷണൽ അക്കാദമി ഓഫ് സയൻസ് ഇന്ത്യ, ഇവയുടെ ഫെല്ലോ.
○ ലൈഫ് ടൈം അച്ചീവ്മെന്റായി 2019ലെ ജാനകി അമ്മാൾ നാഷണൽ വുമൺ ബയോ സയന്റിസ്റ്റ് പുരസ്കാരം .5 ലക്ഷം രൂപയും പ്രശസ്തി ഫലകവും സുവർണ പതക്കവും ചേർന്നതാണീ അതി വിശിഷ്ട പുരസ്കാരം.
○ ജീനോടൈപ്പ് വിഷയത്തിൽ പേറ്റന്റ്

## ദേശീയ സ്ത്രീ ശാസ്ത്രജ്ഞ പുരസ്കാരത്തിന് അർഹത നേടിയ
## ഡോ.ഇ.വി. സോനിയയെക്കുറിച്ച്
### ജയൻ പഴങ്ങോട്ടുപൊറ്റ തയ്യാറാക്കിയ കുറിപ്പ്



ഓർമ്മയില്ലേ പുറ്റിങ്ങൽ വെടിക്കെട്ടപകടം? നൂറു കണക്കിന് ജീവനുകൾ പൂത്തിരി കത്തി ചിതറിയ പോലെ പൊലിഞ്ഞു വീണത്! തിരഞ്ഞാൽ കിട്ടുക ഒരു വിരലോ ചെറിയ ശരീരഭാഗമോ ആവും. അതിൽ നിന്ന് ആളെ കണ്ടെത്തി തിരിച്ചറിയാൻ ഒറ്റ വഴിയേയുള്ളൂ. ഡി.എൻ.എ ഫിംഗർ പ്രിന്റിംഗ്.

ഡി എൻ എ ഫിംഗർ പ്രിന്റിങ്ങ് ഫെസിലിറ്റി വിഭാഗം മേധാവിയെന്ന നിലയിൽ ഈ വെല്ലുവിളി ഏറ്റെടുത്താണ് തന്റെ ഔദ്യോഗിക ജീവിതത്തിൽ ഏറെ പരീക്ഷിക്കപ്പെട്ട സമയമെന്ന് സോനിയ സാക്ഷ്യപ്പെടുത്തുന്നു.

സോനിയ ആരെന്നു പറയാം.നമുക്കിടയിലെ ഒരന്തർജനമെന്നത് ആദ്യം പറയേണ്ട കാര്യം. പിന്നെയോ, സമഗ്ര സംഭാവനകൾ പരിഗണിച്ച് കേന്ദ്ര സർക്കാറിന്റെ 2019 ലെ ദേശീയ സ്ത്രീ ശാസ്ത്രജ്ഞ പുരസ്കാരത്തിന് അർഹത നേടിയ ആൾ. തൃശ്ശൂർ ഏപ്പുറത്ത് വാസുദേവൻ നമ്പൂതിരിയുടെയും കോമന മന ശ്രീദേവിയുടെയും മകൾ. തിരുവനന്തപുരത്തെ പ്രശസ്തമായ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ മോളികുലർ ഫോറൻസിക്സ് ആൻഡ് ഡി. എൻ.എ ടെക്നോളജിയുടെ മേധാവി. തിരുവനന്തപുരം വിക്രം സാരാഭായി സ്പേസ് സെൻററിലെ എൻജിനീയർ സയന്റിസ്റ്റ് ആയിരുന്ന ഡോക്ടർ പി കെ ഗോവിന്ദൻ പോറ്റിയുടെ പത്നി.

വേറൊന്നു പറയാം. നമ്മളെല്ലാം വായിച്ച ചില കൊടും കൊലപാതക വാർത്തകളുണ്ട്. അവയിലെ പ്രതികളെ കണ്ടെത്തിയതും സോനിയ നടത്തിയ ഡി എൻ എ ഫിംഗർ പ്രിന്റിങ്ങിലൂടെയാണ്. വീശിയടിച്ച അതിഭീകരൻ ഓഖി ചുഴലിക്കാറ്റിൽ നിരവധി പേർ മരിച്ചു. കരക്കടിഞ്ഞത് ആരുടെ ജഡാവശിഷ്ടം എന്നറിയാൻ ഒറ്റ വഴിയേ ഉണ്ടായിരുന്നുള്ളൂ. ഡി എൻ എ ഫിംഗർ പ്രിന്റിംഗ്. അതു നടത്തിയതും സോനിയ.

ഇവിടെയെല്ലാം തുണയായി എത്തിയത് ജീവന്റെ വ്യതിരിക്തവും വേറിട്ടതുമായ വിരലടയാളം എന്ന ഒറ്റമൂലിയാണ്. വിരലിന്റെ മുകളിലുള്ള അടയാളമല്ല ഇപ്പറയുന്ന ഫിംഗർ പ്രിന്റിംഗ്. അത് കോശത്തിനുള്ളിലെ, ന്യൂക്ളിയസിനുള്ളിലെ, ക്രോമോസോമിനുള്ളിലെ, ഡി.എൻ.എക്കുള്ളിലെ, ജീനുകളിലിരിക്കുന്ന അടയാളമാണ്. നമ്മുടെ കോവിഡ് വൈറസിനേക്കാളും അതിസൂക്ഷ്മമായ ഒന്ന്. കണ്ണു കൊണ്ട് കാണാത്തത്. മൈക്രോസ്

കോപ്പ് കൊണ്ടു പോലും കാണാത്തത്. അങ്ങനെയുള്ള ഒന്നിനെ കണ്ടെത്തി അതിന്റെ സ്വഭാവം നിർണ്ണയിക്കുന്ന കലയാണ് ഡി എൻ എ ഫിംഗർ പ്രിന്റിംഗ്.ആ കലയിൽ ഇന്ന് കേരളത്തിൽ അഗ്രഗാമിയാണ് ഈ അന്തർജനം.

ഡി എൻ എ എന്നത് മനുഷ്യരിൽ മാത്രമല്ല; മൃഗങ്ങളിലും ചെടികളിലും എന്നു വേണ്ട എല്ലാ ജീവ കോശങ്ങളിലുമുണ്ട്. കണ്ടു പിടിക്കാനേ പണിയുള്ളൂ. എളുപ്പത്തിൽ നടക്കുന്ന കാര്യവുമല്ല. നല്ല ക്ഷമവേണം. സൂക്ഷ്മത വേണം. കാത്തിരിക്കാൻ സന്നദ്ധത വേണം. അതെല്ലാം ഉള്ളതാണ് സോനിയയെ മികച്ച ശാസ്ത്രജ്ഞയാക്കിയത്. 2019 ലെ ദേശീയ സ്ത്രീ ശാസ്ത്രജ്ഞ പുരസ്കാരം തേടിയെത്തിയത് അതു കൊണ്ടാണ്.

കേരളത്തിലെ എല്ലാ ആനകൾക്കും ഡി എൻ എ ഉപയോഗിച്ച് ആധാർ ഉണ്ടാക്കിയിട്ടുണ്ട് സോനിയ. അപകടങ്ങളിലും മറ്റും പെടുന്ന നാട്ടാനകളെ കൃത്യമായി തിരിച്ചറിയുക എന്ന ലക്ഷ്യത്തോടെ കേരള വനംവകുപ്പുമായി ചേർന്നാണ് നാട്ടാനകളുടെ ഫിംഗർ പ്രിന്റിങ്ങ് തയ്യാറാക്കിയത്. ഇതുവരെയായി അഞ്ഞൂറിലധികം ആനകളുടെ ഡിഎൻഎ ഫിംഗർ പ്രിന്റ് ബാങ്ക് റെഡിയായി.

ഇനി ഏതെങ്കിലുമൊരാൾ ഇത് തന്റെ ആനയുടെ കൊമ്പാണെന്ന് കളവ് പറഞ്ഞാൽ സോനിയ പിടികൂടും. അത് ഇന്ന ആനയുടെ കൊമ്പാണെന്ന് ഡിഎൻഎ ഫിംഗർ പ്രിന്റിംഗിലൂടെ തെളിയിക്കും. സാധാരണ നിലയിൽ ഡിഎൻഎ ഫിംഗർ പ്രിന്റിംഗ് എന്നു കേട്ടാൽ പെട്ടെന്ന് മനസിൽ വരിക പിതൃത്വ നിർണ്ണയക്കേസാണ്. അച്ഛൻ താനല്ല എന്നു ഒരാൾ പറഞ്ഞിട്ട് കാര്യമില്ല. കളവ് പിടികൂടാനാണ് ഡിഎൻഎ ഫിംഗർപ്രിന്റിംഗ്.

കുറ്റകൃത്യങ്ങൾ, പ്രകൃതിദുരന്തങ്ങൾ, വ്യക്തി തിരോധാനങ്ങൾ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത കേസുകളുടെ മുകളിലാണ് സോനിയ. പൊലീസിനു നടക്കാത്ത കാര്യം ശാസ്ത്രീയമായി നടത്തിക്കൊടുക്കുന്നു. നിരവധി കേസുകളുടെ അന്വേഷണങ്ങൾ ഇപ്പോൾ ഇവർ തെളിക്കുന്ന വഴിക്കാണ്.

അതേ, മോളിക്കുലാർ ബയോളജിയും ബയോടെക്നോളജിയും ചെറിയ ശാഖകളല്ല. ഇപ്പോഴും ഗവേഷണം തുടരുന്നുമുണ്ട്. 22 വർഷത്തിനിടയിൽ 15 വിദ്യാർത്ഥികൾ ഇവരുടെ കീഴിൽ പി. എച്ച് ഡിയും നേടി.

ഇനി സോനിയ പറയട്ടെ ചിലതെല്ലാം.

എന്റെ ഇല്ലം പെരിങ്ങോട്ടുകരയിലെ ഏപ്പുറത്ത് മന. തൃപ്രയാർ ക്ഷേത്രത്തിനടുത്ത്. അച്ഛൻ വാസുദേവൻ നമ്പൂതിരി .അമ്മ കോമന മനയിലെ ശ്രീദേവി അന്തർജനം. എന്റെ ഇല്ലത്തെ മുത്തശ്ശി ശ്രീദേവി അന്തർജനം കണ്ണാത്ത് .എൻറെ ഇല്ലത്തെ മുത്തച്ഛൻ ബ്രഹ്മദത്തൻ നമ്പൂതിരി.ജനിച്ചു വളർന്നത് ഒരു കൂട്ടുകുടുംബത്തിൽ.ഒരു ഏട്ടനും ഏടത്തിയും ഉണ്ട്. ഏടത്തി രജനി തൃശ്ശൂർ എൻജിനീയറിങ് കോളേജിൽ നിന്നും സിവിൽ എൻജിനീയറിങ് പാസായി. ഏട്ടൻ ഹർഷൻ തൃശ്ശൂർ സെൻറ്തോമസ് കോളേജിൽ നിന്നും ബി.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് ഒന്നാംറാങ്കോടെ പാസായി. തൃച്ചി ആർ ഇ സി യിലെ (ഇപ്പോഴത്തെ എൻ ഐ ടി ആദ്യ ബാച്ചുകാരൻ. ഓസ്ട്രേലിയയിലും പിന്നീട് അമേരിക്കയിലും ജോലി ചെയ്തു ഇപ്പോൾ തൃശ്ശൂരിൽ സെറ്റിലായി.

എട്ട് അമ്മാവന്മാരുണ്ട്.അമ്മയൊഴികെ എല്ലാവരും ഫിസിക്സിലോ കണക്കിലോ ഉന്നത വിദ്യാഭ്യാസം ചെയ്തവരാണ്.വലിയമ്മാവനായ, നാലുമാസം മുമ്പ് അന്തരിച്ച, പ്രശസ്ത ഗണിത ശാസ്ത്രജ്ഞൻ കെ. എസ്.എസ്. നമ്പൂതിരിപ്പാട് ഗണിതത്തിൽ ലോകം മുഴുവൻ പ്രശസ്തനായിരുന്നു. കേരള യൂണിവേഴ്സിറ്റിയിൽ നിന്നും മാത്സ് പ്രൊഫസർ. അതുപോലെ രണ്ടാമത്തെ അമ്മാവൻ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഓഷിയാനോ ഗ്രാഫി ഡിപ്പാർട്ട്മെൻറ് പ്രൊഫസറായിരുന്നു. പത്താംക്ലാസിൽ ഉന്നത മാർക്ക് നേടിയ ( ഗണിതത്തിൽ 100 ശതമാനം) അമ്മയ്ക്ക് അന്നത്തെ സാമൂഹിക സാഹചര്യങ്ങൾ കൊണ്ട് തുടർന്നു പഠിക്കാൻ ആയില്ല. ഉടൻ തന്നെ വിവാഹവും നടന്നു. അമ്മയുടെ പതിനെട്ടാം വയസ്സിൽ ഏടത്തിയും ഇരുപതാം വയസ്സിൽ ഏട്ടനും 22 വയസ്സിൽ ഞാനും ജനിച്ചു.അമ്മയെപ്പോലെ ആവരുതെന്ന് അമ്മ പറയും. എന്തു വന്നാലും പഠനത്തിന് മുടക്കം ഉണ്ടാക്കരുതെന്നും.

അച്ഛനും അമ്മയും ധാരാളം പുസ്തകങ്ങൾ വായിക്കുമായിരുന്നു ഞങ്ങൾ കുട്ടികളെയും വായിക്കാൻ പ്രേരിപ്പിക്കുമായിരുന്നു. വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു. വൈകുന്നേരങ്ങളിൽ എല്ലാവരും ഒന്നിച്ചുള്ള ചർച്ച പലപ്പോഴും ശരിയും തെറ്റും തിരിച്ചറിയാൻ സഹായിച്ചു.




എ പി ജെ അബ്ദുൽ കലാമുമായുള്ള അടുപ്പമാണ് മറ്റൊരുകാര്യം രാഷ്ട്രപതിയായ അദ്ദേഹത്തെ കാണുന്നത് ആർ ജി സി ബി രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി രാജ്യത്ത് സമർപ്പിക്കാൻ വന്നപ്പോഴാണ്. അദ്ദേഹം അന്ന് എല്ലാ ശാസ്ത്രജ്ഞരെയും കാണണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് നേരിട്ട് കാണാനും സംസാരിക്കാനും പറ്റി.

അദ്ദേഹം എന്നോട് ഒരുപാട് കാര്യങ്ങൾ ചോദിച്ചറിഞ്ഞ ശേഷം ഒരു പുസ്തകം അയച്ചു തരാം എന്നു പറഞ്ഞു. പിന്നീട് അത് എങ്ങനെ വേണം എനിക്ക് അറിയാത്തതുകൊണ്ട് നടന്നില്ല. പിന്നീട് വീണ്ടും 2006 ആർ ജി സി ബിയിൽ വന്നപ്പോൾ അദ്ദേഹത്തെ കാണുകയും അദ്ദേഹത്തിന്റെ സെക്രട്ടറിയായ പ്രസാദ് പുസ്തകം അയച്ചു തരാം എന്ന് ഉറപ്പു തരികയും ചെയ്തു.

രാഷ്ട്രപതി ഭവൻ വിസിറ്റ്ചെയ്യാനുള്ള അനുമതിയും കിട്ടി. അങ്ങനെ ഞങ്ങൾ എല്ലാവരും കൂടി അദ്ദേഹത്തെ രാഷ്ട്രപതി ഭവനിൽ പോയി കാണുകയും ചെയ്തു. പിന്നീട് ഞങ്ങൾ അദ്ദേഹത്തെ കേരള ഗവർണറുടെ ഭവനത്തിൽ വച്ചും കാണുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ എഴുതാനും വേണ്ട കറക്ഷൻസ് ചെയ്യാനുമുള്ള അവസരം ലഭിക്കുകയും ഉണ്ടായി.

## അംഗത്വം

- ഇന്ത്യൻ സൊസൈറ്റി ഓഫ് സെൽ ബയോളജി
- സൊസൈറ്റി ഫോർ പ്ലാന്റ് ഫിസിയോളജി ആൻഡ് ബയോടെക്നോളജി
- കേരള അക്കാദമി ഓഫ് സയൻസസ്
- ഇന്ത്യൻ സൊസൈറ്റി ഫോർ ബയോടെക്നോളജീസ്

എന്നിവയിൽ വിശിഷ്ടാംഗത്വം.



# കോശത്തിനുള്ളിലെ കാഴ്ച

**വിരലിന്റെ മുകളിലുള്ള അടയാളമല്ല ഇപ്പറയുന്ന ഫിംഗർ പ്രിന്റിംഗ്. അത് കോശത്തിനുള്ളിലെ ന്യൂക്ളിയസിനുള്ളിലെ ക്രോമോസോമിനുള്ളിലെ ഡി. എൻ.എക്കുള്ളിലെ ജീനുകളിലിരിക്കുന്ന അടയാളമാണ്. നമ്മുടെ കോവിഡ് വൈറസിനേക്കാളും അതി സൂക്ഷ്മമായ ഒന്ന്. കണ്ണു കൊണ്ട് കാണാത്തത്.**

പ്രൈമറി വിദ്യാഭ്യാസം തുടങ്ങിയത് ചെമ്മാപ്പിള്ളി സ്കൂളിലായിരുന്നു. ശേഷം പെരിങ്ങോട്ടുകര സെറാഫിക് കോൺവെൻറ് ഗേൾസ് ഹൈസ്കൂളിൽ 5 മുതൽ 10 വരെ പഠിച്ചു . ഒൻപതിൽ പഠിക്കുമ്പോൾ സ്കൗട്ട് & ഗൈഡിൽ ഒരു ആക്ടീവ് മെമ്പറായിരുന്നു .അതിലെ പല പരീക്ഷകളിലും ഉയർന്ന ഗ്രേഡ് പാസായി. പ്രസിഡണ്ടിന്റെ ഗൈഡ് അവാർഡ് ലഭിച്ചു.

പത്താം ക്ലാസ് കഴിഞ്ഞപ്പോഴേക്കും നാട്ടിൽ നിന്ന് തൃശൂർ ടൗണിലേക്ക് മാറി. സെൻമേരിസ് കോളേജിൽ നിന്ന് പ്രീഡിഗ്രിയും വിമല കോളേജിൽ നിന്ന് ബി എസ് സി യും പഠിച്ചു. ബി എസ് സി ക്ക് നല്ല മാർക്ക് ഉണ്ടായിരുന്നു അതുകൊണ്ട് എം എസ് സി ക്കു കോഴിക്കോട് യൂണിവേഴ്സിറ്റി ക്യാമ്പസിൽ അഡ്മിഷൻ കിട്ടി.

എം എസ് സി ക്ക് ശേഷം ജോലിക്ക് പോകണം എന്നായിരുന്നു ആഗ്രഹം. അതുകൊണ്ട് തൃശ്ശൂരുള്ള വനഗവേഷണ കേന്ദ്രത്തിൽ ഒരു പ്രോജക്റ്റിന് ചേർന്നു. അപ്പോഴേക്കും വിവാഹമായി. വിവാഹത്തോടെ വടക്കുംനാഥന്റെ നാട്ടിൽനിന്ന് പത്മനാഭന്റെ നാട്ടിലെത്തി.

തിരുവനന്തപുരത്ത് എത്തിയ ഞാൻ താമസിയാതെ കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് പി എച്ച് ഡിക്ക് ചേർന്ന് ഉടൻ തന്നെ അമ്മയുമായി . കുറച്ച് ബുദ്ധിമുട്ടിയാണെങ്കിലും തീർക്കാൻ സാധിച്ചു.പി എച്ച് ഡി കഴിയും മുമ്പ് തന്നെ തിരുവനന്തപുരത്ത് തന്നെയുള്ള കേന്ദ്ര കിഴങ്ങുവർഗ ഗവേഷണ കേന്ദ്രത്തിൽ ഒരു പ്രൊജക്ടിൽ ജോലികിട്ടി. ഇതിനിടെ ദൂരദർശനിൽ ന്യൂസ് റീഡറായും സെലക്ഷൻ കിട്ടി.

രണ്ടു വർഷത്തിനു ശേഷം പുതുതായി തുടങ്ങിയ രാജീവ് ഗാന്ധി സെൻറർ ഫോർ ബയോ ടെക്നോളജിയിൽ ജോലി ലഭിച്ചു. അത് ജീവിതത്തിലെ വലിയൊരു വഴിത്തിരിവായി. ഏറ്റവും ആഗ്രഹം ഉണ്ടായിരുന്ന ഒരു സ്വപ്നം സാക്ഷാത്കരിച്ച സന്തോഷം .വളരെ വലുതായിരുന്നു. പിന്നീടുള്ള ദിവസങ്ങൾ അതിജീവനത്തിന്റെ കാലമായിരുന്നു. അപ്പോഴേക്കും ഒരു കുഞ്ഞു കൂടി ഉണ്ടായി.

പിന്നെ ജീവിതം വളരെയധികം പ്രയാസങ്ങളിലൂടെയാണ് കഴിഞ്ഞുപോയത്.ചെറിയ കുട്ടികളെയും കൊണ്ട് ഇതു പോലെ ഭാരിച്ച ഉത്തരവാദിത്തങ്ങളുള്ള ജോലി ചെയ്യുക വലിയ പ്രയാസമാണ്. ബെംഗളൂരു ഐ. ഐ. എസ് സി യിൽ പഠനത്തിന് പോയപ്പോൾ കുഞ്ഞിനെ നോക്കാനായി ഒരു ആയയെയും കൂട്ടിയാണ് പോയത്.

ഭർത്താവിന്റെ സഹായമുണ്ടായതിനാൽ ഒരു വിധം എല്ലാ സമയങ്ങളിലും പ്രതിബന്ധങ്ങൾ മറി കടക്കാനായി. ഇപ്പോൾ മക്കൾ വലുതായി. മകൾ വന്ദന ഇലക്ട്രോണിക് എൻജിനിയറിംഗ്. മകൻ രോഹിത് ബിടെക് മെക്കാനിക്കൽ എൻജിനീയറിങ് .ചങ്ങനാശ്ശേരി പെരിയമനയിലെ ഡോ.പി കെ ഗോവിന്ദൻ പോറ്റിയാണ് ഭർത്താവ്. ഐ.ഐ.ടി വാരണാസിയിൽ നിന്ന് പി എച്ച് ഡി നേടിയ അദ്ദേഹം തിരുവനന്തപുരം വിക്രം സാരാഭായി സ്പേസ് സെൻററിൽ എൻജിനീയർ സയന്റിസ്റ്റാണ്.

## ഓർത്തു പറയാനുള്ള കാര്യം

**ഭർത്താവിന്റെ അകമഴിഞ്ഞ പിന്തുണയും പ്രോൽസാഹനവുമാണ് തന്റെ ഓരോ നേട്ടത്തിനും പിറകിലെ ചാലക ശക്തി . സ്ത്രീകൾ അടുക്കളക്കകത്ത് അടച്ചിടേണ്ടവരല്ല അമരത്തെത്തി വെന്നിക്കൊടി വീശേണ്ടവരാണെന്ന ബോധം ചെറുപ്പത്തിലെ ഉണ്ടാക്കിത്തന്ന അമ്മയും. രണ്ടു കാര്യങ്ങൾ അമ്മ എന്നുമെന്നും ഓർമ്മിപ്പിച്ചിരുന്നു.ഒന്ന് -നല്ല വിദ്യാഭ്യാസം അത് എത്ര കഷ്ടപ്പെട്ടായാലും നേടണം. രണ്ട് ,സ്വന്തം കാലിൽ നിൽക്കാനാവും വിധം സ്വന്തമായി ഒരു ഉയർന്ന ജോലി നേടണം.**

**സോനിയ :മൊബൈൽ 9446100490**
**ജയൻ പഴങ്ങോട്ടുപൊറ്റ:9745137987**





# തുളുനാടൻ പെരുമയുമായി വാഴുന്നവ

ഓർക്കുന്നുണ്ടോ, മലയാളത്തിന് അന്താരാഷ്ട്ര പ്രശസ്തി നൽകിയ പിറവിയെന്ന സിനിമ. പ്രേംജിയ
തെയ്യവും കവുങ്ങിൻ തോട്ടവും. രഘുവിന്റെ കുടുംബസ്ഥിതി അടയാളപ്പെടുത്തുന്ന നാലുകെട്ട്. ചെ
മ.മലയാള സിനിമയ്ക്ക് അപരിചിതമായിരുന്ന പശ്ചാത്തലം തേടി സംവിധായകൻ ഷാജി എൻ ക

## ദേവർ കുന്നത്ത ഇല്ലപ്പെരുമ

**കുട്ടികളടക്കം 38 പേരാണ് ഇരിവൽ തറവാട്ടിലെ ഇപ്പോഴത്തെ അംഗസംഖ്യ. വേളി കഴിഞ്ഞ പെൺമക്കളും കൊച്ചുമക്കളുമടക്കം നൂറോളം പേർ തറവാടുമായി ബന്ധപ്പെട്ട് കിടക്കുന്നു.**

ഐ കെ കേശവൻ വാഴുന്നവർ

## തുളുനാട്ടിലെ മന്ത്രമൂർത്തികൾക്ക് തന്ത്രീശ്വരൻ സമുദായത്തിന് ദെരിഞ്ചത്തായർ നാടിനും നാട്ടുകാർക്കും വാഴുന്നവർ



**വി. പി. ഹേമ**
**ഗോശാല ഇല്ലം**

ഇരിവൽ ഇല്ലത്തെ പിറവിയുടെ ഷൂട്ടിംഗ് ദിനങ്ങൾ ഷാജി എൻ കരുൺ ഇപ്പോഴും ഓർക്കുന്നുണ്ട്.

"കർക്കടകത്തിലെ നല്ല മഴക്കാലത്താണ് ഇല്ലത്ത് എത്തുന്നത്. ഷൂട്ടിംഗിന് മുന്നേ ഇല്ലത്തെ അമ്പലത്തിൽ കുടുംബക്കാരോടൊപ്പം നിറമാലയിൽ പങ്കെടുത്തു. അന്നത്തെ രാത്രി ഭക്ഷണം ഇല്ലത്തു നിന്നായിരുന്നു. ഏകാദശി ആയതു കൊണ്ട് 'പിടി' ആയിരുന്നു ഭക്ഷണം. മനസും ശരീരവും നിറഞ്ഞാണ് അന്ന് എല്ലാവരും കാഞ്ഞങ്ങാട്ടുള്ള ലോഡ്ജിലേക്ക് പോയത്.

ഓരോ ദിവസത്തെ ഷൂട്ടിംഗ് കഴിയും തോറും ഇല്ലക്കാരുമായി അടുപ്പം കൂടി. എന്തിനും ഏതിനും സഹായത്തിന് കാരണവരായ കേശവൻ വാഴുന്നവരും കുടുംബാംഗങ്ങളും ഉണ്ടായിരുന്നു. ഇല്ലത്തുള്ളവരെ കഴിയുന്നതും ബുദ്ധിമുട്ടിക്കാതെയായിരുന്നു ഷൂട്ടിംഗ്. എങ്കിലും ചിലപ്പോൾ സ്വകാര്യത നഷ്ടമാകുന്നത് അറിഞ്ഞിരുന്നു. എന്നാൽ ഞങ്ങളെയെല്ലാം അത്ഭുതപ്പെടുത്തിക്കൊണ്ട് കാരണവർ അതെല്ലാം ക്ഷമിച്ചു പോന്നു. ആ വലിയ മനുഷ്യന്റെ ക്ഷമയ്ക്ക് മുന്നിൽ നമിക്കുന്നു.

കർക്കടകത്തിൽ ഷൂട്ടിംഗ് കഴിയാറായ സമയത്തായിരുന്നു അദ്ദേഹത്തിന്റെ പിറ



*ഐ കെ പത്മനാഭൻ വാഴുന്നവർ*
*സവിത പത്മനാഭൻ മകൾ മാനസ,*
*മരുമകൻ ഗിരീഷ് മുല്ലപ്പള്ളി*



*ഐ കെ ഉപേന്ദ്രൻ വാഴുന്നവർ*
*വിജയലക്ഷ്മി*
*ആശ്രിത, ആരഭി, അപൂർവ്വ, അലോക്*



*ഐ കെ രാംദാസ് വാഴുന്നവർ*
*ഭാര്യ സ്നേഹലത*
*മകൾ ചന്ദന*



*ഐ കെ വാ*
*രശ്മി*
*ആകാശ് കേശ*









**ുടെ പ്രതിഭാവിലാസം. ഷാജി എൻ കരുണിന്റെ സംവിധായകമികവ്. അതിനൊപ്പം ആ ഇല്ലത്തിന്റെ പശ്ചാത്തലവും. മഴയും പുഴയും കർക്കിടക ങ്കല്ലിൽ കൊത്തിയെടുത്ത അകത്തളങ്ങൾ. ഇല്ലവും ഒരു കഥാപാത്രമാവുന്നു ആ സിനിമയിൽ.ആ ഇല്ലത്തെപ്പറ്റിയാണ് ഇത്തവണത്തെ ഇല്ലപ്പെരു കരുൺ ചെന്നെത്തിയ പോലെ കേരളത്തിന്റെ വടക്കേയറ്റത്തെ ഒരില്ലത്തേക്കാണ് സ്വസ്തിയും സഞ്ചരിക്കുന്നത്, ആ പഴയ തുളുനാട്ടിലേക്ക്...**

ന്നാൾ. യൂണിറ്റിലുള്ള എല്ലാവർക്കും സദ്യ ഒരുക്കി. ജാതി മത വ്യത്യാസമില്ലാതെ ഇല്ലത്ത് വച്ച് അദ്ദേഹം തന്നെ വിളമ്പിത്തന്നു. നന്മ നിറഞ്ഞ ഇല്ലക്കാരുടെ അനുഗ്രഹവും ഈശ്വരസാന്നിദ്ധ്യവും 'പിറവി'യെയും എന്നെയും വേണ്ടുവോളം അനുഗ്രഹിച്ചു" അദ്ദേഹം ഓർക്കുന്നു.

"പിറവിയുടെ വിജയത്തിൽ ആഹ്ളാദം കൊണ്ട് ഒരു പ്രാവശ്യം കൂടി പിന്നീട് ഇല്ലത്ത് പോയി. ഞാൻ വന്ന വഴിയും എനിക്ക് നൽകിയ പുതിയ പിറവിയും ഇരിയ വാഴുന്നവരുടെ സഹൃദയത്തിന്റെ സംഭാവന കൂടിയാണ്". ഈ ഭാഗത്തേക്ക് എപ്പോൾ വന്നാലും അദ്ദേഹം ഇരിവൽ ഇല്ലത്തെത്തി ക്ഷേത്രത്തിൽ തൊഴാതെ പോവാറില്ല. കഴിഞ്ഞ വർഷവും വന്നിരുന്നു.

ഷാജി എൻ കരുണിനെപ്പോലുള്ളവർ ഇത്രക്ക് നെഞ്ചേറ്റുന്ന ആ ഇല്ലത്തെപ്പറ്റി നമ്മിൽ പലർക്കും അറിയില്ല. അതുകൊണ്ടു തന്നെ ഈ ഇല്ലപ്പെരുമക്ക് തുളുനാടൻ ഗരിമ കൂടിയുണ്ട്. പറയാം അതേപ്പറ്റി.

പാണത്തൂർ റൂട്ടിൽ കാഞ്ഞങ്ങാട്ടു നിന്ന് 14 കിലോമീറ്റർ സഞ്ചരിച്ചാൽ ഇരിയയിൽ എത്താം. ഇരിയ ബംഗ്ലാവ് സ്റ്റോപ്പിൽ ഇറങ്ങി ഇടത്തോട്ടുള്ള ചെമ്മൺ പാതയിലൂടെ കുന്നിറങ്ങണം. റോഡ് സൈഡിൽ പൊട്ടിപ്പൊളിഞ്ഞ കെട്ടിടാവശിഷ്ടങ്ങൾ കാണാം. ഇതാണ് ബ്രിട്ടീഷ് ബംഗ്ലാവ്. 'പിറവി' തുടങ്ങുന്നത് ഈ കെട്ടിടത്തിൽ നിന്നാണ്.

കുന്നിറങ്ങി എത്തിച്ചേരുന്നത് അത്രയൊന്നും പഴക്കമില്ലാത്ത അസാധാരണത്വം ഒട്ടും തോന്നാത്തൊരു ഗൃഹത്തിലേക്ക്. മുറ്റത്ത് പഴയൊരു നാലുകെട്ടിന്റെ അടയാളപ്പെടുത്തലുകൾ . പിറവിയുടെ അതേ ലൊക്കേഷൻ. പക്ഷേ നാലുകെട്ട്? ഇന്നും നിലനിൽക്കുന്നുണ്ട്. പക്ഷേ ഇവിടെ അല്ല എന്ന് മാത്രം. ഒരു കഥയുണ്ട് ആ നാലുകെട്ടിന് പിന്നിൽ.

ആ നാലുകെട്ട് പറിച്ച് നട്ടു മറ്റൊരിടത്തേക്ക്.

സമുദായത്തിന് ദെരിഞ്ചത്തായർ;

നാടിനും നാട്ടുകാർക്കും വാഴുന്നവർ;

തുളുനാട്ടിലെ മന്ത്രമൂർത്തികൾക്ക് തന്ത്രീശ്വരൻ.

ഒരു കാലത്ത് നാടിന്റെ ഗതിവിഗതികളെ നിർണ്ണയിച്ചിരുന്നത് ഇരിവൽ വാഴുന്നവരായിരുന്നു. തന്ത്രവും മന്ത്രവും വേദവും ഭരണപാടവവും സഹൃദയത്വവും ഒന്നിച്ച് മേളിച്ച കുടുംബം! ഇപ്പോൾ അറിയപ്പെടുന്നത് ഇരിവൽ വാഴുന്നവരെന്ന പേരിൽ. തിരുവിതാംകൂറിലും തെയ്യത്തോറ്റങ്ങളിലും ദേവർകുന്നത്ത് തന്ത്രിയാണ്. കുടുംബപ്പേര് ദെരിഞ്ചത്തായർ. ഋഗ്വേദികൾ, ആശ്വാലയന സൂത്രം, അംബരീഷ യൗവനാശ്വ പ്രവരം, അംഗീരസ ഗോത്രം.

ഇരിവൽ ഇല്ലത്തിന്റെ പഴമക്കു മുൻപ് തുളുനാടിന്റെ ചരിത്രം അറിയണം. ഇവരുൾപ്പെട്ട പുല്ലൂർ പത്തില്ലം എന്ന ബ്രാഹ്മണ കൂട്ടായ്മയെക്കുറിച്ചും ധാരണ വേണം. ഇല്ലത്തിന്റെ ചരിത്രം നാടിന്റെയും പത്തില്ലക്കാരുടെയും കൂടിയാണ്.

തുളുനാടിന്റെ ഭൂമിശാസ്ത്രം ഒന്നു വേറിട്ടതാണ്. സുഖകരമായ കാലാവസ്ഥ. കടൽത്തീരത്തോട് ചേർന്ന കിടപ്പ്. അതു



*ുദേവൻ വാഴുന്നവർ*
*വാസുദേവൻ*
*വ് അനുഷ സാവിത്രി*

*ഐ കെ കൃഷ്ണദാസ് വാഴുന്നവർ*
*വിദ്യാലക്ഷ്മി ശ്രീ കേശവ്*
*ശ്യാം മഹേന്ദ്ര*

*ഐ കെ ശിവപ്രസാദ് വാഴുന്നവർ*
*അമ്പിളി ശിവപ്രസാദ്*
*മകൾ ഗായത്രി*

*Dr. മധുസൂദനൻ വാഴുന്നവർ*
*Dr. മിഥ്യ മധുസൂദനൻ*
*ഉചിത് കേശവ് & ഉദ്ധവ് കൃഷ്ണ*













*പരേതനായ ഐ കെ കേശവൻ വാഴുന്നവർ (ഇപ്പോഴത്തെ കാരണവരുടെ അച്ഛൻ ) ഭാര്യ കലാവതി അന്തർജനം പരേതയായ ആദ്യഭാര്യ സാവിത്രി അന്തർജനം*

കൊണ്ടു തന്നെ നിരവധി ആഭ്യന്തര-വൈദേശിക കടന്നുകയറ്റങ്ങൾക്ക് ഇടയാവുകയും ഒരു സംസ്കാരം തന്നെ ഛിന്നഭിന്നമാവുകയും ചെയ്തു. പലതും ചടങ്ങുകളിലും ഉത്സവങ്ങളിലും മാത്രമാണ് നിലനിൽക്കുന്നത്.

പരശുരാമകഥയിൽ നിന്ന് തന്നെ തുടങ്ങാം. ബ്രാഹ്മണർക്കായി ദാനം ചെയ്യപ്പെട്ട 64 ഗ്രാമങ്ങൾ. പയ്യന്നൂർ തൊട്ടുള്ള 32 മലയാള ഗ്രാമങ്ങളെക്കുറിച്ച് കേരള മാഹാത്മ്യത്തിലുണ്ട്. തുളു ഗ്രാമങ്ങളെക്കുറിച്ച് കന്നടയിൽ എഴുതിയ ഗ്രാമപദ്ധതിയിലും. കേരള മാഹാത്മ്യം പോലെ കെട്ടുകഥ എന്ന ആരോപണം ഇതിനേക്കുറിച്ചുമുണ്ട്. എന്നാൽ ചില യാഥാർത്ഥ്യങ്ങളെയും ഈ പുസ്തകങ്ങൾ അവതരിപ്പിക്കുന്നു. ഈ ഗ്രന്ഥങ്ങളിൽ പറയുന്ന ബ്രാഹ്മണ ഗ്രാമങ്ങളുടെ കൃത്യമായ സ്ഥാനങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്.

കദമ്പ രാജാവായ മയൂരവർമ്മന്റെ കാലശേഷം അദ്ദേഹത്തിന്റെ പിൻഗാമികൾ രണ്ടാമത് തിരികെ കൊണ്ടുവന്ന ബ്രാഹ്മണരെ തുളുനാട്ടിൽ 32 ഗ്രാമങ്ങളിൽ കുടിയിരുത്തി എന്നാണ് ഗ്രാമ പദ്ധതിയിൽ പറയുന്നത്. ഇതിൽ 16 ഗ്രാമങ്ങൾ നേത്രാവതിപ്പുഴയുടെ വടക്കും (അക്കരദേശി ) 16 ഗ്രാമങ്ങൾ പുഴയ്ക്ക് തെക്കുമാണ് (ഇക്കരദേശി ). ഇതിൽ രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നവരാണ് ഇരിവൽ ഇല്ലം ഉൾപ്പെ



*ഐ കെ കേശവൻ വാഴുന്നവരുടെ ഭാര്യ ജയശ്രീ അന്തർജനം മകൻ സച്ചിൻ കേശവ്, മരുമകൾ ശ്രേയ കേക്കുണ്ണായ*

ടുന്ന പുല്ലൂർ പത്തില്ലക്കാർ. (തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ നമ്പി, കീഴ്ശാന്തി സ്ഥാനം ഇക്കരദേശി എന്നറിയപ്പെടുന്ന പുല്ലൂർ പത്തില്ലക്കാർക്കും അക്കരദേശികളായ നേത്രാവതിപ്പുഴയ്ക്ക് അപ്പുറത്തുള്ള കൊക്കട ഗ്രാമക്കാർക്കുമായി പകുത്തു നൽകപ്പെട്ടിരിക്കുന്നു.)

ആദ്യം ഈ ബ്രാഹ്മണർ ഉഡുപ്പിക്കടുത്തുള്ള ശിവള്ളി, കോട്ട, കോട്ടേശ്വര, ഹവിക ദേശങ്ങളിലായിരുന്നു. മംഗലാപുരം തുളുനാട്ടിലെ ഭരണസിരാകേന്ദ്രമായപ്പോൾ ഒട്ടേറെ ശിവള്ളി ബ്രാഹ്മണരെ ഭരണാധിപൻമാർ ഇവിടേക്ക് കൊണ്ടുവരികയും ശിവള്ളി ഭൂരിപക്ഷ പ്രദേശമാവുകയും ചെയ്തു. ഏറ്റവും തെക്കുള്ള നാല് തുളു ഗ്രാമങ്ങളാണ് മൊഗ്രാൽ, കുഡ്‌ലു, പാടി, മിത്തനാട് എന്നിവ. ഇവിടങ്ങളിലാണ് ഇരിവൽ ഇല്ലക്കാർ ഉൾപ്പെടുന്ന പത്തില്ലക്കാരുടെ പൂർവ്വികർ.കാസർകോട്ടെ പ്രശസ്തമായ മധൂർ സിദ്ധിവിനായക ക്ഷേത്രത്തിന് സമീപമാണ് ഈ പ്രദേശങ്ങൾ.

കൃത്യമായിപ്പറഞ്ഞാൽ ഇതിനടുത്തുള്ള ശിരുബാഗിലു എന്ന സ്ഥലത്ത് ദേവറുഗുഡ്ഡെയിലായിരുന്നു ദെരിഞ്ചത്തായർ എന്ന ഇരിവൽ വാഴുന്നവർ കുടുംബത്തിന്റെ മൂലസ്ഥാനം. ദേവറു ഗുഡ്ഡെ എന്നാൽ ദേവൻ വസിക്കുന്ന കുന്ന് എന്നർത്ഥം. ഇതാണ് പിന്നീട് ദേവർകുന്നമായത്. ഇവിടെ ഒരു ശിവക്ഷേത്രവും പഴയ തറവാടിന്റെ അവശിഷ്ടങ്ങളും ഇപ്പോഴുമുണ്ട്.

പത്തില്ലത്തിൽപ്പെട്ട ഉളിയത്തായർ ( ഉളിയത്ത് വാഴുന്നവർ, ഉളിയത്ത് ആസ്ര) ഇതിന് തൊട്ടടുത്ത് തന്നെയാണ്. ശങ്കരാചാര്യർ -മാധ്വാചാര്യർ സംവാദത്തിന് വേദിയായ കാവിൽ ഇല്ലവും (കാവിൽ പട്ടേരി, കുടുംബനാമം പെജത്തായർ ) ഇവിടെ നിന്ന് കുറച്ചു മാറിയാണ്. കുമ്പള മായ്പാടി രാജാക്കൻമാർക്ക് കീഴിലായിരുന്നു ഈ പ്രദേശങ്ങൾ. മായ്പാടി രാജാക്കൻമാരിൽ നിർണ്ണായക സ്വാധീനം ചെലു




*വിഷ്ണു വാഴുന്നവരുടെ സഹോദരൻ,പരേതനായ കുഞ്ഞിരാമൻ വാഴുന്നവർ ഭാര്യ ദേവകി അന്തർജനം*

മധു ഐ വാഴുന്നവർ (പത്മനാഭ സ്വാമി ക്ഷേത്രം കീഴ്ശാന്തി)

പരേതനായ ദേവദാസ് വാഴുന്നവർ ഭാര്യ ദീപ്തി മക്കൾ: ദേവീപ്രഭ, ദേവാർച്ചന






ത്തിയിരുന്നു ഇവർ.
ഇതിനടുത്തുള്ള ബാരിക്കാട് വയലിൽ നിന്ന് യജ്ഞാവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. യജ്ഞഭൂമിയിലെ മണ്ണ് കൊണ്ടുപോകാനായി ഇപ്പോഴും ആളുകൾ വരാറുണ്ടെന്ന് പ്രദേശവാസികൾ സാക്ഷ്യപ്പെടുത്തുന്നു. മറ്റ് ഇല്ലക്കാർ താമസിച്ചിരുന്നു എന്ന് കരുതുന്ന സ്ഥലങ്ങളിൽ ക്ഷേത്രങ്ങളുടെയും ഗൃഹങ്ങളുടെയും ശേഷിപ്പുകൾ ഇപ്പോഴും ഉണ്ട്. മിക്കതും മുസ്ലീങ്ങളുടെ കൈവശമാണ്. ഹിന്ദുക്കളുടെ കൈവശമുള്ള ഒന്നു രണ്ടു ക്ഷേത്രങ്ങളിൽ മാത്രം നിത്യാരാധന നടന്നു വരുന്നു.

പത്തില്ലത്തിൽപ്പെട്ട കുടുംബവും ഇരിവൽ ഇല്ലക്കാരുടെ അമ്മാത്തുമായ ഉച്ചില്ലത്തായർ അഥവാ ഉച്ചിലത്ത് വാഴുന്നവരുടെ മൂല സ്ഥാനം മംഗലാപുരത്തിനടുത്ത സോമേശ്വരത്താണ്. (നീലേശ്വരത്തെ കീക്കാംകോട്ട് വാഴുന്നവരും അരവത്ത് വാഴുന്നവരും ഉച്ചില്ലത്തായരാണ്. ) ചന്ദ്രഗിരിപ്പുഴയായിരുന്നു ആദ്യകാലത്ത് തുളുനാടിന്റെ അതിർത്തി. അതിന് ശേഷം നീലേശ്വരം പുഴ വരെയെത്തി. നീലേശ്വരം രാജാക്കൻമാരാണ് പത്തില്ലക്കാരെ ഇപ്പോൾ താമസിക്കുന്ന നീലേശ്വരം - കാഞ്ഞങ്ങാട് ഭാഗങ്ങളിലേക്ക് താമസിക്കാൻ വഴിയൊരുക്കിയതെന്ന് കരുതുന്നു.

ഒരു തരത്തിൽ തുളുനാട്, മലയാളനാട് എന്ന വിഭജനം അനാവശ്യമാണെന്ന് കാണാം. ഭൂമി ശാസ്ത്രപരമായും സാംസ്കാരികമായും രണ്ടും തോളോട് തോൾ ചേർന്ന് നിൽക്കുന്നു. പരശുരാമഭൂമിയെന്നാൽ ഗോകർണ്ണം തൊട്ട് കന്യാകുമാരി വരെയാണല്ലോ. ഒരമ്മയുടെ ഇരട്ട മക്കൾ എന്ന വിശേഷണമാവാം രണ്ട് നാടിനും. ബ്രഹ്മശ്രീ പുല്ലൂർ യോഗസഭ എന്ന ഔദ്യോഗിക നാമത്തിൽ അറിയുന്ന പത്തില്ലക്കാരും മലയാള നാടുമായി നല്ല അടുപ്പം പുലർത്തിയിരുന്നു. ശ്രീ പത്മനാഭസ്വാമി, ഏറ്റുമാനൂർ പോലുള്ള മഹാക്ഷേത്രങ്ങളിലെ കാരായ്മാ ശാന്തി സ്ഥാനവും, തിരുവിതാംകൂർ രാജകുടും



*മാച്ചോതി ചടങ്ങ്*

ബവുമായുള്ള അടുപ്പവും ഈ ബന്ധത്തെ ശക്തിപ്പെടുത്തി. പിന്നീട് ഇവർ മലയാളാചാരം സ്വീകരിച്ച് കേരള നാടുമായുള്ള ബന്ധം ഊട്ടിയുറപ്പിച്ചു.

നൂറ്റാണ്ടുകൾക്ക് മുമ്പ് ശിരുബാഗിലുവിൽ നിന്ന് ദേവർകുന്നത്ത് ഇല്ലത്തെ രണ്ട് തന്ത്രി സഹോദരങ്ങൾ തെക്കോട്ട് പുറപ്പെട്ടുവെന്നാണ് ദേവർകുന്നം പഴമയിൽ പറയുന്നത്. അവർ ചന്ദ്രഗിരിപ്പുഴ കടന്ന് കാഞ്ഞങ്ങാടിനടുത്തുള്ള ബിദിയാൽ എന്ന സ്ഥലത്ത് താമസമാരംഭിച്ചു. പിന്നീട് അതിലൊരാൾ നാട്ടിലേക്ക് തിരിച്ചു ചെന്നെങ്കിലും ചന്ദ്രഗിരിപ്പുഴ കടന്നു എന്ന കാരണത്താൽ ജാതിഭ്രഷ്ട് കൽപ്പിച്ചുവത്രേ. തുടർന്ന് അദ്ദേഹം തിരിച്ചു വന്ന് സന്യാസം സ്വീകരിച്ച് സമാധിയായി. ഇദ്ദേഹത്തിന്റെ സമാധി സ്ഥലമാണ് ഇപ്പോൾ മുസ്ലീങ്ങൾ ആരാധന നടത്തുന്ന പാറപ്പള്ളി എന്നാണ് വിശ്വാസം. ഇവിടെ ഇപ്പോഴും നിത്യദീപം തെളിയിക്കാറുണ്ട്.

പിന്നീട് ഇതിനോട് ചേർന്ന് ഇപ്പോഴുള്ള പള്ളി നിർമ്മിക്കപ്പെട്ടുവെന്നും വിശ്വസിക്കുന്നു.

സമാധിയായ ആളുടെ സഹോദരനായ തന്ത്രീശ്വരനെ വേങ്ങയിൽ യശമാനനും ബാലൂർ യശമാനനും ക്ഷണിച്ചു കൊണ്ടുവന്ന് ഭൂദാനം ചെയ്ത് ഇരിയയിൽ താമസിപ്പിച്ചു. നാട്ടിലെ പ്രമാണിമാരായ ഇരു യശമാനകുടുംബക്കാരും തമ്മിലുള്ള പ്രശ്ന പരിഹാരത്തിനായി സന്ധി സംഭാഷണം നടത്തിയത് വാഴുന്നവരായിരുന്നു.അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചതിന് പ്രത്യുപകാരമായി ഇരിവലെ ആ സ്ഥലം വാഴുന്നവർക്ക് ലഭിക്കുകയും അവിടെ താമസം തുടങ്ങുകയും ചെയ്തു. ഇപ്പോഴും വർഷം തോറും വേട്ടയ്ക്കൊരു മകൻ തെയ്യം കെട്ടിയാടുമ്പോൾ വേങ്ങയിൽ ബാലൂർ കുടുംബങ്ങളിലെ അംഗങ്ങളും ഇവിടെ ഉണ്ടാകണമെന്നാണ് നിയമം.

സന്താന സൗഭാഗ്യത്തിനും കുടുംബത്തിന്റെ ഐശ്വര്യത്തിനുമായി പുല്ലൂർ സഭയിലെ എല്ലാ ഇല്ലങ്ങളിലും വൃശ്ചിക മാസത്തിലെ വെളുത്ത ചതുർത്ഥിക്ക് ഗണപതിയെ പ്രീതിപ്പെടുത്തുന്ന മാച്ചോതി എന്നൊരു ചടങ്ങുണ്ട്. സമാവർത്തനം കഴിയാത്ത ഉണ്ണികൾക്ക് വേണ്ടിയുള്ള ആചാരമാണ്. ചടങ്ങിന്റെ ഭാഗമായി അന്ന് കുട്ടികൾ മാച്ചോതി ശ്ലോകവും ചൊല്ലി വയലിലൂടെ ഓടി കുടുംബ ക്ഷേത്രത്തിൽ തൊഴുതുവരും.

'വേങ്ങാത്താറും വയല് കുച്ച്ല്ട്, ചുരുള്, മർള് പ്രാന്തം മാച്ചോതിയോ ഭൂയാ' എന്ന ശ്ലോകമാണ് ഇരിവൽ കുടുംബക്കാർ ചൊല്ലുന്നത്. തുളു ഭാഷയുടെ സ്വാധീനമുള്ള വരികളാണ് ഇത്. ഇതിൽ വേങ്ങാത്താറും വയല് എന്നാൽ വേങ്ങയിൽ തറവാട്ടുകാരുടെ ആറും വയലും എന്നാണ്. തങ്ങൾ അധിവസിക്കുന്ന സ്ഥലത്തിന്റെ പൂർവ്വാവകാശികൾക്കും, അവിടത്തെ ദൈവിക സാന്നിദ്ധ്യങ്ങൾക്കും, പക്ഷിമൃഗാദികളും മരങ്ങളും ഉൾപ്പെടെയുള്ള സകല ജീവജാലങ്ങൾക്കും നന്ദി അറിയിക്കുകയാണ് ശ്ലോകത്തിലൂടെ.



*പരേതനായ വിഷ്ണു വാഴുന്നവർ*
*( സിനിമാ പ്രൊഡ്യൂസർ )*
*ഭാര്യ പരേതയായ ശ്രീദേവി അന്തർജനം*

*വിഷ്ണു വാഴുന്നവരുടെ സഹോദരൻ,പരേതനായ മാധവൻ വാഴുന്നവർ, വാവടുക്കം*
*ഭാര്യ ഗീതാ അന്തർജനം*






തെയ്യത്തോറ്റങ്ങളിലും ക്ഷേത്രങ്ങളുടെ ഐതിഹ്യങ്ങളിലും ഇരിവൽ ഇല്ലത്തെക്കുറിച്ച് ഒരുപാട് കഥകളുണ്ട്. എന്നാൽ എഴുത്തപ്പെട്ട ചരിത്രരേഖകളിൽ നിന്ന് ഇതുവരെ കിട്ടിയിട്ടുള്ള ആദ്യ പരാമർശം പത്മനാഭ സ്വാമി ക്ഷേത്രത്തിലെ മതിലകം ചുരുണകളിൽ നിന്നാണ്. അതിൽ ഇങ്ങനെ പറയുന്നു: "928 മാണ്ട് കുംഭ മാസം 7ന് കവയനാട്ട് തേച്ചികളിൽ പഞ്ചകെവിയത്ത് നമ്പി തേവറുകുന്നത്ത് നാരായണൻ ചിവൻ. (കവയനാട്ട് ദേശികളിൽ പഞ്ചഗവ്യത്ത് നമ്പി ദേവർക്കുന്നത്ത് നാരായണൻ ശിവൻ) "

ഒരു കാലത്ത് കാസർകോട് ജില്ലയിലെ വിവിധ ഭാഗങ്ങളിലായി അഞ്ച് ഗ്രാമങ്ങളിൽ ഭൂസ്വത്തും ഗ്രാമാധികാരി സ്ഥാനവും വാഴുന്നവർക്ക് ഉണ്ടായിരുന്നു. കാസർകോട്ടും കർണ്ണാടകത്തിലുമായി ഇരുനൂറോളം ക്ഷേത്രങ്ങളിൽ തന്ത്രി സ്ഥാനവും. അടുത്ത കാലം വരെ ആനയും അമ്പാരിയുമുണ്ടായിരുന്ന തറവാടായിരുന്നു ഇരിവൽ വാഴുന്നവരുടേത്.

നാടുവാഴിയായ ഇരിവൽ വാഴുന്നവരെ കാണാൻ ബ്രിട്ടീഷ് ഭരണകാലത്ത് സായിപ്പൻമാർ വരാറുണ്ടായിരുന്നു. നികുതി പിരിക്കാനും മറ്റ് ഭരണകാര്യങ്ങൾ ചർച്ച ചെയ്യാനും. ഇവർക്ക് വിശ്രമിക്കാൻ പണിതതാണ് തുടക്കത്തിൽ കണ്ട ഇരിയ ബംഗ്ലാവ്. അവിടെ കുതിരാലയവും പണിതിരുന്നു. അതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴുമുണ്ട്.

തന്ത്ര വിദ്യകളിൽ മാത്രമല്ല, മന്ത്രവാദത്തിലും വിഷചികിത്സയിലും അഗ്രഗണ്യരായിരുന്നു പൂർവ്വികർ. രണ്ടു തലമുറ മുൻപ് ജീവിച്ചിരുന്ന മഹാപണ്ഡിതനും തന്ത്രിവര്യനുമായ കുഞ്ഞിരാമൻ വാഴുന്നവർ കൈവിഷം ഛർദ്ദിപ്പിക്കൽ ചികിത്സയിൽ പ്രഗത്ഭനായിരുന്നു. ഒരിക്കൽ ചികിത്സയിൽ കൈപ്പിഴ പറ്റി. ഇത് വലിയ വേദനയായി. ഇനി കുടുംബത്തിലെ ആരും ചികിത്സ തുടരേണ്ട എന്ന് അദ്ദേഹം തീരുമാനിക്കുകയായിരുന്നു.

വളരെ പ്രാധാന്യമുള്ളതും സാന്നിദ്ധ്യങ്ങൾ ഉറങ്ങിക്കിടക്കുന്നതുമായ ഒരു തറയാണ് ഇല്ലത്തിന്റെ മീനത്തിൽ കാണുന്ന മുല്ലത്തറ. ഇല്ലത്തെ പ്രധാന ആരാധനാമൂർത്തിയായ രക്തേശ്വരി സങ്കൽപ്പമുള്ള ഈ സ്ഥലം പഴയ കാലത്ത് സത്യത്തറ കൂടിയായിരുന്നു. തെറ്റു ചെയ്തവരെ മുല്ലത്തറയിൽപ്പോയി സത്യം ചെയ്യിക്കുക പതിവായിരുന്നു. ഒരിക്കലും വാടാത്ത മുല്ലയാണ് ഇതിന്റെ പ്രത്യേകത.

**ഇഷ്ടപ്പെട്ട് മോഹിച്ച് പണി തീർത്തിട്ടും കയറിത്താമസിക്കാൻ കഴിയാത്ത വീട്; വർഷങ്ങളോളം ശാപമോക്ഷം കിട്ടാത്തൊരു കന്യകയെപ്പോലെ. ഒരു കഥയുണ്ട് ആ നാലുകെട്ടിന് പിന്നിൽ.**

മന്ത്രവാദത്തിലും അതിന്റെ വകഭേദങ്ങളായ ഉച്ചാടനം, അടക്കം, പരകായപ്രവേശം തുടങ്ങിയവയിലും കേമന്മാരായിരുന്നു പൂർവ്വികൻമാർ. കുറച്ച് വർഷങ്ങൾക്ക് മുൻപ് ഇവിടെ മുറ്റത്തൊരു നാലുകെട്ട് ഉണ്ടായിരുന്നു. പിറവി സിനിമയിൽ കണ്ട അതേ നാലുകെട്ട്. ചെത്തുകല്ലിൽ കൊത്തിയെടുത്ത മനോഹര ഹർമ്മ്യം. ഇഷ്ടപ്പെട്ട് മോഹിച്ച് പണി തീർത്തിട്ടും കയറിത്താമസിക്കാൻ കഴിയാത്ത വീട്; വർഷങ്ങളോളം ശാപമോക്ഷം കിട്ടാത്തൊരു കന്യകയെപ്പോലെ. ഒരു കഥയുണ്ട് ആ നാലുകെട്ടിന് പിന്നിൽ.

ഏകദേശം 150 വർഷങ്ങൾക്ക് മുൻപാണ് ഇരിവൽ ഇല്ലത്തെ നാലുകെട്ടിന്റെ പണി തുടങ്ങിയത്. ബന്ധുക്കളായ അരവത്ത്, അഞ്ജനംതോടി ഇല്ലങ്ങളുടെ പണിയും അതേ സമയത്ത് തന്നെയായിരുന്നു. അരവത്ത്, അഞ്ജനംതോടി ഇല്ലങ്ങളിൽ താമസം തുടങ്ങി. മൂന്നു ഇല്ലങ്ങളും ഒരാളുടെ കൈക്കണക്കിൽ ഒരേ സമയത്ത് കുറ്റിയടിച്ചതായിരുന്നു. അത് ദോഷമാണത്രെ. കൈക്കണക്കിൽ പിഴവുണ്ടായിരുന്നതായും പറയപ്പെടുന്നു.

ഇതേക്കുറിച്ച് അറിഞ്ഞ ഇരിവൽ ഇല്ലത്തെ കാരണവർ താമസം തുടങ്ങാൻ തയ്യാറായില്ല. മറ്റ് രണ്ട് ഇല്ലങ്ങളിലും പിന്നീട് സന്തതി പരമ്പരകൾക്ക് നാശം വരികയും ദത്ത് കൊണ്ടുവരേണ്ടി വരികയും ചെയ്തു. താമസം തുടങ്ങേണ്ട എന്ന് തീരുമാനിച്ച ഇരിവൽ ഇല്ലത്ത് സന്തതികൾക്ക് ക്ഷാമവും ഉണ്ടായില്ല.

പിന്നീടാണ് പിറവി സിനിമയുടെ ഷൂട്ടിംഗിനായി ലൊക്കേഷൻ കണ്ടെത്താൻ ഷാജി എൻ കരുൺ കാഞ്ഞങ്ങാട്ട് വന്നതും ഇരിവൽ ഇല്ലത്തെ നാലുകെട്ട് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തത്. പത്തുപതിനഞ്ച് വർഷം മുൻപ് വിനോദസഞ്ചാരവകുപ്പും സാംസ്കാരിക വകുപ്പും ചേർന്നു തുടങ്ങിയ പൈതൃക ഗ്രാമം പദ്ധതിയുടെ ഭാഗമായി നാലുകെട്ട് പൊളിച്ചുകൊണ്ടുപോയി കുമ്പള അനന്തപുരം തടാകക്ഷേത്രത്തിന് സമീപത്ത് പുനർ നിർമ്മിച്ചു. ഓരോ കല്ലുകളിലും നമ്പർ രേഖപ്പെടുത്തി അതേപോലെ പുനർനിർമ്മിക്കുകയായിരുന്നു. എന്നാൽ കൈക്കണക്കിലെ അപാകതകളൊന്നും അപ്പോഴും പരിഹരിച്ചില്ല. അതു കൊണ്ടാണോ എന്നറിയില്ല, ആ പദ്ധതി വേര് പിടിച്ചില്ല. പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു. ഇപ്പോഴും അനന്തപുരത്ത് കാടുപിടിച്ച നിലയിൽ നാലുകെട്ട് കാണാം.

പണ്ടുമുതലേ തന്നെ കലാ സ്നേഹികളായിരുന്നു തറവാട്ടുകാർ. ഒരു കാരണവർക്ക് കഥകളിയോടുള്ള അഭിനിവേശം മൂത്ത് കഥകളി യോഗം തുടങ്ങി. കുറേക്കാലം നല്ല രീതിയിൽ പ്രവർത്തിച്ചു. വടക്കൻ കേരളത്തിലെ പ്രശസ്ത കഥകളിക്കാരൻ ആശാൻ മാടക്കോൻ രാമൻ ഇവിടെ നിന്ന് ഉദിച്ചുയർന്ന താരമാണ്. ഒട്ടേറെ കലാകാരൻമാരുടെ വളർച്ചയ്ക്ക് ഇരിവൽ ഇല്ലം കാരണമായിത്തീർന്നിട്ടുണ്ട്.

സിനിമാ രംഗത്തും വാഴുന്നവൻമാർ കയ്യൊപ്പ് പതിപ്പിച്ചിട്ടുണ്ട്. പരേതനായ വിഷ്ണു ദെരിഞ്ചത്തായർ എന്ന വിഷ്ണു വാഴുന്നവർ കടുത്ത സിനി



*സിനിമാ പ്രൊഡ്യൂസർ - വിഷ്ണു വാഴുന്നവർ (ഇരിക്കുന്ന തടിച്ച വ്യക്തി)*








മാപ്രേമിയായിരുന്നു. സിനിമാക്കമ്പം മൂത്ത അദ്ദേഹം ദേവി പ്രഭ ആർട്സ് എന്ന പേരിൽ നിർമ്മാണ കമ്പനി തുടങ്ങി. 1975 ൽ പുറത്തിറങ്ങിയ 'ഞാൻ നിന്നെ പ്രേമിക്കുന്നു' എന്ന കമല ഹാസൻ പടത്തിന്റെ നിർമ്മാണവും വിതരണവും അദ്ദേഹത്തിന്റെ ദേവി പ്രഭ ആർട്സായിരുന്നു. കെ എസ് ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത ചിത്രത്തിൽ ഉഷാകുമാരിയായിരുന്നു നായിക.

കാഞ്ഞങ്ങാട്ടെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നായ പുല്ലൂർ ഉദയനഗർ സ്കൂളിന്റെ മാനേജർ കൂടിയായ അദ്ദേഹം സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞു നിന്ന വ്യക്തിയായിരുന്നു. ഉച്ചില്ലത്ത് വാഴുന്നവരുടെ സഹോദരിയെയാണ് വിവാഹം ചെയ്തത്. പരേതനായ ഇരിവൽ കേശവൻ വാഴുന്നവരുടെ ഭാര്യാസഹോദരി കൂടിയാണ്. രണ്ടു പേരും ഇന്ന് ജീവിച്ചിരിപ്പില്ല. മക്കളില്ല

നാട്ടിലെ പ്രമാണിമാരായിരുന്നു കോടോത്ത് നായർ തറവാട്ടുകാർ.പിറന്നാൾ ഉൾപ്പെടെയുള്ള ആഘോഷങ്ങൾ അവർ നാടൊട്ടുക്കും ക്ഷണിച്ച് ഗംഭീരമായി നടത്തും. ബ്രാഹ്മണർക്ക് പ്രത്യേക സദ്യയും നല്ല സർവ്വാണിയും ഉണ്ടായിരിക്കും. ദൂരദേശങ്ങളിൽ നിന്നുള്ള ബ്രാഹ്മണർ പോലും സദ്യക്ക് എത്തും. അങ്ങനെ എത്തുന്ന ബ്രാഹ്മണരുടെ ഇടത്താവളമായിരുന്നു ഇരിവൽ ഇല്ലം.

ഒരേ സമയം നൂറും അതിൽക്കൂടുതലും അതിഥികൾ ഉണ്ടാകും ഇല്ലത്ത്. ഒരാഴ്ച മുന്നേ ഇവർ ഇല്ലത്ത് എത്തും. ആഘോഷത്തിന്റന്ന് രാവിലെ എല്ലാവരും കോടോത്തേക്ക് തിരിക്കും. ഉച്ചയ്ക്ക് സദ്യ കഴിഞ്ഞ് ഇരിവൽ തിരിച്ചെത്തി ക്ഷീണവും തീർത്തായിരിക്കും പലരുടെയും മടക്കം. കോടോത്ത് ഒരു ദിവസത്തെ പിറന്നാൾ സദ്യക്ക് ഇല്ലത്ത് രണ്ടാഴ്ചത്തെ സദ്യ എന്നാണ് കണക്ക്. മിക്ക മാസങ്ങളിലും കോടോത്ത് സദ്യയുണ്ടാകും. ഫലത്തിൽ ഇരിവൽ ഇല്ലത്ത് എല്ലാ ദിവസവും അതിഥികളും.

## തേവാരമൂർത്തിയും ദേവതമാരും

വെണ്ണക്കൃഷ്ണനനാണ് ഇല്ലത്തെ പ്രധാന തേവാരമൂർത്തി. ആദിത്യൻ , സാളഗ്രാമം (വൈഷ്ണവ സങ്കൽപ്പം), ശിവൻ, സുബ്രഹ്മണ്യൻ, ഗണപതി, ശ്രീചക്രം എന്നിവ ഉപദേവന്മാരും. നിത്യവും പൂജ, ഗണപതി ഹോമം, വൈകുന്നേരം അന്തി നമസ്കാരം. പശുവിന് ചോറ് കൊടുക്കലും വിശേഷ വഴിപാടാണ്. അഷ്ടമിരോഹിണി ദിവസം രാത്രി കൃഷ്ണാവതാര സമയത്ത് പ്രത്യക പൂജയുണ്ട്.

ഇല്ലത്തിന്റെ മിഥുനത്തിലാണ് വനശാസ്താംകാവ്. സ്വയംഭൂ ചൈതന്യമുള്ള സ്ഥലം. ഇവിടെത്തന്നെ ശിവൻ, ദുർഗ്ഗാ സങ്കൽപ്പമുണ്ട്. ഇതിന്റെ സമീപത്ത് നാഗസാന്നിദ്ധ്യം . ഒരിക്കലും വറ്റാത്ത നീരുറവയും പ്രത്യേകതയാണ്.

ഇല്ലത്തിന്റെ വടക്കുവശത്തായിരുന്നു നാഗാലയം. വർഷങ്ങൾക്ക് മുൻപ് പാമ്പും മേക്കാട്ട് തന്ത്രിയുടെ കാർമ്മികത്വത്തിൽ ഈ നാഗസാന്നിദ്ധ്യത്തെ ആവാഹിച്ച് ചൊങ്കുളം എന്ന സ്ഥലത്ത് നാഗത്തറയുണ്ടാക്കി അതിൽ കുടിയിരുത്തി.

വിഷ്ണുമൂർത്തി സങ്കൽപ്പമുള്ള സ്ഥാനമാണ് ഇല്ലത്തിന്റെ കിഴക്കുഭാഗത്തുള്ള മുണ്ട്യക്കാൽ. പത്താമുദയം, കളിയാട്ടം മുതലായ ദിവസങ്ങളിൽ വിശേഷാൽ പൂജകൾ നടക്കുന്നു. വിശേഷ ദിവസങ്ങളിൽ മുദ്ര അടിയന്തിരവും പതിവുണ്ട് .

വയനാട്ടുകുലവൻ സ്ഥാനം ഇല്ലത്തിന്റെ മറുകരയിൽ ആയി സ്ഥിതിചെയ്യുന്നു. ഇവിടെ നിത്യവൃത്തിക്കായി രണ്ടു കുടുംബങ്ങളെ നിയമിച്ചിട്ടുണ്ട് . കാലിച്ചാൻ മരം വൈഷ്ണവ സങ്കൽപ്പമുള്ള സ്ഥലമാണ്. യാദവകുലത്തിന്റെ ആരാധനാമൂർത്തിയാണ്. വിശേഷദിവസങ്ങളിൽ കാലിച്ചാൻ ഊട്ട് നടത്താറുണ്ട് കുറത്തികാട് ക്ഷേത്രത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്താണ്. കുറത്തിയും ഗുളികനുമാണ് ഇവിടെ പ്രധാനം. കാട്ടുമാടം കാവ് കരിവാളമ്മയുടെയും കുട്ടിച്ചാത്തൻ തുടങ്ങിയ മന്ത്രമൂർത്തികളുടെയും സങ്കല്പമാണ്. ഇവിടെയുള്ള കുളം ദൈവിക സാന്നിധ്യം ഉള്ളതാണെന്നാണ് വിശ്വാസം.

ശിവരാത്രി കഴിഞ്ഞ് പിറ്റേ ദിവസം മുതൽ ഇല്ലത്തിന്റെ കളം തിരുമുറ്റമായി പരിണമിക്കും.ഇല്ലത്തിന്റെ വകയായുള്ള തെയ്യംകെട്ട് നാടിനും ഉത്സവം തന്നെയാണ്.

കുടുംബ ക്ഷേത്രമായ ഇരിവൽ മഹാവിഷ്ണു ക്ഷേത്രം ഒരു കുന്നിൻ മുകളിലാണ്. ഉദ്ദേശം 3000 വർഷം പഴക്കം. ഒരുകാലത്ത് ക്ഷേത്രധ്വംസനവും നരഹത്യയും മൂലം ക്ഷേത്രം പാടേ നശിച്ചതായും വിഗ്രഹം അടുത്തുള്ള കുളത്തിൽ നിക്ഷേപിച്ചതായുമാണ് ഐതിഹ്യം. 1907ൽ ഇരിവൽ ഉപേന്ദ്രൻ വാഴുന്നവരുടെ സമയത്ത് ബാലാലയ പ്രതിഷ്ഠ നടത്തി ഷഡാധാര പ്രതിഷ്ഠ നടത്തി. ദേവകിക്ക് കാരാഗൃഹത്തിൽ വച്ച് കാട്ടിക്കൊടുത്ത വിഷ്ണുസ്വരൂപനായ ശ്രീ കൃഷ്ണനനാണ് ഇവിടെയുള്ളത്. പഴയ ബിംബം തന്നെയാണ് ഇപ്പോഴും. ഇന്ന് ഹിന്ദു മത ധർമ്മവകുപ്പിന്റെ കീഴിലാണ് ക്ഷേത്രം.

മൂന്ന് പൂജകളാണ് നിത്യ അടിയന്തിരമായി ഉള്ളത്.പതിവായി ചന്ദനം ചാർത്തുമുണ്ട്. ക്ഷേത്ര മണ്ഡപത്തിന്റെ മുകൾഭാഗം ദശാവതാരം, ശ്രീകൃഷ്ണ ലീലകൾ മുതലായ കൊത്തുപണികളാൽ സമ്പന്നമാണ്.

കന്നിമൂലയ്ക്കായി പൗരാണികമായ ഒരു ഗുഹ കാണാം. മഹർഷിമാരും മറ്റും തപസ് അനുഷ്ഠിച്ചിരുന്ന ഗുഹയാണ് ഇതെന്ന് വിശ്വസിക്കുന്നു. ഇതിന് ഏതാണ്ട് 400 മീറ്റർ നീളമുണ്ട്.ഒരിക്കലും വറ്റാത്ത നീരുറവയും ഇതിന്റെ പ്രത്യേകതയാണ്. ഇത് തീർത്ഥമായി കരുതുന്നു.





കളിയാട്ടത്തിന് മലയ സമുദായത്തിന്റെയും വണ്ണാൻ സമുദായത്തിന്റെയും കോലങ്ങൾ ഉണ്ട്. പണ്ടൊക്കെ ശിവരാത്രി കഴിഞ്ഞ് പിറ്റേന്ന് മലയ സമുദായത്തിന്റെ തെയ്യം കെട്ട് തുടങ്ങാറായിരുന്നു പതിവ്. ഇത് ഏഴ് ദിവസത്തെ കളിയാട്ടമായിരുന്നു. മേടം 22 ന് വണ്ണാൻ സമുദായത്തിന്റെ തെയ്യം കെട്ടൽ നടക്കും. ഇത് അഞ്ചാം ദിവസം അവസാനിക്കും. പിന്നീട് രണ്ടും അഞ്ചും മൂന്നും ദിവസങ്ങളാക്കി കുറച്ചു. 25 വർഷം മുൻപ് വരെ അങ്ങനെയായിരുന്നു. ഇപ്പോൾ രണ്ടും ഒരുമിച്ചാക്കി.

വളരെമുൻപ് കുടുംബത്തിലൊരാൾ ജാലവിദ്യ പ്രയോഗിച്ച് വ്യാഘ്രരൂപമെടുക്കാനുള്ള വിദ്യ വശത്താക്കി. തിരികെ പൂർവ്വരൂപം ലഭിക്കാനായി, തളിക്കണമെന്ന് പറഞ്ഞ് ജപിച്ച മന്ത്രജലം കിണ്ടിയിലാക്കി നേരത്തെ തന്നെ അന്തർജനത്തെ ഏൽപ്പിച്ചിരുന്നു. എന്നാൽ വ്യാഘ്ര രൂപം പ്രാപിച്ച് വന്നയാളെ കണ്ട് പേടിച്ച് ബോധംകെട്ട അവർക്ക് മന്ത്രജലം തളിക്കാൻ കഴിഞ്ഞില്ല. അതിനാൽ അദ്ദേഹത്തിന് മനുഷ്യരൂപം വീണ്ടെടുക്കാൻ കഴിയാതെ വ്യാഘ്രമായി തുടരേണ്ടി വന്നു. ഇങ്ങനെ നിരവധി കഥകൾ. സംഭവത്തിന് ശേഷം മാന്ത്രികഗ്രന്ഥങ്ങൾ ആരും ഉപയോഗിക്കേണ്ട എന്ന് തീരുമാനിച്ച് മീനത്തിലുണ്ടായിരുന്ന കിണറ്റിലിട്ട് മൂടി. അവിടെ രക്തേശ്വരിയെ കുടിയിരുത്തുകയും ചെയ്തു. രക്തേശ്വരിക്കുള്ള ഗുരുതി ഇപ്പോഴും തുടരുന്നു.

# വാഴുന്നവരുടെ വംശാവലി

പരേതനായ കേശവൻ വാഴുന്നവരുടെ മൂത്ത മകൻ ഐ കെ കേശവൻ വാഴുന്നവർ ബാങ്ക് ഉദ്യോഗസ്ഥനായിരുന്നു. വിരമിച്ച ശേഷം കാരായ്മാ ശാന്തി അവകാശമുള്ള തിരുവനന്തപുരം ശ്രീ  പത്മനാഭസ്വാമി ക്ഷേത്രത്തിലെ തിരുവമ്പാടി നമ്പി സ്ഥാനം മൂന്നുവർഷത്തോളം ഏറ്റെടുത്തു.ഉജിറെ മൂഡണ്ണായ കുടുംബാംഗം ജയശ്രീ അന്തർജനമാണ് ഭാര്യ. ഏകമകൻ സച്ചിനും മരുമകൾ ശ്രേയകേക്കുണ്ണായയും ലണ്ടനിലാണ്.
മൊബൈൽ 9400503682.

രണ്ടാമത്തെ മകൻ ഐ കെ പത്മനാഭൻ വാഴുന്നവരാണ് കുടുംബത്തിലെ താന്ത്രിക വൃത്തിക്ക് ചുക്കാൻ പിടിക്കുന്നത്. അഖില കേരള തന്ത്രി സമാജം ഉത്തരമേഖലാ പ്രസിഡന്റ് കൂടിയാണ് . കാസർകോട് കടമ്പള്ളിത്തായർ കുടുംബത്തിലെ സവിതാ അന്തർജനമാണ് ഭാര്യ. മകൾ മാനസയും മരുമകൻ  ഗിരീഷ് മുല്ലപ്പള്ളി യും. മൊബൈൽ 9400576311, 0467 2246311

മൂന്നാമത്തെ മകൻ ഐ കെ ഉപേന്ദ്രൻ വാഴുന്നവർ കാർഷിക രംഗത്താണ്. നല്ലൊരു സംഘാടകൻ കൂടിയാണ്.  ഭാര്യ വിജയലക്ഷ്മി((സോമയാജി, സുള്ള്യ).നാല് മക്കൾ. മൂത്ത മകൾ ആശ്രിത  ആയുർവ്വേദ ഡോക്ടറാണ്. ആരഭി, അപൂർവ്വ, ആലോക് എന്നിവർ വിദ്യാർത്ഥികളും.
മൊബൈൽ 9497107573, 0467 2243373

മറ്റൊരു മകനായ ഐ കെ രാംദാസ് വാഴുന്നവരാണ് ക്ഷേത്ര ഭരണ കാര്യങ്ങൾ നോക്കുന്നത്.  ക്ഷേത്ര സംരക്ഷണ സമിതിയുടെ ഭാരവാഹി കൂടിയാണ്.  ഭാര്യ സ്നേഹലത (കക്കില്ലായർ, കോട്ടൂർ,കാസർകോട്). മകൾ ചന്ദന വിദ്യാർത്ഥിനിയാണ്. മൊബൈൽ 9400474141, 9539413005

ഐ കെ വാസുദേവൻ വാഴുന്നവർ എടനീർ സ്വാമിജിസ് ഹയർ സെക്കന്ററി സ്ക്കൂളിൽ അധ്യാപകനാണ്. എൻ എസ് എസ് കോർഡിനേറ്റർ കൂടിയായ അദ്ദേഹത്തിന് ഈ രംഗത്ത് പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. ഉജിറെ എർക്കടിത്തായർ കുടുംബാംഗം രശ്മിയാണ് ഭാര്യ. മകൻ ആകാശ് കേശവ്, അനുഷ സാവിത്രി.
മൊബൈൽ 9400528320

തന്ത്രരത്നം ഐ കെ കൃഷ്ണദാസ് വാഴുന്നവർ ആലുവ തന്ത്രവിദ്യാപീഠത്തിലെ ആദ്യകാല വിദ്യാർത്ഥികളിൽ ഒരാളായിരുന്നു. ജേഷ്ഠനോടൊപ്പം അദ്ദേഹവും താന്ത്രിക വൃത്തിയിൽ സജീവം. വാദ്ധ്യാർ വൃത്തിയും തന്ത്രത്തിനൊപ്പമുണ്ട്. ഭാര്യ വിജയലക്ഷ്മി (മയ്യ, മധൂർ, കാസർകോട്).  മക്കൾ. ശ്രീകേശവ്, ശ്യാം മഹേന്ദ്ര, നാല് മാസം പ്രായമുള്ള ഒരു മകൻ കൂടിയുണ്ട്.
മൊബൈൽ 9447644132 ,0467 2242633

ഐ കെ ശിവപ്രസാദ് വാഴുന്നവർ ഐടി മേഖലയിലാണ്. നല്ലൊരു കലാകാരൻ കൂടിയാണ് അദ്ദേഹം.  ഭാര്യ അമ്പിളി(മംഗലം മഠം, ഹരിപ്പാട്).മകൾ ഗായത്രി. മൊബൈൽ 8086823352

ഏറ്റവും ചെറിയ മകൻ ഐ കെ മധുസൂദനൻ വാഴുന്നവരും ഭാര്യ മിഥ്യയും (കോഴിക്കോട് കാക്കൂർ മുഡുവമ്പറം കുടുംബാംഗം)ആയുർവ്വേദ ഡോക്ടർമാരാണ്.  രണ്ട് മക്കൾ. ഉചിത് കേശവും ഉദ്ധവ് കൃഷ്ണയും.
മൊബൈൽ 8547375866

പെൺമക്കളായ സാവിത്രി അന്തർജനത്തെ കേശവൻ പോറ്റിയും (തിരുവനന്തപുരം), ശ്രീദേവി അന്തർജനത്തെ സുബ്രഹ്മണ്യ കടമ്പള്ളിത്തായരും (മുള്ളേരിയ, കാസർകോട്), സരസ്വതി അന്തർജനത്തെ പുത്തൂർ സുബ്രഹ്മണ്യ തന്ത്രി (Late) യും, ഗൗരി അന്തർജനത്തെ  സുബ്രഹ്മണ്യസരളായരും (ബാംഗ്ലൂർ), ഗീത അന്തർജനത്തെ രവി പ്രസാദ് കടമ്പള്ളിത്തായരും (മുള്ളേരിയ, കാസർകോട്) വേളി കഴിച്ചു

തറവാട്ടിലെ മറ്റൊരു തായ്‌വഴി  വാവടുക്കത്തും മൊടഗ്രാമത്തും താമസിക്കുന്നു. പരേതനായ മാധവൻ വാഴുന്നവരുടെ ഭാര്യ ഗീതാ അന്തർജനമാണ്. (എലവനാട്ട് മഠം, കുമാരനെല്ലൂർ) വാവടുക്കത്ത്. മാധവൻ വാഴുന്നവർ ഏറ്റുമാനൂർ, കുമാരനെല്ലൂർ ക്ഷേത്രങ്ങളിൽ മേൽശാന്തിയായി ഇരുന്നിട്ടുണ്ട്. സിനിമാ നിർമ്മാതാവായ പരേതനായ വിഷ്ണു വാഴുന്നവരുടെ അനുജനാണ് അദ്ദേഹം.
മൊബൈൽ:9526497626

അദ്ദേഹത്തിന്റെ ഇളയ സഹോദരൻ പരേതനായ കുഞ്ഞിരാമൻ വാഴുന്നവരുടെ ഭാര്യ ദേവകി അന്തർജനവും (കീക്കാംകോട്ട് വാഴുന്നവർ) കുടുംബവുമാണ് മൊടഗ്രാമം ഇല്ലത്ത് താമസിക്കുന്നത്. മൂന്നു മക്കളാണ്. മൂത്ത മകൻ മധു ഐ വാഴുന്നവർ തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രം കീഴ്ശാന്തിയാണ്. രണ്ടാമത്തെ മകൻ പരേതനായ ദേവദാസ് വാഴുന്നവർ. കണ്ണൂർ ബ്ലാത്തൂർ മല്ലിശ്ശേരി ഇല്ലത്തെ ദീപ്തിയാണ് ഭാര്യ. മക്കൾ: ദേവീപ്രഭയും ദേവാർച്ചനയും. മകൾ പ്രത്യുഷയെ മല്ലിശ്ശേരി ഇല്ലത്തെ തന്നെ നാരായണൻ നമ്പൂതിരിയാണ് വേളി കഴിച്ചിരിക്കുന്നത്.

ദേവകി അന്തർജനം മൊബൈൽ: 9388612629, 0467 2242747 മധു ഐ വാഴുന്നവർ മൊബൈൽ: 9895023156, (വി.പി.ഹേമ 9400802151.)

## ജനകീയനായ വാഴുന്നവർ

ഇരിവൽ ഇല്ലത്തെ ഏറ്റവും ജനകീയനായ വ്യക്തി
2008 ൽ അന്തരിച്ച കേശവൻ വാഴുന്നവരാണ്. താന്ത്രിക വിദ്യയിൽ അതി കേമൻ. തന്നെ പൂർവ്വികർ ഏൽപ്പിച്ച ചുമതലയാതൊരു ലാഭേച്ഛയുമില്ലാതെ, അത്യന്തം സമർപ്പണത്തോടെ തന്നെ അവസാനം വരെ നിറവേറ്റി . ജാതി, മത, പ്രായഭേദമന്യേ ആർക്കും എപ്പോഴും എന്താവശ്യത്തിനും സമീപിക്കാവുന്ന വ്യക്തി.  ശുദ്ധാശുദ്ധങ്ങൾ കൃത്യമായി പാലിക്കുന്ന ഇല്ലമായിട്ടും പിറവി സിനിമയുടെ ഷൂട്ടിംഗിനായി തറവാട് അനുവദിച്ചത് അദ്ദേഹത്തിലെ കലാ സ്നേഹിക്ക് ഉദാഹരണമാണ്.

വലിയ കേശവൻ വാഴുന്നവരുടെയും ശ്രീദേവി അന്തർജനത്തിന്റെയും മകനാണ് അദ്ദേഹം. (ഒരു സഹോദരി. അവരെ തേക്കത്തില്ലത്തേക്ക് വേളി കഴിച്ചു. അവരുടെ കൊച്ചുമകനാണ് ഇപ്പോഴത്തെ ഏറ്റുമാനൂർ മേൽശാന്തിയായ കേശവൻ സത്യേഷ് )    കൈവട്ടയെടുത്ത് തന്ത്രിയായതിന് ശേഷം ഇംഗ്ലീഷ് പഠനം തുടർന്നു. നീർച്ചാൽ സംസ്കൃത കോളേജിൽ ചേർന്നു. എസ്.എസ്.എൽ. സിയ്ക്ക് തുല്യമായ പരീക്ഷയും ജയിച്ചു. അംശം മാനുവൽ പരീക്ഷ പാസായി പട്ടേലറായി.

അമ്മാവന്റെ മകളായ കീക്കാംകോട്ട്  സാവിത്രി അന്തർജനമാണ് അദ്ദേഹത്തിന്റെ ആദ്യ പത്നി. സാവിത്രി അന്തർജനത്തിന്റെ മരണത്തെ തുടർന്ന് കൃഷ്ണ കാരന്തറുടെ മകളായ കലാവതി അന്തർജനത്തെ വേളി കഴിച്ചു. തുടർച്ചയായി 35 വർഷത്തോളം ശബരിമലയിൽപ്പോയ അദ്ദേഹം എൺപത്തിയൊന്നാം വയസിലാണ്  കൈലാസ- മാനസസരോവർ യാത്ര നടത്തുന്നത്. കാശി, ബദരി തുടങ്ങിയ സ്ഥലങ്ങളിലും തീർത്ഥാടനം നടത്തി. അദ്ദേഹത്തിന്റെ മക്കളാണ് ഇന്ന് തറവാട്ടിൽ താമസിക്കുന്നതും താന്ത്രിക ചുമതലകൾ നിർവ്വഹിക്കുന്നതും.

# ക്വാറന്റയിൻ ചിന്ത

വിട്ടു നിൽപ്പാണീ ഞാനും പൂട്ടിയ മുറിക്കുള്ളിൽ
ഒട്ടു നാളായിത്തന്നെയിരിപ്പാണേകാന്തനായ്
ഇത്തിരിപ്പോന്നോരുഗ്ര സംഹാരിയായുള്ളൊരാ
ദൃശ്യനായിടാത്തതാം വൈറസ്സിൻ ഭയത്താലേ.
കിട്ടുന്നൂ മുറിക്കുള്ളിൽ തിന്നുവാൻ കുടിക്കാനും
വായന വലുതാക്കാൻ പുസ്തകം മററുള്ളവ
കൈവിരൽ സ്പർശത്താലേ ഭൂലോകം മുഴുവനായ്
പരക്കാം പറന്നിടാം ചിന്തതൻ ചിറകേറാം
കാണുന്നൂ ജനൽച്ചില്ലിൻ നേർത്തതാം വിടവിലൂ
ടകലെ ചെറുവള്ളിപ്പടർപ്പാൽ മേഘങ്ങളെ
ത്തഴുകും മരങ്ങളും ആനന്ദ വിഹായസ്സും
പരുന്തും പറവകളണ്ണാനും ശലഭങ്ങൾ
തുടിക്കും ഹൃദയത്താൽ രമിക്കുന്നതും കാൺമൂ
ഇവിടെക്കൂട്ടിൽക്കിടന്നുരുകിച്ചിന്തിപ്പു ഞാൻ
തനിക്കു താൻ പോന്നോരു നാളുകളൊരു വേള
കാണുവാനാനന്ദിയ്ക്കാൻ കിളിയെ കൂട്ടിലാക്കി
സ്ഫടികപ്പെട്ടിക്കുള്ളിൽ മീനുകൾ പലതരം
കൂറു കാട്ടീടും പട്ടി പശുവെന്നതേപോലെ
മെരുക്കീ ഗജവീരൻ തന്നെയും വീരൻമാരായ്
ഇണക്കി വളർത്തിയ മിണ്ടുവാൻ കഴിയാത്ത
മൃഗങ്ങൾ പറവകൾ ചെറുജീവികളേയും
കൊന്നതും കൊല്ലിച്ചതുമാർഭാടമൊരുക്കാനായ്
ത്തങ്ങളെത്തന്നേ പറ്റിച്ചാമോദം വളർന്നതും
ചില്ലുകൊട്ടാരക്കെട്ടിൽ വസിക്കാൻ മറ്റുള്ളോരെ
വല്ലാതെയകറ്റുവാൻ ആവോളം യത്നിച്ചതും
ഇന്നു ഞാനറിയുന്നു ചങ്ങലക്കെട്ടിൻ ഭാരം
വാതിലിൻ ബലം പിന്നെമനസ്സിൻ കാർക്കശ്യങ്ങൾ
സ്വാർത്ഥമാം മോഹങ്ങളും സ്വാതന്ത്ര്യമില്ലായ്മ തൻ
നീറ്റലും ദീനങ്ങളും തോറ്റതിന്നാരേ ഞാനോ.
മാപ്പു നൽകുക നിങ്ങൾ ചെറുതും വലുതുമായ്
പരമീ ലോകം തന്നിൽ പലതായ് കാണുന്നവർ.
അകമേ നിറയ്ക്കുക സുകൃതം ലാളിത്യത്തെ
സ്നേഹത്തെ പലർക്കായി പകുക്കാം കനിവോടെ
ഇന്നു നാമനുഷ്ഠിക്കും തപസ്സിൻ മാഹാത്മ്യത്താൽ
ശാന്തിതൻ തേനും പുതു വർണ്ണവും സുഗന്ധവും
ചേർന്നീടും സൂനങ്ങളായ് നിത്യവും വിരിയട്ടെ
മർത്ത്യരായ് മദോന്മത്തരാകാതെ വസിച്ചിടാം
സൗമ്യമാം ജഗത്തിങ്കൽ ചരിക്കാം ചിരകാലം

കൊയിലാണ്ടി
ഉപസഭ നടത്തിയ
കവിതാ
മത്സരത്തിൽ
ഒന്നാം സമ്മാനം
നേടിയ കവിത



**എം. ഇ. ഉണ്ണികൃഷ്ണൻ**
മേൽമണ്ടോടി ഇല്ലം
മുയിപ്പോത്ത്
മൊബൈൽ 9446159842

## അത് ഞാളൂർ നാരായണേട്ടനാണ്

ഞങ്ങളുടെ ഇല്ലമായ മൊടപ്പിലാപ്പള്ളി മനയെപ്പറ്റിയുള്ള ഇല്ലപ്പെരുമ അസ്സലായി .തിരുമാന്ധാംകുന്നിലമ്മയുടെ കേശാദിപാദവർണ്ണന ( ഘന സംഘം) ഫീച്ചറിന്റെ മുകളിൽ നൽകിയതും കേമായി .സ്വസ്തി പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ .

ഫീച്ചറിൽ ഒന്ന് രണ്ടു തെറ്റുകൾ അച്ചടിപ്പിശകായും മറ്റും കടന്നു കൂടിയിട്ടുണ്ട് .അവ താഴെ നൽകുന്നു .

മൊടപ്പിലാപ്പള്ളി മനയിലെ സർപ്പക്കാവിൽ പൂജ കഴിക്കുന്നത് ഒതളൂർ അല്ല . ഞാളൂർ മനയിലെ നാരായണേട്ടനാണ് .അദ്ദേഹം അനവധി കാലം പൂജാവിഷയത്തിൽ ഞങ്ങളുടെ ജ്യേഷ്ഠസഹോദരനെപ്പോലെ ആയിരുന്നു .ഒതളൂർ എന്നത് ഞാളൂർ എന്ന് വായിക്കാൻ അപേക്ഷിക്കുന്നു .

എന്റെ സഹോദരി രമണി (മെടപ്പിലാപ്പള്ളി വംശാവലി)ക്ക് ജോലി റെയിൽവേയിൽ അല്ല .മുണ്ടൂർ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ - ഐ. ആർ.ടി.സി.യിലാണ് .

ധാരാളം ആളുകൾ ഇല്ലപ്പെരുമ വായിച്ച കാര്യം പ്രത്യേകം വിളിച്ചറിയിച്ചു .സ്വസ്തി പ്രവർത്തകരെ ഞങ്ങളുടെ എല്ലാവരുടെയും സന്തോഷം അറിയിക്കട്ടെ.

**മൊടപ്പിലാപ്പള്ളി പരമേശ്വരൻ (അനിയൻ) നമ്പൂതിരിപ്പാട്:**
ഫോൺ :8606052226

## Swasthi Classifieds



**ഭക്തിഗാനങ്ങൾ**
ക്ഷേത്രങ്ങളുടെ ഐതിഹ്യത്തിനനുസരിച്ച് ഭക്തിഗാനങ്ങൾ തയ്യാറാക്കി കൊടുക്കുന്നു.ശ്രീധരൻ നമ്പൂതിരി മാടമന, തിരുവണ്ണൂർ
**കോഴിക്കോട് 94462 58509**



**തിരുവാതിരപ്പാട്ടുകൾ**
150 തിരുവാതിരപ്പാട്ടുകളുടെ പുസ്തകം 150.00, അക്ഷരശ്ലോക സമാഹാരം250.00,അന്തർജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ . മലമേൽ ശാരദ അന്തർജനം,
**കിടങ്ങൂർ 94001 96322**



**ശ്രീകോവിലിനുള്ളിൽ**
ശ്രീകോവിലിനുള്ളിലെ എല്ലാ മെയിൻറനൻസ് ജോലികളും ഉത്തരവാദിത്വത്തോടെ നടത്തുവാൻ. നീർവേലി ശ്രീകുമാർ നമ്പൂതിരി
**കോഴിക്കോട് 94955 70706**



**കാറ്ററിംഗിന്**
ചെറുതും വലുതുമായ വെജിറ്റേറിയൻ കാറ്ററിംഗിന്.സമീപിക്കുക പൊയിലിൽ ഹരി നമ്പൂതിരി, ഓമശ്ശേരി
**കോഴിക്കോട് 99471 01063**




**കാറ്ററിംഗിന്**
വെജ്. കാറ്ററിംഗ് /സദ്യ
സതീശൻ പടിഞ്ഞാറ്റിരി
അച്ചിപ്ര കാറ്ററിംഗ് സർവീസ്,
**കാടാമ്പുഴ 9447116305**



**ഭക്ഷണമുണ്ടാക്കുവാൻ**
എത്ര പേർക്കും ഭക്ഷണമുണ്ടാക്കുവാനും കാറ്ററിംഗിനും ഇവൻറ് മാനേജ്മെന്റിനും വർഷങ്ങളുടെ സൽപേരുമായി ഒ.ടി. വിനോദ് നമ്പൂതിരി നീലേശ്വരം
**കോഴിക്കോട് 99471 66663**



## അഡ്മിഷൻ കിട്ടാത്ത കലാമണ്ഡലത്തിൽ ഒടുവിൽ അദ്ധ്യാപകനായി

# പാഠവും പാഠപുസ്തകവും

**താമരക്കുളം ദിവാകരൻ നമ്പൂതിരി**



ഏഴാം ക്ലാസിൽ പരീക്ഷ കഴിഞ്ഞ ഉടനെ ഇല്ലത്തെ ആരോടും പറയാതെ ചെണ്ടക്കമ്പം മൂത്ത ഒരുണ്ണി കലാമണ്ഡലത്തിലേക്ക് അപേക്ഷ അയച്ചു. ചെണ്ട പഠിക്കാൻ. ഇന്റർവ്യൂവിന് ചോദ്യം.

'കൊട്ടു പഠിച്ചിട്ടുണ്ടോ'

'ഇല്ല, പഠിക്കാനാണ് വന്നത്' എന്ന് ഉത്തരം. അധികപ്രസംഗം ആയോന്നറിയില്ല. ഏതായാലും ആ ഉണ്ണിക്ക് സെലക്ഷൻ കിട്ടിയില്ല.

പിൽക്കാലത്ത് ആ ഉണ്ണിയുടെ പുസ്തകം മാത്രമല്ല ഉണ്ണിതന്നെ പാഠവും പാഠപുസ്തകവുമായി.അതേ യൂണിവേഴ്സിറ്റിയിൽ വിസിറ്റിംഗ് പ്രൊഫസറായി. ആ ഉണ്ണിയുടെ പേരാണ് കരിയന്നൂർ നാരായണൻ നമ്പൂതിരി.

അമേരിക്കയിൽ ഗുരുവായൂപ്പനെ പ്രതിഷ്ഠിക്കാനാണ് അനിയൻ ദിവാകരൻ കടൽ കടന്നതെങ്കിൽ ജ്യേഷ്ഠൻ നാരായണൻ കാനഡയിൽ എല്ലാ വർഷവും പോവുന്നത് പഞ്ചവാദ്യം പഠിപ്പിക്കാൻ. അറിയാം ഈ നമ്പൂതിരിയുടെ വിശേഷങ്ങൾ.

പാലക്കാട്ടെ നിരവധി അമ്പലങ്ങളുടെ തന്ത്രം കരിയന്നൂർ മനക്കാർക്കാണ്. വിധിയാംവണ്ണം മൂന്നു കൊല്ലം ഓനിച്ചുണ്ണിയായ നാരായണനും പോയിരുന്നു അച്ഛൻ വലിയ നാരായണൻ നമ്പൂതിരിയുടെ കൂടെ സഹായിയായി. പക്ഷേ, അതു കൊട്ടു കേൾക്കാനായിരുന്നു. ചെണ്ടമേളം, തായമ്പക, കഥകളിമേളം അങ്ങനെയങ്ങനെ....ആവോളം ആസ്വദിക്കാം.കൊട്ടുകാരനാവാനായിരുന്നു മോഹം.

അങ്ങനെയാണ് ഏഴാം ക്ലാസിൽ പരീക്ഷ കഴിഞ്ഞ ഉടനെ ഇല്ലത്ത് പറയാതെ കലാമണ്ഡലത്തിലേക്ക് അപേക്ഷിച്ചതും സെലക്ഷൻ കിട്ടാതിരുന്നതും. പിന്നീട് അച്ഛനോടും ഏട്ടനോടും ആഗ്രഹമറിയിച്ചു- ചെണ്ട പഠിക്കണം. അവർ സമ്മതിച്ചു. ഒരു കണ്ടീഷൻ. പത്താം ക്ളാസ് പാസാവണം.എന്നാൽ നോക്കാം.

മൂന്നു കൊല്ലം ഓനിച്ചുണ്ണിയായി ഇല്ലത്തിരുന്നതിനാൽ കുറേ ക്ലാസ് നഷ്ടമായിരുന്നു. പക്ഷേ, വാശികയറി. ഇരുന്നു പഠിച്ചു. പത്തൊമ്പതാമത്തെ വയസ്സിൽ പത്താംക്ളാസ് പാസായി. തിരുവേഗപ്പുറ ശങ്കുണ്ണിപ്പൊതുവാളെ അച്ഛൻ ഇല്ലത്തേക്ക് വരുത്തി.അക്കാലത്തെ കേമൻ.

'കയ്യ് വേദനിക്കും, പൊട്ടും, ചോര വരും, അപ്പോ കൊട്ട് നിർത്ത്വോ '. അതായിരുന്നു ഗുരുവിന്റെ ചോദ്യം. ഇല്ലെന്ന ഉത്തരത്തിൽ ചെണ്ടയുടെ ആദ്യ ഗുരുവായി

ശങ്കുണ്ണി പൊതുവാൾ.

അങ്ങനെ ഇരുപതാമത്തെ വയസ്സിൽ തന്നെ കലാമണ്ഡലത്തിൽ ചെണ്ട ക്കു ചേർന്നു. അച്ചുണ്ണിപ്പൊതുവാ ളുടേയും ചന്ദ്രമന്നാടിയാരുടേയും കീഴിൽ രണ്ടു വർഷത്തോളം പഠനം. രണ്ടാം വർഷം പാസായെങ്കിലും സ്റ്റൈപ്പന്റ് കിട്ടാൻ സാധ്യതയില്ലാത്ത തു കൊണ്ട് കലാമണ്ഡലം കളരിയോട് വിട പറഞ്ഞു. പിന്നെ പി എസ് വി നാട്യസംഘത്തിലേക്ക് .കോട്ടക്കൽ കുട്ടൻമാരാരാശാന്റേയും കൃഷ്ണൻ കുട്ടിയാശാന്റേയും കീഴിലായി അവി ടത്തെ പഠനം.

തന്ത്രി കുടുംബമായാലും വലിയ വരുമാനമൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ സ്റ്റൈപ്പെൻഡ് കിട്ടാതിരി ക്കാൻ അതൊരു കാരണമായി. 'പ്രസിദ്ധ തന്ത്രി കുടുംബമായ കരിയ ന്നൂരിലെ കാര്യാണോ ഈ പറേണ ത്. '

അവർക്കറിയില്ലല്ലോ ഇല്ലത്തെ പഞ്ഞം. ഒരിക്കൽ മെസ്സിൽ രണ്ടു മാസത്തെ ഫീസ് കൊടുക്കാൻ പറ്റാത്തതിനാൽ ഭക്ഷണം കഴിക്കാ നിരുന്ന കരിയന്നൂരിനെ എഴുന്നേൽ പ്പിച്ചു വിട്ടു. ഇതറിഞ്ഞ്, അന്വേഷിച്ച നീലകണ്ഠൻ നമ്പീശൻ ആശാനോട് പൊട്ടിക്കരഞ്ഞ് വിവരങ്ങളെല്ലാം പറ ഞ്ഞു.വാത്സല്യനിധിയായ അദ്ദേഹം സ്നേഹത്തോടെ ഊട്ടി. രണ്ടു മാസ ത്തെ മെസ് ഫീസ് കൊടുത്തു. അതു പറയുമ്പോൾ ഇപ്പോഴും നിറഞ്ഞു പോവുന്നു കണ്ണുകൾ.

1976 ലായിരുന്നു അരങ്ങേറ്റം.പുലാശ്ശേരി അയ്യപ്പൻകാവിൽ വെച്ച് തായ മ്പകയും ഗുരുവായൂർ ഉത്സവക്കളിക്ക് പുറപ്പാടും മേളപ്പദവും .

കർശനമായിരുന്നു കലാമണ്ഡല ത്തിലെ പഠനരീതികൾ. കൊട്ടിനി ടെ വലതുകൈയിന്റെ ഷോൾഡർ പൊങ്ങിയാൽ കിട്ടും മുട്ടി കൊണ്ട് ഓരോ മേട്ടം. ഒരിക്കൽ തായമ്പക യിലെ തിരുകലാശം വ്യത്തിയായി പിഴച്ചു. സാമാന്യത്തിലധികം ശു ണ്ഠി വന്ന അച്ചുണ്ണിപ്പൊതുവാളാ ശാൻ വായ്ത്താരി ഉറക്കെ പറഞ്ഞു കൊണ്ട് ശിഷ്യന്റെ തോളിലും തുടയിലുമായി അമർത്തിക്കൊട്ടി. ഗുരുവായൂരപ്പാ,നല്ല ജീവനങ്ങട്ട് പോയി .സഹിക്കാൻ വയ്യാത്ത തലവേ ദന. തുടയിലും തോളിലും നീറ്റൽ – അതിലധികം മനസ്സിലും. ഈ കൊട്ടിക്കലാശം ഏതു ഉറക്കത്തിലും ചോദിച്ചാൽ പിഴക്കില്ല, മറക്കുകയു മില്ല. പറയുന്നു കരിയന്നൂർ. അതിനു ശേഷം ഒരു ശിക്ഷയും ഏൽക്കേണ്ടി വന്നിട്ടില്ല. പ്രശസ്ത തന്ത്രി കുടും ബമായതിനാലും ബ്രാഹ്മണനായ തിനാലും ബ്രാഹ്മണ ശാപം പേടി



## പഞ്ചവാദ്യ പഠനം – തിമില

പല ആനുകാലിക പ്രസിദ്ധീകരണങ്ങളിലും വാദ്യ സംബ ന്ധിയായ ലേഖനങ്ങൾ എഴുതിയിട്ടുണ്ട് . കുട്ടികളെ പഠിപ്പിക്കാൻ 8 വർഷത്തോളം ഉണ്ടാക്കിയ കുറിപ്പുകൾ - കൊട്ടു പഠിക്കാത്ത ഒരാൾ ക്ക് മനസ്സിലാകുന്ന തരത്തിലുള്ള പ്രസന്റേഷൻ, പുതിയൊരു ഭാഷ, അതാണ് മാസ്റ്റർ പീസായ പുസ്തകം, പഞ്ചവാദ്യ പഠനം - തിമില. കേരള സാഹിത്യ അക്കാദമിയാണ് 2012ൽ ഇത് പ്രസിദ്ധീകരിച്ചത്. ഇപ്പോൾ കലാമണ്ഡലത്തിന്റെ റഫറൻസ് ടെക്സ്റ്റ്.

നിരവധി വിദ്യാർത്ഥികൾക്കും പഞ്ചവാദ്യ തിമില അഭ്യസിപ്പി ക്കുന്നതിന് പുറമേ 2010 മുതൽ കേരള കലാമണ്ഡലം യൂനിവേഴ് സിറ്റിയിൽ വിസിറ്റിംഗ് പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു. 2019 ഒക്ടോബർ മുതൽ കലാമണ്ഡലത്തിലെ വാദ്യവിഭാഗങ്ങളുടെ ഡീനായും ഭരണസമിതി അംഗമായും പ്രവർത്തിച്ചു വരുന്നു. വെക്കേ ഷൻ കാലത്ത് എല്ലാ വർഷവും ഒന്നര മാസത്തോളം കാനഡയിൽ പഞ്ചവാദ്യം ചെണ്ട ക്ലാസുകൾ എടുക്കുന്നു.

**സാമാന്യത്തിലധികം ശുണ്ഠി വന്ന അച്ചുണ്ണിപ്പൊതുവാളാ ശാൻ വായ്ത്താരി ഉറക്കെ പറഞ്ഞു കൊണ്ട് ശിഷ്യന്റെ തോളിലും തുടയിലുമായി അമർത്തിക്കൊട്ടി. ഗുരുവായൂ രപ്പാ,നല്ല ജീവനങ്ങട്ട് പോയി .സഹിക്കാൻ വയ്യാത്ത തല വേദന. തുടയിലും തോളിലും നീറ്റൽ – അതിലധികം മനസ്സി ലും. ഈ കൊട്ടിക്കലാശം ഏ തു ഉറക്കത്തിലും ചോദിച്ചാൽ പിഴക്കില്ല, മറക്കുകയുമില്ല.**

ച്ചോ എന്തോ ഒരൽപ്പം പരിഗണന കിട്ടിയിരുന്നു.

ആയിടക്കാണ് ഓങ്ങല്ലൂരിൽ കുറെ നമ്പൂതിരിമാരുടെ കൂട്ടായ്മ യിൽ ഗണപതി കലാകേന്ദ്രം തുട ങ്ങിയത്. അവിടന്നാണ് പുതുക്കോട് രാമകൃഷ്ണമാരാർ, കുട്ടനെല്ലൂർ രാജൻ മാരാർ എന്നിവരുടെ കീഴിൽ പഞ്ചവാദ്യം പഠിച്ചത്. അരങ്ങേറ്റം കഴിഞ്ഞ് പഞ്ചവാദ്യക്കാരനായി. പ്രോഗ്രാമുകളെല്ലാം കിട്ടിത്തുടങ്ങി. ഉത്സവപ്പറമ്പുകളിലെ പഞ്ചവാദ്യം എന്ന മാന്ത്രിക വൈഖരിക്കായി ഉഴിഞ്ഞുവെച്ച ജീവിതമായിരുന്നു പിന്നീട്. അത് പല്ലാവൂർ കളരിയിലെ ത്തിച്ചു.

ആയിടക്കാണ് കോങ്ങാട് വിജയ നെ പരിചയപ്പെടുന്നത്. പ്രഗത്ഭൻ. ഗണപതി കലാലയത്തിൽ അധ്യാപ കൻ .കോങ്ങാട് വിജയന്റെ കീഴിൽ വിദഗ്ധമായ പഠനം. അതു കഴി ഞ്ഞ് പല്ലാവൂർ കുഞ്ഞുക്കുട്ടമാരാരു ടേയും, പല്ലാവൂർ മണിയൻ മാരാ രുടേയും ശിക്ഷണത്തിൽ ഉപരിപ ഠനം.1980കളിൽ പല്ലാവൂർ കളരിയി ലാണ് പഞ്ചവാദ്യം എന്താണെന്നു ശരിക്കും പഠിച്ചത്.

പല്ലാവൂർ കളരിയിലെ ഒരനുഭ വം പറയാം. ആദ്യത്തെ ദിവസം സാധകത്തിനിടക്ക് തൊണ്ട വരണ്ട് വിവശനായപ്പോൾ വെള്ളം ചോദി ച്ചു. കിട്ടിയില്ലെന്ന് മാത്രമല്ല വീണ്ടും കുറെ കൊട്ടിച്ചു. കൊട്ട് കഴിഞ്ഞ് ശ്വാസം നേരെയായപ്പോൾ നല്ല ചുടു ചായ തന്നു. ഇന്ന് വെള്ളം കുടിച്ചാൽ എന്നും വേണ്ടിവരും എന്ന ഉപദേശ വും.

ഭക്ഷണം ആശാന്റെ വീട്ടിൽ നിന്നു തന്നെ. ഞങ്ങളെ ഊട്ടിയ ശേഷമേ

അദ്ദേഹം കഴിക്കുകയുള്ളു. ഇത്തരം ശിക്ഷണങ്ങളാണ് തുടർച്ചയായി ദിവസങ്ങളോളം ആറും ഏഴും മണിക്കൂർ വീതം കൊട്ടാൻ തക്കവണ്ണം പ്രാപ്തരാക്കിയത്.

ധാരാളം പരിപാടികൾ കിട്ടാൻ തുടങ്ങി. പല്ലാവൂർ സഹോദരങ്ങളുടെ കൂടെ പല സ്ഥലങ്ങളിലും പഞ്ചവാദ്യം നടത്തി. 1996 ൽ തുടങ്ങിയ തൃശൂർ പൂരത്തിലെ തിരുവമ്പാടി വിഭാഗത്തിലെ മഠത്തിൽ വരവിന് കൊട്ടുന്നത് ഇപ്പോഴും തുടരുന്നു. ഉത്രാളി പൂരം, നെന്മാറ വല്ലങ്ങി തുടങ്ങി പാലക്കാട്ടെ പൂരപ്പറമ്പുകളിലും നിത്യസാന്നിധ്യം. കൂടാതെ എ ഐ ആറിലെ തായമ്പകയും തുടരുന്നു. അമ്പലത്തിലേ തന്ത്രി പൂരപ്പറമ്പുകളിലോ? എതിർപ്പുകൾ ധാരാളമുണ്ടായി. ശുദ്ധ കലാസപര്യയിൽ അതെല്ലാം മുങ്ങിപ്പോയി. എരിഞ്ഞു പോയി.

തിമില, മദ്ദളം, ഇടക്ക, കൊമ്പ്, ഇലത്താളം എന്നിവയാണ് പഞ്ചവാദ്യങ്ങൾ. ആദ്യമെല്ലാം തിമിലയിൽ മാത്രം താളവട്ടം, ബാക്കിയെല്ലാം കൂട്ടിക്കൊട്ട് എന്നതായിരുന്നു രീതി. പിന്നീട് മദ്ദളത്തിലും ഇടക്കയിലും താളവട്ടം കൊട്ടാൻ തുടങ്ങി.

## കരിയന്നൂരിന്റെ സർഗ്ഗസൃഷ്ടികൾ

ഒരു വരിയിൽ 32 കള്ളികളിൽ ഒരു ചെമ്പടവട്ടം എന്ന രീതിയിൽ പഞ്ചവാദ്യ സ്വരങ്ങൾക്ക് പുതിയൊരു ഭാഷ തന്നെ വികസിപ്പിച്ച് എടുത്തു കരിയന്നൂർ. അതും ആർക്കും മനസ്സിലാകുന്ന രീതിയിൽ.

കലാമണ്ഡലത്തിൽ ബിരുദബിരുദാനന്തര ക്ലാസുകളിലേക്ക് ടെക്സ്റ്റ് ബുക്കായി ബൃഹത്തായൊരു ഗ്രന്ഥം പഞ്ചവാദ്യ പഠനം - തിമില എഴുതി.

ചെണ്ട പഠിച്ചതിന്റെ സ്വാധീനത്താൽ തിമിലയിൽ തായമ്പകക്കും കേളിക്കും തുടക്കമിട്ടു.

എല്ലാ ക്ഷേത്ര കലകളുടേയും മൂല്യം ഒന്നാണെന്ന് തെളിയിക്കുന്ന കുഴൽപ്പറ്റ്, കൊമ്പു പറ്റ്, ചെണ്ടമേളം, മേളപ്പദം, പഞ്ചവാദ്യം, കേളി എന്നിവയുടെ പ്രധാന ഭാഗങ്ങൾ കൂട്ടിച്ചേർത്ത് വാദ്യസമന്വയം എന്ന ഒരു പുതിയ കലാരൂപത്തിന് തുടക്കമിട്ടു.

പഞ്ചവാദ്യവും പഞ്ചാരിയും സമന്വയിപ്പിച്ച് പഞ്ചാരി പഞ്ചവാദ്യം എന്ന പേരിൽ സാങ്കേതിക മികവോടുകൂടി പുതിയൊരു മേളശൈലി വികസിപ്പിച്ചെടുത്തു കരിയന്നൂർ നാരായണൻ നമ്പൂതിരി. ഈ ഉദ്യമത്തിനാണ് കരിയന്നൂരിന് കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ ഫെല്ലോഷിപ്പ് കിട്ടിയത്.

കലാമണ്ഡലത്തിനു വേണ്ടി താളവാദ്യവിസ്മയം എന്ന, പത്തോളം വാദ്യങ്ങൾ ചേർന്നവതരിപ്പിക്കുന്ന ഫ്യൂഷന് രൂപം കൊടുത്തു.

കേന്ദ്ര ഗവൺമെന്റിന്റെ 2018ലെ സംഗീത നാടക അക്കാദമി അവാർഡ് കരിയന്നൂർ നാരായണൻ നമ്പൂതിരിയെ തേടിയെത്തി .

എസ്എൻ നമ്പീശന്റെ വാദ്യമഞ്ജരി, കലാമണ്ഡലത്തിന്റെ വാദ്യസുധ പാലക്കാടിന്റ സ്വരസുധ തുടങ്ങിയ പല ഫ്യൂഷനുകളിലും സജീവ സാന്നിധ്യമാണ്.

പഞ്ചവാദ്യ ഘടനയിലെ ഘടനാപരമായ ചില സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരമാർഗങ്ങൾ നിർദ്ദേശിച്ച് അംഗീകാരം നേടി.

ഉത്സവ കാലം കഴിയുമ്പോൾ മലപ്പുറം ജില്ലയിലെ തച്ചിങ്ങനാടത്തെ നാലുകെട്ടിലിരുന്നു കുറിപ്പുകൾ തയ്യാറാക്കും ശിഷ്യർക്കൊപ്പം കൊട്ടി പരീക്ഷിക്കും. പുതിയവ പിറക്കും. അതേ, അതാണ് കരിയന്നൂർ സമ്പ്രദായം.

1958ൽ പാലക്കാട് ജില്ലയിൽ പട്ടാമ്പിക്കടുത്ത് പുലാശ്ശേരിയിൽ കരിയന്നൂർ നാരായണൻ നമ്പൂതിരിയുടേയും ശ്രീദേവി അന്തർജനത്തിന്റേയും മകനായി ജനിച്ചു. തറവാട് വാടാനംകുറിശ്ശിയിലാണ്. 65 വർഷങ്ങൾക്കു മുൻപാണ് പട്ടാമ്പി



*കരിയന്നൂർ നാരായണൻ നമ്പൂതിരി മട്ടന്നൂർ ശങ്കരൻകുട്ടിയോടൊപ്പം ഒരു വേദിയിൽ*

## പ്രധാനപ്പെട്ട അഞ്ചു താളങ്ങൾ

1.പഞ്ചാരി– 6 അക്ഷര കാലം, 2 ത്രിപുട - 7 അക്ഷര കാലം, 3 ചെമ്പട - 8 അക്ഷര കാലം, 4 ചെമ്പ - 10 അക്ഷര കാലം, 5 അടന്ത - 14 അക്ഷര കാലം, എന്നിങ്ങനെയാണ്. ഇതിൽ ത്രിപുട താളമാണ് പഞ്ചവാദ്യത്തിനു പയോഗിക്കുന്നത്. ആറ് അടി, ഒരു ഇട (നിശ്ശബ്ദം, വീശ്) ഇതാണ് 7 അക്ഷര കാലം. എന്നാൽ പഞ്ചവാദ്യത്തിന് 2 അടി - 1 വീശ്, 3 അടി - 1വീശ് എന്നതാണ് ത്രിപുടതാളം. ത്രിപുട| അടിസ്ഥാന താളത്തിൽ 14–28–56–112 – 224– 448–896 എന്നിങ്ങനെ ഗോപുരരൂപത്തിലുള്ള ഒരു കോമ്പിനേഷനിലാണ് പഞ്ചവാദ്യം അരങ്ങേറുന്നത്.

### വാദ്യ വിഭാഗങ്ങളെ നാലായി തിരിക്കാം.

തതം ച വിതതം ചൈവ
ഘനം സുഷിര മേവ ച
തതം - തന്ത്രി കൊണ്ടുള്ളവ - ഉദാ: വീണ
വിതതം - ചർമ്മം കൊണ്ടു പൊതിഞ്ഞവ- ഉദാ.തിമില
ഘനം - ലോഹം കൊണ്ടുള്ളവ - ഉദാ: ഇലത്താളം
സുഷിരം- തുളകളുള്ളവ - ഉദാ: ഓടക്കുഴൽ, കൊമ്പ്



പുലാശ്ശേരിയിലെത്തുന്നത്. 1981 ലാണ് കൈപ്പള്ളി മനയിലെ ശോഭന അന്തർജനത്തെ വിവാഹം കഴിക്കുന്നത്. 30 വർഷത്തോളമായി മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണക്കടുത്തുള്ള തച്ചിങ്ങനാടത്താണ് താമസം . സൌമ്യ, സന്ധ്യ, സോന എന്നിവർ മക്കൾ. എരണ്ടപ്പുറത്തുകാട് സന്ദീപ്, വെളുത്താട്ട് ശംഭു, ശ്രീജേഷ് എന്നിവർ മരുമക്കൾ . ആര്യ, ശ്രേയ പാർവതി, സിദ്ധാർത്ഥ്, ഋഷീകേശ് എന്നിവർ പേരക്കുട്ടികൾ.

**നാരായണൻ നമ്പൂതിരി**
കരിയന്നൂർ മന,
തച്ചിങ്ങനാടം പി.ഒ,
പെരിന്തൽമണ്ണ,
മലപ്പുറം ജില്ല, 679325
ഫോ: 944788295

## പ്രഗല്ഭനായ അധ്യാപകൻ

1980. മുതൽ അധ്യാപനവും തുടങ്ങി. പയ്യന്നൂർ ചെറുതാഴത്ത് ഹനുമാനമ്പലത്തിനടുത്തുള്ള  ഒരു വീട്ടിൽ വെച്ചായിരുന്നു ആദ്യത്തെ 6 ശിഷ്യൻമാർക്കുള്ള ക്ലാസ്. ഗണപതി കലാകേന്ദ്രത്തിൽ ഇപ്പോഴും പഠിപ്പിക്കുന്നു. പണ്ടൊക്കെ കൊട്ടിപ്പഠിപ്പിക്കൽ മാത്രമായിരുന്നു. പഠിപ്പിക്കാൻ പ്രാക്റ്റിക്കൽ മാത്രം പോരല്ലോ. തിയറി കൂടി വേണ്ടേ? പഞ്ചവാദ്യത്തിന് ഒരു വ്യക്തമായ ചരിത്രം എഴുതപ്പെട്ടിട്ടില്ല . 100 വർഷത്തെ പഴക്കം എന്നാണ് പറയുന്നത്. പഞ്ചവാദ്യത്തിൽ കൊണ്ടുവന്ന മാറ്റങ്ങൾ ആരും എഴുതി വെച്ചില്ല. റഫർ ചെയ്യാൻ പുസ്തകങ്ങളുമില്ല .

പഠിപ്പിക്കാൻ തുടങ്ങുമ്പോൾ കരിയന്നൂരിന് മുന്നിലുള്ള വെല്ലുവിളികൾ അങ്ങനെ പലതായിരുന്നു. അന്നമനട പരമേശ്വരമാരാർ 1972 ൽ എഴുതി കലാമണ്ഡലം പ്രസിദ്ധീകരിച്ച, പഞ്ചവാദ്യം, തിമില വാദ്യം എന്ന ഒരു പുസ്തകം മാത്രം. 70 കളിലെ പഞ്ചവാദ്യത്തിൽ നിന്ന് അനവധി മാറ്റങ്ങൾ ഇന്ന് വന്നു കഴിഞ്ഞിരിക്കുന്നു .

### വിദേശയാത്രകൾ

ഫ്രാൻസ്, സ്പയിൻ, സ്വിറ്റ്സർലാൻഡ്, നോർവേ, ഇറ്റലി, ജർമനി, ബ്രസീൽ, ഇസ്റായേൽ, മൊറോക്കോ, അമേരിക്ക, കാനഡ എന്നീ രാജ്യങ്ങളിൽ മട്ടന്നൂർ ശങ്കരൻ കുട്ടി മാരാരുടെ കൂടെയും അല്ലാതേയും പഞ്ചവാദ്യം അവതരിപ്പിച്ചിട്ടുണ്ട്.

### ഉപഹാരങ്ങൾ

കണ്ണൂർ ജില്ലയിലെ ചെറുതാഴം, ചെർപ്പുളശ്ശേരി അയ്യപ്പൻകാവ്, ഉത്രാളിക്കാവ്, മഞ്ഞപ്ര കാറപ്പള്ളിക്കാവ്, പുലാശ്ശേരി അയ്യപ്പൻകാവ്, വെള്ളാറ്റഞ്ഞൂർ ശ്രീരാമസ്വാമി ക്ഷേത്രം, തൃശൂർ തിരുവമ്പാടി ക്ഷേത്രം, കാലടി ശ്രീരാമസ്വാമി ക്ഷേത്രം, ചെറുതുരുത്തി കോഴിമാംപറമ്പ് പൂരക്കമ്മിറ്റി എന്നിവിടങ്ങളിൽ നിന്ന് സുവർണ മുദ്ര ലഭിച്ചു.കോങ്ങാട് സർഗ്ഗം കലാവേദി അവാർഡ്,  ബാലനരസിംഹ മുദ്ര, കൊടുന്തരപ്പള്ളി ഗ്രാമ അവാർഡ്, 2010 ലെ കലാ സാഗർ അവാർഡ്,  വാദ്യപ്രഭാ പുരസ്കാരം എന്നിവയും നേടി. ഏറ്റവും  പ്രധാനം 2018 ൽ ലഭിച്ച സംഗീത നാടക അക്കാദമി അവാർഡ് തന്നെ.



# ഭൂമിയുടെ മറു പകുതിയിൽ അര നൂറ്റാണ്ടായി

## ഒരു നമ്പൂതിരിയും അന്തർജനവും

21 വയസ്സേ ആയിട്ടുള്ളൂ. വിവാഹം കഴിയാത്ത പെൺകുട്ടിയാണ്. ഭൂഖണ്ഡത്തിന്റെ മറ്റേപ്പുറത്തേക്ക് പോവുകയാണ്. അമ്പതിലധികം കൊല്ലങ്ങൾക്കു മുമ്പാണെന്നോർക്കണം . അമേരിക്കയിലേക്കും അവിടെ നിന്ന് ഇന്ത്യയിലേക്കും ഒരെഴുത്ത് പോലും കിട്ടാൻ രണ്ടാഴ്ചയോളം വേണ്ടിയിരുന്ന കാലം. ടെലഫോൺ ചിന്തിക്കാൻ തന്നെ വയ്യ.

**വിനോദ് മങ്ങത്തായ**



ബി. എസ്. സിക്കും എം.എസ്.സിക്കും ഗണിതത്തിൽ കേരള യൂണിവേഴ്സിറ്റിയുടെ ഒന്നാം റാങ്കും സ്വർണമെഡലും നേടിയ ഒരന്തർജനക്കുട്ടി ഉണ്ടായിരുന്നു. പൊറക്കുടിഞ്ഞത്ത് ഗംഗാധരൻ ഭട്ടതിരിപ്പാടിന്റെയും കാളി അന്തർജനത്തിന്റെയും മകൾ സാവിത്രി.

''വർഷം 1964 – 1966. ബി.എസ്.സിയ്ക്ക് തൃശൂർ സെന്റ് മേരീസിലായിരുന്നു പഠനം.എം.എസ്.സി എറണാകുളം മഹാരാജാസിലും.

റാങ്കും മെഡലുമൊക്കെ കിട്ടി .ഇനിയോ? ഇല്ലത്തുള്ളോർക്ക് വലിയ ധാരണയൊന്നുമില്ല. നാട്ടിലൊരു ടീച്ചറാവുന്നതിനുമപ്പുറത്ത് സ്വപ്നങ്ങളുമില്ല.

എം.എസ്.സി പരീക്ഷയ്ക്ക് പരീക്ഷകൻ ആയി ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഒരധ്യാപകൻ വന്നിരുന്നു.അദ്ദേഹം അവിടെ പി.എച്ച്ഡിയ്ക്ക് അപേക്ഷിക്കാൻ പറഞ്ഞു. ഇന്ത്യയിലെ ഒന്നാംകിട ഇൻസ്റ്റിറ്റ്യൂട്ടാണ്. ആയിരക്കണക്കിന് അപേക്ഷകരുണ്ട്. കടുകട്ടിപ്പരീക്ഷ കടന്നത് നാനൂറുപേർ. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിലുള്ളവർ. പിന്നെ ഇന്റർവ്യൂ. തെരഞ്ഞെടുത്തത് 4 പേരെ. ലിസ്റ്റിൽ ഒന്നാമതായ സാവിത്രി ബാംഗ്ളൂർ ഐ ഐ എ സിയിൽ മാത്തമാറ്റിക്സ് ഗവേഷണം തുടങ്ങി.

**കടുകട്ടിപ്പരീക്ഷ കടന്നത് നാനൂറുപേർ. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിലുള്ളവർ. പിന്നെ ഇന്റർവ്യൂ. തെരഞ്ഞെടുത്തത് 4 പേരെ. ലിസ്റ്റിൽ ഒന്നാമതായ സാവിത്രി ബാംഗ്ളൂർ ഐ ഐ എസ് സിയിൽ മാത്തമാറ്റിക്സ് ഗവേഷണം തുടങ്ങി**

അപ്പോൾ മറ്റൊരു പ്രശ്നം. ഹോസ്റ്റൽ ഫീസും മെസ് ഫീയുമായി നല്ല തുക വേണം.അച്ഛന് കൃഷിയും തേവാരവും മാത്രം. ചെറിയതുക പോലും പ്രതിമാസം വഹിക്കാൻ അച്ഛന് കഴിയുമായിരുന്നില്ല. ഭാഗ്യം.അവിടെ 250 രൂപ പ്രതിമാസ സ്റ്റൈപ്പെന്റ് ഉണ്ടായിരുന്നു.

കേരളം വിടുന്നത് തന്നെ ആദ്യമാണ്.ഇതുവരെ പഠിച്ചതൊന്നുമല്ല ഗവേഷണം എന്ന് മനസ്സിലാക്കി .ആദ്യ പരിചയക്കേടുകൾ കഴിഞ്ഞപ്പോൾ ഗണിത പ്രശ്നങ്ങളിൽ മുങ്ങിത്തപ്പാൻ തുടങ്ങി.''

പി.എച്ച് ഡി പഠനത്തിന്റെ ആദ്യവർഷം. ലോകത്തെ ഒന്നാം നമ്പർ സർവകലാശാലയായ ഹാർവാർഡിലെ ഒരു പ്രൊഫസർ ആയിരുന്ന പ്രശസ്ത സമുദ്ര ശാസ്ത്രജ്ഞൻ അലൻ റോബിൻസൺ ബാംഗ്ളൂർ ഇൻസ്റ്റിറ്റ്യൂട്ടിൽ വന്നു. സാവിത്രിയുടെ ഗവേഷണ താൽപ്പര്യം പ്രൊഫസറെ

അത്ഭുതപ്പെടുത്തി.അന്നും ഇന്നും ലോകത്തിലെ ഏറ്റവും മികച്ച യൂണി വേഴ്സിറ്റികളിൽഒന്നായ അമേരിക്ക യിലെ ഹാർവാർഡ് സർവ്വകലാശാല യിൽ ഗവേഷണം തുടരാൻ അദ്ദേഹം ക്ഷണിച്ചു .

ഹാർവാർഡിന്റെ കേമത്തത്തെക്കാൾ സാവിത്രിയെ ആകർഷിച്ചത് അവി ടത്തെ പ്രതിമാസ അലവൻസാണ് .ഇവിടെ സ്റ്റൈപ്പൻഡ് 250 രൂപയാ ണെങ്കിൽ ഹാർവാർഡിൽ അത് 250 ഡോളറാണ്. അന്ന് ഒരു ഡോളർ സമം 7 രൂപ.50 ചെലവ് കഴിച്ചാലും 200 ഡോളർ (1400 രൂപ) ഇല്ലത്തേക്ക യയ്ക്കാമല്ലോ.

21 വയസ്സേ ആയിട്ടുള്ളൂ. വിവാഹം ക ഴിയാത്ത പെൺകുട്ടിയാണ്. ഭൂഖണ്ഡ ത്തിന്റെ മറ്റേപ്പുറത്തേക്ക് പോവുകയാ ണ്. അമ്പതിലധികം കൊല്ലങ്ങൾക്കു മുമ്പാണെന്നോർക്കണം. അമേരിക്ക യിലേക്കും അവിടെ നിന്ന് ഇന്ത്യയി ലേക്കും ഒരെഴുത്ത് പോലും കിട്ടാൻ രണ്ടാഴ്ചയോളം വേണ്ടിയിരുന്ന കാ ലം. ടെലഫോൺ ചിന്തിക്കാൻ തന്നെ വയ്യ.

വിവരങ്ങൾ സാവിത്രി ഇല്ലത്തേക്കറി യിച്ചു. ശരിയാണ് എന്ന് ഉത്തമബോധ്യ മുണ്ടെങ്കിൽ എത്ര ബുദ്ധിമുട്ടിയാലും അക്കാര്യം ചെയ്യണമെന്നായിരുന്നു അച്ഛന്റെ നിലപാട്. ഇല്ലത്തു നിന്നുള്ള അനുവാദം കിട്ടിയതോടെ അൽപ്പം ധൈര്യമായി.

അമേരിക്കയിലേക്കുപറന്നു. അങ്ങിനെ 1968 ൽ അമേരിക്കയിൽ ഗവേഷണ വിദ്യാർത്ഥിനിയായി. മസാച്ചുസെറ്റ് സ് സ്റ്റേറ്റ്സിലാണ് ഹാർവാർഡ് യൂ നിവേഴ്സിറ്റി. ലോകത്തിലെ ഏറ്റവും നല്ല പ്രൊഫസർമാർ. ഇരുപത്തിനാലു മണിക്കൂറും പഠിക്കാനും ഗവേഷണ ത്തിനും സൗകര്യങ്ങൾ. ഏറ്റവും അ റിവുള്ളവരുടെ കൂടെ പഠിക്കുമ്പോൾ നമ്മളും വലിയ സിസ്റ്റത്തിന്റെ ഭാഗമാ വും.

''നാട്ടിൽ നിന്നും വിട്ട് ഒറ്റയ്ക്ക് നിൽ ക്കുമ്പോഴുള്ള പരിഭ്രമങ്ങൾ എന്നെ വ ല്ലാതെ ബാധിച്ചില്ല. കാരണം അമേരി ക്കയിൽ പോകുന്നതിനു മുമ്പു തന്നെ ജീവിതപങ്കാളിയെപ്പറ്റി ചില ധാരണ കൾ ഉണ്ടാക്കിയിരുന്നു. ഇല്ലത്തിനടു ത്തുള്ള കണ്ടഞ്ചാത നാരായണേട്ടൻ. കുഞ്ചുവേട്ടൻ എന്നു വിളിക്കും. കുട്ടി ക്കാലം മുതൽ അറിയുന്ന ഇല്ലം .കു ഞ്ചുവേട്ടന്റെ അനിയത്തി അടുത്ത കൂ ട്ടുകാരി. ഏട്ടനെയും നന്നായറിയാം. തുറന്നു പറയാലോ, രണ്ടാൾക്കും നല്ല ഇഷ്ടമായിരുന്നു. പക്ഷെ അമേരിക്കൻ യാത്ര പെട്ടെന്നായിരുന്നല്ലോ. വേളി യെപ്പറ്റി ഇല്ലത്ത് ചിന്തിക്കാനും നട ത്താനും സമയമില്ലായിരുന്നു. എന്റെ ആൾ ദൂരത്താണെങ്കിലും മനസ്സ് കൊ



**ഏട്ടൻ ബാറോഡായിലെ ജോലി ഉപേക്ഷിച്ച് ഇങ്ങോ ട്ടുവന്നു. വരുത്തി എന്നു പറയുന്നതാണ് ശരി. രണ്ടു സാക്ഷികളുമായി യു.എസിൽ രജിസ്റ്റർ മാരേജ്. അമേരിക്ക യിലെ മാര്യേജ് റജിസ്ട്രാറുടെ ഓഫീഷ്യൽ പോസ്റ്റിന്റെ പേര് എനിക്കിന്നും ഓർമ്മയുണ്ട്. ജസ്റ്റിസ് ഓഫ് പീസ്. സമാധാനത്തിന്റെ ന്യായാധിപൻ.**

ണ്ട് എന്റെ കൂടെയുണ്ടെന്ന് കരുതി സമാധാനിച്ചു.

എത്രയും കാലം ഒറ്റയ്ക്കു നിൽക്കാൻ വയ്യ. വിവാഹം മനസ്സിലുറ പ്പിച്ചു. വേളിക്ക് ഇല്ലത്തെത്തണ്ടേ? അ മേരിക്കയിൽ നിന്ന് നാട്ടിലേക്ക് വരാ നും പോകാനുമുള്ള വിമാനടിക്കറ്റിന്റെ പൈസ എവിടെ നിന്ന് കണ്ടെത്താനാ ണ്? ആകെ പ്രയാസമായി. ഇല്ലത്തെ മുത്തശ്ശിയമ്മ എപ്പോഴും പറയാറുണ്ട്. പെൺകുട്ടികൾക്ക് സ്വന്തം കാലിൽ നിൽക്കാൻ കഴിയണം. ഒന്നിലും അ യ്യോ എന്നു പറഞ്ഞ് മാറി നിൽക്കരു ത്. വേണംന്ന്ച്ച് ശ്രമിച്ചാൽ എല്ലാറ്റി നും വഴിതെളിയും.

ശ്രമിച്ചു. വഴിതെളിഞ്ഞു. ഏട്ടൻ ബാറോഡായിലെ ജോലി ഉപേക്ഷി ച്ച് ഇങ്ങോട്ടുവന്നു. വരുത്തി എന്നു പറയുന്നതാണ് ശരി. രണ്ടു സാക്ഷിക ളുമായി യു.എസിൽ രജിസ്റ്റർ മാരേജ്. അമേരിക്കയിലെ മാര്യേജ് റജിസ്ട്രാ റുടെ ഓഫീഷ്യൽ പോസ്റ്റിന്റെ പേര് എനിക്കിന്നും ഓർമ്മയുണ്ട്. ജസ്റ്റിസ് ഓഫ് പീസ്. സമാധാനത്തിന്റെ ന്യാ യാധിപൻ.''

സഹധർമ്മശ്ചര്യതാം ഇവിടെ തുട ങ്ങുന്നു. **കണ്ടഞ്ചാത കുഞ്ചുവേട്ടൻ:**

കണ്ടഞ്ചാത വാസുദേവൻ നമ്പൂതി രിയുടെയും സാവിത്രി അന്തർജന ത്തിന്റെയും മകനായി 1941ൽ ആയി രുന്നു എന്റെ ജനനം. 6-ാംവയസ്സിൽ ഇല്ലത്തു വിദ്യാഭ്യാസത്തിന്റെ ഹരി ശ്രീ കുറിച്ചു. സിദ്ധരൂപം തുടങ്ങി. പിൽക്കാലത്ത് ഋഷീകേശിലെ ശിവാന ന്ദാശ്രമത്തിൽ ആചാര്യനായി മാറിയ സന്യാസിവര്യൻ ജ്ഞാനാനന്ദ സ്വാമി യായിരുന്നു ഗുരുനാഥൻ. 8വർഷത്തെ സംസ്കൃത പഠനം.14-ാംവയസ്സിൽ പരീക്ഷയെഴുതി ഹൈസ്കൂൾ ഗ്രാ ജേറ്റായി.കോളേജിൽ ചേരാൻ പ്രായ മാവാത്തതിനാൽ തൃശൂർ ബ്രഹ്മസ്വം മഠത്തിൽ താമസിച്ചു രണ്ടുവർഷം കൂടി സംസ്കൃതം പഠിച്ചു. പ്രഫ. കെ. പി. നാരായണപിഷാരടിയും പണ്ഡിത രാജൻ ആറ്റൂർ കൃഷ്ണപ്പിഷാരടിയു മായിരുന്നു മഠത്തിലെ ഗുരുക്കന്മാർ വയസ്സ് പതിനാറായപ്പോൾ തൃശൂർ സെന്റ് തോമസിൽ ഇൻറർ മീഡിയറ്റി ന് ചേർന്നു. പൂർത്തിയാക്കുന്നതിന് മു മ്പ് ഇന്ത്യൻ നേവിയിൽ സെലക്ഷൻ കിട്ടി.1956 ൽ വിശാഖപട്ടണത്തെ നേ വി കാമ്പസിൽ എത്തി. എയർക്രാഫ് റ്റ് ഇലക്ട്രോണിക്സ് (ഏവിയോണി ക്സ്) സ്പെഷലിസ്റ്റ് ആകാനുള്ള തീവ്ര പരിശീലനമായിരുന്നു പിന്നീട്. ഏവിയോണിക്സിൽ ഫ്രാൻസ്, അ യർലന്റ് തുടങ്ങി വിവിധരാജ്യങ്ങളിൽ അഡ്വാൻസ്ഡ് ടെയ്നിംഗിനും നേ വി അയച്ചു. ഇന്ത്യയുടെ ആദ്യത്തെ അന്തർവാഹിനി കപ്പൽ ഐ.എൻ. എസ്. വിക്രാന്ത് രാജ്യത്ത് എത്തി ച്ച ടീമിൽ ഞാനും മെമ്പറായിരുന്നു. 1961 ലെ ഇന്ത്യാ - പാക് യുദ്ധത്തിലും ഗോവ ലിബറേഷൻ ഓപ്പറേഷനിലും പങ്കെടുത്തത് സർവ്വീസിലെ ജ്വലി ക്കുന്ന ഓർമ്മകളാണ് .

നേവി സർവ്വീസിനു ശേഷം ബറോ ഡയിലെ ഐ ഒ സി റിഫൈനറിയിൽ ഞാൻ മറ്റൊരു ജോലിയിൽ പ്രവേശി ച്ചു. ഇക്കാലത്താണ് സാവിത്രി യു എസിലേക്ക് പോയത്. മാസത്തിൽ ഒരെഴുത്ത് എന്ന രീതി എനിക്ക് വലി യസങ്കടമായി. അമേരിക്കയിൽ അവ ളുടെ അടുത്തെത്താൻ എനിക്ക് ധൃതി യായി.അവിടെ കരിയറിന് പ്രാധാന്യം ഏറെയാണെന്ന് സാവിത്രി പറഞ്ഞിരു

ന്നു.എത്ര ബുദ്ധിമുട്ടായാലും യു. എസിൽ എത്താമെന്നും ശേഷം എഞ്ചിനീയറിംഗിൽ ബിരുദമെടുക്കാമെന്നും തീരുമാനിച്ചു.വയസ്സ് 27 ആയിരുന്നു. മുന്നിൽ വരാൻ പോവുന്ന വിദ്യാർത്ഥി ജീവിതത്തെ പറ്റിഒന്നും അറിയുമായിരുന്നില്ല .എത്ര കഷ്ടപ്പെട്ടാലും ഒന്നിച്ചു ജീവിക്കുന്നതു തന്നെ പ്രധാനം. ബറോഡയിലെ ജോലി രാജി വെച്ച് യു.എസിലേക്ക് യാത്ര തിരിച്ചു .

സാക്ഷികളല്ലാതെ ഞങ്ങൾ രണ്ടു പേർ മാത്രം പങ്കെടുത്ത അമേരിക്കൻ വേളിയോടെ ഞങ്ങൾ ഒന്നായി. സാവിത്രിയെ വിധിയാംവണ്ണം എന്റെ ഇല്ലത്ത് കുടിവെപ്പ് നടത്തിയത് അഞ്ചു കൊല്ലങ്ങൾക്ക് ശേഷം പഠിപ്പ് കഴിഞ്ഞു നാട്ടിൽ വന്നപ്പോൾ ആയിരുന്നു.

ഞങ്ങൾ ജീവിതയാത്രക്കു വേഗം കൂട്ടി. ഒരാൾക്കു മറ്റാൾ തുണ എന്ന കവിഭാഷയിലല്ല. ബോത്ത് ഫോർ ഈച്ച് ആന്റ് ഈച്ച് ഫോർ ബോത്ത്. രണ്ടാളുടെയും കരിയർ സ്വതന്ത്രമായി വളർത്താൻ പരസ്പരം സപ്പോർട്ടീവ് ആയി. സാവിത്രിയുടെയും അധ്യാപകരുടെയും പരിശ്രമഫലമായി ഞാൻ യുഎസിൽ ബി എസ് സി എഞ്ചിനീയറിംഗിന് ജോയിൻ ചെയ്തു. സാവിയുടെ തിരക്കു പിടിച്ച ഗവേഷണ സമയം. എനിക്കും പുതിയ സ്ഥലം. പുതിയ കോഴ്സ്, അതിന്റെ തിക്കുമുട്ടലുകൾ. പോരാഞ്ഞ് കുടുംബമായി താമസിക്കണമെങ്കിൽ അമേരിക്കയിൽ വലിയ തുക ചെലവുവരും.എല്ലാവരെയും പോലെ ഞാനും പാർട്ടൈം ജോലികൾക്കു പോയി. സാവിത്രിയുടെ മെന്ററിങ്ങും സപ്പോർട്ടും കാരണം എനിക്ക് നല്ല അക്കാദമിക് റക്കോർഡ് ഉണ്ടാക്കാനായി. അങ്ങിനെ ട്യൂഷൻ ഫീസ് സ്കോളർഷിപ് ആയി ലഭിച്ചു. രണ്ടാളും ഫുൾടൈം ബിസി ആയി. എന്റെ പാർട്ടൈം ജോലി, രണ്ടു പേരുടെയും അസൈൻമെന്റ്സ്, അവയുടെ ഇവാലുവേഷൻ, പരീക്ഷകൾ എല്ലാം ഒരുവിധം ഭംഗിയായി ചെയ്തു.എല്ലാറ്റിനുമായി ഞങ്ങൾ കൃത്യമായി സമയപ്പട്ടിക ഉണ്ടാക്കിയിരുന്നു. പഠിക്കാൻ, ഉറങ്ങാൻ, തമ്മിൽ സംസാരിക്കാൻ പോലും.

ഏതായാലും കഠിനപ്രയത്നത്തിന്റെ അവസാനം 1974ൽ ഞാൻ നോർത്ത് ഈസ്റ്റേൺ യൂനിവേഴ്സിറ്റിയിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഗ്രാജുവേറ്റ് ആയി.ഏതാണ്ട് ആ സമയത്തു തന്നെ സാവിത്രി ഹാർവാർഡിൽ നിന്നും അപ്ളൈഡ് മാത്തമാറ്റിക്സിൽ ഡോക്ടറേറ്റ് നേടിയിരുന്നു.

ഞങ്ങളുടെ അമേരിക്കൻ ജീവിതം അപ്പോഴേക്കും 5 വർഷമായിരുന്നു.അ



**ഒരാൾക്കു മറ്റാൾ തുണ എന്ന കവിഭാഷയിലല്ല. ബോത്ത് ഫോർ ഈച്ച് ആന്റ് ഈച്ച് ഫോർ ബോത്ത്. രണ്ടാളുടെയും കരിയർ സ്വതന്ത്രമായി വളർത്താൻ പരസ്പരം സപ്പോർട്ടീവ് ആയി. സാവിത്രിയുടെയും അധ്യാപകരുടെയും പരിശ്രമഫലമായി ഞാൻ യുഎസിൽ ബി എസ് സി എഞ്ചിനീയറിംഗിന് ജോയിൻ ചെയ്തു. സാവിയുടെ തിരക്കു പിടിച്ച ഗവേഷണ സമയം. എനിക്കും പുതിയ സ്ഥലം**

ടിസ്ഥാന യോഗ്യതകൾ ഉണ്ടായിരുന്നതു കൊണ്ട് ഞങ്ങൾക്ക് കാനഡയിലേയ്ക്കു ഇമിഗ്രേഷൻ വിസ കിട്ടി. വീ ഹാഡ് ഫെൽറ്റ് ദാറ്റ് കാനഡാ ഈസ് എ ബെറ്റർ കൺട്രി, വിച്ച് ഗിവ് ഇംപോർട്ടൻസ് ടു മൾട്ടികൾച്ചറിലിസം, ലെസ്സ് ക്രൈംസ്, ബെറ്റർ ഓപ്പർച്യൂണിറ്റി ഫോർ വർക്ക് - ലൈഫ് ബാലൻസ്. കൂടാതെ യു.എസ് ഡിഗ്രികൾക്ക് ക്യാനഡയിൽ നല്ല അംഗീകാരം ലഭിച്ചിരുന്നു. വർണ്ണവിവേചനമൊക്കെ കനഡിയൻ സമൂഹത്തിൽ കുറവായിരുന്നു. 1974 അവസാനം ഞങ്ങൾ കാനഡയിലെ വാൻകൂവറിലേക്ക് കുടിയേറി. സാവിത്രി ആദ്യം ബ്രീട്ടീഷ് കൊളമ്പിയ സർവ്വകലാശാലയിൽ ലക്ചറർ ആയി ചേർന്നു. പിന്നിട് വാൻകൂവറിന് അടുത്തുള്ള വിക്ടോറിയയിൽ ഒരു കൺസൾട്ടിങ്ങ് കമ്പനിയുടെ ചീഫ് സയന്റിസ്റ്റ് ആയി. ഒപ്പം ഓഷ്യനോഗ്രാഫിയിൽ കൺസൾട്ടന്റുമായി .

എനിക്ക് ഇലക്ട്രോണിക്സിന്റെയും ഏവിയോണിക്സിന്റെയും അറിവുകളും പ്രവർത്തന പരിചയവും ഗുണമായി .കനഡിയൻ പസഫിക് എയർ ലൈൻസിന്റെ എഞ്ചിനീയറിംഗ് ഡിവിഷനിൽ എനിക്ക് ജോലികിട്ടി. ഞങ്ങൾക്ക് രണ്ടുമക്കൾ ജനിക്കുന്നത് വാൻകൂവറിൽ വെച്ചാണ് .ദിനേശും അരുണും.ഏതാണ്ട് 8 വർഷങ്ങൾക്കു ശേഷം ഞങ്ങൾ കാനഡയുടെ ഈസ്റ്റൺ പ്രോവിൻസ് ആയ ന്യൂഫൗണ്ട്ലാന്റിലേക്ക് താമസം മാറ്റി. അവിടെ സാവിത്രി അസിസ്റ്റന്റ് പ്രൊഫസർ പോസ്റ്റിൽ മെമ്മോറിയൽ യുനിവേഴ്സിറ്റി ഓഫ് ന്യൂഫൗണ്ട്ലാന്റിൽ ചേർന്നു.

കാനഡ വലിയ രാജ്യമാണ്. പണ്ട് ബ്രിട്ടീഷ് കോളനി ആയിരുന്നു.കാലാവസ്ഥ പക്ഷേ നമുക്കൊക്കെ പ്രശ്നമായേക്കും. നല്ലചൂടും നല്ലതണുപ്പും വിവിധ സീസണുകളിൽ ഉണ്ടാകും. -30 സി മുതൽ + 35 സി വരെ. കാറിൽ നിന്നിറങ്ങി താക്കോൽ വാതിലിൽ ഇടുന്ന സെക്കന്റുകൾക്കുള്ളിൽ തന്നെ കൈവിരലുകളൊക്കെ മരവിച്ചു പോവും. അത്ര കഠിനമാണ് തണുപ്പ്.

സാവിത്രി തന്റെ കരിയർ മറ്റൊരു മേഖലയിലേക്ക് മാറ്റി .ന്യൂഫൗണ്ട്ലാൻറ്ൽ തന്നെ കനേഡിയൻ സർക്കാറിന്റെ ഓഷ്യനോഗ്രാഫി ഡിപ്പാർട്ടുമെന്റിൽ സെക്ഷൻ ഹെഡ് ആയിചേർന്നു.വളരെ വ്യത്യസ്തമായ ജോലിയാണ് .ഒരുപാടു സമുദ്രയാത്രകൾ നടത്തണം.ധ്രുവപ്രദേശങ്ങൾ അടക്കം.രണ്ടു കൊച്ചു കുട്ടികൾ. ജീവിതം വീണ്ടും തിരക്കു പിടിച്ചതായി.

ന്യൂഫൗണ്ട്ലാൻറ് കരിയർ അക്കാദമിയിലായിരുന്നു എന്റെ പ്രവർത്തനങ്ങൾ. പൈലറ്റുമാർക്കും മെയിന്റനൻസ് എഞ്ചിനീയർമാർക്കുമായി സ്വകാര്യമേഖലയിലെ ആദ്യത്തെ പരിശീലന കേന്ദ്രം കനഡയിൽ ഞങ്ങൾ ആരംഭിച്ചു. പിന്നീട് പ്രവർത്തന കേന്ദ്രം കാനഡയുടെ തലസ്ഥാനമായ ഒട്ടാവയിലേയ്ക്കു മാറ്റി. അപ്പോഴേക്കും സാവിത്രി സർവ്വീസിൽ പടിപടി ആയി ഉയർന്നിരുന്നു. കനേഡിയൻ ഓഷ്യൻ സയൻസിന്റെയും ഹൈഡ്രോഗ്രാഫിയുടെയും ഡയറക്ടർ ജനറൽ ആയി സാവിത്രിയെ നിയമിച്ചു .

സമുദ്രത്തിലെ റോഡ് നിർമ്മാണം ഒന്നാലോചിക്കുക.ഓരോ രാജ്യങ്ങളുടെയും തീരപ്രദേശത്തു നിന്ന് നിശ്ചിതദൂരം കഴിഞ്ഞാൽ സമുദ്രം പൊതുവാണെന്ന് സങ്കൽപിക്കുന്നു. കപ്പൽചാൽ (കപ്പലുകൾ പോകാൻ നിശ്ചയിച്ച പാത) നിർണയിക്കണം. ഇതിന് നാവിഗേഷനൽ ചാർട്ട് എന്നു

പറയും. റോഡ് ബ്ലോക്ക് പോലെ സമുദ്രറൂട്ടിലും തുറമുഖത്തും തടസ്സങ്ങൾ ഉണ്ടായാൽ അവ നീക്കം ചെയ്യണം. ഇത് എല്ലാ രാജ്യങ്ങൾക്കും ബാധകമാണ്. കടൽ വെള്ളത്തിന്റെ ദിശ, ഐസ് മലകളുടെ സ്ഥാനം ,കടൽക്കോള്, ചുഴലിക്കാറ്റ്, സമുദ്രത്തെ സ്വാധീനിക്കുന്ന അന്തരീക്ഷ മാറ്റങ്ങൾ ഇവയെല്ലാം നിരന്തരം മോണിട്ടർചെയ്തുകൊണ്ടിരിക്കണം. കപ്പൽ ഗതാഗതക്രമങ്ങൾക്ക് ഇന്റർനാഷനൽ ആയി ആപ്ലിക്കബിൾ ആയ ഒരു ലാംഗ്വേജും ചിഹ്നങ്ങളും ആണ് ഉപയോഗിക്കുന്നത്. ലൈറ്റ്ഹൗസും ചെറുദ്വീപുകളും എല്ലാം ചില സിംബലുകൾ ആയി കാണിക്കും. മാത്തമാറ്റിക്സിന്റെ ആഴത്തിലുള്ള ജ്ഞാനം ഈ വേറിട്ട മേഖലയിൽ മറ്റൊരു രീതിയിൽ പ്രയോജനപ്പെട്ടു. ലഭിക്കുന്ന വിവരങ്ങൾക്കനുസരിച്ച് ശാസ്ത്രീയമായ വിശകലനങ്ങൾ നടത്തണം. നയപരമായ തീരുമാനങ്ങൾ ഉടൻ എടുക്കാൻ കനഡ ഗവർമെന്റിനെ ഉപദേശിക്കണം. തീരുമാനമോ എടുക്കുന്ന സമയമോ അൽപ്പം തെറ്റിയാൽ കോടികളുടെ നഷ്ടമായിരിക്കും. കാനഡ ഹൈഡ്രോഗ്രാഫിക്സർവ്വീസിൽ ഡയറക്ടർ ജനറൽ ഓഫ് ഓഷ്യൻ സയൻസ് ആയി സാവിത്രിയെ നിയമിക്കുമ്പോൾ പുതിയൊരു ചരിത്രം രചിക്കപ്പെടുകയായിരുന്നു. ലോകരാജ്യങ്ങളിൽ ആദ്യമായാണ് ഒരു സ്ത്രീയെ ഈ പൊസിഷനിൽ നിയമിക്കുന്നത്.എല്ലാ രാജ്യങ്ങളിലും ഹൈഡ്രോഗ്രാഫിക് ഡിപ്പാർട്ടുമെന്റുണ്ട്. നേവിയിലെ തലപ്പത്തുള്ള അഡ്മിറൽമാരെയാണ് ഈ സുപ്രധാന പൊസിഷനുകളിൽ നിയമിക്കാറ്. കാനഡയിൽ അത് സിവിലിയന്മാർക്കുള്ള പോസ്റ്റ് ആണ്. അസിസ്റ്റന്റ് ഡപ്യൂട്ടി മിനിസ്റ്റർക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യേണ്ട പൊസിഷൻ. ഇടക്ക് അസിസ്റ്റന്റ് ഡപ്യൂട്ടി മിനിസ്റ്റർ ആവാൻ തന്നെ ഓഫർ വന്നിരുന്നു. എന്നാൽ സയൻറിസ്റ്റ് ആയി തുടരുന്നതാവും എൻജോയബിൾ എന്ന് തീരുമാനിക്കുകയായിരുന്നു.

കനേഡിയൻ സർക്കാറിന്റെ സിവിൽ ഏവിയേഷൻ ഡിപ്പാർട്ട്മെന്റ് ആണ് ട്രാൻസ്പോർട്ട് കാനഡ. അവിടെ സിവിൽ ഏവിയേഷൻ പ്രൊഡക്ട്സ് സർട്ടിഫൈ ചെയ്യുന്ന ഡിപ്പാർട്ടുമെന്റ് ആയിരുന്നു എന്റേത്. നിലവിലുണ്ടായിരുന്ന രീതി പുതുക്കി കൂടുതൽ ശാസ്ത്രീയവും കുറ്റമറ്റതുമായ ക്രമം ഞങ്ങൾ തുടങ്ങി. ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ, യൂറോപ്യൻ യൂനിയൻ അസോസിയേഷൻ ഓഫ് ഏവിയേഷൻ സേഫ്റ്റി മുതലായവരും ഇന്ന് ഞങ്ങൾ ഡിവലപ്പ് ചെയ്ത മാർഗ്ഗം ഉപയോഗിക്കുന്നുണ്ട്.

പഠനകാലത്തു തന്നെ അതതു രംഗങ്ങളിലെ കേമന്മാരെ അറിയാൻ സാ



**കനേഡിയൻ സർക്കാറിന്റെ സിവിൽ ഏവിയേഷൻ ഡിപ്പാർട്ട്മെന്റ് ആണ് ട്രാൻസ്പോർട്ട് കാനഡ. അവിടെ സിവിൽ ഏവിയേഷൻ പ്രൊഡക്ട്സ് സർട്ടിഫൈ ചെയ്യുന്ന ഡിപ്പാർട്ടുമെന്റ് ആയിരുന്നു എന്റേത്**

വിത്രിക്ക് ഭാഗ്യമുണ്ടായി .ബാംഗ്ളൂരിൽ വെച്ച് നോബൽ സമ്മാനിതനായ സി.വി രാമന്റെ പ്രസന്റേഷനുകൾ കേട്ടു. ജോലിയിൽ വിവിധ രാജ്യങ്ങളിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥരുടെ കൂടെ പ്രവർത്തിക്കാൻ കഴിഞ്ഞു .

സാവിത്രി 2013 വരെ കനഡിയൻ സർവ്വീസിൽ തുടർന്നു. 30 വർഷങ്ങളുടെ സേവന കാലത്ത് ഒട്ടേറെ അംഗീകാരങ്ങൾ തേടിയെത്തി. ധാരാളം ദേശീയവും അന്തർദേശീയവുമായ കോൺഫറൻസുകളിൽ കനേഡിയൻ ഡലിഗേറ്റ് ആയും ടീം ലീഡർ ആയും സാവിത്രി പങ്കെടുത്തു. സയന്റിഫിക്കും മാനേജീരിയലുമായ സ്കിൽ പൂർണമായും വേണ്ട പൊസിഷനാണ് ഡയറക്ടർ ജനറൽ. ഐക്യരാഷ്ട്ര സംഘടനയിലെ ഇൻറർനാഷനൽ മറൈൻ ഓർഗനൈസേഷൻ കോൺഫറൻസുകളിൽ കാനഡ ടീമിനെ സാവിത്രി ലീഡ് ചെയ്തു.

ഒട്ടനവധിപുരസ്ക്കാരങ്ങൾ ലഭിച്ചിരുന്നു. കനേഡിയൻ ഗവർമെൻറ് നൽകിയ Head of Public service awarded for valuing and supporting people ഏറ്റവും പ്രധാനമായി കരുതുന്നു.

ബിസിനസ് ഇക്വേഷൻ അനുസരിച്ച് 1+1 = 4 ഞങ്ങളും രണ്ട് മക്കളും. ദിനേശ് കാനഡയിൽ ഒരു കമ്പനിയുടെ സി.ഇ.ഒ ആണ്. അരുൺ US ൽ. പ്രൈസ് വാട്ടർഹൗസ് കൂപ്പറിൽ ഫൈനാൻഷ്യൽ അനലിസ്റ്റ്. രണ്ടാളും വേളി കഴിച്ചു, കുട്ടികളുമായി.

ഔദ്യോഗിക ജീവിതത്തിൽ മാറ്റിവെച്ച പലതും ഇപ്പോൾ ആസ്വദിക്കുകയാണ് ഈ ദമ്പതികൾ. കുട്ടിക്കാലത്ത് അവസരങ്ങൾ ഉണ്ടായിട്ടും വേണ്ടത്ര ശ്രദ്ധിയ്ക്കാതിരുന്ന വേദസാഹിത്യത്തിന്റെ വാതിൽ തുറക്കാനുള്ള ശ്രമത്തിലാണ് കുഞ്ചുവേട്ടൻ. അഞ്ചുവർഷം മുമ്പ് കോഴിക്കോട്ട് നടന്ന വേദിക് കോൺഫറൻസിൽ പങ്കെടുത്തു. നമ്പൂതിരി ഫേസ് ബുക്ക് ഗ്രൂപ്പിലും മറ്റും വേദവിജ്ഞാന പംക്തിയിലും മന്ത്രാർത്ഥ പരിചയത്തിലും എഴുതുന്നു.

കുഞ്ചുവേട്ടന്റെ അഭിപ്രായത്തിൽ, കഠിനാധ്വാനത്തിനു തയ്യാറാണെങ്കിൽ കനഡയിൽ ഇന്നും നമ്മൾക്ക് ധാരാളം അവസരങ്ങൾ ഉണ്ട്. യോഗ്യതകൾ നേടണം. പ്രയത്നിക്കാനുള്ള മനസ്സും വേണം.

വിശ്രമജീവിതത്തിൽ എന്താണ് പ്ലാൻ എന്നു ചോദിച്ചപ്പോൾ കുഞ്ചുവേട്ടൻ പറഞ്ഞതിങ്ങനെ. ''ജീവിതത്തിൽ വിശ്രമമില്ല, ശ്രമമേ ഉള്ളൂ. നമ്മുടെ കഴിവനുസരിച്ച് എപ്പോഴും പരിശ്രമിച്ചു കൊണ്ടിരിക്കണം. പൂക്കൾ വിരിയുന്നതുപോലെ, പക്ഷികൾ പറക്കുന്നതു പോലെ. ഒരു ജോലിയിൽ നിന്ന് റിട്ടയർ ചെയ്യുന്നത് പോലും വിശ്രമിക്കാനല്ല, വേറെ പലതും ശ്രമിക്കാനാണ്. '**ആനോ ഭദ്രാ: ക്രതവോ യന്തു വിശ്വത:**' ലോകത്തിന്റെ നാനാഭാഗത്തുനിന്നും ഉള്ള നല്ല ചിന്തകൾ അറിയാൻ ഇടവരട്ടെ.''

വായനയും എഴുത്തും ഈ ലക്ഷ്യത്തിലേക്കുള്ള പരിശ്രമമാണ് ഇവർക്ക്.

**'സാവിത്രീനാരായണീയം'** കർമ്മനിരതമായി തുടരും. സഹധർമ്മികളായ രണ്ടാൾക്കും ഒരു ഇ മെയിൽ ഐഡിയാണ്, ഒരു മൊബൈൽ നമ്പറും.

othikkan@yahoo.com

മൊബൈൽ +1 (613) 6194228

കാനഡയിൽ ഒരുറ്റ ബന്ധുവുണ്ട് എന്ന വിശ്വാസത്തോടെ ഇവരുമായി ബന്ധപ്പെടാം.



SWASTHY SPORTS

# വൈവിദ്ധ്യം ആദിത്യന്റെ വൈശിഷ്ട്യം

ഒരിക്കൽ വീട്ടിൽ ഒരു ഫയൽ നോക്കുകയായിരുന്നു. പ്രശസ്തർ ആയ പല വ്യക്തികളുമായി നടത്തിയ എഴുത്തു കുത്തുകൾ ആയിരുന്നു അതിൽ. അത് ഒരു നിധി പോലെ സൂക്ഷിക്കാറുണ്ട്. കയ്യെഴുത്തു പ്രതികളും, Typewriter ഇൽ ടൈപ്പ് ചെയ്തതും അതിൽ ഉണ്ട്.അതിനിടെ വീട്ടിലേക്കു ഒരു പരിചയക്കാരൻ വന്നു. ഫയലിലേക്ക് ഒളിഞ്ഞു നോക്കിയ ശേഷം ചോദിച്ചു. എന്താണ് ഇത് എന്ന്. ആ സമയത്ത് മൻമോഹൻ സിംഗ് അയച്ച ഒരു എഴുത്തു നോക്കുകയായിരുന്നു. അത് കാണിച്ചു കൊടുത്തു.പ്രധാനമന്ത്രിയുടെ എഴുത്തിൽ ഇങ്ങനെ എഴുതിയിരുന്നു."I appreciate your initiative of focussing on social issues. My blessings and best wishes are with you for your creative endeavours". വായിച്ചതിന് ശേഷം അദ്ദേഹം പറഞ്ഞു. 'ഇതൊക്ക മുഖസ്തുതി പറയുക ആയിരിക്കും'. ഞാൻ :'തീർച്ചയായും. ഇനി എന്നോട് മുഖസ്തുതി പറയാത്തത് കൊണ്ട് ഞാൻ അലോഗ്യം ആയിട്ട്, അദ്ദേഹത്തിന് എന്തെങ്കിലും ബുദ്ധിമുട്ട് വരേണ്ട എന്ന്കരുതിയിട്ടുണ്ടാകും'



**കിഴക്കേടം കൃഷ്ണപ്രസാദ്**

മുൻ പ്രധാനമന്ത്രി മൻമോഹൻസിംഗ് , സെപ്ബ്ലാറ്റർ ( ഫിഫ പ്രസിഡന്റ് ) തുടങ്ങിയ നിരവധി വിവിഐപികളുടെ കത്തുകൾ തേടി വന്നിരുന്നു ആദിത്യനെ. ഡൽഹിയിലായിരുന്നു കുറെക്കാലം. എടപ്പാൾ എളങ്ങള്ളൂർ മനയിലെ ആദിത്യൻ.

സ്വതന്ത്രഎഴുത്തുകാരൻ ഓട്ടങ്ങളിൽ നിരവധി സമ്മാനങ്ങൾക്കർഹൻ. അക്ഷരങ്ങൾ എഴുതുന്നതിൽ പ്രത്യേകതയുണ്ട്. ഇപ്പോൾ എഴുപതാംവയസ്സിൽ മാരത്തോൺ താരം കൂടിയാണ്.

എല്ലാഅക്ഷരമാലയിലും ആരംഭിക്കുന്ന വിഷയങ്ങൾ. (എ മുതൽ ഇസെഡ് വരെ). അദ്ദേഹത്തിന്റെ കത്തുകൾ ഒരേ ദിവസം പത്രമാധ്യമങ്ങൾ എല്ലാ പതിപ്പുകളിലും ഏറ്റവും പ്രധാനപ്പെട്ട അക്ഷരമായി ബോക്സിൽ പ്രസിദ്ധീകരിച്ചു. അങ്ങനെ ഗിന്നസ് ബുക്കിൽ ഷോർട്ലിസ്റ്റ് ചെയ്ത ഒരു അപൂർവ സംഭവവും ഉണ്ടായി. സാമൂഹിക പ്രസക്തിയുള്ള ഇടപെടലുകൾ നടത്തുവാൻ ഉതകുന്ന കത്തുകൾ അയച്ചതിനു പ്രധാനമന്ത്രിയുടെ അഭിനന്ദനം ലഭിച്ചിട്ടുണ്ട്.

കോളേജ് കാലഘട്ടം ഒറ്റപ്പാലത്ത് .1970 ൽ ബികോംപാസ്സായി . പിന്നീട് ബെല്ലിൽ നിന്ന് ഫിനാൻസ് മാനേജറായി 2010 പടിയിറങ്ങും വരെ ഡൽഹി ആയിരുന്നു പ്രധാന തട്ടകം.

പത്നി തെക്കേടത്ത് കടലായിൽ (ഊരകം) മഹൾ അനിത ഡൽഹി ഗവണ്മെന്റ സർവീസിൽനിന്നും വിരമിച്ചു, രണ്ടു പെൺകുട്ടികൾ. (രണ്ടു പേരും വിവാഹിതർ ).

1967 ൽ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിലാണ് ആദ്യമായി ജസ്റ്റിസ് സദാശിവന്റെ കുറ്റവും ശിക്ഷയും എന്ന ലേഖനത്തിന്റെ പ്രതികരണം പ്രസിദ്ധീകരിച്ചത് .പത്രത്തിൽ എഴുത്തു തുടങ്ങിയത് ഡൽഹിയിൽ ഹിന്ദുസ്ഥാൻ ടൈംസിലൂടെയാണ്. 1973 ൽ റെയിൽവേ അനിശ്ചിത കാലത്തേക്ക് റിസർവേഷൻ കൊണ്ടുവന്നു. അതിനെതിരായി ഹിന്ദുസ്ഥാൻ ടൈംസ് വഴി പ്രതികരിച്ചു. രണ്ടു മാസത്തിനുള്ളിൽ ആ ഉത്തരവ് റദ്ദാക്കി.

ഒരിക്കൽ പല എഴുത്തുകളും ലേഖനങ്ങളും ചേർത്തു ഒരുലിസ്റ്റ് ഉണ്ടാക്കി. വിഷയത്തിന്റെ പ്രാധാന്യംഅനുസരിച്ച് അത് ക്രമീകരിക്കാൻ സുഹൃത്തുക്കളോട് പറഞ്ഞു.അവർ ഉണ്ടാക്കിയ ലിസ്റ്റ് തമ്മിൽ യാതൊരു സാമ്യവും ഉണ്ടായിരുന്നില്ല. അതു കൊണ്ട് അത്അക്ഷരമാല ക്രമത്തിലാക്കി.അങ്ങനെയാണ് മനസ്സിലായത്, എല്ലാ അക്ഷരത്തിലും തുടങ്ങുന്ന എഴുത്തുണ്ടെന്ന്. അത്പിന്നീട് ഗിന്നസ് ബുക്കിന് അയച്ചു. ഷോർട്ട് ലിസ്റ്റ് ചെയ്തു എന്നറിയിച്ചു. അതിനിടക്ക് ചിലതിന്റെ ഒക്കെ തെളിവ് ആവശ്യപ്പെട്ടിരുന്നു.അമേരിക്കൻ ബയോഗ്രഫിക്കൽ ഇൻസ്റ്റിട്യൂട്ട് വിവിധമേഖലകളിൽ സ്തുത്യർഹമായ സേവനം നടത്തിയ 500 പേർക്ക് കൊല്ലം തോറും മാൻ ഓഫ് ദ ഇയർ പട്ടം നൽകാറുണ്ട്. 1997 ൽ ഈ ബഹുമതി ലഭിച്ചിട്ടുണ്ട്.

സൃഷ്ടികൾ ഇംഗ്ലീഷ്, മലയാളം, ഹിന്ദിഭാഷകളിലായി ഏകദേശം 50 ഓളംപത്രങ്ങളിലും, ആനുകാലികങ്ങളിലുംവന്നിട്ടുണ്ട്. (മൊഴിമാറ്റം ചെയ്ത് തമിഴ്, തെലുങ്കു, കന്നഡ, മറാത്തി, ഒഡിയ, ബംഗാളി, പഞ്ചാബി എന്നീ ഭാഷകളിലും ).

ആദിത്യന്റെ ലെറ്റർ ബോക്സ് തുറന്നാൽ ഒരുപുസ്തകം പ്രസിദ്ധീകരിക്കാൻ മാത്രം ശേഖരണമുണ്ട് . നാനാതുറകളിൽ സമൂഹത്തിൽ വിജയിച്ച ആളുകൾക്ക് കത്തെഴുതുന്ന ശീലമുണ്ടായിരുന്നു.പ്രമുഖർ മറുപടിയും അയക്കും. ലോകപ്രശസ്തർ ആയ പല വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും അഭിനന്ദനങ്ങൾ കിട്ടിയിട്ടുണ്ട്. അതിൽ പ്രസിഡന്റ്, പ്രധാനമന്ത്രി, അന്താരാഷ്ട്രസംഘടനകളുടെ അധിപന്മാർ, നോബൽ ജേതാവ്, പല മേഖലകളിലെയും അതുല്യ പ്രതിഭാശാലികൾ എന്നിവർ ഉൾപ്പെടും.

മഹദ് വ്യക്തികളുടെ കയ്യൊപ്പു പതിഞ്ഞ കത്തുകൾ നിധി പോലെ സൂക്ഷിച്ചിട്ടുണ്ട്.ശ്രീകെ. നാരായണൻ, ഡോ.മൻമോഹൻസിംഗ്, മിസ്റ്റർഡാരിയോഫോ, (നോബൽലോറൈറ്റ്),ജുവാൻ അന്റോണിയോ സമരഞ്ച്, ജസ്റ്റിസ് വിആർ.കൃഷ്ണയ്യർ, ഡോ. എംഎസ് സ്വാമിനാഥൻ, എൻ.പാൽഖിവാല, ഇ.എം. എസ്.നമ്പൂതിരിപാട്, എ കെ ആന്റണി, ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ സെക്രട്ടറി. ജാക്ക്റോജ് (പ്രസിഡന്റ് ഐഒസി) മുതലായവർ അക്കൂട്ടത്തിൽപെടുന്നു.


प्रधान मंत्री
Prime Minister

New Delhi
January 22, 2007

Dear Shri Adithyan,

Thank you for the kind sentiments in your letter of January, 8, 2007.

I appreciate your initiative of focussing on social problems. My blessings and best wishes are with you for your creative endeavours.

With regards,

Yours sincerely,

(Manmohan Singh)

Shri E.M. Adithyan
Elangalloor Mana
P.O. Edapal
District Malappuram
Kerala-679 576

**മഹദ് വ്യക്തികളുടെ കയ്യൊപ്പു പതിഞ്ഞ കത്തുകൾ നിധിപോലെ സൂക്ഷിച്ചിട്ടുണ്ട്. കെ. ആർ.നാരായണൻ, ഡോ. മൻമോഹൻസിംഗ്, മിസ്റ്റർ ഡാരിയോഫോ, (നോബൽ ലോറൈറ്റ്), ജുവാൻ അന്റോണിയോ സമരഞ്ച്, ജസ്റ്റിസ് വി ആർ കൃഷ്ണഅയ്യർ, ഡോ. എംഎസ് സ്വാമിനാഥൻ, എൻ.പാൽഖിവാല, ഇ.എം.എസ്.നമ്പൂതിരിപാട്, എ കെആന്റണി, ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ സെക്രട്ടറി, ജാക്ക്റോജ് (പ്രസിഡന്റ് ഐഒസി) മുതലായവർ അക്കൂട്ടത്തിൽ പെടുന്നു.**

**മാരത്തോൺ അരങ്ങേറ്റം 64 മത്തെവയസ്സിൽ. ഈപ്രായത്തിലും ചുറുചുറുക്കുമായി പുതുക്കിയ മേഖലയിലും തിളങ്ങുന്നു. മുൻപ് കായിക മത്സരങ്ങളിൽ പങ്കെടുത്തുപരിചയം ഇല്ലാതിരുന്നിട്ട് കൂടി. 12 ഹാഫ് മാരത്തൊണും (21കി.മീ) 14 പത്തുകിലോമീറ്റർ ഓട്ടത്തിലും പങ്കെടുത്തിട്ടുണ്ട്.**

രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത ഒരു ജവാന് (അദ്ദേഹത്തിന് കണ്ടും കേട്ടും പരിചയം ഇല്ലാത്തഒരാൾ) പെൻഷൻ നേടിക്കൊടുത്തതും (ഇന്ദിരാഗാന്ധി നേരിട്ട് ഇടപെട്ട്) വിദേശത്ത് നിന്ന് അയക്കുന്ന പണം മുഴുവൻ കിട്ടാതെ വന്ന ഒരുഗ്രാമീണ സ്ത്രീയെ സഹായിച്ചതും (ആ കേസിൽ ബാങ്ക് മാനേജർ സസ്പെൻഷൻ ആയി) അതിനുശേഷം ആ സ്ത്രീ കാണാൻ വന്നു കാൽക്കൽ വീഴാൻ ശ്രമിച്ചതുമൊക്കെഅവിസ്മരണീയ മുഹൂർത്തങ്ങളായി കാണുന്നു.ഡൽഹിയിൽ ആയിരിക്കുമ്പോൾ എൻ.ഡി. ടിവിയിൽ നാലു പ്രാവശ്യം പങ്കെടുത്തിട്ടുണ്ട്. 22 കൊല്ലം മുൻപ് ഏഷ്യാനെറ്റിൽ ഇന്നത്തെ അതിഥിയായും പങ്കെടുത്തു.

മാരത്തോൺ അരങ്ങേറ്റം 64 മത്തെവയസ്സിൽ. ഈ പ്രായത്തിലും ചുറുചുറുക്കുമായി പുതുക്കിയ മേഖലയിലും തിളങ്ങുന്നു. മുൻപ് കായിക മത്സരങ്ങളിൽ പങ്കെടുത്തു പരിചയം ഇല്ലാതിരുന്നിട്ട് കൂടി. 12 ഹാഫ് മാരത്തൊണും (21കി.മീ) 14 പത്തുകിലോമീറ്റർ ഓട്ടത്തിലും പങ്കെടുത്തിട്ടുണ്ട്.

ഹൈദരാബാദിൽ നടന്ന അന്താരാഷ്ട്ര എയർടെൽഹാഫ് മാരത്തോണിൽ വെറ്ററൻ വിഭാഗത്തിൽ രണ്ടാംസ്ഥാനം നേടി. 21 കിലോമീറ്റർ 2:14:42 ലും 10 കിലോമീറ്റർ 1:00:42 സമയത്തിലും ഓടി തീർത്തിട്ടുണ്ട്.

**ആദിത്യൻ മൊബൈൽ: 9871278233**
**കിഴക്കേടം കൃഷ്ണപ്രസാദ് മൊബൈൽ: 9739342061**

## വിഷ ചികിത്സയിലെ ഒരേ ഒരു

# അന്തർജനം

**5 പതിറ്റാണ്ടായി പാരമ്പര്യ വിഷചികിത്സ**

**കടിച്ച പാമ്പ് ഏതാണെന്നു പ്രവചിക്കാൻ കഴിയും**

**ഉള്ളന്നൂരിലെ വിമല അന്തർജനം**

**16 ാം വയസ്സിൽ അച്ഛനിൽ നിന്ന് അഭ്യസിച്ചു**

**ഇപ്പോൾ മകനിലൂടെ പുതുതലമുറയിലേക്ക്**



**ഒരിക്കൽ ഡൽഹിയിൽ നിന്ന് ഒരു കുട്ടിയുടെ മാതാപിതാക്കൾ വിളിച്ചു. അവരുടെ കുട്ടിയെ ചികിത്സിക്കാനാണ്. രോഗിയെ നേരിൽക്കാണാതെ എങ്ങനെ ചികിത്സിക്കും? പക്ഷേ, ഒരു പ്രയാസവുമുണ്ടായില്ല. ഇന്നയിന്ന ലക്ഷണങ്ങൾ കാണുന്നുണ്ടോ എന്നായി ചോദ്യം. അദ്ഭുതം ! അന്തർജനം ചോദിച്ചതെല്ലാം ആ കുട്ടിയിൽ ഉണ്ടായിരുന്നു. പിന്നെ മരുന്നുകൾ നിശ്ചയിച്ചു. പഥ്യം പറഞ്ഞു കൊടുത്തു.**



**ഡോ. സരിത മാന്നാനംപറ്റ**

പഴയകാല കഥയാണ്. 40 വർഷത്തോളം മുമ്പ് നടന്നത്. തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങിലുള്ള നരസിംഹമൂർത്തി ക്ഷേത്രം. തൊഴുതിറങ്ങി വരുന്ന അന്തർജനങ്ങൾക്കു മുന്നിൽ അവിടത്തെ ബ്രാഹ്മണിയമ്മ വന്നു നിന്നു. ''തമ്പുരാട്ടി എന്നെ ഒരു പട്ടി കടിച്ചു. പേപ്പട്ടിയാണെന്നാ എല്ലാരും പറയണേ എന്താ ഒരു വഴി?'' ഉള്ളന്നൂരെ അമ്മ കൂടെ വന്ന അന്തർജനങ്ങളിലൊരാളോട് ചോദിച്ചു. ''എന്താ ഒന്ന് നോക്കാൻ വയ്ക്കോ?''

കൂട്ടത്തിലെ ഏറ്റവും പ്രായം കുറഞ്ഞ സ്ത്രീ മുന്നോട്ടു വന്നു.ഒരു നിമിഷം ഗുരുക്കന്മാരേയും കാരണവന്മാരേയും പ്രത്യേകിച്ച് സ്വന്തം പിതാവിനേയും സ്മരിച്ച് അവർ രോഗിയെ പരിശോധിക്കാൻ തുടങ്ങി. ചികിത്സ നിശ്ചയിച്ചു. കഠിനപഥ്യവും ബുദ്ധിമുട്ടേറിയ ചികിത്സാരീതികളും.അവസാനം ആ ബ്രാഹ്മണിയമ്മയുടെ ജീവൻ രക്ഷിച്ചു.

ആ അന്തർജനമാണ് ഈ അന്തർജനം. 5 പതിറ്റാണ്ടായി പാരമ്പര്യ വിഷചികിത്സ നടത്തുന്ന ഒരേ ഒരു അന്തർജനം. രോഗിയിലെ ലക്ഷണമനുസരിച്ച് കടിച്ച പാമ്പ് ഏതാണെന്നു ഈ വയസ്സിലും പ്രവചിക്കാൻ കഴിയും.



പറഞ്ഞു കേട്ട് വരുന്നവരാണ് അധികവും. കൊടിയും ബോർഡും വച്ച് പരസ്യം ചെയ്ത് ആളെ പിടിക്കുന്ന പരിപാടിയല്ല.അനുഭവസ്ഥർ പറയും. അങ്ങനെ പല സ്ഥലത്തു നിന്നും ആളുകളെത്തും.

ഒരിക്കൽ ഡൽഹിയിൽ നിന്ന് ഒരു കുട്ടിയുടെ മാതാപിതാക്കൾ വിളിച്ചു. അവരുടെ കുട്ടിയെ ചികിത്സിക്കാനാണ്.രോഗിയെ നേരിൽക്കാണാതെ എങ്ങനെ ചികിത്സിക്കും. പക്ഷേ, ഒരു പ്രയാസവുമുണ്ടായില്ല. ഇന്നയിന്ന ലക്ഷണങ്ങൾ കാണുന്നുണ്ടോ എന്നായി ചോദ്യം. അദ്ഭുതം അന്തർജനം ചോദിച്ചതെല്ലാം ആ കുട്ടിയിൽ ഉണ്ടായിരുന്നു. പിന്നെ മരുന്നുകൾ നിശ്ചയിച്ചു. പഥ്യം പറഞ്ഞു കൊടുത്തു.

ഡൽഹിയിൽ മരുന്ന് എത്തുന്ന വിധവും.തുടർന്നുള്ള ദിവസങ്ങളിൽ അനുബന്ധ ചികിത്സകളും. എയിംസ് പോലുള്ള വലിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ഡൽഹിയിൽ നിന്നാണ് ഇതെന്നോർക്കണം.

16 ാം വയസ്സിൽ അച്ഛനിൽ നിന്നാണ് അഭ്യസിച്ചു തുടങ്ങിയത്.ഇപ്പോൾ മകനിലൂടെ പുതിയ തലമുറയിലേക്ക് പുതിയ ഇല്ലത്തേക്ക്. വള്ളൂർ മനയിൽ നിന്ന് ഉള്ളന്നൂരിലേക്ക് എത്തിയത് അങ്ങനെ.

പാലക്കാട് കല്ലുവഴി വള്ളൂർ മനയി

ലെ പ്രശസ്ത വിഷചികിത്സക നായിരുന്നു ശങ്കരൻ നമ്പൂതിരിപ്പാട്. ഇല്ലത്തെ ഭാഗത്തിനുശേഷം കോങ്ങാട കുണ്ടലശ്ശേരിയിലെ മനയിൽ താമസമാക്കിയപ്പോൾ അവിടെവെച്ചായി വിഷചികിത്സ. കുട്ടിക്കാലത്ത് വിമലയ്ക്ക് വാതത്തിന്റെ അസുഖമുണ്ടായിരുന്നു.അച്ഛന്റെ ചികിത്സയിലാണ് സുഖം പ്രാപിച്ചത്. വൈദ്യം പഠിക്കണമെന്ന് പണ്ടേ മനസ്സിലുണ്ടായിരുന്നത് അതോടെ പാരമ്യത്തിലെത്തി.അങ്ങനെ പത്താം ക്ലാസ്സിൽ വെച്ച് പഠനം നിർത്തി വിഷവൈദ്യം പഠിക്കാൻ തുടങ്ങി.

ആദ്യം സംസ്കൃതം. പിന്നെ ശാസ്ത്രപഠനം. ആയുർവേദത്തിന്റെ എട്ട് ശാഖകൾ സംഗ്രഹിച്ച് പറയുന്ന അഷ്ടാംഗഹൃദയമാണ് ആദ്യം പഠിക്കുക.

'അഞ്ചുമണിക്കെഴുന്നേൽക്കണം, കുളിയും തേവാരവും കഴിഞ്ഞ് എട്ടുമണിയോടെ അച്ഛനെത്തും. ഗ്രന്ഥവുമായി ഞാനും. ആദ്യം മുതൽ ചൊല്ലണം.

അന്വയം, അന്വയാർത്ഥം പറയണം. വ്യാഖ്യാനം അച്ഛന്റെ വക. പത്തു ശ്ലോകമാണ് ഒരുദിവസം പഠിപ്പിക്കുക.

പിറ്റേദിവസത്തേക്ക് അത് കാണാപാഠം ആവണം. വീണ്ടും ആദ്യം തൊട്ട് തുടങ്ങും. ഇത് പതിനൊന്നു മണിവരെ നീളും. ആ സമയത്ത് എന്തു നടന്നാലും അച്ഛൻ എണീക്കില്ല. എന്നെ വിടുകയുമില്ല. ഇത് അമ്മക്കും അറിയാം. അതുകൊണ്ട് ഞങ്ങളെ രണ്ടുപേരേയും ആരും ശല്യപ്പെടുത്തുകയില്ല. അമ്മാമൻമാരും ഏട്ടന്മാരുമൊക്കെ വന്ന് നോക്കും. അന്നൊക്കെ ഒരുപാട് സങ്കടം തോന്നിയിട്ടുണ്ട്. അവരോടൊപ്പം കളിക്കാൻ പോവാൻ പറ്റാത്തതിൽ. പിന്നെപ്പിന്നെഅത് ശീലമായി.ആ ദിവസങ്ങളാണ് എന്നെ ഞാനാക്കിത്തീർത്തത്.'

ഇങ്ങനെ പഠിച്ചുറപ്പിക്കുന്നതോടൊപ്പം അച്ഛന്റെ അടുത്ത് ചികിത്സ തേടിയെത്തുന്ന രോഗികളേയും കാണും. രോഗ നിർണ്ണയം, ചികിത്സ, രോഗീപരിചരണം എന്നിവയിലെ പ്രായോഗിക ജ്ഞാനം ഇങ്ങനെ ലഭിച്ചതാണ്. മരുന്നുകൾ കണ്ട് തിരിച്ചറിയാനും അവ ആവശ്യമായ അളവിൽ ചേർത്ത് മരുന്നുണ്ടാക്കാനുമുള്ള പരിശീലനവും ഇതിനിടയ്ക്ക് നടക്കും. ഇക്കാലത്താണ് വിഷം തീണ്ടിയെത്തുന്ന രോഗികളെ ചികിത്സിക്കലാണ് തന്റെ ദൗത്യം എന്ന തിരിച്ചറിവുണ്ടായത്.പ്രാണനെ നശിപ്പിക്കുന്നതാണ് വിഷം. അതിനെ നശിപ്പിച്ച് ജീവൻ വീണ്ടെടുത്ത് കൊടുക്കുന്നതിൽപ്പരം പുണ്യമെന്തുണ്ട്?

## പാരമ്പര്യ ചികിത്സക എന്ന നിലയിൽ
# സർവകലാശാലകളിൽ പഠിപ്പിക്കാനും പോവാറുണ്ട്



*മകൻ ബ്രഹ്മദത്തൻ നമ്പൂതിരിയോടൊപ്പം*

ചികിത്സ , ഒരു ഉപാസനയായി ഈ 70 ാം വയസ്സിലും തുടരുന്നു.മകൻ ബ്രഹ്മദത്തനെയും വിഷചികിത്സ പഠിപ്പിച്ചു. മകനെ മാത്രമല്ല വിവിധ സർവകലാശാലകളിലും പാരമ്പര്യ ചികിത്സക എന്ന നിലയിൽ പഠിപ്പിക്കാൻ പോവാറുണ്ട്. കർണാടകയിലെ ബെൽഗാം, ഉഡുപ്പി, മഹാരാഷ്ട്ര തുടങ്ങിയ വിടങ്ങളിലെ കോളേജുകളിൽ പോവുന്നുണ്ട്.ഇപ്പോൾ അധികവും മകനാണ് പോവാറ്. അഗതന്ത്രസെമിനാറുകളിൽ പലതിലും ക്ഷണിതാവുമാണ്.

ഇന്നും ചികിത്സാരീതികളും മറ്റും കണ്ടു പഠിക്കാൻ ആയുർവേദത്തിലെ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ഇവിടെ വരുന്നുണ്ട്. മറ്റെങ്ങും കിട്ടാത്ത അപൂർവ്വ ജ്ഞാനമാണ് അവർക്ക് ഇവിടുന്ന് കിട്ടുന്നത്. ആരെല്ലാം വന്നാലും, ജാതിമത ഭേദമന്യേ അറിവ് പകർന്നു കൊടുക്കാൻ എന്നും ഉത്സുകയാണ് ഇവർ.ദിവസവും വിഷചികിത്സക്കു മാത്രമായി പത്തിരുപത് പേരെത്താറുണ്ട്.

അങ്ങനെ അഷ്ടാംഗഹൃദയത്തിനുപുറമെ വിഷചികിത്സാഗ്രന്ഥങ്ങളും പഠിക്കാൻ തുടങ്ങി.ആയുർവേദത്തിലെ 8 അംഗങ്ങളിൽ ആറാമത്തേതാണ് ദംഷ്ട്രാചികിത്സ അഥവാ വിഷ ചികിത്സ. പുതിയ കാലത്ത് അഗദതന്ത്രം എന്നറിയപ്പെടുന്ന ഈ ശാഖ കേരളത്തിൽ വളരെയധികം വികാസം പ്രാപിച്ചിട്ടുണ്ട്. ജന്തുക്കളിൽനിന്നും (ഉദാ: പാമ്പ്, തേൾ, എട്ടുകാലി, പഴുതാര്) ചെടികളിൽ നിന്നും (ഉദാ: കാഞ്ഞിരം, ഉമ്മത്ത്, എരുക്ക്) ഉള്ള വിഷബാധകൾക്ക് പുറമേ പലതരം കൃത്രിമ വിഷങ്ങളെപ്പറ്റിയും ശരീരത്തിൽ ചെന്ന് കാലാകാലങ്ങളോളം കിടന്ന് വിഷമായി മാറുന്ന ദൂഷി വിഷത്തെ പ്പറ്റിയും വിശദമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ മലയാള ഭാഷയിലുണ്ട്.

ഒരു വിദ്യ പഠിച്ചീടിൽ
വിഷവിദ്യ പഠിക്കണം
വിഷവിദ്യ പഠിച്ചീടിൽ
വിഷമിച്ചു പഠിക്കണം.

ഇത് പഴയൊരു വാമൊഴിയാണ്. വിഷചികിത്സ രണ്ട് തരത്തിലാണ്. വിഷവിദ്യയും വിഷവൈദ്യവും.

വിഷവിദ്യ മന്ത്രങ്ങളാണ്.വിഷവൈദ്യമാകട്ടെ ഔഷധപ്രയോഗങ്ങളും. മന്ത്രപ്രയോഗങ്ങൾ ഒന്നും തന്നെ ഞാൻ ചെയ്യാറില്ല 'അച്ഛന്റെ ഉപദേശമാണത്. മന്ത്രം ചെയ്യാനാണെങ്കിൽ മരുന്നെന്തിനാന്ന് ചോദിക്കും.മാത്രമല്ല മന്ത്രപ്രയോഗങ്ങൾ പലതും ഇരുതല മൂർച്ചയുള്ള വാളാണ്. എപ്പോഴാണ് തിരിച്ചടിക്കുക എന്ന് പറയാനാവില്ല. മാത്രമല്ല. മന്ത്രം ചൊല്ലി വിഷമിറക്കുന്നത് പാപമാണെന്നും സർപ്പങ്ങളുടെ ശാപം ഉണ്ടാകുമെന്നുമാണ് വിശ്വാസം. ശൈവമായ മന്ത്രങ്ങളാണ് പ്രചാരത്തിലുള്ളത്. അച്ഛൻ പറഞ്ഞതനുസരിച്ച് ഞാൻ പഞ്ചാക്ഷരം മാത്രമേ ജപിക്കാറുള്ളൂ. വിഷം കെടുത്താൻ സാക്ഷാൽ പരമശിവനല്ലാതെ ആർക്കു കഴിയും?'

ചികിത്സ കണ്ടും കേട്ടും പഠിക്കുന്നതിനിടയ്ക്കാണ് 20 ാം വയസ്സിൽ ഉള്ളന്നൂരെ ത്രിവിക്രമൻ നമ്പൂതിരിയുമായുള്ള വേളി. പഠിച്ച വിദ്യ വെറുതെയാക്കരുത് എന്നു മാത്രമാണ് വിമലക്ക് അച്ഛൻ നൽകിയ ഉപദേശം. അധികം താമസിയാതെ അതിനുള്ള അവസരം വിധി തന്നെ ഒരുക്കി കൊടുത്തു. വിവാഹം കഴിഞ്ഞ് ഉള്ളന്നൂരെ അമ്മ നവവധുവിനെയും കൊണ്ട് ആദ്യമായി അമ്പലത്തിൽ പോയതായിരുന്നു. അന്നാണ് പട്ടി കടിച്ചതിന് ചികിത്സിക്കേണ്ടി വന്നത്. ആദ്യം ധൈര്യമില്ലായായിരുന്നു, അച്ഛനില്ലാതെ ചികിത്സിക്കാൻ. നിവൃത്തിയില്ലാതെ ചെയ്യേണ്ടി വന്നതാണ്

അത്. ശേഷം ചരിത്രമാണ്.

ഉള്ളന്നൂർ മനയിലെ, 300 വർഷത്തോളം പഴക്കമുള്ള നാലുകെട്ടിൽനിന്ന് അൽപ്പം മാറിയുള്ള പത്തായപ്പുരയിലാണ് ചികിത്സയ്ക്കുള്ള സ്ഥലം. രോഗികളെ പരിശോധിക്കുന്നതും മരുന്നരച്ച് തയ്യാറാക്കുന്നതും അത് സൂക്ഷിച്ചു വെയ്ക്കുന്നതും പ്രയോഗിക്കുന്നതും എല്ലാം ഇവിടെ വെച്ചാണ്. പച്ചമരുന്നുകളും അങ്ങാടിമരുന്നുകളും കൂടാതെ പാഷാണം, രസായനം തുടങ്ങിയ ലോഹങ്ങളും ഔഷധങ്ങളിൽ പെടുന്നു. പച്ചമരുന്നുകൾ മിക്കതും ചുറ്റുവട്ടത്തിൽ നിന്നു തന്നെ കിട്ടാറുണ്ട്. മരുന്നുകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും അരയ്ക്കാൻ ആളെ കിട്ടാൻ ബുദ്ധിമുട്ടുമായതിനാൽ ഇപ്പോൾ പണ്ടത്തെപ്പോലെ വലിയതോതിൽ മരുന്നുണ്ടാക്കുന്നില്ല.ഒറ്റമൂലികൾ മാത്രമായും ഉപയോഗിക്കാറുണ്ട്.

'വിഷം തീണ്ടി വന്നാൽ ആദ്യം ചെയ്യുന്നത് കടിവായ് പരിശോധിക്കലാണ്.മുറിവിന്റെ സ്വഭാവത്തിൽ നിന്നു തന്നെ വിഷത്തിന്റെ ഏകദേശ സ്വഭാവം കിട്ടും. വിഷം ശരീരത്തിലുണ്ടാക്കുന്ന ലക്ഷണങ്ങളനുസരിച്ചാണ് ചികിത്സ. ആദ്യം വിഷാരിലേഹ്യം വെറ്റിലയിൽ ചുരുട്ടി കഴിക്കാൻ കൊടുക്കും. അതിന്റെ സ്വാദു വ്യത്യാസം അനുസരിച്ചാണ് വിഷമുണ്ടോ ഇല്ലയോ എന്നും ഏതുതരം വിഷമാണെന്നും തീരുമാനിക്കുന്നത്.അതിനു ശേഷം ശമനൗഷധങ്ങൾ.ഇതു കൊണ്ടും ഫലമില്ലെങ്കിൽ അഞ്ജനം(കണ്ണിൽ മരുന്നെഴുതൽ), നസ്യം(മൂക്കിൽ മരുന്നൊഴിക്കൽ),രക്തമോക്ഷം തുടങ്ങിയ ക്രിയകൾ ചെയ്യുന്നു. അറ്റകൈയായി ഊത്ത് (മരുന്നുകൾ നെറുകയിലും മൂക്കിലും ഊതി കയറ്റൽ),കരുപ്രയോഗം(ചുടാക്കിയ ചട്ടിയിൽ മരുന്ന് പ്രയോഗിക്കൽ) തുടങ്ങിയവ ചെയ്യേണ്ടി വന്നിട്ടും ഉണ്ട്. ഒന്നോ രണ്ടോ ആൾക്കാരുടെ സഹായത്തോടെയാണ് ഇതൊക്കെ ചെയ്യുന്നത്.'

ഇത്തരം അവസരങ്ങളിൽ പരിചാരകയായി പലപ്പോഴും ഇല്ലത്തുള്ളവർ തന്നെയാണ് ഉണ്ടാവാറ്. ചിലപ്പോൾ പാതിരയ്ക്കാവും പാമ്പു കടിച്ചെന്ന് പറഞ്ഞ് ആളെത്തുക. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ല.വേട്ട നമ്പൂതിരിയും ഏട്ടനും പലപ്പോഴും ഉറക്കമൊഴിച്ച് കൂടെയിരിക്കാറുണ്ട്.അതൊരു ധൈര്യമായിരുന്നു തമ്പുരാട്ടിക്ക്. ഏറ്റവുമധികം പിന്തുണ തന്നിട്ടുള്ളത് അച്ഛനും ഭർത്താവും തന്നെയാണ്.

പത്താം ക്ലാസ്സ് വരെ മാത്രം വി

**വിഷാരിലേഹ്യം വെറ്റിലയിൽ ചുരുട്ടി കഴിക്കാൻ കൊടുക്കും. അതിന്റെ സ്വാദു വ്യത്യാസം അനുസരിച്ചാണ് വിഷമുണ്ടോ ഇല്ലയോ എന്നും ഏതുതരം വിഷമെന്നും തീരുമാനിക്കുന്നത്.**

ദ്യാഭ്യാസമുള്ള വിമല അന്തർജനം അഷ്ടാംഗഹൃദയത്തിലെ 15 അദ്ധ്യായം തർജ്ജമ ചെയ്തിട്ടുണ്ട്. നിരവധി ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൂന്നു ഭാഷകൾ അറിയാം.

'എന്നും നേദ്യവും തേവാരവും ഉണ്ട്. വേട്ടേക്കരനാണ് ശ്രീലകത്ത് .അവിടെ നമ്പുരാരേ പതിവുള്ളൂ. നടുമുറ്റത്ത് കൊടുങ്ങല്ലൂർ ഭഗവതിയും തിരവുള്ള ക്കാവ് ശാസ്താവുമാണ്. പെരുവനം ഗ്രാമക്കാരാണ് ഇവിടെയുള്ളവർ. പാമ്പിൻകാവും ഉണ്ട്. കന്നിമാസത്തിലെ ആയില്യം നാൾ സർപ്പബലിയും പതിവാണ്.'

ഈ മൂർത്തികൾക്കു പുറമെ ശിവനേയും ധന്വന്തരീ മൂർത്തിയേയും ധ്യാനിക്കാറുണ്ട്. ഉള്ളന്നൂരിലേക്ക് അന്തർജനം വേളി കഴിഞ്ഞെത്തിയത് 1975 ലാണ്. അന്ന് ഏട്ടത്തിമാർക്ക് ലേശം പേടിയുണ്ടായിരുന്നു എന്ന് തമ്പുരാട്ടി പറയുന്നു.

'സർപ്പകോപം ഉണ്ടാവ്വ്യോന്നായിരുന്നു പേടി. ഒന്നും ഉണ്ടാവില്ല. ധൈര്യമായി ചെയ്തോളൂ എന്ന് അച്ഛനും മറ്റും പറഞ്ഞപ്പോഴാണ് ഞാൻ ചികിത്സ തുടങ്ങിയത്. അതൊരു നിയോഗമാണ്.'


ഋതുമതിയായാൽ അന്യപുരുഷന്മാരെ കാണരുത് എന്നുവരെ ചിട്ടയുണ്ടായിരുന്ന വള്ളൂരിലെപ്പോലെയായിരുന്നില്ല ഉള്ളന്നൂരിലെന്നും വിമല അന്തർജ്ജനം ഓർക്കുന്നു. ഇവിടെ വന്നപ്പോൾ ആവശ്യത്തിന് സ്വാതന്ത്ര്യം ഉണ്ടായിരുന്നു.എല്ലാവരും നല്ല പിന്തുണയും തന്നു.

ഒരാളേയും അങ്ങോട്ടു പോയി ചികിത്സിക്കാറില്ല. ഇങ്ങോട്ട് വരുന്നവരെ ഇതുവരെ മടക്കിയിട്ടുമില്ല. ചികിത്സക്ക് പ്രതിഫലം ചോദിച്ചു വാങ്ങാറില്ല. മനസ്സോടെ തരുന്നത് വാങ്ങും.സ്ത്രീ എന്ന നിലയിലോ അന്തർജനം എന്ന നിലയിലോ ഇതുവരെ പ്രത്യേകിച്ചൊരു ബുദ്ധിമുട്ടും അനുഭവപ്പെട്ടിട്ടില്ല. മരണം വരെ വിഷചികിത്സ തുടരണം എന്നതാണ് അന്തർജ്ജനത്തിന്റെ ഏറ്റവും വലിയ ആഗ്രഹം.

**(വിമല അന്തർജനം**
**0487 2261222**
**ഡോ. സരിത മാന്നാനംപറ്റ**
**മൊബൈൽ 9447314442)**


യോഗക്ഷേമസഭ
**സ്വസ്തി**
ത്രൈമാസിക
**ലഭിക്കാൻ**
**200രൂപ**
**വാർഷിക വരിസംഖ്യ**
**ചെക്ക് /ഡ്രാഫ്റ്റ്**
യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മറ്റി എന്ന പേരിൽ എടുക്കുക
ഈ വിലാസത്തിൽ അയക്കുക
**യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മറ്റി, ജില്ലാ ആസ്ഥാന മന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിനു സമീപം, പി.ഒ. ചേവായൂർ. കോഴിക്കോട് പിൻ:673017**
**നെറ്റ് ബാങ്കിംഗ്**
Kozhikode Dist.Co-Operative Bank,Medical college branch
A/C No: 100041201020018
IFSC: KDCB0000004
A/c Holder: Yogakshemasabha kozhikode dist. committee
**Google Pay 9447337337**
**Pay TM 9447337337**
പണം അയച്ച വിവരം നാറണിയാട് ദാമോദരൻ നമ്പൂതിരിയെ
**9447332611**
ഈ നമ്പറിൽ അറിയിക്കണം
ഈനമ്പറുകളിലും അറിയിക്കാം


**ആദരാഞ്ജലികൾ**



*ശക്രൻ നമ്പൂതിരി*
*മുക്കം കുന്നാശ്ശേരി*
*അസിസ്റ്റൻറ് ജനറൽ മാനേജർ (Rtd),*
*കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്*

# കോഴിക്കോട് ജില്ല കാരുണ്യനിധി വിപുലീകരിക്കുന്നു

കോവിഡ് കാലത്ത് പ്രാർത്ഥനയും മന്ത്രജപവും ഹോമ യജ്ഞാദികളുമായി നമ്മുടെ സമുദായം നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദിക്കപ്പെടേണ്ടതാണ്. അതിനു പുറമെ മാതൃകാപരമായ കാര്യങ്ങൾ വേറെയും ചെയ്തു.

യോഗക്ഷേമസഭ കോഴിക്കോട് ജില്ല മുൻ ട്രഷറർ രമേശൻ നമ്പൂതിരി പുൽപ്പറമ്പിൽ മുഖ്യമന്ത്രിയുടെ കോവിഡ് ദുരിതാശ്വാസ നിധിയിലേക്ക് ഒരു ലക്ഷം രൂപയും പ്രധാന മന്ത്രിയുടെ പി.എം.കെയർ ഫണ്ടിലേക്ക് അമ്പതിനായിരം രൂപയും നൽകി മാതൃകയായി. പെരുമണ്ണ ഉപസഭയിലെ അംഗവും തലശ്ശേരി ജില്ലാ മെഡിക്കൽ സുപ്രണ്ടുമായ ഡോ പീയൂഷ് നമ്പൂതിരിപ്പാട് തന്റെ കീഴിലുള്ള 16 കോവിഡ് രോഗികളേയും ചികിത്സിച്ച് ഭേദമാക്കി ഒരു നാടിന്റെ മുഴുവൻ ആദരം നേടി. വേദവാടികയുടേയും യോഗക്ഷേമസഭയുടേയും ആഭിമുഖ്യത്തിൽ മാർച്ച് 16ന് മൃത്യുംജയഹോമവും പ്രത്യേക പൂജകളും നടത്തി. മാർച്ച് 29 ന് യോഗക്ഷേമസഭ പ്രാർത്ഥന ദിനമായി ആചരിച്ച് സഭാംഗങ്ങളുടെ ഗൃഹത്തിൽ വെച്ച് ഗണപതി ഹോമം മൃത്യുംജയഹോമം ഭഗവതിസേവ എന്നിവ നടത്തി.ഏപ്രിൽ 2 ശ്രീരാമനവമി ദിനത്തിൽ വൈകിട്ട് 6.30ന് സഭയുടെ നേതൃത്വത്തിൽ എല്ലാവരും സ്വന്തം ഇല്ലത്ത് വെച്ച് വിഷ്ണു സഹസ്രനാമം രോഗാർത്തയായി നടത്തി.

സംസ്ഥാന സഭയുടെ നിർദേശങ്ങൾ അനുസരിച്ച് ഇല്ലങ്ങളിൽ ശങ്കരാചാര്യ സ്വാമികളുടെ ഫോട്ടോക്കു മുന്നിൽ വിളക്കു വെച്ചും ആദരങ്ങൾ അർപ്പിച്ചും ശ്രീ ശങ്കര ജയന്തി ആഘോഷിച്ചു.

മഹാരാഷ്ട്രയിലെ പാൽഘാർ ജില്ലയിൽ സന്യാസിശ്രേഷ്ഠന്മാരേയും ഡ്രൈവറേയും ക്രൂരവും പൈശാചികവുമായ രീതിയിൽ തല്ലിക്കൊന്ന സാമൂഹ്യവിരുദ്ധരെ മാതൃകാപരമായി ശിക്ഷിക്കണമെന്ന് യോഗക്ഷേമസഭ കോഴിക്കോട് ജില്ല ആവശ്യപ്പെടുന്നു.

കോഴിക്കോട്ട് തളി ക്ഷേത്രത്തിലെ മേൽശാന്തി പാട്ടം കൃഷ്ണൻ നമ്പൂതിരിയെ ശാന്തിവൃത്തിക്കു പോകുമ്പോൾ പോലീസ് തടഞ്ഞ നടപടിയിലും കുന്ദമംഗലത്ത് നീർവേലി ശ്രീകുമാരൻ നമ്പൂതിരിയുടെ കിണറ്റിൽ സാമൂഹ്യ വിരുദ്ധർ മലിന്യം തള്ളിയ സംഭവത്തിലും യോഗക്ഷേമസഭ പ്രതിഷേധിച്ചു.

ലോക് ഡൌൺ കാലത്ത് ശാന്തിക്കാർക്ക് യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുകൾ ഉണ്ടായില്ല; എങ്കിലും കൊയിലാണ്ടി, വടകര ഭാഗത്തെ ചില അമ്പലങ്ങൾ ദൂരെ നിന്ന് ശാന്തിക്കാർ വരാതിരുന്നതുമൂലം തന്ത്രിമാരുടെ നിർദേശ പ്രകാരവും അടച്ചിടേണ്ടി വന്നിട്ടുണ്ട്

**പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള കോഴിക്കോട് ജില്ലയിലെ 26 ശാന്തിക്കാർക്ക് ഏപ്രിൽ 11, 12 തീയതികളിൽ 1000 രൂപ വീതം വിഷുക്കൈനീട്ടമായി വിതരണം ചെയ്തു.**

പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള കോഴിക്കോട് ജില്ലയിലെ 26 ശാന്തിക്കാർക്ക് 1000 ക വീതം ഏപ്രിൽ 11, 12 തീയതികളിലായി വിഷുക്കൈനീട്ടമായി വിതരണം ചെയ്തു. ഇതിന് ആവശ്യമായ തുക സ്പോൺസർഷിപ്പിലൂടെ കണ്ടെത്തി

ബാലുശ്ശേരി ഉപസഭയിലെ അസുഖബാധിതരും, നിർധനരുമായ ദമ്പതിമാർക്ക് 2000 ക ധനസഹായം നൽകുകയും, ഒരു മാസത്തേക്കുള്ള സാധനങ്ങൾ എത്തിച്ചു കൊടുക്കുകയും ഓപ്പറേഷന് നല്ല ഡിസ്കൌണ്ട് കൊടുപ്പിക്കുകയും ചെയ്തു. സംസ്ഥാന വൈസ് പ്രസിഡണ്ട് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ഇതിന് നേതൃത്വം നൽകി.

ജില്ലയുടെ കാരുണ്യനിധി വിപുലീകരിക്കുക എന്നതാണ് അടുത്ത ദൌത്യം. 5000/ 10000 രൂപ തരുവാൻ ഇപ്പോഴേ കുറേ പേർ തയ്യാറായിട്ടുണ്ട്. ലോക് ഡൌൺ കഴിഞ്ഞാൽ ഉടൻ തന്നെ കാരുണ്യ നിധിക്കായി ഒരു അക്കൌണ്ട് തുടങ്ങുകയും സംഭാവനകൾ സ്വീകരിക്കുകയും ചെയ്യും. ജില്ലയിലെ മുഴുവൻ ശാന്തിക്കാരുടേയും ഡാറ്റാബേസ് ഉണ്ടാക്കുക, എല്ലാവരേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുക , അന്തർജനങ്ങളേയും ക്ഷേമനിധിയിൽ കൊണ്ടുവരിക എന്നിവ കോഴിക്കോടിന്റെ മുഖ്യ പ്രവർത്തനമായി കാണുന്നു. അതിനുള്ള പ്രൊജക്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.കോഴിക്കോട്ടെ 15 ഉപസഭകളുടേയും സംസ്ഥാനം ആവശ്യപ്പെട്ട വിശദവിവരങ്ങൾ നൽകിക്കഴിഞ്ഞു.

കോഴിക്കോട് ജില്ലയിലെ നിലവിലുള്ള 13 ഉപസഭകളിൽ 12 എണ്ണത്തിന്റേയും മെമ്പർഷിപ് വിവരങ്ങൾ സംസ്ഥാനത്തിന് അയച്ചുകൊടുത്തിട്ടുണ്ട്. ബാക്കി ഉടൻ നൽകുന്നതാണ്. 2019 –20 ലെ മെമ്പർഷിപ്പ് 2427 ആയിരുന്നു. 2020–21 ൽ 3188 ൽ കൂടുതലായിരിക്കും. 750 ൽ കൂടുതൽ പേരുടെ വർധനവാണ് പ്രതീക്ഷിക്കുന്നത്.

ആസ്ഥാന മന്ദിര നിർമ്മാണം മേയ് മാസത്തിൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്നെങ്കിലും 2 മാസത്തോളം കൊറോണയിൽ കുരുങ്ങി മുടങ്ങിയിരുന്നു. മേയ് 9 മുതൽ പുനരാരംഭിച്ചു. ചേവായൂർ ഭാഗത്ത് താമസിക്കുന്ന ബാലകൃഷ്ണേട്ടനും (കൺവീനർ), തിരുമംഗലം കൃഷ്ണേട്ടനുമാണ് (ട്രഷറർ) ദിവസവും സൈറ്റിൽ പോയി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതും നിർദ്ദേശങ്ങൾ നൽകുന്നതും. ജൂണിൽ താഴത്തെ നിലയുടെ പൂർണ പ്രവർത്തനങ്ങളും മുകളിലെ നിലയുടെ സ്ട്രക്ചറും പൂർത്തിയാകും.

യുവജനസഭയുടെ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ ഒരു വേഗത കിട്ടിയിട്ടുണ്ട്. ഫറോക്ക് ഉപസഭയുടെ മത്സരങ്ങൾ ഗംഭീരമായി പ്ലാനിംഗോടെ നടത്തിയത് യുവജന പ്രവർത്തകർ ആയിരുന്നു. അത് അവരുടെ ശക്തി കാണിച്ചു തന്നു.

വനിതാ സഭ നല്ല രീതിയിൽ കൃത്യമായ മീറ്റിംഗുകളോടെ പ്രവർത്തിക്കുന്നു. യോഗക്ഷേമസഭ ജില്ലാ വനിത സഭയുടെ നേതൃത്വത്തിൽ 'ലോക്ക് ഡൗൺ' ,'വൈശാഖ മാസം' കാലയളവിൽ ഓൺലൈനായി 'നാരായണീയ പാരായണം' മുപ്പത് അന്തർജനങ്ങളുടെ കൂട്ടായ്മയിലും വനിതാ ജില്ലാ സെക്രട്ടറി ശ്രീജ അരീക്കരയുടെ നേതൃത്വത്തിലും, ദിവസം 3 ദശകം എന്ന തോതിൽ നടന്നുവരുന്നു.

കോഴിക്കോട് ജില്ലയിലെ 15 ഉപസഭകളും നല്ല ഊർജസ്വലമായ പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചത്. 3 പുതിയ ഉപസഭകൾ കൂടി പ്ലാൻ ചെയ്തിരുന്നെങ്കിലും കൊറോണക്കാലമായതിനാൽ പൂർത്തീകരിക്കാൻ പറ്റിയില്ല. ജില്ലാ സഭക്ക് ഉപസഭകളുമായും പ്രവർത്തകരുമായും സംസ്ഥാന നേതൃത്വവുമായും ഊഷ്മളമായ ബന്ധങ്ങൾ സൂക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാവർക്കും കോഴിക്കോട് ജില്ലയുടെ നന്ദി അറിയിക്കുന്നു.

താമരക്കുളം ദിവാകരൻ
ജില്ലാ സെക്രട്ടറി
യോഗക്ഷേമസഭ
കോഴിക്കോട്



*കക്കോടി ഉപസഭയുടെ ഹാൻഡ് വാഷ്, മാസ്ക് വിതരണം*



*രാമല്ലൂർ ഉപസഭയുടെ മാസ്ക് ഹാൻഡ് വാഷ് വിതരണോദ്ഘാടനം ഉപസഭാ സെക്രട്ടറി ഉണ്ണികൃഷ്ണൻ നമ്പൂതിരി ചേക്രക്കൽ ഇല്ലത്ത് വിഷ്ണു നമ്പൂതിരിക്ക് നൽകി കൊണ്ട് നിർവ്വഹിക്കുന്നു*

## വടകര ഉപസഭ

ഉപസഭയിൽ നിലവിലുള്ള മെമ്പർമാരുടെ ഡാറ്റാ കളക്ഷൻ പൂർത്തിയാക്കാൻ കഴിഞ്ഞു. ജനത കർഫ്യൂ ആരംഭിച്ച സമയത്ത് മുതൽ വടകര താലൂക്കിലെ ക്ഷേത്രങ്ങളുടെ പൂജാസമയം ഏകീകരിക്കാനുള്ള നിർദ്ദേശം നൽകാൻ ഉപസഭയ്ക്ക് കഴിഞ്ഞു. കൂടാതെ സർക്കാരിന്റെ ധനസഹായം ലഭിക്കാനുള്ള (സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്) പദ്ധതിയ്ക്ക് കൂടുതൽ സാങ്കേതിക സഹായം നല്കാനും സാധിച്ചു. ഉപസഭയുടെ രണ്ട് വാട്സ്ആപ്പ് ഗ്രൂപ്പുകൾ, ഫേസ്ബുക് പേജ് എന്നിവയിൽ നിത്യവും രാവിലെ 7മണിക്ക് നാരായണീയ പാരായണം, 8മണിക്ക് സുഭാഷിതം, 9മണിയ്ക്ക് പ്രശ്നോത്തരി എന്നിവ ആരംഭിക്കാൻ സാധിച്ചു.

ലോക്ഡോൺ കാലത്ത് സർഗാത്മകതയുടെ ക്വാറന്റൈൻ എന്നപേരിൽ കലാസ്വാദനക്കളരി ഓൺലൈൻ ആയി നടത്താൻ ഉപസഭയ്ക്കായി. ജില്ലാ കമ്മിറ്റി നിർദേശപ്രകാരം കഷ്ടത അനുഭവിക്കുന്ന സമുദായാംഗങ്ങൾക്ക് 1000രൂപ വിതരണം ചെയ്യാനായി. കുട്ടികൾക്കായി മഞ്ചാടിക്കുരു എന്ന പേരിൽ കലാമത്സരങ്ങൾ ഒരാഴ്ച നീണ്ടുനിന്നു.

ഉപസഭ ഇല്ലങ്ങളിലേക്ക് മാസ്കുകളും ഹാൻഡ് വാഷും വിതരണം ചെയ്ത് വരുന്നു.

**ശ്രീഹരി വിഷ്ണു**
അമ്പിളികുന്നത്ത് ഇല്ലം
വടകര ഉപസഭ സെക്രട്ടറി

## താമരശ്ശേരി ഉപസഭ

താമരശ്ശേരി ഗവ യു.പി സ്കൂളിൽ പ്രവർത്തിക്കുന സമൂഹ കിച്ചനിലേക്ക് ഏപ്രിൽ 28 ന് പലവ്യഞ്ജനങ്ങളും പച്ചക്കറികളും നൽകി. കോളനിയിലെ 30 വീട്ടുകാർക്ക് കിറ്റുകളും വസ്ത്രങ്ങളും നൽകി. കഴിഞ്ഞ പ്രളയകാലത്ത് വയനാട്ടിൽ നേരിട്ട് സഹായങ്ങൾ എത്തിച്ചും, കഴിഞ്ഞ ഓണം ചൂലൂർ ബാലസദനത്തിലെ അന്തേവാസികൾക്ക് ഓണക്കോടി നൽകി അവരോടൊപ്പം ആഘോഷിച്ചും കൈയടി നേടിയവരാണ് താമരശ്ശേരി ഉപസഭ ഉപസഭാ പ്രസിഡണ്ട് കാവിൽ പടിഞ്ഞാറേടം ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയുടെ അനുജനും യോഗക്ഷേമസരയിൽ സജീവമായി പ്രവർത്തിച്ചിരുന്ന ആളുമായ ഹരികുമാർ നമ്പൂതിരിക്ക് ജില്ലാ ജഡ്ജിയായി സ്ഥാനക്കയറ്റം കിട്ടിയതിനെ സഭ അനുമോദിച്ചു. ഇപ്പോൾ 126 മെമ്പർമാരാണ് ഉള്ളത്.



*മുക്കം ഉപസഭ എല്ലാ ഇല്ലങ്ങളിലും പച്ചക്കറി മാസ്ക് ഹാന്റ് വാഷ് എന്നിവ നൽകിയപ്പോൾ*

## കക്കോടി ഉപസഭ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി മാസ്ക്കും, ഹാൻ വാഷും നിർമ്മിച്ച് സഭയിലെ കുടുംബാംഗങ്ങൾക്ക് എത്തിച്ച് കൊടുത്തു. മാർച്ച് മാസത്തെ സ്വസ്തി വിതരണം പൂർത്തിയാക്കി; പുതിയ നാല് പേർ കൂടി വരിക്കാരായി.പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ നാരായണിയ സത്സംഗം കൂട്ടായ്മ എന്ന ഗ്രൂപ്പ് ഉണ്ടാക്കി, ഓലകൊണ്ടുള്ള വല്ലം ചിറ്റുകൊട്ട, ഓലമടയൽ എന്നിവ ഉണ്ടാക്കുന്ന വിധം ഗ്രൂപ്പിൽ ചർച്ച ചെയ്യുകയും ഉണ്ടാക്കുന്ന വിധം വീഡിയോ സഹിതം സഭാംഗങ്ങൾക്ക് കാണിച്ചു കൊടുക്കുകും ചെയ്തു. അംഗങ്ങൾക്കായിപുതിയേടം ശങ്കരൻ നമ്പൂതിരി സംസ്കൃത ഓൺലൈൻ ക്ലാസ് നടത്തി വരുന്നു. ഉപസഭ നേരിട്ട് ഹാൻഡ് വാഷും, മാസ്ക്കും നിർമ്മിക്കുന്നുണ്ട്

## മുക്കം ഉപസഭ

ലോക്ക് ഡൗൺ കാലയളവിൽ നടത്തിയ ഏതാനും ചില കാര്യങ്ങൾ ഉപസഭയിൽ പുതിയതായി 2മെമ്പർമാരെ ഉൾപ്പെടുത്തുകയും മരണം സംഭവിച്ച ഒരാളെ ഒഴിവാക്കുകയും ചെയ്തു.ഉപസഭയിലെ എല്ലാ ഇല്ലങ്ങളിലും മാസ്ക്. ഹാൻഡ്‌വാഷ്. പച്ചക്കറി കിറ്റ് എന്നിവ എത്തിച്ചു. വടക്കേപ്പാട്ട് കൃഷ്ണൻ നമ്പൂതിരിയുടെ നിര്യാണത്തിൽ അനുശോചിച്ചു.

## മുയിപ്പോത്ത് ഉപസഭ

മെമ്പർഷിപ്പ് പ്രവർത്തനം പകുതിയേ ആയുള്ളൂ. കൊറോണ കാരണം മാർച്ചിൽ നടത്താൻ സാധിച്ചില്ല.44 പേരെ ചേർത്തു. എല്ലാവരും പുതിയ അംഗങ്ങൾ. സ്വസ്തി ആദ്യം ചേർത്ത 7 കോപ്പി ആണുള്ളത്. ബാക്കി ഈ ആഴ്ച തന്നെ ചേർക്കുവാൻ ശ്രമിക്കുന്നതാണ്.സഭ ആഹ്വാനം ചെയ്ത ഭഗവതിസേവ നടത്തി.

**എം.ഇ.ഉണ്ണികൃഷ്ണൻ**




*ചെറുവക്കാട് കേശവൻ നമ്പൂതിരി നിർമ്മിച്ച, മാസ്ക്, സോപ്പ്, ഹാൻഡ് വാഷ് എന്നിവയുടെ വിതരണോദ്ഘാടനം ഉപസഭാ പ്രസിഡണ്ടിന് നൽകി നിർവഹിക്കുന്നു.*



*താമരശ്ശേരി കമ്യൂണിറ്റി കിച്ചനിലേക്കുള്ള സാധനങ്ങൾ പഞ്ചായത്ത് പ്രസിഡണ്ടിന് ഉപസഭാ സെക്രട്ടറി കിരൺ കൈമാറുന്നു*

## ഫറോക്ക് ഉപസഭ

ഫറോക്ക് യോഗക്ഷേമ ഉപസഭ മെമ്പർഷിപ്പ് പ്രവർത്തനം മാർച്ച് മാസം തന്നെ പൂർത്തിയാക്കി. 35 പുതിയ അംഗങ്ങളും ചേവായൂർ ഉപസഭയിൽ നിന്നും വന്ന ഒരു അംഗം അടക്കം ആകെ 36 അംഗങ്ങളെ കൂടി ചേർത്തു. താമസം മാറ്റിയതിനാൽ 2 അംഗങ്ങളെ ഒഴിവാക്കി. ഇപ്പോൾഞങ്ങളുടെ ഉപസഭയിലെ ആകെ അംഗങ്ങളുടെ എണ്ണം 186 ആകുന്നു. പുതിയ 3വരിക്കാരെ കൂടി ഉൾപ്പെടുത്തി സ്വസ്തി വരിക്കാരുടെ എണ്ണം ആകെ 37 ആയി ഉയർത്തി.

ഞങ്ങളുടെ യുവജനസഭയുടെ നേതൃത്വത്തിൽ കൊറോണ ലോക്ക് ഡൌൺ കാലത്ത് നടത്തിയ ' നമസ്തേ 'ഓൺലൈൻ പരിപാടി സംസ്ഥാന തലത്തിൽ തന്നെ ഏറെ ശ്രദ്ധിക്കപ്പെടുകയും പ്രശംസിക്കപ്പെടുകയും ചെയ്തു.

പല മേഖലയിലായി നിരവധി മത്സരങ്ങളും നടത്തി. അതിൽ ഏതാണ്ട് 2500 ഓളം പേര് പങ്കെടുത്തു.

മത്സരവിജയികളെ പ്രഖ്യാപിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു.

ലോക്ക് ഡൌൺ കാലത്ത് സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന രണ്ടു പേർക്ക് ജില്ലാ കമ്മിറ്റി അനുവദിച്ച 1000രൂപ രണ്ടുപേർക്കും വിതരണം ചെയ്തു.

പട്ടാമ്പിയിലെ സമുദായ അംഗം സംഗീത് മാധവന്റെ ചികിത്സാ ചിലവിലേക്ക് ഉപസഭ അംഗങ്ങൾ നൽകിയ 4250 രൂപ അയച്ചു കൊടുത്തു. സംസ്ഥാന ഫുട്ബാൾ മത്സരത്തിൽ യുവജനസഭാംഗം ജിഷ്ണു മങ്കുന്നം കളിച്ചു സമ്മാനം നേടി. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കഥകളി സംഗീതത്തിൽ കുമാരി ഭദ്ര പുല്ലംകോട് എ ഗ്രേഡ് നേടി.

**രാമനുണ്ണി മുല്ലപ്പള്ളി.സെക്രട്ടറി**
**നീലമന ശങ്കരൻ നമ്പൂതിരി.പ്രസിഡന്റ്**

## രാമല്ലൂർ ഉപസഭ

പഴയ നരിക്കുനി ഉപസഭ ഏരിയയിലുള്ള 64 പേരെ മെമ്പർമാരായി ചേർക്കാൻ കഴിഞ്ഞു .കാരുണ്യനിധിയും സ്വന്തമായി പാലിയേറ്റീവ് ഉപകരണങ്ങളുള്ള ഉപസഭയാണ് രാമല്ലൂർ. പരമാവധി ശാന്തിക്കാരെ ക്ഷേമനിധിയിൽ ചേർക്കുന്ന പ്രവർത്തനത്തിന് തുടക്കമിടാനും രാമല്ലൂർ ഉപസഭക്ക് കഴിഞ്ഞു. രാമല്ലൂർ സ്വന്തമായി നിർമ്മിച്ച ഹാൻഡ് വാഷും മാസ്കും എല്ലാ ഇല്ലങ്ങളിലും വിതരണം ചെയ്തു. ലോക് ഡൌൺ കാലത്ത് ഉപസഭയിലെ കുടുംബങ്ങളിൽ സഹസ്രനാമം, വേദാധ്യയനം, സപ്താഹം, പചക്കറി കൃഷി. കൊണ്ടാട്ടം, ചക്കപ്പപ്പടം, പൂജപ്പപ്പടം ഉണ്ടാക്കൽ എന്നിവ നടത്തി .

## ചാത്തമംഗലം ഉപസഭ

എല്ലാ ഇല്ലങ്ങളിലും പച്ചക്കറി കിറ്റും മാസ്ക്കുകളും വിതരണം ചെയ്യുവാൻ ഉപസഭ സെക്രട്ടറി പാറക്കോട് ശങ്കരൻ നമ്പൂതിരി കോൽപ്പുറം ശങ്കരനാരായണൻ നമ്പൂതിരി കണ്ടമംഗലം രാകേഷ് നമ്പൂതിരി,കണ്ടമംഗലം നാരായണൻ നമ്പൂതിരി (ഗീതാ നിവാസ്) പാറക്കോട് നാരായണൻ നമ്പൂതിരി കോൽപ്പുറം ആനന്ദ കൃഷ്ണൻ നമ്പൂതിരി, ചോക്കൂർ പുതുവാരിടം ജിഷ്ണു,ചോക്കൂർ പുതു വാരിടം ജ്യോതി,ഉപസഭ ഖജാൻജി കണ്ടമംഗലം വിനീത് നമ്പൂതിരി,കുന്നത്ത് കണ്ടമംഗലം നാരായണൻ നമ്പൂതിരിഎന്നിവരുടെ നേതൃത്വത്തിൽകിറ്റുകൾ പേക്ക് ചെയ്യുകയും ഇല്ലങ്ങളിൽ എത്തിക്കുകയും ചെയ്തു

കുന്നത്ത് കണ്ടമംഗലം
**നാരായണൻ നമ്പൂതിരി**
സംസ്ഥാന കൗൺസിലർ

## ജില്ല ഐ.ടി സെൽ റിപ്പോർട്ട്

ഉപസഭകളിലെ മെമ്പർഷിപ്പ് വൈ.കെ.എസ് സോഫ്റ്റ് വെയർ വഴി അപ്ഡേറ്റ് ചെയ്തു . ലോക്ക് ഡൗൺ കഴിഞ്ഞതിന് ശേഷം എല്ലാ ഉപസഭകളിലും വൈ.കെ.എസ് സോഫ്റ്റ് വെയർ എത്തിക്കുകയും അതിന്റെ പ്രവർത്തനം പരിചയപെടുത്തുവാനും തിരുമാനിച്ചിട്ടുണ്ട്

ഐ.ടി സെൽ കൺവീനർ
**കണ്ടമംഗലം വിനീത് നമ്പൂതിരി**

## ജില്ലാ വനിത സഭ റിപ്പോർട്ട്:–

വനിത സഭയുടെ സ്വന്തമായുള്ള ഒരു പ്രവർത്തനം 'നാരായണീയ പാരായണം' വളരെ സന്തോഷമായ രീതിയിൽ ഓൺലൈനിൽ നടന്നുവരുന്നു.30 അന്തർജനങ്ങൾ ചേർന്ന് ഒരു ദിവസം 3 ദശകം എന്ന രീതിയിലാണ് ചൊല്ലുന്നത്.

പ്രവർത്തനങ്ങൾക്കൊന്നും വരാത്ത ഇല്ലത്തിരിക്കുന്ന കുറച്ച് പ്രായം ചെന്നവരെക്കൂടി ഇതിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞു. കേന്ദ്ര വനിത സഭയുടെ നിർദ്ദേശപ്രകാരം ശങ്കരായനം ജില്ലാ കോർഡിനേറ്ററായി ശ്രീമതി ഹേമലതാ ദേവി പാറക്കോടിന്റെ പേര് നൽകി.

ജില്ല വനിത സഭയ്ക്ക് വേണ്ടി
ജില്ല വനിത സെക്രട്ടറി
**ശ്രീജ അരീക്കര**

## കണ്ണി പറമ്പ് ഉപസഭ

കൊറോണയുടെ പശ്ചാത്തലത്തിൽ സാധാരണപോലെ ഇല്ലങ്ങളിൽ കൂട്ടായി ഇരുന്നുള്ള യോഗങ്ങൾ നടന്നില്ല.എന്നാൽ വാട്സാപ്പ് വഴി മെമ്പർമാരുമായി സംസാരിച്ച് കാര്യങ്ങൾ നടത്തുന്നു -മെമ്പർഷിപ്പ് പ്രവർത്തനം നടന്നു 282 മെമ്പർമാരാണ് ഉപസഭയിൽ ഉള്ളത് അതിൽ 2 പേർ ആജീവനാന്തം ആണ് ഇത്തവണ 3 പേർ പുതിയതായി ചേർന്നു അങ്ങിനെ 285 മെമ്പർമാരായി .

ഏപ്രിൽ മാസത്തിൽ ഉപസഭയിൽ ഓൺലൈൻ വഴി കുട്ടികൾക്കായി മത്സര പരിപാടികൾ നടത്തി വിജയികളെ കണ്ടെത്തി.

മെയ് മാസത്തിൽ ബ്രഹ്മശ്രീ സംഗീത് മാധവന്റെ ചികിത്സാ സഹായം ഉപസഭയിൽ നിന്നും 12000 രൂപ സംസ്ഥാന വൈസ് പ്രസിഡന്റ് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിയെ ഏല്പിച്ചു കൊറോണ വ്യാപന സാഹചര്യത്തിൽ ഉപസഭയിൽ മൊത്തത്തിൽ എല്ലാവർക്കും മാസ്ക്ക് വിതരണം ചെയ്യണമെന്ന് തീരുമാനിച്ചു

സെക്രട്ടറി, കണ്ണിപറമ്പ്, ഉപസഭ

## സിറ്റി വനിതാ സഭ

കോവിഡ് കാലത്ത് പരസ്പരം ഒത്തുചേരാൻ പ്രയാസം നേരിട്ടതിനാൽ എല്ലാവരും ഓൺലൈൻ സംവാദങ്ങളായിരുന്നു വനിതകൾ നടത്തിയ ഒരു പ്രവർത്തനം നാരായണീയ വായന ആയിരുന്നു ഇതിൽ കുട്ടികളും പങ്കാളിയായിരുന്നു. തിരുവാതിരപ്പാട്ട് പഠിക്കാനുള്ള ഒരു വേദി ഒരുക്കി വളരെ നന്നായി പാട്ട് പാടി റിക്കാഡ് ചെയ്ത ഗോപിക സിറ്റി വനിതാ സഭയ്ക്ക് ഒരു മുതൽക്കൂട്ട് തന്നെയാണ് കുട്ടികളുടെ കീർത്തനങ്ങളും കവിതകളും ഉൾപ്പെടുത്തിക്കൊണ്ട് കോവിഡ് പ്രതിസന്ധി ഏറെക്കുറെ വിരസതയില്ലാത്തതാക്കി

എല്ലാവരും സ്വന്തം പറമ്പിൽ കൃഷി ചെയ്ത വിഭവങ്ങളുടെ പ്രദർശനവും കൂടി ഉണ്ടായിരുന്നു.

- പ്രസിഡന്റ്
**പങ്കജം കക്കാട്**



കാഞ്ഞങ്ങാട്: ക്വാണ്ടം കംപ്യൂട്ടർ വികസന ഗവേഷണത്തിന് ഭൗതിക ശാസ്ത്രജ്ഞൻ കാഞ്ഞങ്ങാട് സ്വദേശി ഡോ. മധു തലക്കുളത്തിന് കേന്ദ്ര സർക്കാർ 9,72,64,000 രൂപയുടെ ഗ്രാന്റ് അനുവദിച്ചു. തിരുവനന്തപുരം ഐസറിലെ ഭൗതികശാസ്ത്രവിഭാഗം അസോസിയേറ്റ് പ്രൊഫസറാണ് ഡോ. മധു തലക്കുളം. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ക്വസ്റ്റ് പദ്ധതിയിലാണ് ഗ്രാന്റ് അനുവദിച്ചത്.കാഞ്ഞങ്ങാട് നെല്ലിക്കാട്ട് തലക്കുളം ദാമോദരൻ നമ്പൂതിരിയുടെയും ദേവകി അന്തർജനത്തിന്റെയും മകനാണ്. ഛായ ഗോവിന്ദാണ് ഭാര്യ. മക്കൾ: വിദ്യാർഥികളായ ദത്തൻ നമ്പൂതിരി, ദേവൻ നമ്പൂതിരി.

# കുരുന്നായിരിക്കുക

നീ എന്നുമെൻ കുരുന്നായിരിക്കുക കണ്ണേ
നീർതുള്ളിപോൽനിന്നിൽ വിളങ്ങുന്ന നൈർമല്യവും
മാരിവില്ലുപോൽ നിന്നിൽ വിടരുന്ന വർണപ്രപഞ്ചവും
കണ്ടു കണ്ടു മതിവരാതെ ഇനിയും
മിഴികളുണ്ടായിരുന്നെങ്കിൽ ഓമലിനെ
കൊതി തീരുവോളം കാണുവാൻ.......
നീ എന്നുമെൻ കുരുന്നായിരിക്കുക കണ്ണേ
മുള്ളിൻ മുനകളിൽ ചലിക്കുമ്പോൾ
നിന്നിൽ നിന്നടരുന്ന രക്തവുംപൂക്കൾ തൻ
വഴികളിൽ നിൻ വദനത്തിൽ നിറയുന്ന ഹാസവും
സാധുജനത്തിൻ മതിയോടെ നീ
നുകർന്നിരുന്നെങ്കിലോമലേ എൻ
മനസിനു മതിയാകുവോളം കുടിയ്ക്കുവാൻ.........
നീ എന്നുമെൻ കുരുന്നായിരിക്കുക കണ്ണേ
ആകാശനീലിമയിൽ തെളിയും താരത്തെ
തൊടാൻ വെമ്പുന്ന ബാല്യവും
കുരുന്നു ഹൃത്തിൽ ലോകതത്വം
അറിഞ്ഞിടാൻ ആശിക്കുന്ന ജിജ്ഞാസയും
ഒക്കെയും നിൻ മനോമുകുരത്തിൽ
മുത്തു പോൽ വെണ്മയാർന്നിരുന്നെങ്കിലോമലേ
മതിതീരുവോളം കോർക്കുവാൻ ............



**സ്മിത**
വീട്ടിക്കാട്ട് ഇല്ലം
9646646114

## പാണിഗ്രഹണം

പേര്: ശ്രീനാരായണൻ കെ.ടി, ജനനത്തിയ്യതി: 10.08.1992, ജനനസമയം: വൈകുന്നേരം 4.04. നക്ഷത്രം: പൂരാടം, ഉയരം: 154 സെ.മീ. വിദ്യാഭ്യാസയോഗ്യത: എം.എ. സംസ്കൃതം, ജോലി: വേദ അദ്ധ്യാപകൻ, അച്ഛൻ: നാരായണൻ നമ്പൂതിരി, അമ്മ: മല്ലിക.
വിലാസം: കൊടിത്തലപ്പണ ഇല്ലം, കണ്ണിപറമ്പ് (പി.ഒ.) മാവൂർ, കോഴിക്കോട്- 673661.
അമ്മാത്ത്: പറമ്പിടി പുതുശ്ശേരി ഇല്ലം.
ഫോൺ: 8086257785

കു സ മാ

| | | | |
|---|---|---|---|
| | | കു | ശി |
| | ഗ്രഹ സ്ഥിതി | | ര ബു |
| മ | | | ഗു ശു |
| ല ച സ മാ | | | |

ര — ശു മ — ല

ശി — ച ബു ഗു

പേര്: പ്രത്യുഷ് പ്രസാദ്, ജനനത്തിയ്യതി: 02.06.1992, ജനനസമയം: ഉച്ചക്ക് 2.14, ജനനസ്ഥലം: തിരൂർ, ഉയരം: 172 സെ.മീ, നക്ഷത്രം: മകയിരം, ജാതി: നമ്പൂതിരി, വിദ്യാഭ്യാസ യോഗ്യത: ബി.കോം, സി.എ. ഫൈനലിന് പഠിക്കുന്നു, ജോലി: സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഓഫീസർ, മുൻഗണന: വിദ്യാഭ്യാസവും ജോലിയുമുള്ള പെൺകുട്ടികൾ. അച്ഛൻ: എ.ശങ്കരപ്രസാദ്, അമ്മ: സാവിത്രി (ഉഷ). വിലാസം: ആറ്റുപുറത്ത് മന, മണിശ്ശേരി, ഒറ്റപ്പാലം. അമ്മാത്ത്: മുന്നൂലം (ഗുരുവായൂർ ഓത്തിക്കൻ). മൊബൈൽ: 0097338881176 (വാട്സ്ആപ്പ് മാത്രം), 0097336759201, 9447726030.

ല ശു — ര സ

| | | | |
|---|---|---|---|
| കു | | ര ബു ശു | ച ശി |
| | ഗ്രഹ സ്ഥിതി | | |
| മ | | | ഗു |
| സ | | | ല മാ |

കു — മാ — ശി — ബു ഗു — മ

ച

ചെറുകഥ

ശാംഭവി മൂസ്സത്



## മുത്തശ്ശിക്കുള്ള കത്തിൽ

# എഴുതാതെ ബാക്കി വച്ചത്

**നിരവധി പത്രവാർത്തകൾ ദിവസവും കാണുന്ന മുത്തശ്ശിക്ക് ഇങ്ങനെയൊന്ന് തന്റെ പേരക്കുട്ടി കാണിക്കുമെന്ന് മുൻകൂട്ടി കാണാനായില്ല. ആനുകാലിക പ്രസക്തിയുള്ള ഒരു കഥ**



മുത്തശ്ശീ പെൺകുട്ടികളെ മാത്രം എന്താ പീഡിപ്പിക്കുന്നത്? ഉത്തരം ഒറ്റ വാക്കിൽ മതീട്ടോ!''

രാജിയുടെ ഉച്ചത്തിലുള്ള ചോദ്യം കേട്ട് മുത്തശ്ശി ഞെട്ടിയുണർന്നു. എന്താപ്പോ ഒരുത്തരം ഇവൾക്കു കൊടുക്കുക. അതും ഒറ്റ വാക്കിൽ. നീ പോയി കാർത്തി ചേച്ചിയോടു ചോദിക്ക്. അതൊരു രക്ഷപ്പെടലായിരുന്നു. പറയാനാണെങ്കിൽ കുറെയുണ്ട്.

പോയ വേഗത്തിൽത്തന്നെ തിരിച്ചെത്തി അവൾ വിളിച്ചു പറഞ്ഞു.

''ഉത്തരം കിട്ടി. കരാട്ടേ പഠിക്കാഞ്ഞിട്ടാണത്രെ. എന്നാലും ഇത്രേം വയസ്സായിട്ടും മുത്തശ്ശിക്ക് ഉത്തരം കിട്ടിയില്ലല്ലൊ ''

അവൾ പിറുപിറുത്തുകൊണ്ട് മുറ്റത്തേക്കോടി. മുത്തശ്ശി ആലോചിച്ചു. ഉത്തരം ശരിയാണ്. ഇന്നത്തെ തലമുറയ്ക്കു ശരീരഭാഷയാണ് വഴങ്ങുന്നത്.

കാർത്തികയ്ക്ക് പ്രായോഗിക ബുദ്ധി കൂടുതലാണ്. വിശദീകരണത്തിനൊന്നും അവൾ നിൽക്കില്ല. അവൾക്ക് ഈയിടെയായി ഒരു ഇരുത്തം വന്നമട്ടുണ്ട്. പഠനം കഴിഞ്ഞ് എന്തിനൊക്കെയോ ഒരു കോച്ചിംഗിനു പോവുന്നുണ്ട്.കുറെ കുട്ടികളെ പാട്ടു പഠിപ്പിക്കുന്നു . ഒരു കാര്യത്തിനും അച്ഛനമ്മമാരെ ബുദ്ധിമുട്ടിക്കാറില്ല.

അവർക്കാണെങ്കിൽ തിരക്കോടു തിരക്ക്. ഒരാൾ ബാങ്കിലും മറ്റേ ആൾ പഞ്ചായത്തിലും. മുത്തശ്ശി പലപ്പോഴും പറയാറുണ്ട്.

''രണ്ടു പെൺകുട്ടികളാണ് നിങ്ങൾക്ക്. കുറച്ചു നേരം അവരോടൊപ്പം ചെലവഴിച്ചു കൂടേ. അവർക്ക് എന്തിനും ഏതിനും മുത്തശ്ശി മാത്രമാണഭയം.അതാണ് ഇപ്പോഴത്തെ സ്ഥിതി.'

കുറെ കേൾക്കുമ്പോൾ മകൾ മക്കളെ വിളിച്ച് എന്തൊക്കെയോ ഉപദേശിക്കുന്നതു കാണാം. കൂട്ടത്തിൽ കുറെ ഒച്ചയിടുന്നതും കേൾക്കാം.

മുത്തശ്ശി മനസു കൊണ്ടു ചിരിക്കും. ആർക്കു വേണം ഉപദേശം.അവസാനം അടിവരയിട്ടു പറയും.

''ഇത്രയും അനുഭവസമ്പത്തുള്ള അമ്മയുണ്ടല്ലൊ അവരെ നോക്കാൻ. അമ്മക്കൊരിക്കലും തെറ്റു പറ്റുകയില്ല.''

അതു കേൾക്കുമ്പോളൊരാധിയാ. പണ്ടത്തെ കാലമല്ല. അന്നൊക്കെ മൂത്തവർ ദേഷ്യപ്പെട്ടാൽ ഒരു മുക്കിലിരുന്ന് കരയും. അതാണ് പെൺകുട്ടികളുടെ പ്രതികരണം.ഇന്നോ?

ഇപ്പോൾ മുത്തശ്ശിയുടെ മനസു മുഴുവൻ ഇരുപത്തിമൂന്നുകാരിയായ കാർത്തിയാണ്. പ്രായത്തിന്റെ ഒരു ചാപല്യവും അവൾക്കില്ല.വീട്ടു പണികൾ കണ്ടറിഞ്ഞു ചെയ്യും.അനുജത്തിയുടെ മുടി കെട്ടിക്കൊടുക്കും.അവളുടെ പുസ്തകവും ഡ്രസും വൃത്തിയായി വെയ്ക്കും. ആളും തരവുമറിഞ്ഞ് പെരുമാറാനറിയാം. മുത്തശ്ശിക്ക് ഒരവസരത്തിലും അവളെ തിരുത്തേണ്ടി വന്നിട്ടില്ല. പഠിക്കുമ്പോഴോ ഫോൺ ചെയ്യുമ്പോഴോ വാതിലടക്കാറില്ല.അവളുടെ മുറിയിലേക്ക് ആർക്കും മുന്നറിയിപ്പില്ലാതെ ചെല്ലാം. അത്രക്കു നല്ലവളാണ് മുത്തശ്ശിയുടെ പേരക്കുട്ടി. അവളെ നല്ലൊരിടത്ത് എത്തിക്കണം. എന്തെങ്കിലും സൂചന കിട്ടുമ്പോഴൊക്കെ കാർത്തി പറയും.

''മുത്തശ്ശീ ഞാൻ ഓക്കെ പറയാതെ ആർക്കും വാക്കു കൊടുക്കരുത്.'

ഒരു ദിവസം അവൾ കമ്പ്യൂട്ടറിൽ എന്തോ നോക്കുന്നു. മുത്തശ്ശി അടുത്ത് ചെന്ന് ചേർന്നിരുന്നു. പഴയ ഫോട്ടോകളാണ് കാണുന്നത്. കുട്ടി

ക്കാലത്ത് മുത്തശ്ശിയോടും അച്ഛനമ്മമാരോടും ഒപ്പമിരിക്കുന്ന അവളുടെ ഫോട്ടോ കണ്ടപ്പോൾ കണ്ണു നിറഞ്ഞൊഴുകുന്നു. മുത്തശ്ശി അവളെ കെട്ടിപ്പിടിച്ച് മാറോടു ചേർത്തു.
''എന്താ  കുട്ടീ ഇങ്ങനെ?'
''ഏയ് ഒന്നുമില്ല.'
മുത്തശ്ശി അവളുടെ മുറി ശ്രദ്ധിച്ചു. എന്തൊരു വൃത്തി.പുസ്തകങ്ങൾ ഷെൽഫിൽ അടുക്കി വെച്ചിരിക്കുന്നു. ഡ്രസ് അലമാറയിലും ബാഗിലുമായി ഭംഗിയാക്കി ഒതുക്കി വെച്ചിരിക്കുന്നു. ബാഗ് പൂട്ടിയിരിക്കുന്നത് കണ്ടപ്പോൾ അവൾ പറഞ്ഞു.
എപ്പഴാ ഹോസ്റ്റലിൽ നിന്ന് വിളി വരുന്നതെന്നറിയില്ല.
പിറ്റേ ദിവസം മുത്തശ്ശി എഴുന്നേറ്റ് പതിവു പോലെ പൂജാമുറിയിലേക്കു നടന്നു. രാവിലെ അടുക്കളപ്പണി മുഴുവൻ തീർത്തിട്ടേ മക്കൾ പോവാറുള്ളൂ.അതു കൊണ്ട് ആ ഭാഗം ശ്രദ്ധിക്കേണ്ട. അത്രയും ആശ്വാസം.
എന്തായിത്.വിളക്കു കത്തിച്ചില്ലല്ലൊ.
കാർത്തിയുടെ ജോലിയാണത്. അവളുടെ മുറിയിലേക്കു നടന്നു.

**ഡ്രസ് അലമാറയിലും ബാഗിലുമായി ഭംഗിയാക്കി ഒതുക്കി വെച്ചിരിക്കുന്നു. ബാഗ് പൂട്ടിയിരിക്കുന്നത് കണ്ടപ്പോൾ അവൾ പറഞ്ഞു.എപ്പഴാ ഹോസ്റ്റലിൽ നിന്ന് വിളി വരുന്നതെന്നറിയില്ല.**


കാണാനില്ല. കുളിമുറിയുടെ വാതിൽ തുറന്നു കിടക്കുന്നു. മേശപ്പുറത്ത് പേപ്പർ വെയ്റ്റിനടിയിൽ ഒരു കടലാസ് .വിറയ്ക്കുന്ന കൈകളോടെ മുത്തശ്ശി അതെടുത്തു.
''എന്റെ പൊന്നു മുത്തശ്ശിക്ക്. കാർത്തി പോവുന്നു. എന്നോടൊപ്പം ഒരാളും ഉണ്ട്. എന്നെ നോക്കാമെന്നും സംരക്ഷിക്കാമെന്നും വാക്കു തന്നിട്ടുണ്ട്. മുത്തശ്ശിക്കൊന്നുറപ്പിക്കാം.ഞാൻ മരിക്കില്ല. മരിക്കാൻ നിന്നു കൊടുക്കുകയുമില്ല. പറയുന്നതു കാർത്തിയാണ്. മുത്തശ്ശിയ്ക്കൊരായിരം ഉമ്മ.''
സോഫയിൽ തളർന്നു കിടന്ന മുത്തശ്ശി ആലോചിച്ചു.തന്റെ അനുഭവ സമ്പത്തൊക്കെ നിഷ്ഫലം. അവയെ കാറ്റിൽപ്പറത്തിക്കൊണ്ട് ഇത്തിരിയോളം പോന്ന ഒരു പെൺകുട്ടി നടന്നു പോയിരിക്കുന്നു. ഇതു കാലം വേറെ.

ശാംഭവി മൂസ്സത്. മഞ്ചേരി
മൊബൈൽ: 9388008770

## യോഗക്ഷേമസഭ ഫറോക്ക് യുവജനസഭ നടത്തിയ 'നമസ്തേ' ഓൺലൈൻ സാഹിത്യ മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളിൽ വന്ന രചനകൾ

**കവിതാരചന ഒന്നാം സ്ഥാനം**

# കൊളുത്തി വയ്ക്കാം അകതാരിലെന്നും






ചെറുവക്കാട് ഇല്ലം,
പന്നിക്കോട് പി.ഒ
മുക്കം,കോഴിക്കോട്
മൊബൈൽ
9495533013

**സ്മിത ചെറുവക്കാട്**


വിരിഞ്ഞിടാമിന്നു നിനക്കു വേണ്ടി
ചിരിച്ച നിന്നാനന ഭംഗി കാണാൻ
അലിഞ്ഞിടാം ഞാൻ പ്രണയാർദ്രമായി
പരത്തിടാം നവ്യസുഗന്ധമെന്നും

ചൊരിഞ്ഞിടാം തേൻകണവും നിനക്കായ്
നുകർന്നിടൂ നീ മതിയാകുവോളം
അകന്നു നിന്നോരു ദിനങ്ങളൊക്കെ
കുറിച്ചു വയ്ക്കാം സുഖമുള്ളൊരോർമ്മ

കഴിഞ്ഞൊരാ ദു:ഖമിറക്കി വയ്ക്കാം
പരസ്പരം സ്നേഹമതൊന്നുനൽകാം
മനസ്സിലാപ്രേമമതെന്നുമൂട്ടാ-
മുയർത്തി വയ്ക്കാം വിടരുന്ന സ്വപ്നം

കൊളുത്തി വയ്ക്കാമകതാരിലെന്നും
ജ്വലിച്ചു കത്തുന്ന ചിരാതു വീണ്ടും
ഉറച്ച കാൽവെപ്പൊടെ നീങ്ങിടാനായ്
പ്രതീക്ഷയേകട്ടെയതിൻ പ്രകാശം

ശുഭപ്രതീക്ഷയ്ക്കു കരുത്തതേകാം
മനക്കരുത്തോടെയുറച്ചു നിൽക്കാം
പടുത്തുയർത്താം ധരണിയ്ക്കു ചുറ്റും
കൊതിച്ചു പോകുന്നൊരു കൊച്ചുനാകം

കഥാരചന രണ്ടാം സ്ഥാനം

# കൈനീട്ടം

ചിത്ര ശ്രീജിത്
അഹമ്മദാബാദിൽ ശ്രീജിത് നമ്പൂതിരിയുടെ ഭാര്യയാണ്.
മൊബൈൽ 8980657070





ബീപ്..ബീപ്..ഉറക്കത്തിൽ അലാറം ഓഫ് ചെയ്യുവാനായി അയാൾ കൈകൾ നീട്ടി.സമയം നാലുമണി.അലാറം ഓഫ് ചെയ്തു. പിഞ്ഞിത്തുടങ്ങിയ സ്വെറ്ററിലേക്ക് അയാൾ ചുരുണ്ടുകൂടി.ഉറക്കച്ചടവിൽ മൊബൈൽ കൈയ്യിൽ നിന്നും തെറിച്ചു വീണു.ഞെട്ടി എഴുന്നേറ്റ് മൊബൈലിന്റെ ചിതറിയ ഭാഗങ്ങളെല്ലാം അയാൾ ചേർത്തുവെച്ചു. ഭാഗ്യം...പ്രവർത്തിക്കുന്നുണ്ട്.ഈ ഫോൺ കേടുവന്നാൽ പിന്നെ സ്ഥിരം ഓട്ടമെല്ലാം അവതാളത്തിലാവും.

കൂടെയുള്ള സുഹൃത്തുക്കൾക്കെല്ലാം പുതിയതരം ഫോണുകൾ..തന്റെ കൈയിലെ ഫോൺ അയാൾ ഒന്നുകൂടി നോക്കി. പിഞ്ഞിയ സ്വെറ്ററും ഭാര്യയുടെ മുഖവും അതിൽ തെളിഞ്ഞു...സമയമായി സാബിനെ സ്റ്റേഷനിൽ കൊണ്ടുവിടണം.ഇന്നലെ രാത്രി വിളിച്ചു പറഞ്ഞിരുന്നു.എണീറ്റ് തയ്യാറായി സാബിന്റെ താമസസ്ഥലത്തേക്ക് ഓട്ടോറിക്ഷയുമായി അയാൾ പാഞ്ഞു.

വഴിനീളെ ഭാര്യയുടെ ദൈന്യതയാർന്ന മുഖമായിരുന്നു മനസ്സിൽ.ശരീരം തുളച്ചു കയറുന്ന തണുപ്പിനൊപ്പം ചികിത്സാ ചെലവിനെക്കുറിച്ചുള്ള ആധികൾ മനസ്സിലും തുളച്ചുകയറി.

ആ തണുപ്പിൽ പോലും പുകയുകയായിരുന്നു അയാളുടെ മനസ്സ്.ദിവസം മുഴുവൻ ഓടിയിട്ടും തന്നെ തളർത്തുന്ന ചിലവുകൾ അയാളോർത്തു.സാബിന്റെ ഫോൺ വരുന്നു.ചിന്തകൾ മാറ്റിവെച്ച് അയാൾ വണ്ടിയുടെ വേഗം കൂട്ടി.

സാബിനെ റെയിൽവേ സ്റ്റേഷനിലിറക്കി.കൈനീട്ടം സാബിന്റെ തന്നെ.ഇന്നത്തെ ദിവസം നല്ലതാവാൻ അയാൾ പ്രാർത്ഥിച്ചു. വിചാരിച്ചതിനേക്കാൾ ഓട്ടം അന്നു കിട്ടി. ഉച്ചക്ക് വഴിയരികിലെ കടയിൽ നിന്നും റൊട്ടിയും സബ്ജിയും പൊതിഞ്ഞു വാങ്ങി.ഓട്ടോ മരത്തണലിൽ ഒതുക്കി കഴിക്കാനായി പൊതിയെടുത്തു.ഒരു കുഞ്ഞിക്കൈ തന്റെ നേർക്കു നീണ്ടു വരുന്നത് അയാൾ കണ്ടു...ഭയ്യ...എനിക്ക് വിശക്കുന്നു..നിഷ്കളങ്കമായ ആ കുഞ്ഞിക്കണ്ണുകളിലെ വിശപ്പ് കണ്ടില്ലെന്ന് നടിക്കാൻ അയാൾക്കായില്ല.ആ പൊതി കൈകളിൽ വെച്ചുകൊടുത്ത് അയാൾ വണ്ടിയെടുത്തു.ആ കുഞ്ഞിക്കണ്ണുകൾ തിളങ്ങി.

പതിവിലും ഇരുട്ടിയാണ് അന്നയാൾ വണ്ടി ഒതുക്കിയത്.അയാൾ ഓർത്തു..ഈ മാസമെങ്കിലും വണ്ടിയുടെ ബാറ്ററി മാറ്റാൻ പറ്റിയിരുന്നെങ്കിൽ..പെട്ടെന്നാണ് അയാളുടെ കണ്ണുകൾ വണ്ടിയുടെ പിറകിൽ കിടക്കുന്ന ഒരു കവറിൽ ഉടക്കിയത്.ആകാംഷയോടെ അയാൾ കവർ എടുത്തു. തുളച്ചുകയറുന്ന തണുപ്പിൽ വിറയാർന്ന വിരലുകളോടെ അയാൾ കവർ തുറന്നു..ഒരു പുതിയ സ്വെറ്റർ...തന്റെ ശരീരത്തിൽ കിടക്കുന്ന കീറിയ ആ സ്വെറ്ററിലേക്ക് അയാളൊന്ന് നോക്കി...ഒരു നിമിഷം അതൊന്ന് സ്വന്തമാക്കാൻ അയാളാഗ്രഹിച്ചു.എന്തോ ഓർത്തുകൊണ്ട് അയാൾ ഫോണെടുത്ത് ആരെയോ വിളിച്ചു. 'സാബ്..അങ്ങയുടെ സ്വെറ്റർ വണ്ടിയിൽ വെച്ച് മറന്നു..ഞാൻ നാളെ വീട്ടിൽ കൊടുക്കാം.."

"വേണ്ട..ഞാൻ ഇവിടെ നിന്ന് പുതിയ സ്വെറ്റർ വാങ്ങി.അത് നീ തന്നെ വച്ചോളൂ.നിന്റെ സ്വെറ്റർ കീറിയതല്ലേ..." അയാൾ അതും മാറോടടക്കിപ്പിടിച്ച് മെല്ലെ നടന്നു.

ആ കുഞ്ഞിക്കണ്ണുകളിൽ കണ്ട അതേ തിളക്കം അപ്പോൾ അയാളുടെ കണ്ണുകളിലും ....

കവിതാരചന രണ്ടാം സ്ഥാനം

# ചൂതുകളി



കെ. ദേവിക
മങ്കടയിലെ കണക്കില്ലത്ത് ശങ്കരനാരായണൻ നമ്പൂതിരിയുടെ മകളാണ്.

മരണ ജീവിതമായി കിളികൊഞ്ചലുകൾ
വ്യാഴത്തെ മറച്ച ശനിയുടെ വരവ്
മരിച്ച പുഴകൾ ദുരാത്മാക്കളായി
ഹസ്തിനപുരി വിറക്കാൻ തുടങ്ങി...!
പ്രജകൾ ഒന്നൊന്നായി പൊലിയുന്നു
ഊർദ്ധ്വൻ വലിക്കുന്ന നേരത്ത്
അകലെ നിന്ന് കുശലം പറച്ചിൽ
ആരും അടുക്കുന്നില്ലത്രേ...
അതാണ് ആ മരണാണുവിന്റെ ശക്തി
ഇന്ന്, പേരും പെരുമയും ധാർഷ്ട്യവും
അതിന്റെ കറുത്ത കരങ്ങളിലാണ്
എല്ലാം തകർന്നടിഞ്ഞേക്കാം
പ്രജകൾ മുഴുവൻ അന്ധരായിരിക്കുന്നു
പഞ്ചേന്ദ്രിയങ്ങൾക്ക് ബലക്ഷയം
ആരും അറിയാതെ...ഒന്നുമുരുവിടാതെ
ആ കാണാസത്വം....ഹസ്തിനപുരിയുടെ
രക്തത്തിലലിഞ്ഞു,ഇതൊരു ചൂതാട്ടമാണ്;
പേടിയ്ക്കാതെ കളിയ്ക്കുകതന്നെ...
ജയിച്ചാൽ നമ്മുടെ അസ്തിത്വം.
തോറ്റാലോ?...തോൽക്കില്ല
ജീവൻമരണ പോരാട്ടം തന്നെ വഴി.
ചതുരംഗമെന്ന ധർമ്മാധർമ്മ യുദ്ധത്തിൽ
പാണ്ഡവരും കൗരവരും ഒന്നിച്ച്
വെറുപ്പും വിദ്വേഷവും ഉപേക്ഷിച്ച്
ദുഷ്ട ശകുനി ചിന്തകളില്ലാത്ത
ദുശ്ശാസനന്മാർ ഇല്ലാത്ത നഗരി
ഹസ്തിനപുരിയിൽ അടിയന്തരാവസ്ഥ
നഗരിയിൽ നിന്ന് അകത്തളങ്ങളിലേക്ക്
നഗരിയിലൂടെ നീളം കാലാൾപ്പടകൾ
നിയമങ്ങൾ ശക്തം,ആൾദൈവങ്ങളില്ല
മതമില്ല ,ജാതിയില്ല...പൂരഘോഷങ്ങളില്ല
ബ്രാഹ്മണനെന്നോ ശൂദ്രനെന്നോയില്ല
ഏവർക്കും തൊട്ടുകൂടായ്മയും
തീണ്ടിക്കൂടായ്മയും, വാളില്ല പരിചയില്ല.
അകലമാണ് ആയുധം,ഒരുമയാണ് മതം.
സർവ്വേ ഭവന്തു സുഖിനഃ മന്ത്രം
ഹസ്തിനപുരിയും മരണാണുവും
ചൂതുകളിയിലാണ്...അതിജീവനത്തിലേക്ക് ....
ഒരുമയുടെ ശക്തിയറിയാ മരണാണു
ചിരട്ടയ്ക്ക് തീ പിടിച്ചപോലെ
ആളിയാളി പൊട്ടലും ചീറ്റലും ...
ഒടുവിൽ കെട്ടടങ്ങലും
ഏവരും ഉയർത്തെഴുന്നേൽപ്പിലേക്ക്
അവിടെ വീണ്ടും കുളിർമഴ പെയ്തു
നഗരവീഥി വീണ്ടും സജീവം
കിളികളുടെ ആനന്ദഗീതം
കുളിരേകി മന്ദമാരുതൻ
സത്യമേവ ജയതേ....
അതാണ് ചൂതിന്റെ നീതി .



## നമ്പൂതിരിപ്പഴമയിലെ പുതുമ

### സ്വജനവും സമുദായവും സ്മാർത്ത വിചാരം നടത്തി പുറത്താക്കിയ

## കുറിയേടത്തു താത്രിയുടെ

### അനിയത്തിയുടെ മകൻ അമേരിക്കയിലുണ്ട്

# സ്മാർത്ത വിചാരത്തിന്റെ ബാക്കി

**കൊയ്ത്തടി പരമേശ്വരൻ**



നൂറു വർഷം മുമ്പ് സ്മാർത്ത വിചാരത്തെ തുടർന്ന് ഭ്രഷ്ടനായി ഇല്ലത്തിന്റെ പടിയിറങ്ങിപ്പോയ നമ്പൂതിരിയുടെ മകന് ആറു വർഷം മുമ്പ് അതേ തറവാട്ടിലേക്ക് ആധുനിക തലമുറയുടെ ഊഷ്മള വരവേൽപ്! തൃശ്ശൂർ പുത്തൻചിറയിലെ പള്ളത്തേരി മനയിലായിരുന്നു റിപ്പോർട്ടു ചെയ്യപ്പെടാത്ത ചരിത്ര സംഭവം അരങ്ങേറിയത്.

1905 ൽ ഭ്രഷ്ടാക്കപ്പെട്ട 64 ൽ 29 നമ്പൂതിരിമാരുടേയും ഒരു സന്തതിക്കും ഇത്തരമൊരു സന്തോഷാനുഭവം കേട്ടിട്ടില്ല.ഭ്രഷ്ടിലെ കഥാപാത്രമായ താത്രിക്കുട്ടിക്ക് ആറ് അനിയത്തിമാരാണ്. ശ്രീദേവി, ദേവി, ഉമാദേവി, പാർവ്വതി, ആര്യാദേവി, ദേവസേന എന്നിങ്ങനെ. അവരിൽ ദേവസേന യുടെ മകനാണ് ഡോ. പള്ളത്തേരി സുബ്രഹ്മണ്യൻ നമ്പൂതിരി. അദ്ദേഹം നാട്ടിലല്ല താമസം.62 വർഷമായി അമേരിക്കയിലാണ്. ഡെട്രോയിട്ടിലെ ഹോക്കെസ്സിനിൽ. കാമറോൺ ഡ്രൈവിലെ വില്ല 110 ൽ സകുടുംബം കഴിയുന്നു. സ്വന്തമായി പത്തു പേറ്റൻറുകൾ റജിസ്റ്റർ ചെയ്തിട്ടുള്ള അസ്മാദിയായ അമേരിക്കൻ - ഇന്ത്യൻ ശാസ്ത്രജ്ഞൻ. അറിവിൽ ഒരാളേയുള്ളു. ഡോ. പള്ളത്തേരി സുബ്രഹ്മണ്യൻ നമ്പൂതിരി.അദ്ദേഹത്തിനാണ് ഇത്തരമൊരു സ്വീകരണം ലഭിച്ചത്. ഇങ്ങനെ ഒരാളെപ്പറ്റി പള്ളത്തേരി മനക്കാർക്ക് പോലും അരനൂറ്റാണ്ടുകാലം അജ്ഞാതമായിരുന്നു. കാരണം അദ്ദേഹം താമസം കേരളത്തിലല്ല. ഇന്ത്യയിലുമല്ല, അമേരിക്കയിലാണ്.1958 ൽ കപ്പൽ കയറിയതാണ്. പ്രവാസത്തിന്റെ ഗോൾഡൻ ജൂബിലിയും എൺപത്തിനാലാം പിറന്നാളും കഴിഞ്ഞ ശേഷമാണ് അദ്ദേഹം സ്വന്തം ഇല്ലത്ത് ആദ്യമായെത്തുന്നത്.

ഓർമ്മവെച്ച കാലംമുതൽ സുബ്രഹ്മണ്യന്റെ ഇല്ലം പാലപ്പുറത്തെ ശ്രീരാമകൃഷ്ണ നിരഞ്ജനാശ്രമമാണ്. ശ്രീശാരദാശ്രമം അമ്മാത്തും. അച്ഛനെ കണ്ട ഓർമ്മയില്ല. സുബ്രഹ്മണ്യന്റെ ചോറൂണുകഴിഞ്ഞ് അധികം വൈകാതെ അറുപത്തിരണ്ടാം വയസ്സിൽ ആര്യൻ പള്ളത്തേരി നിര്യാതനായി.

പിച്ചവെച്ചു നടന്നത് ആശ്രമ സന്നിധിയിൽ.പാലപ്പുറം ആശ്രമ സ്ഥാപകനായ നിർമ്മലാനന്ദ സ്വാമികളുടെ തൃക്കൈ കൊണ്ട് വിദ്യാരംഭം. പ്രൈമറി വിദ്യാഭ്യാസശേഷം അപ്പർ പ്രൈമറി ക്ലാസുകൾ തിരുവനന്തപുരം ആശ്രമത്തിൽ.

മഹാസമാധിക്കു മുമ്പു സുബ്രഹ്മണ്യനെ മടിയിലിരുത്തി സ്വാമിജി പറഞ്ഞു.നീ സന്യാസിയൊന്നും ആവണമെന്നില്ല. നന്നായി പഠിക്കണം, എത്ര കഴിയുമോ അത്രയും.

മൂന്നു വർഷം കഴിഞ്ഞപ്പോൾ ഹൈസ്ക്കൂൾ പഠനം ഒറ്റപ്പാലത്താക്കി. സുബ്രഹ്മണ്യന്റെ ശാരീരികമാനസിക ആരോഗ്യത്തിന് അത് അത്യാവശ്യമെന്ന് വിശദാനന്ദജിക്ക് തോന്നി. പാലപ്പുറം ആശ്രമത്തിലെത്തിയതോടെ സുബ്രഹ്മണ്യന് ഉത്സാഹമായി. മികവോടെ മെട്രിക്കുലേഷൻ പാസായി.

കോളേജു പഠനത്തിന്റെ തുടക്കം തലശ്ശേരി ബ്രണ്ണൻ കോളേജിൽ. അടുത്ത ബന്ധുവിന്റെ കൂടെ താമസിച്ചു കൊണ്ട്. ഡിഗ്രിക്ക് കെമിസ്ട്രി മെയിനെടുത്ത് എറണാംകുളം മഹാരാജാസ് കോളേജിൽ. താമസം വൈറ്റിലയിലെ ആശ്രമഭൂമിയിൽ അക്കാലത്തുണ്ടായിരുന്ന ഷെഡ്ഡു മുറിയിൽ .ബിരുദാനന്തര ബിരുദ പഠനം ബയോകെമിസ്ട്രിയിൽ എന്ന് സുബ്രഹ്മണ്യൻ ഉറപ്പിച്ചു.സ്വന്തം കാലിൽ നിന്ന് അതിനു തക്ക ശമ്പളം കിട്ടുന്ന ജോലി ബോംബെയിൽ കിട്ടുമെന്നറിഞ്ഞ് അങ്ങോട്ടു വണ്ടി കയറി. ഗോദ്റേജ് കമ്പനിയിലാണ് ജോലി കിട്ടിയത്. താമസമുറി ശരിയാക്കി. ഒരു സൈക്കിൾ വാങ്ങി. ജോലിക്കു പോക്കും തിരിച്ചു വരവും സൈക്കിളിൽ.

ബോംബെ സർവ്വകലാശാല ബയോകെമിസ്ട്രിയിൽ എംഎസ്സിക്ക് നൈറ്റ് ക്ലാസ് നടത്തുന്നതു മനസ്സിലാക്കി അതിനു ചേർന്നു.പകൽ ഷിഫ്ടിൽ ജോലി .രാത്രിയിൽ കോളേജു പഠനം - രണ്ടിടത്തേക്കും ആഞ്ഞു ചവിട്ടി സൈക്കിൾ - നിത്യവും നാല്പതു കിലോമീറ്റർ. അതൊരു ഹരമായി .സർവോപരി നല്ല വ്യായാമവും.

തരക്കേടില്ലാത്ത മാർക്കുകളോടെ എംഎസ്സി കടമ്പ കടന്നു.ശാസ്ത്ര വിഷയങ്ങളിൽ വിദേശത്തു പോയി ഗവേഷണ ബിരുദത്തിനു പഠിക്കാൻ തയ്യാറുള്ള യോഗ്യതയുള്ളവർക്ക് ടാറ്റാ ഫൗണ്ടേഷൻ സ്കോളർഷിപ്പു ഏർപ്പെടുത്തിയിരുന്നു. അതിനു അപേക്ഷിച്ചു. കിട്ടുകയും ചെയ്തു. 1958ൽ അമേരിക്കയിൽ പി.എച്ച് ഡി ബിരുദ പഠനത്തിനു പോയത് കപ്പലിൽ . അതിന്റെ ബലത്തിൽ കപ്പലിറങ്ങിയതിന്റെ ഷഷ്ടിപൂർത്തിയും കഴിഞ്ഞു.

ഇങ്ങനെ അമേരിക്കയിൽ കഴിഞ്ഞ ആൾ ആദ്യമായി ഇല്ലം കാണുന്നത്



> **താത്രിക്കുട്ടിടെ അനിയത്തിയുടെ മകന്റെ കഥ പറയാം. 1905 ലെ സ്മാർത്തവിചാരത്തിന്റെ ബാക്കിപത്രമെന്നു പറയാവുന്ന ഒരാൾ ബാക്കിയുണ്ട്. ഞാൻ കണ്ടിട്ടുണ്ട്. കഴിഞ്ഞ ദിവസം (2020 മെയ് 17) കൂടി ഫോണിൽ സംസാരിക്കുകയുണ്ടായി. താത്രിക്കുട്ടീടെ ഏറ്റവും ഇളയ അനിയത്തിയുടെ ഇളയ മകൻ സുബ്രഹ്മണ്യൻ.**

84–ാം വയസിൽ. പഴയ കഥ ഇങ്ങനെ.

115 വർഷം മുമ്പ് 25–ാം വയസ്സിലാണ് താത്രിയെ സ്മാർത്തവിചാരം ചെയ്ത് ഭ്രഷ്ടാക്കിയത്. 30 നമ്പൂരിമാർ, 10 അയ്യർ, 4 നമ്പീശൻ, 9 അമ്പലവാസികൾ, 11 നായർ. ഈ പ്രതികളും കൂട്ടത്തിൽ ഭ്രഷ്ടരാക്കപ്പെട്ടു. താത്രി തമിഴകത്തു ചേക്കേറി.അനിയത്തിമാർ ഭാരതപ്പുഴ കടന്ന് ഒറ്റപ്പാലത്തെത്തി.

അവിടെ ഒരില്ലത്ത് അവരുടെ മൂത്ത ജ്യേഷ്ഠത്തിയുണ്ടായിരുന്നു – 'ഇവിടെ കൂടിക്കോളിൻ,ഇനി എങ്ങും പോകണ്ട..' എന്ന് ഉണിക്കാളിയേടത്തി കല്പിച്ചു. അനിയത്തിമാർ അനുസരിച്ചു. പാലപ്പുറത്തെ പാലത്തോൾ മന കല്പകശ്ശേരി കന്യാകുമാരികളും എത്തിയതോടെ കർക്കിടകം ഒന്നു മുതൽ ശ്രീനികേതനമായി.

വർഷങ്ങൾ കഴിഞ്ഞപ്പോൾ അവരെല്ലാം വിവാഹിതകളായി കുടുംബിനികളായി . ഭ്രഷ്ടനമ്പൂതിരിമാർ തന്നെ അവർക്ക് ജീവിതം കൊടുക്കാൻ മുന്നോട്ടുവന്നു. ഏറ്റവും ഇളയ അനിയത്തിയെ വേട്ടയാൾ അമ്പതു കഴിഞ്ഞ വൃദ്ധനായിട്ടും 30 വയസ്സ് പ്രായ വ്യത്യാസം ഉണ്ടായിട്ടും ദേവസേന അദ്ദേഹം മതിയെന്നു പറഞ്ഞു. എല്ലാവർക്കും കൂടി 10 ഉണ്ണികളും 5 പെൺകിടാങ്ങളും ഉണ്ടായി.

ഭ്രഷ്ടരും മക്കളും ശ്രീരാമകൃഷ്ണ ഭക്തരായി ലോകത്തോളം വളർന്നു. പരമഹംസരുടെ സന്ദേശവുമായി ശിഷ്യൻ നിർമ്മലാനന്ദ സ്വാമികൾ 1925ൽ പാലപ്പുറത്തെത്തി. അദ്ദേഹം പാലത്തോൾ മനയിലുമെത്തി. തങ്ങൾ ഭ്രഷ്ടരാണെന്ന അധമബോധത്തിൽ നിന്നു എല്ലാരേയും മുക്തരാക്കി .ഭ്രഷ്ടിന്റെ കെട്ടുപാടുകളും ഇല്ലാതാക്കി.

അവർ ഭൂമിയും ധനവും യഥേഷ്ടം സ്വാമിജിക്ക് സമർപ്പിച്ചു. 4 ഏക്കർ സ്ഥലം ആശ്രമ നിർമ്മാണത്തിനു നൽകി. 1926 ൽ ആശ്രമം ഉദ്ഘാടനം ചെയ്തു. ആത്മീയതയുടെ മോചന മാർഗ്ഗം അവർക്കു തുറന്നുകൊടുത്തു.

കുട്ടികൾക്കു പഠിക്കാൻ ആശ്രമ വളപ്പിൽ രണ്ടു വിദ്യാലയങ്ങൾ തുടങ്ങി.രണ്ടിലും ജിംനേഷ്യവുമുണ്ടായിരുന്നു. ആശുപത്രി, പോസ്റ്റാപ്പീസ്, റയിൽവേ സ്റ്റേഷൻ, റോഡുകൾ ... അങ്ങനെ ശ്രീരാമകൃഷ്ണനഗറായി അവിടം മാറി.  ഭാരതസ്വാതന്ത്ര്യം കിട്ടി. പിറ്റേവർഷം 1948 ൽ ഇവിടത്തെ ബ്രഹ്മചാരിണിമാരിൽ ഒമ്പതു പേർ സന്യാസ ദീക്ഷിതരായി. അങ്ങനെ ആദ്യത്തെ ശാരദാ സന്യാസിനീ സംഘമുണ്ടാക്കി ചരിത്രം രചിച്ചു. അമ്മമാരും പേരക്കിടാങ്ങളും മകളുടെ ശിഷ്യത്വം സ്വീകരിച്ച അപൂർവ്വ സംഭവമായിരുന്നു അത്.

ഓപ്പോളും, അമ്മയും സന്യസിച്ച് പത്തു വർഷം കഴിഞ്ഞായിരുന്നു സുബ്രഹ്മണ്യന്റെ അമേരിക്കൻ യാത്ര. അവിടെ മിഷിഗണിലെ സർവ്വകലാശാലയിൽ നിന്ന് പി എച്ച് ഡി കഴിഞ്ഞ ശേഷം ഡ്യൂപോണ്ട് കമ്പനിയിൽ ശാസ്ത്രജ്ഞന്റെ തസ്തികയിൽ നിയമിതനായി. ക്രമേണ പോസ്റ്റ് സോക്ടറൽ ഗവേഷണങ്ങളിലേക്കും തിരിഞ്ഞു. റബ്ബർ, പ്ലാസ്റ്റിക് തുടങ്ങിയ വസ്തുക്കളുടെ റീസൈക്ലിംഗ് ഗവേഷണ രംഗമായി. ഭവന നിർമ്മാണ രംഗത്തു സമൂലമാറ്റമുണ്ടാക്കിയ പൈൻമരം കൊണ്ട് പാനലുകൾ തയ്യാറാക്കുന്ന സാങ്കേതിക വിദ്യ പ്രശസ്തിക്കു കാരണമായി.അമേരിക്കയിൽ 200 കിലോമീറ്റർ ഇടവിട്ടു പൈൻ മരക്കാടുകൾ നട്ടുപിടിപ്പിക്കുന്ന വനവൽക്കരണ നയമാറ്റത്തിനു കാരണമായതും ഈ നമ്പൂതിരിയാണ്.

പത്നി നളിനി സുബ്രഹ്മണ്യൻ തത്തമംഗലം സ്വദേശിനി.മക്കൾ ഡോ. ഗീത, ഡോ.അശോകർ. രണ്ടു പേർക്കും കുടുംബമായി, കുട്ടികളുമായി. അടുത്ത തവണ നാട്ടിൽ വരുമ്പോൾ നേരിൽ കാണാമെന്നു പറഞ്ഞാണ് കുശലം അവസാനിപ്പിച്ചത്.

**ഡോ. സുബ്രഹ്മണ്യൻ നമ്പൂതിരി**
**മൊബൈൽ 0013 026601498**
**കൊയ്ത്തടി പരമേശ്വരൻ**
**മൊബൈൽ 9072383651**

## ആശംസകൾ



ഒന്നാം പിറന്നാൾ ആഘോഷിക്കുന്ന ദേവ സിംഹനും ചേച്ചി മിത്ര വിന്ദക്കും ആശംസകൾ . അഛനും അമ്മയും (കുളങ്ങരക്കരാട്ട് അനൂപ് കൃഷ്ണനും ദൃശ്യയും)



കെ.വി.പി.വൈ
പരീക്ഷയിൽ
1690 റാങ്ക് നേടിയ
**കാശ്യപ് പി സഞ്ജീവ് മങ്ങത്തായ**
മൊബൈൽ
9945821305
മങ്ങത്തായ സഞ്ജീവി ന്റെയും വിധുവിന്റെയും മകനാണ്.

## ആസ്ഥാനമന്ദിരത്തിന്റെ നിർമ്മാണം



നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആസ്ഥാനമന്ദിരം

### ആസ്ഥാനമന്ദിര നിർമാണത്തിലേക്ക് സംഭാവന നൽകിയവർ

| | | |
|---|---|---|
| 44 | പുൽപറമ്പിൽ മണി നമ്പൂതിരി | 5000 |
| 45 | താമരശ്ശേരി ഉപസഭ | 20000 |
| 46 | വിനോദ് മങ്ങത്തായ | 10000 |
| 47 | പാന്നാട് പദ്മനാഭൻ നമ്പൂതിരി | 10000 |
| 48 | കുണ്ടിൽകുളം ശ്രീധരൻ നമ്പൂതിരി | 10000 |
| 49 | കൃഷ്ണൻ നമ്പൂതിരി IIMK. | 10000 |
| 50 | ഒഴയാടി എടക്കാട് മധുസൂദനൻ നമ്പൂതിരി | 10000 |
| 51 | സ്വസ്തി ത്രൈമാസിക | 100000 |
| 52 | നടുവിലേടം പ്രതാപൻ നമ്പൂതിരി | 10000 |
| 53 | തിരുവാലൂർ ശ്രീകൃഷ്ണൻ നമ്പൂതിരി | 10000 |




## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



നാടകത്തിലും സിനിമാ സീരിയൽ മേഖലകളിൽ ചെറിയ വേഷങ്ങൾ കൊണ്ടും സാന്നിദ്ധ്യമറിയിച്ച ഏഴി ക്കോട് കൃഷ്ണൻ നമ്പൂതിരി



കൊളശ്ശേരി എക്കോട്ടില്ലത്ത് സാ വിത്രി അന്തർജനം
മക്കൾ ശ്രീനാഥ് നമ്പൂതിരി, ശ്രീഹരി നമ്പൂതിരി, ശ്രീജയ.



കണ്ണൂർ പഴേടത്ത് ഇല്ലത്ത് രവിയുടെ ഭാര്യ ശ്രീകുമാരി. ഷാർജയിൽ നിര്യാതയായി.



തരിപ്പയിൽ പരേതനായ കൃഷ് ണൻ നമ്പൂതിരിയുടെ പത്നി മാലതി അന്തർജനം
പെരുമണ്ണ ഉപസഭ



കുന്നത്ത് കണ്ടമംഗലത്ത് പരേതനായ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ പത്നി പാർവതി അന്തർജനം
ചാത്തമംഗലം ഉപസഭ



വളയം മൊളേരി ഇല്ലത്ത് ഗോവിന്ദൻ നമ്പൂതിരി (പ്രതിയാരക്കര ).പത്നി വള്ളിയോട് മുണ്ടോട്ട ഇല്ലം പരേത യായ നങ്ങേലി അന്തർജനം



കളത്തിൽ ഇല്ലത്ത് റിട്ട അദ്ധ്യാപകൻ നാരായണൻ നമ്പൂതിരിയുടെ
ഭാര്യ ഗംഗ



കോഴിക്കോട് നീലേശ്വരം വടക്കേ പ്പാട്ട് ഇല്ലത്ത് കൃഷ്ണൻ നമ്പൂ തിരി. മക്കൾ: ഉണ്ണികൃഷ്ണൻ നമ്പൂതിരി, സുപ്രിയ, സുമ.



മാവൂർ പാലക്കോൾ ഇല്ലത്ത് നാരായണൻ നമ്പൂതിരി
കണ്ണിപറമ്പ് ഉപസഭ



രാമല്ലൂർ കുന്നമംഗലം ഇല്ലത്ത് പരേ തനായ ശങ്കരൻ നമ്പൂതിരിയുടെ ധർമ്മപത്നി പാർവതി അന്തർജനം
രാമല്ലൂർ ഉപസഭ



യോഗക്ഷേമസഭ കണ്ണൂർ ജില്ലാ കമ്മിറ്റി സെക്രട്ടറി മധു മരങ്ങാടി ന്റെ ചെറിയച്ഛൻ മരങ്ങാട് കേശ വൻ നമ്പൂതിരി(76)



ചക്കിക്കാവ് കണ്ടമംഗലം പരേത നായ നാരായണൻ നമ്പൂതിരിയുടെ ഭാര്യ മേൽപ്പള്ളി സാവിത്രി അന്തർജനം, ചാത്തമംഗലം ഉപസഭ



ഗുരുവായൂർ ചെറുതയ്യൂർ വാസുദേവൻ നമ്പൂതിരി



പാറപ്പുറത്തില്ലത്ത് രമണി അന്തർജ്ജനം



അരീക്കോട് ഉണ്ണിയര കരിപ്പം കൃഷ് ണൻ നമ്പൂതിരി, അരീക്കോട് ഉപസഭ



ചാലക്കുടി ടി.പി.വിഷ്ണു തട്ടായത്തി ന്റെ സഹധർമ്മിണി വത്സല വി.



തൃശൂർ പാലക്കൽ കാലടി മന യിൽ ദിവാകരൻ നമ്പൂതിരിയുടെ ഭാര്യ ആര്യ അന്തർജനം. മക്കൾ ദീപ, അർജുൻ. മരുമകൻ മുക്കം താമരക്കുളം നിഷാന്ത്.



വടകര വിഷ്ണുമംഗലം മോളേ രി പുല്ലോളിക്കണ്ടിയിൽ അന്ത രിച്ച കേശവൻ നമ്പൂതിരിയുടെ ഭാര്യ ലക്ഷ്മിക്കുട്ടി അന്തർജനം



ഒഴലൂർ പാടേരി ഇല്ലത്ത് രുദ്രൻ നമ്പൂതിരിപ്പാട് 75(റിട്ട മാനേജർ പി എൻ ബി) . ഭാര്യ പരേതയാ യ ഇന്ദിര തമ്പുരാട്ടി മാങ്കാവ്
പെരുമണ്ണ ഉപസഭ



തരണി ഇല്ലത്ത് ദാമോദരൻ നമ്പൂതിരി (91). നാരായണൻ നമ്പൂതിരി, തങ്കമണി ശ്രീകുമാരി, ശ്രീധരൻ എന്നിവർ മക്കളാണ്.

## ഏറ്റവും ഇഷ്ടമായത് അങ്കിൾ മൂസ

വിശദമായി വായിക്കാൻ കഴിഞ്ഞില്ല. എന്നാൽ ഒറ്റ നോട്ടത്തിൽത്തന്നെ വളരെ നന്നായിട്ടുണ്ട്. വിഷയം സ്ത്രീ ആണെങ്കിലും വായിച്ചവയിൽ എനിക്ക് വ്യക്തിപരമായി ഏറ്റവും ഇഷ്ടമായത് അങ്കിൾ മൂസയെക്കുറിച്ചുള്ള ആർട്ടിക്കിൾ ആണ്.കാരണം പദ്മശ്രീ അവാർഡ് ലഭിച്ച ആളാണെന്നും കേരളത്തിൽ നിന്നാണെന്നും അറിഞ്ഞപ്പോൾ ഞാൻ അദ്ദേഹത്തെക്കുറിച്ചറിയാൻ ശ്രമിച്ചു. എന്നാൽ ഒരിടത്തു നിന്നും വിവരങ്ങൾ ലഭിച്ചില്ല. എന്നാൽ ഈ ലേഖനം ഒരു പക്ഷേ അദ്ദേഹത്തെക്കുറിച്ച് ഞാൻ കണ്ട ഏറ്റവും വിശദമായ ഒന്നാണ്. ഇതിലെ ഒട്ടു മിക്ക എല്ലാ ലേഖനങ്ങളും യുണീക് ആയി തോന്നി. വൈവിധ്യമായ തീം ആണ് ഓരോന്നിലും.വിശദാംശങ്ങൾ നൽകുന്നതിലും മികവുണ്ട്. സ്വസ്തി ടീമിന്റെ പരിശ്രമങ്ങൾ അഭിനന്ദനകരം തന്നെ.

**ആര്യശ്രീ ഐ.എഫ്.എസ്.**
അസി. ഫോറസ്റ്റ് കൺസർവേറ്റർ.വാർദ്ധ.
മഹാരാഷ്ട്ര മൊബൈൽ:8281912234

### ○ നല്ല വൈവിധ്യം

○ സ്വസ്തി അയച്ചത് വായിക്കാറുണ്ട്. ഞാൻ ഒരു മാസം മുമ്പ് സബ്സ്ക്രിപ്ഷൻ അടച്ചിരുന്നു.

**കൃഷ്ണൻ നമ്പൂതിരി**
ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെൻറ് ,കോഴിക്കോട്

വായനക്കാരുടെ കത്തുകൾ വായനക്കാരുടെ കത്തുകൾ വായനക്കാരുടെ കത്തുകൾ

ആദ്യമായാണ് സ്വസ്തി കാണുന്നത്.ഏപ്രിൽ ലക്കത്തിൽ പത്ത് സ്വസ്ത്രീകളെപ്പറ്റി കണ്ടു. നമ്മുടെ സമുദായത്തിൽ ഇത്രയും പ്രഗല്ഭരായവർ ഉണ്ടെന്നറിഞ്ഞപ്പോൾ സന്തോഷം തോന്നി. എല്ലാ ആശംസകളും. ഇതു പോലുള്ളവരെ ഇനിയും പരിചയപ്പെടുത്തണം. സ്വസ്തിയിൽ പദ്മശ്രീ മുണ്ടയൂർ സത്യനാരായണൻ സാറിനെപ്പറ്റി കണ്ടു. ഇരുപത് വർഷം മുമ്പ് പരിചയമുണ്ട്. അന്ന് ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്ന സമയത്ത് ഒരു പ്രോജക്ടിന്റെ ഭാഗമായി എൻ. ജി.ഒ പ്രതിനിധിയായി മൂസ വന്നിരുന്നു. കുറെ പ്രസിദ്ധീകരണങ്ങളും അന്ന് നൽകി.

**പ്രേമലത.** അരുണാചൽ സെക്രട്ടേറിയറ്റിൽ സീനിയർ പേഴ്സണൽ അസിസ്റ്റന്റും കോട്ടയം തലപ്പിള്ളി മങ്ങാട്ട് ഇല്ലത്ത് ശങ്കരൻ നമ്പൂതിരിയുടെ പത്നിയുമാണ്.
മൊബൈൽ. 9862102705

### ○ തികച്ചും പുതിയ അറിവ്

വളരെ നന്നായി.ആസ്വാദ്യകരമായ വായന.1000 പേർക്ക് സഹസ്രനാമം കാലുകഴുകിച്ചൂട്ട് നടത്തിയിരുന്ന ഒരില്ലം .തികച്ചും പുതിയ അറിവ് .മൊടപ്പിലാപ്പള്ളി മനയെപ്പറ്റി പ്രധാന വിവരങ്ങൾ തന്ന സ്വസ്തി മാഗസിന് നന്ദി .ഞങ്ങൾക്ക് സ്ഥിരമായി ഈ മാഗസിൻ വേണം.പി.ഡി. എഫ് മതി .പരമാവധി കടലാസുപയോഗം കുറച്ച് പ്രകൃതി സംരക്ഷിക്കാമല്ലോ . സ്വസ്തി എഫ്.ബിയിൽ ഉണ്ടെങ്കിൽ ലിങ്ക് തരൂ.ഡൗൺലോഡ് ചെയ്തോളാം

**കണ്ടഞ്ചാത നാരായണൻ &സാവിത്രി**
കാനഡ.
മൊബൈൽ :+1 6132547477

A very big thanks for the very elaborate article. Deeply grateful. And a still bigger gratitude for covering the inspiring story of Captain Gargi.And pls convey our library readers & Volunteer's royal salute to Capt. Gargi.

**മുണ്ടയൂർ സത്യനാരായണൻ**
മൊബൈൽ :9436228613

### ○ നെഫ്റ്റ് പോരെ

നമസ്കാരം. സ്വസ്തി എന്ന പ്രസിദ്ധീകരണം ഞാൻ ഒരിക്കൽ വായിക്കാനിടയായിട്ടുണ്ട് .. ഇങ്ങോട്ട് വരുത്തണമെങ്കിൽ 200 ക.നെഫ്റ്റ് വഴി അയച്ചു തന്നാൽ പോരെ.അനിൽ വർമ്മ,തൃപ്പൂണിത്തുറ മൊബൈൽ : 9895005781

### ○ വര അസ്സലായി

ചിത്രാമോഹന്റെ ഫീച്ചറിനൊപ്പം പാതിരിശ്ശേരി കൃഷ്ണന്റെ വര കൊടുത്തത് അസ്സലായി. ഫോട്ടോ കൊടുക്കുന്നതിനേക്കാൾ ഫീൽ വന്നു

**ശ്രീഭ നാറാണിയാട്.** തിരുവനന്തപുരം
മൊബൈൽ :00000000000

### ○ ഉൾപ്രേരണയായാൽ

ഇല്ലങ്ങളിൽ അടഞ്ഞിരുന്നു വൈധവ്യത്തെ ശപിക്കുന്ന അന്തർജനങ്ങൾക്ക് ഇതൊരു ഉൾപ്രേരണയായാൽ ഞാനും ശ്രീഭയും വിജയിച്ചു

**ചിത്രാമോഹൻ** തിരുവനന്തപുരം
മൊബൈൽ :0000000000

### ○ ഗഗനചാരിയാം ഗാർഗി

മൊത്തത്തിൽ വളരെ നന്നായിട്ടുണ്ട്. എല്ലാം വായിച്ചിട്ടില്ല. ആദ്യം വായിച്ചത് ഗഗനചാരിയാം ഗാർഗിയാണ്. കണ്ണ് നനയാതെ വായന മുഴുമിപ്പിക്കാനാകില്ല, ആർക്കും.

**നന്ദകുമാർ** കൊണവൂർ മന, കിള്ളി
മംഗലം മൊബൈൽ :8921447887

### ○ നവീനമായ ഒരു രീതി

ഇ ഫോർമാറ്റിൽ സ്വസ്തിയുടെ സോഫ്റ്റ് കോപ്പി കണ്ടു. നല്ല സംരംഭം...പി.ഡി. എഫ്. ആയി ഇക്കാലത്ത് എത്തിക്കുന്നത് നവീനമായ ഒരു രീതിയിലേക്കുള്ള വഴിതുറക്കലാണ്...!

**മനു വിഷ്ണു** മംഗലപ്പിള്ളി,തൃശൂർ
മൊബൈൽ :755990659

### ○ ഏപ്രിലിലെ തിരനോട്ടം

സ്വസ്തിയുടെ ഏപ്രിലിലെ തിരനോട്ടം കണ്ടപ്പോൾ തന്നെ എന്തെന്നില്ലാത്ത ആവേശമായി.

**രവിവർമ്മ തൃശൂർ**
മൊബൈൽ: 8547247338

### ○ വായനാനുഭവം

സ്വസ്തി വളരെ നല്ല ഒരു വായനാനുഭവം.അണിയറ പ്രവർത്തകർക്കൊക്കെ അഭിനന്ദനങ്ങൾ
- സുനീതി ദിവാകരൻ മുംബയ്
മൊബൈൽ : 9970219061

വായിക്കാതെ വിടാൻ ഒരു പേജു പോലും, അല്ല പേരഗ്രാഫ്, വാചകം പോരാ ഒരക്ഷരം പോലുമില്ല.കുറച്ചു വായിച്ചു.ബാക്കി വായിക്കണം.പഴങ്ങോട്ടുപൊറ്റ ജയന്റെ മകൾ മിടുക്കിയാണ്.ഗാർഗി നമ്മുടെ അഭിമാനം. അത് ഭംഗിയായി രൂപപ്പെടുത്തി.നല്ല ശൈലിയിൽ.യജ്ഞം സംവിധായികയെ പരിചയപ്പെടുത്തിയതിന് നന്ദി.സന്തോഷം .

**സതി വെൺമണി,തൃശൂർ.**
മൊബൈൽ :9496177866

സ്വസ്തികളെപ്പറ്റി

## ○സ്വസ്ത്യസ്തുതേ

കോഴിക്കോട് ജില്ലാ യോഗക്ഷേമ സഭയുടെ മാസികയായ 'സ്വസ്തി' വളരെ മികച്ച നിലവാരം പുലർത്തിവരുന്നതിൽ ഏറെ സന്തോഷിക്കുന്നു. ഓരോ പതിപ്പുകളിലും,ഉള്ളടക്കത്തിൽ കാണിക്കുന്ന വൈവിദ്ധ്യത,ഭാഷാ ശൈലി,ഏറെ പ്രശംസനീയമാണ്. നമ്മുടെ ഇടയിലുള്ള മികച്ച വ്യക്തിത്വങ്ങളെ കണ്ടെത്തി,അവരെ സമൂഹത്തിന് പരിചയപ്പെടുത്തിക്കൊടുക്കുന്നത് മാതൃകാപരമാണ്. ഇതിന് പിന്നിൽ നിസ്വാർത്ഥമായി അക്ഷീണം പ്രവർത്തിക്കുന്നവരെ ഹാർദ്ദമായി അഭിനന്ദിക്കുന്നു. ഒറ്റ ഇരുപ്പിൽത്തന്നെ ഒരു ലക്കം മുഴുവൻ വായിച്ചുതീർത്ത് അടുത്ത ലക്കത്തിനായുള്ള കാത്തിരുപ്പാണ് സങ്കടകരം.ഈ പ്രസിദ്ധീകരണം പ്രതിമാസം ഇറക്കുവാനും,കേരളത്തിലെ എല്ലാ ബ്രാഹ്മണ കുടുംബങ്ങളും ഇതിന്റെ വരിക്കാരായി ചേർന്ന് ഇത് വളർന്ന് സമീപഭാവിയിൽത്തന്നെ നമ്മുടെ അഭിമാനമായി മാറുവാൻ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ.

**കാവനാട്കൃഷ്ണൻ നമ്പൂതിരി.**
ഇരിങ്ങാലക്കുട.

### ○പദ്മശ്രീ നമ്പൂതിരിയെ പരിചയപ്പെടുത്തിയ സ്വസ്തിക്ക് അഭിനന്ദനങ്ങൾ

സാംസ്കാരിക കേരളമെന്ന് അലറി വിളിക്കുന്നവരൊന്നും ഇത്തരം പൂജനീയ വ്യക്തിത്വങ്ങളെ ആദരിക്കാറില്ല, അതു കൊണ്ടു തന്നെ മലയാളികളായ നമുക്ക് മറ്റൊരിടത്തു നിന്നും ഇത്തരത്തിലുള്ള മഹദ് വ്യക്തിത്വങ്ങളെക്കുറിച്ച് വായിച്ചറിയുവാൻ കഴിയുകയുമില്ല.നമ്പൂതിരിമാർ പോലുമറിയാത്തതും രാജ്യത്തിനു തന്നെ അഭിമാനവുമായ ഒരു നമ്പൂതിരിയെ പരിചയപ്പെടുത്തിയ സ്വസ്തിക്ക്, ഒരായിരം അഭിനന്ദനങ്ങൾ.

**ഉണ്ണി മൂത്തേടം** മൊബൈൽ:9847697705

പദ്മശ്രീ മുണ്ടയൂർ സത്യനാരായണൻ സ്വസ്തിക്ക് അയച്ചു തന്ന ഒരു പ്രതികരണം. പഴയ ഒരു ലക്കത്തിൽ വന്ന ഒരു ലേഖനം ഇക്കാലമൊക്കെ കഴിഞ്ഞിട്ടും അവരുടെ മനസ്സിൽ അവശേഷിക്കുന്നതായി അറിയുന്നു. ആ വായനക്കാരിക്ക് സ്വസ്തിയുടെ നന്ദി

However, here is a compliment from a reader who had read one of your earlier issues. The reader writes:

A few months back there was an article in this journal about a Hindi teacher and her family who were settled near our illam, Thekkedathe Nangeli Teacher was one of the early teachers from our community, she and her husband were our first Hindi teachers, at that time she was part time, Unni's friend Thekkedathe Ravi was their nephew, their children were classmates to me and Babyedathi, afterwards they learn Arangottukara and I never heard of them, the seniors passed away long back, it was from this journal I read about them, but I didn't know who was publishing it and from where, so I feel happy that they are publishing about lesser known people who deserve to be known, thanks a lot to people who publish this and who have put it in the groups, a very good effort.




○ ഏപ്രിൽ ലക്കം സ്വസ്തി ഗംഭീരം
**മനോജ് വെള്ളയോട്ടില്ലം**,കണ്ണൂക്കര.
മൊബൈൽ 9447638733

○ അവിശ്വസനീയമായ അനുഭവമാണ് ചിത്രമോഹനെപ്പറ്റി വന്നത്.
**ഡോക്ടർ ഉഷാ രാമചന്ദ്രൻ**
ഹ്യൂസ്റ്റൺ ,യു.എസ്.
മൊബൈൽ 1 801 7927150

○ അവിശ്വസനീയം. ഇങ്ങനെ എത്രപേർ !.ദാരിദ്ര്യം ഉള്ള നമ്പൂതിരി കുടുംബങ്ങൾ ഒരുപാട് അനുഭവിച്ചിട്ടുണ്ട്. കുറെ കഥകൾ അച്ഛൻ പറഞ്ഞു കേട്ടിട്ടുണ്ട് .നല്ല ഒരു റിപ്പോർട്ട് ആയി. അറിയണം എല്ലാവരും അതിജീവനത്തിന്റെ ഇത്തരം അനുഭവങ്ങൾ.
**വി.ടി. ഉഷ** ,തെക്കേടത്ത് മന,
പട്ടാമ്പി മൊബൈൽ 9447944212

○വയ്യ വായിക്കാൻ പോലും
**ജ്യോതി താമരശ്ശേരി.**
മൊബൈൽ 9496579945

○വായിച്ചു കരഞ്ഞു .നന്ദി ശ്രീഭാ.
**ശശികുമാർ**
മൊബൈൽ 9482947639

○ഒരു അന്തർജ്ജനത്തിന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാത്ത അനുഭവമണ്ഡലം... ചിത്രാജിക്ക് ആദര നമസ്കാരം
ഇടറുന്ന വായനാനുഭവം തന്ന ശ്രീഭ നാറാണിയാടിന് അഭിവാദ്യം...
**അനാമയൻ പാലാഞ്ചേരി**
മൊബൈൽ 9946277360

## മുണ്ടയൂർ സത്യനാരായണന് പദ്മശ്രീ ലഭിച്ചതിൽ സന്തോഷം

ഞങ്ങളെല്ലാം ഉണ്ണി എന്ന് വിളിക്കുന്ന മുണ്ടയൂർ സത്യനാരായണന് ഇപ്രാവശ്യം പദ്മശ്രീ ലഭിച്ചതിലും അതിനെ കുറിച്ച്സ്വസ്തി ത്രൈമാസികയിൽ ലേഖനം വന്നതിലും വളരെയെറെ സന്തോഷം.

നമ്പൂതിരിമാരിൽ ആദ്യം പദ്മശ്രീ നേടിയത് തൃശൂർ മൂസതും പിന്നെ രണ്ടാമതായി (2003 ൽ ) മുട്ടത്ത് കാട്ടിൽ നിന്ന് പദ്മശ്രീ നേടിയ വിജയേട്ടൻ ഇപ്പോൾ ബംഗ്ലൂരിൽ ഉണ്ട്.ശാരീരികമായി ഒട്ടറെ അവശതകൾ ഉണ്ടെങ്കിലും ഇപ്പോഴും ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ PhD ക്കു ഗൈഡായി പോവുന്നു.കഴുത്തിന് താഴെ ഒട്ടും ചലന ശേഷിയില്ല.എന്നാൽ ബുദ്ധിക്ക് ഒരു കുറവും ഇല്ല.79 നോട് അടുത്തായി കാണും വയസ്സ്. ഇന്ത്യൻ സ്റ്റീഫൻ ഹോക്കിൻസ് തന്നെ. ഇവരൊക്കെ നമ്മുടെ യുവത്വത്തിനും എല്ലാവർക്കും അഭിമാനങ്ങൾ തന്നെയാണ്. ഇച്ഛാശക്തി അതിനെ തോൽപ്പിക്കാൻ ആർക്കും കഴിയില്ല. നേടാൻ കഴിയാത്തതായി ഒന്നുമില്ല.എല്ലാവർക്കും മംഗളങ്ങൾ.

**അമ്മിണി**
മുട്ടത്ത് കാട്ടിൽ മന
പറളി - പാലക്കാട്.

# പേടിസ്വപ്നമല്ല പ്രകൃതിസ്വപ്നം

**ഇ. പി. ദേവനാരായണൻ**

ഒരു ദിവസം അയാളുടെ സ്വപ്നത്തിൽ പ്രകൃതി പ്രത്യക്ഷയായി. എന്നിട്ട് ഇങ്ങനെ പറഞ്ഞു 'നീ ജനിക്കുന്നതിന് കോടാനുകോടി വർഷങ്ങൾക്കു മുമ്പേ ഭൂമിയിൽ പല ജീവികളും ജീവിച്ചിരുന്നു. എന്നാൽ അവരൊന്നും ഒരു ദ്രോഹവും ചെയ്തില്ല. നീയും ജനിച്ചപ്പോൾ ഒരു ദ്രോഹവും ചെയ്തില്ല.'

പക്ഷേ എന്നാണോ കൃഷി ചെയ്യാൻ തുടങ്ങിയത് അന്നു മുതൽ മരങ്ങൾ നശിപ്പിക്കാൻ തുടങ്ങി. അതിനുവേണ്ടി മരങ്ങൾ കത്തിച്ചു.നഗരങ്ങൾ പണിയാനായി എന്നെ ദുരുപയോഗം ചെയ്തു. പ്ലാസ്റ്റിക് കണ്ടു പിടിച്ചപ്പോൾ അതു പുനരുപയോഗിക്കാതെ ജലാശയങ്ങളിൽ കളഞ്ഞ് പരിസ്ഥിതിയെ വൃത്തിഹീനമാക്കി. പുഴകളിലും മറ്റും ചപ്പുചവറുകൾ നിറച്ചതു കാരണം നീ തന്നെ ശുദ്ധജല ക്ഷാമം നേരിടുന്നില്ലേ?

പെട്രോളിയം ഉല്പന്നങ്ങളുടെ അമിതോപയോഗം മൂലമുള്ള ചൂടും പുകയും കാരണം നിനക്കു തന്നെ വിയർക്കുകയും ശ്വാസം മുട്ടുകയും ചെയ്യുന്നില്ലേ? നീ ചെയ്ത ഈ പ്രവൃത്തികൾ കാരണം ഇപ്പോൾത്തന്നെ പല ജീവികളും നാമാവശേഷമായി.ഇനിയും ഈ പ്രവൃത്തികൾ തുടർന്നാൽ ഭൂമിയിലെ എല്ലാ ജീവികളും ഇല്ലാതാകും അതിനുശേഷം നീയും.'

പെട്ടന്നയാൾ പേടിച്ച് ചാടിയെണീറ്റു. താൻ ഇല്ലാതാകും. അതയാൾക്ക് ചിന്തിക്കാനായില്ല. പ്രകൃതിയെ സംരക്ഷിച്ചില്ലെങ്കിൽ ഭൂമി നാമാവശേഷമാകും. അപ്പോൾ താനും....അയാൾ ഭയചകിതനായി.അന്നു മുതൽ അയാളൊരു പ്രകൃതിസ്നേഹിയായിമാറി.



എടവലത്ത് പുടയൂർ മന വെള്ളൂർ കളം ഇ.പി. അനിയൻ നമ്പൂതിരിപ്പാടിന്റെ മകനും മോങ്ങം ലിറ്റിൽ ഇന്ത്യ പബ്ളിക് സ്കൂൾ വിദ്യാർത്ഥിയുമാണ്
മൊബൈൽ
9747467883

# യുഗപ്പിറവി

അദൃശ്യശക്തികളുടെ ഇരമ്പൽ
ഭൂഖണ്ഡങ്ങളിൽ മുഴങ്ങുന്നു.
ഇത് ലോകമേറ്റെടുക്കാനുള്ള
രാജ്യങ്ങളുടെ കുടിലതന്ത്രം.
നാടുകൾ തോറ്റുപോയെങ്കിലും
നമ്മൾ ഭാരതീയർ തോൽക്കില്ല.

ഇതൊരു ജൈവായുധയുദ്ധം.
വാളും പരിചയുമില്ലാത്തത്,
പീരങ്കിയും ബോംബുമില്ലാത്തത്,
മനുഷ്യനെ ആയുധമാക്കുന്നത്,
ആയുധമില്ലാത്ത യുദ്ധതന്ത്രം!

എന്നാൽ നമുക്കിത് മറ്റൊന്ന്.
സഹാനുഭൂതിയുടെ ത്യാഗവും
സഹകരണത്തിന്റെ ഒരുമയും
ഹർഷദായകമായ ഊഷ്മളതയും
പുനർജനിക്കുന്ന നാളുകൾ!!

**പാർത്ഥിവ് കൃഷ്ണൻ**
കരിപ്പത്ത് ഇല്ലം
മൊബൈൽ 9526688477



# സ്വാർത്ഥത



കൊഴിയുമെന്നാകിലും പൂവുകൾ സൗരഭം
നിനക്കായ് ചൊരിഞ്ഞു നിൽക്കുന്നൂ
അണയുമെന്നാകിലും ദീപങ്ങൾ രാത്രിയിൽ
നിനക്കായെരിഞ്ഞു തീരുന്നൂ.
മരണമുണ്ടെന്നറിഞ്ഞീടിലും മാനവൻ
കൊതിക്കുന്നു ലോകത്തെ വെല്ലാൻ.

**ഹൃദ്യ കുനിയില്ലം**
ദാമോദരൻ നമ്പൂതിരിയുടെയും
രജിതയുടെയും മകളാണ്.
മൊബൈൽ: 7593927155

# ജൂനിയർ നളൻ മാസ്റ്റർ ഷെഫ്

പത്തു വയസ്സ് മുതൽക്കാണ് ആദിക്ക് പാചകത്തിൽ താല്പര്യം തുടങ്ങിയത്. ശല്യം സഹിക്കാതെ ആയി വന്നപ്പോൾ ആദിയുടെ അമ്മ (രശ്മി) കുറേശ്ശേ അടുക്കളയിൽ സഹായിക്കാൻ നിർത്തിത്തുടങ്ങി. കൂടാതെ നെറ്റ് ഫ്ളിക്സിൽ കുറേശ്ശെ മാസ്റ്റർ ഷെഫ് എന്ന പരിപാടിയും കണ്ടു തുടങ്ങി. ഒരു വർഷത്തിന് ശേഷം 2019 ജനുവരിയിൽ ഇന്റർനാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ഒമ്പതിനും പതിമൂന്നിനും ഇടയിലുള്ള സ്കൂൾ കുട്ടികൾക്കായി ഇന്ത്യയിലുടനീളം ഒരു മത്സരം നടത്തി. നാല് മേഖലകളിലായാണ് മത്സരം സംഘടിപ്പിച്ചത്. സൗത്ത് സോണിൽ നടന്ന മത്സരങ്ങളിൽ 3 റൗണ്ടുകളും വിജയിച്ചു ഓൾ ഇന്ത്യ ലെവലിൽ നടന്ന സെമി ഫൈനൽ മത്സരം വരെ ആദി

എത്തി. രണ്ടാം റൗണ്ടിൽ ആദി ഉണ്ടാക്കിയ പെന്നെ അറബിയാറ്റ എന്ന വിഭവം വിധികർത്താക്കളുടെ പ്രശംസ പിടിച്ചു പറ്റി.

ആയിടക്കാണ് യജ്ഞം ഷോർട് ഫിലിമിന് വേണ്ടി സംവിധായിക രഞ്ജന ഒരു ബാലതാരത്തെ അന്വേഷിക്കുന്നത്. ആദിയുടെ വലിയച്ഛന്റെ മകൻ റനീജ് ആണ് ആദിയെ രഞ്ജനക്കു പരിചയപ്പെടുത്തുന്നത്. കവലക്കാട്ടെ കുട്ടന്റെ കുട്ടിക്കാലം ആണ് വേഷം. ഷൂട്ടിംഗ് സമയത്തു അച്ഛൻ സ്വന്തം പൂണൂൽ ഊരി ആദിയെ അണിയിക്കുമ്പോൾ, ഒരു കുസൃതിച്ചിരിയോടെ ആദി ചോദിക്കുകയുണ്ടായി. 'അങ്ങിനെ അച്ഛന് കുറച്ചു പൈസ ലാഭായി ല്ലേ അച്ഛാ? ഇനി എന്റെ ഉപനയനം നടത്തണ്ടലോ ല്ലേ?'

രണ്ടു വർഷമായി ആദി വീണയും പഠിക്കുന്നുണ്ട്. ഏറെ അറിയപ്പെടുന്ന ഭാഗ്യലക്ഷ്മി ചന്ദ്രശേഖർ ആണ് ഗുരു.




**പേര്:**
**ആദി വാസുദേവൻ**
**വയസ്സ്: 12**
**(ബെംഗളൂരിൽ റോയൽ കോൺകോർഡ് ഇന്റർനാഷണൽ സ്കൂളിൽ ആറാം ക്ലാസ്സിൽ)**
**തൃക്കഴിപ്പുറം വാസുദേവൻ രശ്മി ദമ്പതിമാരുടെ മകൻ.**
**അമ്മാത്ത്: കൊങ്ങോർപ്പിള്ളി**
**മൊബൈൽ 9845546230**





**അപർണ്ണ കൃഷ്ണൻ**
*കഴക്കൂട്ടം ജ്യോതിസ് സെൻട്രൽ സ്കൂൾ വിദ്യാർത്ഥിയും യോഗക്ഷേമസഭ തിരുവനന്തപുരം ജില്ലാ സെക്രട്ടറി എൻ.ജയകൃഷ്ണന്റെ മകളുമാണ് (നാരായണീയം, കോയിക്കലഴിയത്ത് മഠം ശാർക്കര, ചിറയിൻകീഴ തിരുവനന്തപുരം)*
*മൊബൈൽ 9495154025*





**ആദിശങ്കർ**
*കരിപ്പാല കളത്തിൽ ഉണ്ണിയുടെ മകൻ*
*കണ്ണിപറമ്പ് ഉപസഭ*
*മൊബൈൽ 8281778063*

# വൈറസ്സ്

പിറന്നു വീണതു ചൈനയിലയ്യാ
കൊറോണയെന്നൊരു വൈറസ്സ്
യാത്ര തുടങ്ങി ലോകത്തെങ്ങും
വൈറസ്സാകെ പരന്നല്ലോ
പ്രാർത്ഥനയായി ജാഗ്രതയായി
കൂട്ടിന് ഭയവും തുമ്പത്ത്
ടീച്ചറമ്മയും മന്ത്രിയുമെല്ലാം
പകർന്നുതന്നൂ നിർദ്ദേശം
ബ്രേക്ക് ദി ചെയ്നും ലോക്കിംഗ് ഡൗണും
മരണം നന്നെ കുറയ്ക്കുന്നു
ക്ഷേത്രത്തിങ്കൽ ദർശനമില്ല
വീട്ടിൽ പ്രാർത്ഥനയുണ്ടല്ലോ
വെക്കേഷനിലെ പ്ലാനുകളെല്ലാം
രക്ഷക്കായി മാറ്റുക നാം
യാത്രകളെല്ലാം ഒഴിവാക്കുക നാം
പാലിക്കാം ശുചിതത്വങ്ങൾ
മാറ്റിനിറുത്തിയ പ്ലാനിങ്ങെല്ലാം
സക്സസാക്കാം പിന്നീട്
ഈ വൈറസ്സിനെ ഒഴിവാക്കാനായ്
നമ്മുടെ മുറിയിലൊതുങ്ങുക നാം



**ദേവിക വി പി**
വീട്ടിക്കാട്ട് ഇല്ലം
9495611629






**പാർവതി**
അരീക്കോട് ഉപസ
ഭയിലെ വിളയിൽത
ലേത്തൊടി ഇല്ലത്ത്
വിഷ്ണു രാജേഷിന്റെ
പുത്രിയാണ്.
മൊബൈൽ
9846408873





**പാർവതി**
പരപ്പനങ്ങാടി
പട്ടുവം ഇല്ലത്ത്
പ്രിയേഷിന്റെയും
സൗമ്യയുടെയും
മകളും നാലാം ക്ലാസ്
വിദ്യാർത്ഥിയുമാണ്.
മൊബൈൽ
8281935407



**ദേവീപ്രഭ**
കാസർകോട് അമ്പല
ത്തറ പുല്ലൂർ മൊടഗ്രാ
മം വൈകുണ്ഠത്തിൽ
പരേതനായ ദേവദാസ്
വാഴുന്നവരുടെയും
ദീപ്തിയുടെയും മകളും
ആറാം ക്ലാസ്
വിദ്യാർത്ഥിയുമാണ്.
മൊബൈൽ 8547163622







സുബ്രഹ്മണ്യൻ
കരിപ്പാല
81138 37406





അഭിനന്ദ്
കല്ലം വള്ളി
9847256588



അക്ഷത്.ടി.എസ്
താമരക്കുളം
സുദേവന്റെയും
നിഷയുടെയും മകൻ

# അമ്പിളി മാമൻ

**ശ്രീഹരി. ഇ . എം**

അമ്പിളിമാമാ നിന്നെ - ഹായ്
കാണുവാനെന്തു രസം
മിന്നിത്തിളങ്ങുന്നല്ലോ - നിന്റെ
മേനിയുമെന്തു രസം
അമ്മയെന്നോടു ചൊല്ലീ - മാമ
നിന്റെ കുസൃതിയെല്ലാം
മേഘങ്ങൾവന്നിടുമ്പോൾ - ഓടി
പോയീടും കൊച്ചു മാമ
ജാലക വാതിലിൽ നീ - വന്നു
നോക്കീടും കൊച്ചുമാമ
മാടിവിളിക്കുന്നേരം - പോയി
ഓടി മറയും മാമ
നേരംവെളുക്കുമ്പോൾനീ - ദൂരെ
മാനത്തൊളിക്കുന്നെന്തേ
മുറ്റത്തിറങ്ങിടുമ്പോൾ- പാൽ
പുഞ്ചിരി തൂകുന്നുനീ
വീടിന്റെ മുറ്റത്തുള്ള - തേൻ
മാവിന്റെ കൊമ്പിലൂടെ
എത്തിനോക്കുന്ന മാമ - നിന്നെ
കാണുവാനെന്തുരസം
നല്ലരസമാണല്ലോ - നിന്റെ
കൂട്ടുകാർ നക്ഷത്രങ്ങൾ
മാനത്തുനിന്നങ്ങിറങ്ങി - താഴെ
ഞങ്ങടെ കൂടെ വരൂ.



S/o രാമനുണ്ണി
മുല്ലപ്പള്ളി
ഫറോക്ക്
ഉപസഭ
അഴിഞ്ഞിലം
(പി ഓ )
9947413193



# വളപ്പൊട്ടുകൾ

**കാർത്തിക വി. ഐ**

ഓർമ്മ തൻ വളപ്പൊട്ടുകൾ
പെറുക്കികൂട്ടവേ
തിരിച്ചറിയുന്നു ഞാനാ സത്യം
ഉടഞ്ഞു പോയിരിക്കുന്നു ഞാനും
ഈ വളച്ചീളുകൾ പോലെ
ആർക്കൊക്കെയോ വേണ്ടി
എന്തിനൊക്കെയോ വേണ്ടി
പെറുക്കിയെടുക്കാം പക്ഷേ,
തിരികെ യോജിപ്പിക്കാനാകില്ലല്ലൊ



വാകയാട്ടില്ലത്ത്
കേശവൻ
നമ്പൂതിരിയുടെ
മകൾ
ഫോൺ: 9947011575.
വടകര ഉപസഭ

**അയന കടലായി**

കടലായിൽ അരുൺ , അനിത ദമ്പതിമാരുടെ മകൾ പൂനസെന്റ് ആർ നോൾഡ്സ് സെൻട്രൽ സ്കൂളിൽ ഏഴാം ക്ലാസ്സുകാരിയാണ്

ഫോൺ :9011061300





**ആർദ്ര ടി.എസ്**


താമരക്കുളം സുദേവന്റെയും നിഷയുടെയും മകൾ







ചെന്നൈ പെരമ്പൂർ അമ്പലത്തിലെ മേൽശാന്തി പാഴൂർ പ്രകാശ് നമ്പൂതിരിയുടേയും കോഴിക്കോട് നടുകിൽ പൊയിലിൽ ഇല്ലത്ത് സുധയുടേയും മകൻ **സൂര്യപ്രകാശ്**





**അമോഘ്**

പൂന സെന്റ് ആർനോൾഡ്സ് സെൻട്രൽ സ്കൂൾ മൂന്നാം ക്ലാസ് വിദ്യാർത്ഥി. അരുൺ അനിത ദമ്പതിമാരുടെ പുത്രൻ

ഫോൺ :9011061300



കക്കോടി ഉപസഭയിലെ മലമ്മ ഇല്ലത്ത് ലിനീഷ് നമ്പൂതിരിയുടെയും ശുഭ അന്തർജനത്തിന്റെയും മകൻ കേശവ് ദേവ് വരച്ചത്

# മൗനം

നാവിൻതുമ്പിൽ കലപില കൂട്ടി
കൊഞ്ചിക്കുഴഞ്ഞാടിയ
എൻ വാക്കുകൾ
അതിഭീകര വേദനയായ്
ഹൃദയത്തിലൊളിപ്പൂ.
പറയുവാനാവാതെ പോയ
വാക്കുകളുടെ വീർപ്പു മുട്ടലിൽ
കണ്ണുകൾ ഈറനണിഞ്ഞു.
ശൂന്യമായ കടലാസു തുണ്ടുകളിൽ
വെട്ടിക്കളഞ്ഞ വാക്കുകൾ
വരികളായ് മൗനം
ഗാഢമായ് എന്നെപ്പുണരുന്നു.



**അഞ്ജലി ഏളപ്പില**

ഏളപ്പില നാരായണൻ നമ്പൂതിരിയുടെ മകളാണ്.

മൊബൈൽ 8943985476

# നവദമ്പതിമാർക്ക് സ്വസ്തിയുടെ മംഗളാശംസകൾ




പുഴക്കര ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാടിന്റെയും ശ്രീദേവി നമ്പൂതിരിപ്പാടിന്റെയും മകൻ കൃഷ്ണൻ നമ്പൂതിരിപ്പാടും, മഞ്ചേരി തിരുവാലൂർമന വാസുദേവനുണ്ണി നമ്പൂതിരിയുടെയും സുധ അന്തർജ്ജനത്തിന്റെയും മകൾ അപർണയും കോലഴി പുഴക്കര ചേന്നാസ് മനയിൽ വിവാഹിതരായി



കോഴിക്കോട് ഓമശ്ശേരി പൊയിലിൽ ഇല്ലം സുബ്രഹ്മണ്യൻ നമ്പൂതിരി - രാധ അന്തർജനം ദമ്പതിമാരുടെ മകൾ പല്ലവിയും തൃപ്പൂണിത്തുറ ഏഴിക്കോട് മന സതീശൻ നമ്പൂതിരി - ഷീല അന്തർജനം ദമ്പതിമാരുടെ മകൻ അലോക് ആര്യനും ഏഴിക്കോട് മനയിൽ വെച്ച് വിവാഹിതരായി..



കോഴിക്കോട് തിരുവമ്പാടി കൊറ്റി വട്ടത്തില്ലത്ത് നാരായണൻ നമ്പൂതിരിയുടേയും രമണി അന്തർജനത്തിന്റേയും മകൾ അനശ്വരയും വളാഞ്ചേരി മേപ്പാട്ടില്ലത്ത് എം.എസ്.ശർമ്മയുടേയും സുധ അന്തർജനത്തിന്റേയും മകൻ വിഷ്ണു ശർമ്മയും തമ്മിലുള്ള വിവാഹം മേപ്പാട്ടില്ലത്തു വെച്ചു നടന്നു.



കോട്ടയം ഉദയനാപുരം വാതുക്കോടത്ത് ഇല്ലം പരമേശ്വരൻ ജലജ ദമ്പതിമാരുടെ മകൾ കാർത്തികയും വടകര പാറോളി പുരുഷോത്തമൻ ശ്രീലത ദമ്പതിമാരുടെ മകൻ കൃഷ്ണദേവും 2020 മെയ് 12 ന് പാറോളി ഇല്ലത്ത് വെച്ച് വിവാഹിതരായി



ഫറോക്ക് നാറണിയാട്ടു ഇല്ലത്തെ അച്യുതൻ നമ്പൂതിരിയുടെയും മല്ലിക അന്തർജനത്തിന്റെയും മകൻ ശ്രീശങ്കറും, മലപ്പുറം താമരശ്ശേരി ഇല്ലത്തെ മുരളീധരൻ നമ്പൂതിരിയുടെയും പ്രീത അന്തർജനത്തിന്റെയും മകൾ ഐശ്വര്യ മാലിനിയും നാറണിയാട്ടു ഇല്ലത്തുവച്ചു വിവാഹിതരായി



2020 മേയ് 20ന് പതിനൊന്നാം വിവാഹ വാർഷികം ആഘോഷിച്ച ആയേടം ലതീഷും ശ്രീജയും


Kottakkal
ayurveda

www.aryavaidyasala.com



# കോട്ടയ്ക്കലിന്റെ സാന്ത്വനസ്പർശം

- NABH അംഗീകാരമുള്ള ആയുർവേദിക് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ കോട്ടയ്ക്കൽ
- ഡൽഹിയിലും കൊച്ചിയിലും ആശുപത്രികൾ
- കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ
- കോട്ടയ്ക്കലും കഞ്ചിക്കോട്ടും നഞ്ചൻകോട്ടും ഔഷധനിർമ്മാണ ഫാക്ടറികൾ
- അഞ്ഞൂറ്റിയെൺപതോളം ശാസ്ത്രീയ ഔഷധങ്ങൾ
- ഗവേഷണത്തിന്നും പ്രസിദ്ധീകരണത്തിന്നും പ്രത്യേകം വിഭാഗങ്ങൾ
- ഔഷധത്തോട്ടങ്ങൾ
- ഔഷധസസ്യഗവേഷണകേന്ദ്രം
- ആയുർവേദപഠനസൗകര്യങ്ങൾ
- 26 ശാഖകൾ, 1800-ൽപരം അംഗീകൃതവിതരണക്കാർ
- പി.എസ്.വി. നാട്യസംഘം
- മൊബൈൽ മെഡിക്കൽ യൂണിറ്റ്
- വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം


ഹോസ്പിറ്റൽ സമുച്ചയം, കോട്ടയ്ക്കൽ


ഹോസ്പിറ്റൽ, ദില്ലി


ഹോസ്പിറ്റൽ, കൊച്ചി


ചാരിറ്റബിൾ ഹോസ്പിറ്റൽ, കോട്ടയ്ക്കൽ


ഔഷധോദ്യാനം


ഔഷധസസ്യ ഗവേഷണ കേന്ദ്രം



മ്യൂസിയം, കോട്ടയ്ക്കൽ


ഫാക്ടറി സമുച്ചയം, കോട്ടയ്ക്കൽ


ഫാക്ടറി, കഞ്ചിക്കോട്


ഫാക്ടറി, നഞ്ചൻകോട്


ക്വാളിറ്റി കൺട്രോൾ ഡിപ്പാർട്ട്മെന്റ്


പൈലറ്റ്പ്ലാന്റ്

4 ഹോസ്പിറ്റലുകൾ • 26 ശാഖകൾ • 1800ലധികം അംഗീകൃത ഡീലർമാർ

BRANCHES: Adoor- 0473 4220440, Ahmedabad- 079 27489450, Aluva - 0484 2623549, Bangalore - 080 26572956, Chennai - 044 28251246, 47, Coimbatore - 0422 2491594, Ernakulam - 0484 2375674, Indore - 0731 2513335, Kannur - 0497 2761164, Kolkata - 033 24630661, Kottakkal - 0483 2743380, Kottayam - 0481 2304817/2562396, Kozhikode - 0495 2302666, Madurai - 0452 2623123, Mangalore - 0824 2443140, Mumbai - 022 24016879, 24015195, Mysore - 0821 2331062, New Delhi - 011 24621790, Palakkad (Vadakanthara) - 0491 2502404, Palakkad (Town) - 0491 2527084, Secunderabad - 040 27722226, Thiruvananthapuram - 0471 2463439, Thiruvananthapuram (Kazhakkoottam) - 0471 2413439, Thrissur - 0487 2380950, Tirur - 0494 2422231, Vijayawada - 0866 2578864/65 AYURVEDIC HOSPITAL & RESEARCH CENTRES: Kottakkal - 0483 2808000, Delhi - 011 22106500, Kochi - 0484 2554000

ആയുർവേദത്തിന്റെ ആധികാരികമാർഗം

ESTD 1902

വൈദ്യരത്നം പി.എസ്. വാരിയരുടെ

ആര്യവൈദ്യശാല

കോട്ടയ്ക്കൽ-676 503, കേരളം



Tel.: 0483 2808000, 2742216 | E-mail: mail@aryavaidyasala.com